KOTTAYAM PUBLIC LIBRARY

Call No 954.04 Acc. No 72764

Author ജോൺ ധർമ്മതീർത്ഥൻ (സ്വാമി)

Title സ്വതന്ത്ര ഇന്ത്യ എങ്ങോട്ട്?

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or put unsightly markings.

## Calling Urgent Attention

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and put markings disfigures the Book. Please take care.

**Secretary**

1299

224.

# സ്വതന്ത്ര ഇന്ത്യ എങ്ങോട്ട്?

(വലിയപുസ്തകം)

ഗ്രന്ഥകർത്താവ്

**സ്വാമി ജോൺ ധർമ്മതീർത്ഥൻ**

ബി. എ. എൽ. എൽ. ബി.

*Copyright with the author.*

72764

Published for the author by
The Educational Supplies Depot
Trivandrum-1

വില 2-00

# SWATHANTRA INDIA ENGOTTU

Large edition

954·04

Author

SWAMY JOHN DHARMATHEERTHAN

B. A., LL. B.

*Published By*

*The Educational Supplies Depot*

*Trivandrum.*

Printed at

PRESS RAMSES TRIVANDRUM.

Price Rs. 2.

*1966.*

# മുഖവുര

അനേക നൂററാണ്ടുകൾ നീണ്ടുനിന്ന മരണതുല്യമായ അടിമത്തത്തിൻെറ അന്ധകാരത്തിൽനിന്നു് ഇന്ത്യ സജീവമായ സ്വാതന്ത്ര്യപ്രകാശത്തിലേക്കു് വിളിക്കപ്പെട്ടിരിക്കുന്നു. ലോകത്തിലെ സ്വതന്ത്രരാഷ്ട്രങ്ങളുടെ സമാധാനത്തിനും, സമൃദ്ധിക്കും, നീതിക്കും വേണ്ടിയുള്ള സദുദ്യമങ്ങളിൽ ഇന്ത്യയും പങ്കാളിയായി ചേർന്നിരിക്കുന്നു. ഈ പരിവർത്തനം പെട്ടെന്നുണ്ടായ ഒരു വിപ്ലവംപോലെ അത്ഭുതാവഹംതന്നെ. സ്വാതന്ത്ര്യത്തിൻെറ പെരുമയിലും ശക്തിയിലും ഭ്രമിച്ചു് ഇന്ത്യയുടെ കണ്ണുകൾ മങ്ങി അവൾ തൻെറ ആത്മീയ പാരമ്പര്യങ്ങളെ വിസ്മരിക്കയും വെറും ഭൌമികമായ സമൃദ്ധിക്കുള്ള മത്സരത്തിൽ മുഴുകിപ്പോകയും ചെയ്യുന്നതായാൽ അതൊരു വലിയ ആപത്തായിരിക്കും. അങ്ങനെ സംഭവിക്കാതിരിക്കാൻ നാം വളരെ ജാഗ്രതയോടുകൂടിയിരിക്കേണ്ടതാകുന്നു.

സാമ്പത്തികൈശ്വര്യംകൊണ്ടുമാത്രം ഒരു രാഷ്ട്രത്തെ കെട്ടിപ്പടുക്കുവാനൊ ഒരു ജനതയുടെ ധാർമ്മികശക്തി വർദ്ധിപ്പിക്കുവാനൊ സാധിക്കയില്ല. മറിച്ചു്, സാമ്പത്തിക സമൃദ്ധി പലപ്പോഴും സ്വാർത്ഥതയും മത്സരവും സൃഷ്ടിച്ചു് രാഷ്ട്രത്തിൻെറ ഭദ്രതയെ അപായപ്പെടുത്തുന്നതായും കാണമാറുണ്ടു്. എന്നു മാത്രമല്ല, ആത്മീകമൂല്യങ്ങളെ വിസ്മരിച്ചുകൊണ്ടുള്ള ഭൌതിക

മൂന്നേററം സകലവിധത്തിലുള്ള അഴിമതികൾക്കും അസാന്മാർഗ്ഗിക പ്രവണതകൾക്കും വിളനിലമായിത്തീരുന്നതുമാണു്. അതുകൊണ്ടു് സാമ്പത്തിക പുരോഗതിയോടൊപ്പം ധാർമ്മികവും ആത്മികവുമായ ജീവിതമൂല്യങ്ങളെ പുലർത്തുന്നതിനും നാം ത്രീവ്രമായി യത്നിച്ചുകൊണ്ടിരിക്കേണ്ടതാകുന്നു.

സാമ്പത്തിക സമൃദ്ധി ചില വ്യക്തികൾക്കും സമുദായത്തിലെ ചില പ്രത്യേക വകുപ്പുകാർക്കും പെട്ടെന്നു അനുഗ്രഹപ്രദമായി തോന്നിയേക്കാം. ഗവണ്മെൻറു് ജീവനക്കാർ, വിദഗ്ദ്ധ തൊഴിലാളികൾ, മുതലാളിമാർ മുതലായവരായിരിക്കും അതുകൊണ്ടു് ഉടൻതന്നെ സന്തുഷ്ടരാകുന്നതും അതിൻെറ സിംഹഭാഗം തന്മകൾ കരസ്ഥമാക്കുന്നതും. ഒരു രാഷ്ട്രമൊ ജനതയൊ ഐക്യത്തിലും ഐശ്വര്യത്തിലും ബലപ്പെടണമെങ്കിൽ വ്യക്തികളുടെ സ്വാതന്ത്ര്യതാല്പര്യങ്ങളെ നിയന്ത്രിക്കയും സമുദായത്തിൻെറ പൊതുഗുണത്തെ ലക്ഷ്യമാക്കിയുള്ള ധാർമ്മിക വ്യവസ്ഥകൾ ഏർപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നു. അങ്ങനെ ചെയ്യാതിരുന്നാൽ ചില വിദ്യാസമ്പന്നരും, ഉദ്യോഗസ്ഥന്മാരും, ധനവാന്മാരും മാത്രം പ്രബലപ്പെടുകയും രാഷ്ട്രം ക്ഷയിക്കയും ചെയ്യും.

മനുഷ്യരുടെ ശാരീരികവും, മാനസികവും, ആത്മികവുമായ ആരോഗ്യത്തെ പുലർത്തുന്നവയാണു് സജീവ പ്രവർത്തനങ്ങൾ. അങ്ങനെ അല്ലാത്തവ നിർജ്ജീവമാകുന്നു. ഗാന്ധിജിയുടെ ഭാഷയിൽ മനുഷ്യൻെറ ആത്മ

ശക്തി വർദ്ധിപ്പിക്കുന്നവയാണ് ജീവദായകങ്ങളായ പ്രവൃത്തികൾ. രാഷ്ട്രത്തിന്റെ ആത്മശക്തി പുലർത്തുന്നതിന്ന് ഗാന്ധിജി ആരംഭിച്ച പരിപാടികൾ മിക്കതും ആ മഹാത്മാവിന്റെ ജഡത്തോടുകൂടി കുഴിച്ചു മൂടപ്പെട്ടതുപോലെയാണ് കാണപ്പെടുന്നത്. നമ്മുടെ ഐശ്വര്യപദ്ധതികൾ ജനങ്ങളുടെ മൃഗീയ വാസനകളെ തട്ടിയുണർത്തി ശക്തിപ്പെടുത്തുന്നില്ലയോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

കർത്തവ്യബോധം, സത്യനിഷ്ഠ, ധർമ്മനിഷ്ഠ, എന്നിവയിൽകൂടിയാണ് ആത്മശക്തി പ്രകടമാകുന്നത്. സാമ്പത്തികൈശ്വര്യ പദ്ധതികൾ വ്യക്തികളുടെ അവകാശങ്ങൾക്ക് പ്രഥമഗണന കൊടുക്കുന്നു. ധർമ്മനിഷ്ഠയിൽനിന്നു മാത്രമെ കർത്തവ്യബോധം ഉദിക്കയുള്ളു. കർത്തവ്യബോധമില്ലാത്ത അവകാശമോഹം അനീതിക്കും കലഹത്തിനും നാശത്തിനും കാരണമായിത്തീരും. രാഷ്ട്രീയ മീമാംസ പ്രകാരം ചിന്തിച്ചാലും, ചുമതലയില്ലാത്ത അവകാശമില്ല, ഉണ്ടായിരിക്കാനും പാടില്ല. ചുമതലകളെ അഥവാ കർത്തവ്യങ്ങളെപ്പററി ജനങ്ങളെ പ്രബോധിപ്പിക്കുന്നതാണ് ധർമ്മനീതികളുടെ ഉദ്ദേശ്യം.

അടുത്തകാലംവരെ ഇന്ത്യയിലെ ജനങ്ങളെ ഭരിച്ചിരുന്നത് ജാതിനിയമങ്ങളായിരുന്നു. ജാതിവ്യവസ്ഥകൾ അനീതിയും അക്രമവും ധർമ്മവിരുദ്ധവുമാണെന്നും അവ ദേശീയൈക്യത്തെ നശിപ്പിക്കുന്നുവെന്നും പരക്കെ ബോദ്ധ്യമായിട്ടുണ്ട്. സ്വാതന്ത്ര്യം, ജനാധിപത്യം, സമ

ത്തിക സമീകരണം മുതലായ സാമൂഹ്യാദർശ്ശങ്ങൾ അനുഭവസാദ്ധ്യമാകണമെങ്കിൽ ജനങ്ങളുടെ പഴയ സ്വഭാവത്തെ പൂർണ്ണമായും മാറേറണ്ടതായിട്ടുണ്ടു. ഒരു പുതിയ ചുമതലാബോധവും, ആത്മസംയമവും, ഒരു പുതിയ സാഹോദര്യചിന്തയും അവർ സമ്പാദിക്കണം. ഒരു പുതിയവിദ്യാഭ്യാസ പ്രസ്ഥാനത്തിന് മാത്രമെ അവരെ ഈ പുതിയ ജീവിതത്തിലേക്കു് ആനയിക്കുവാൻ സാധിക്കുയുള്ളു. പഴയ മനുഷ്യസ്വഭാവത്തിന്റെ വിശുദ്ധീകരണത്തിനും നവീകരണത്തിനും പര്യാപ്തമായ വിദ്യാഭ്യാസത്തിന്റെ അഭാവത്തിൽ സംഭവിക്കാവുന്നതു് എന്തായിരിക്കുമെന്നു് നിഷ്പ്രയാസം പ്രവചിക്കാവുന്നതാണു്. പുതിയ ഐശ്വര്യപദ്ധതികളും പരീക്ഷണങ്ങളും യുവജനങ്ങളിൽ അഥവാ പുതിയതലമുറകളിൽ അതിരില്ലാത്ത ഉല്ലാസമോഹവും, അച്ചടക്കരാഹിത്യവും, ദുസ്സ്വാതന്ത്ര്യങ്ങളും, ദുസ്സ്വഭാവങ്ങളും വർദ്ധിപ്പിക്കും. പഠിപ്പാളികളും ഉദ്യോഗസ്ഥന്മാരുമായവർ അവരുടെ തൊഴിലുകളും ഉദ്യോഗങ്ങളും രാഷ്ട്രത്തിന്റെ സേവനത്തിനുള്ളവയാണെന്നുള്ള സത്യം വിസ്മരിച്ചു് അവയെ പരസ്പര ചൂഷണത്തിനും, സ്വാർത്ഥലാഭത്തിനുമുള്ള ഉപായങ്ങളാക്കിത്തീർക്കും. രാഷ്ട്രത്തിന്റെ ധർമ്മകർത്താക്കളും, സത്യനീതികളുടെ പരിപാലകന്മാരുമായിക്കേണ്ട ഗവണ്മെൻറുദ്യോഗസ്ഥന്മാർ സൈ്ട്രക്ക്, സത്യാഗ്രഹം മുതലായവമൂലം തങ്ങളുടെ ആദായത്തെ വർദ്ധിപ്പിക്കുവാൻ തരം നോക്കിയിരിക്കുന്നവരും, അഴിമതിക്കാരും, ചുമതലഗൌരവമില്ലാത്തവരും ആയി

ഞിയം. ഗവണ്മെൻറിലും ഉദ്യോഗസ്ഥന്മാരിലും ജനങ്ങൾക്കുള്ള മതിപ്പും വിശ്വാസവും കുറയുകയും, നിയമസമാധാനപരിപാലനം, അച്ചടക്കം, മര്യാദ മുതലായ സത്സ്വഭാവങ്ങൾ സാമൂഹ്യജീവിതത്തിൽനിന്ന് അപ്രത്യമാകയും ചെയ്യും. അങ്ങനെ രാജ്യം മുഴുവൻ സ്വാർത്ഥതല്പരരും സത്യനിഷ്ഠയൊ ധാർമ്മിക ബോധമൊ ഇല്ലാത്തവരുമായ ഭീരുക്കളാലും ദുർജ്ജനങ്ങളാലും നിറയും. സ്വല്പലാഭത്തിനുവേണ്ടി മനസ്സാക്ഷിയെ വിററുമുടിച്ച് തങ്ങളെതന്നെ സാത്താൻെറ വേലക്കു ഏല്പിക്കുവാൻ അവക്ക് പ്രയാസമുണ്ടായിരിക്കയില്ല. വളരെ നൂററാണ്ടുകൾക്കു ശേഷമാണു് ഇന്നത്തെ സ്വാതന്ത്ര്യം ഇന്ത്യക്കു ലഭിച്ചിട്ടുള്ളതു്. ഈ സൌകൎയ്യത്തെ ഉപയോഗിച്ച് ഒരു യഥാർത്ഥ ധാർമ്മിക പാരമ്പൎയ്യവും ദേശീയൈക്യവും കെട്ടിപ്പടുക്കുവാൻ ഇന്ത്യക്കു സാധിച്ചില്ലെങ്കിൽ ഇനിമേൽ മറെറാരു സൌകൎയ്യം കിട്ടുമൊ എന്നു ഭയപ്പെടേണ്ടിയിരിക്കുന്നു. ദേശീയോൽഗ്രഥത്തിനു് ആവശ്യമായ ചില പ്രമാണങ്ങളും മാർഗ്ഗങ്ങളും ആദർശ്ശങ്ങളും യുവജനങ്ങളുടെ പഠനത്തിനും ചിന്തകൾം വിഷയമാക്കുക മാത്രമാണു് ഈ ചെറുഗ്രന്ഥം മൂലം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്.

ഗ്രന്ഥകൎത്താവു്.

# വിഷയവിവരം


| | | |
|---|---|---|
| 1. | സ്വാതന്ത്ര്യം | 1 |
| 2. | സുവർണ്ണകാലം | 6 |
| 3. | ബന്ധനസ്ഥയായ ഭാരതം | 11 |
| 4. | സമത്വം സാഹോദര്യം | 17 |
| 5. | ചില ജനാധിപത്യപ്രമാണങ്ങൾ | 22 |
| 6. | രാഷ്ട്രീയ ജനാധിപത്യരഹസ്യം | 28 |
| 7. | സ്വയംഭരണം | 37 |
| 8. | ജനാധിപത്യം ഗൃഹജീവിതത്തിൽ | 43 |
| 9. | ചില ജനാധിപത്യമര്യാദകൾ | 52 |
| 10. | ജനാധിപത്യത്തിൻെറ ശത്രുക്കൾ | 59 |
| 11. | നാം എവിടെ എത്തിയിരിക്കുന്നു. | 68 |
| 12. | ആധുനിക പരിഷ്ക്കാരം ആപൽക്കരം | 78 |
| 13. | ക്യാപ്പിററലിസം, കമ്മ്യൂണിസം, സോഷ്യലിസം | 86 |
| 14. | മുതലാളിത്തത്തിൻെറ പരാജയം | 96 |
| 15. | ഗാന്ധിജനാധിപത്യം—സർവ്വോദയം | 106 |
| 16. | ഇന്ത്യയുടെ ഐക്യം | 116 |
| 17. | നമ്മുടെ ധാർമ്മികനില | 124 |
| 18. | നമ്മുടെ സാമ്പത്തികപ്രശ്നം | 133 |
| 19. | യുവജനങ്ങൾ എന്തു പറയുന്നു | 141 |
| 20. | സ്ത്രീകളുടെ പങ്ക് | 154 |
| 21. | ലോകസാഹോദര്യം | 166 |
| 22. | കേരളവും സർവ്വോദയവും | 180 |

# സ്വതന്ത്ര ഇന്ത്യ എങ്ങോട്ട്?

## സ്വാതന്ത്ര്യം

നാം കൊല്ലംതോറും സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നുണ്ടല്ലൊ. അതു് എന്തിനെയാണു് കാണിക്കുന്നതു്? ഇംഗ്ലീഷ്കാർ ഇന്ത്യയെ കീഴടക്കി ഭരിക്കയായിരുന്നു. അവരുടെ ഭരണം അവസാനിപ്പിച്ചു് നാം സ്വയം ഭരിക്കുവാൻ തുടങ്ങിയതിനെയാണു് സ്വാതന്ത്ര്യദിനം അനുസ്മരിപ്പിക്കുന്നതു്. പരാധീനതയിൽ നിന്നുള്ള വിടുതലും സ്വയം ഭരണാധികാരലബ്ധിയുമാണു് രാഷ്ട്രീയസ്വാതന്ത്ര്യത്തിന്റെ പൊരുൾ.

നമ്മുടെ രാജ്യം സ്വതന്ത്രമായി എന്നു് നാം സാധാരണ പറയുകയും വിചാരിക്കുകയും ചെയ്യാറുണ്ടു്. പരമാർത്ഥത്തിൽ രാജ്യമല്ല സ്വതന്ത്രമായതു് അതിലെ ജനങ്ങളാണു്. രാജ്യം എന്ന പദംകൊണ്ടു് ഉദ്ദേശിക്കപ്പെടുന്നതു് അതിലെ ജനങ്ങളാകുന്നു. ഇന്ത്യാനിവാസികളായ നാം വിദേശീയരുടെ അധികാരത്തിൽ നിന്നു് വിമുക്തരായിരിക്കുന്നു. നമ്മുടെ രാജ്യം നമ്മുടെ സ്വന്തമായി തീർന്നിരിക്കുന്നു. നമുക്കു അവിടെ സ്വതന്ത്രമായി ജീവിക്കുവാനും പ്രവർത്തിക്കുവാനും അധികാരവും സൌകര്യവും ലഭിച്ചിരിക്കുന്നു. നമ്മുടെ രാജ്യ

ത്തിന്റെ ഭരണാധികാരികൾ നാം തന്നെയായിരിക്കുന്നു. ഇന്ത്യയെ സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളിലും പരമാധികാരം ഇന്ത്യയിലെ ജനങ്ങൾക്കുണ്ട്. ഇതാണ് സ്വാതന്ത്ര്യദിനം പ്രഖ്യാപനം ചെയ്യുന്നത്.

നമ്മുടെ രാജ്യത്തെ ഭരിക്കുന്നതിന് അധികാരവും സൌകര്യവും താത്വികമായി ലഭിക്കുന്നതു് മാത്രമല്ല, അവയെ ശരിയായി വിനിയോഗിച്ച് സ്വതന്ത്രരായി ജീവിക്കുന്നതാണ് യഥാർത്ഥസ്വാതന്ത്ര്യം. അതു് ഒരു അവകാശമൊ അധികാരമോ മാത്രമല്ല, പൂർണ്ണമായ ഒരു ജീവിതമാകുന്നു.

ജീവിതത്തിന് പലവശങ്ങൾ ഉള്ളതുപോലെ സ്വാതന്ത്ര്യത്തിനും പല വശങ്ങളുണ്ട്. വ്യക്തിജീവിതം, സാമൂഹ്യജീവിതം, രഹസ്യജീവിതം, പരസ്യജീവിതം, കുടുംബജീവിതം, രാഷ്ട്രീയജീവിതം, സാമ്പത്തികജീവിതം, ആത്മികജീവിതം, ഇങ്ങനെ ഒന്നായജീവിതത്തെ പല വിധത്തിൽ വീക്ഷിക്കുകയും, പല ഭാഗങ്ങളായി പിരിച്ച് പരിശോധിക്കുകയും ചെയ്യാമല്ലൊ. സ്വാതന്ത്ര്യത്തിനും പല ഭാവങ്ങളുണ്ട്. പലവിധത്തിൽ അതിനെപ്പററി നമുക്ക് ചർച്ചചെയ്യാം. രാഷ്ട്രീയസ്വാതന്ത്ര്യം, വ്യക്തിസ്വാതന്ത്ര്യം, സാമ്പത്തികസ്വാതന്ത്ര്യം, വിശ്വാസസ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യം, സംഘടനാസ്വതന്ത്ര്യം, എന്നിങ്ങനെ പല രൂപങ്ങളിൽ ഒരു ജനതയുടെ സ്വാതന്ത്ര്യം പ്രത്യക്ഷപ്പെടുന്നു. ഇവയെല്ലാം ചേൎന്നുള്ളതാണ് പൂർണ്ണസ്വാതന്ത്ര്യം ഇവയിൽ ചിലതിനെപ്പററി മററു അദ്ധ്യായങ്ങളിൽ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്.

ഇംഗ്ലീഷുകാരുടെ ഭരണം അവസാനിച്ചതു കൊണ്ടു നാം സ്വതന്ത്രരായി എന്നു വിചാരിച്ച് തൃപ്തിപ്പെട്ടുകൂടാ. അതിനുശേഷം ഹിററ്ലരെപ്പോലെ ഒരു സ്വേച്ഛാധികാരിയൊ ഒരു ചക്രവർത്തിയൊ നമ്മെ ഭരിച്ചിരുന്നെങ്കിൽ അതു് സ്വാതന്ത്ര്യമാകയില്ലല്ലൊ. വിദേശിയജമാനനു്പകരം സ്വദേശി യജമാനൻ ഭരിക്കുന്നു എന്ന വ്യത്യാസം മാത്രമെ ഉണ്ടായിരിക്കയുള്ളു. രണ്ടും ഒരുപോലെ ദോഷകരമായിരിക്കും. യജമാനന്മാരുടെ ഭരണം വളരെ നല്ല ഭരണമായിരുന്നാലും അതു് സ്വാതന്ത്ര്യമായിരിക്കയില്ല. ഒരു പക്ഷിയെപിടിച്ചു് കൂട്ടിലിട്ടു് പാലും പഴവും ധാരാളം കൊടുത്തു് വളർത്തിയാലും അതിനു് സ്വാതന്ത്ര്യം ഇല്ലല്ലൊ. യജമാനന്മാരുടെ ഭരണം, അവർ വിദേശികളായാലും സ്വദേശികളായാലും, ജനങ്ങൾക്കു് അടിമത്തമാണു്. ജനങ്ങൾ ജനപ്രതിനിധികൾ മൂലം ജനങ്ങൾക്കുവേണ്ടി ഭരിക്കുന്നതാണു് രാഷ്ട്രീയ സ്വാതന്ത്ര്യമെന്നു് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. അതാണു് ജനാധിപത്യം.

ഒരു പടം വരക്കുന്നതിനു് നാം കടലാസ്സും പെൻസിലും ചായവും മററും ഒരുക്കിയെന്നിരിക്കട്ടെ. ഇനി വരക്കുകമാത്രമാണു് ആവശ്യം. എന്നാൽ വരക്കുവാനുള്ള പ്രാപ്തി നമുക്കില്ലെങ്കിൽ ഇതെല്ലാം ഒരുക്കിയതുകൊണ്ടു എന്താണു് പ്രയോജനം. രാജ്യത്തിൻെറ സ്വാതന്ത്ര്യവും അങ്ങനെതന്നെ. ഇംഗ്ലീഷുകാരുടെ ഭരണം അവസാനിച്ചതോടുകൂടി നമുക്കു പടംവരക്കുവാൻ സൌകര്യം കിട്ടിയിരിക്കുന്നു. നമ്മുടെ ജീവിതം

ഒരു പടംവരയാണ്. ബുദ്ധിപൂർവ്വം നല്ലജീവിതം നയിച്ചാൽ അതൊരു മനോഹരപടമായിരിക്കും. ചീത്ത ജീവിതം ഒരു ലക്ഷ്യമില്ലാതെ കറാമുറാ എന്നു വരച്ചിട്ടുള്ള വഷളായ ഒരു പടം പോലെയിരിക്കും. നമ്മുടെ രാഷ്ട്രത്തിൻെറ പടം വരക്കുവാൻ കളം ഒഴിഞ്ഞു കിട്ടിയിരിക്കുന്നു. നമ്മെ തടയുവാൻ ആരുമില്ല. നന്നായാലും ചീത്തയായാലും നാംതന്നെ ഉത്തരവാദികൾ. ആവശ്യമായ സാമഗ്രികൾ ശേഖരിച്ച് ബുദ്ധിപൂർവ്വം ഒരു ഭംഗിയുള്ള ചിത്രം വരക്കുവാൻ നമുക്ക് സാധിക്കണം. അപ്പോൾ നാം സ്വാതന്ത്ര്യരാണെന്ന് നമുക്ക് അഭിമാനിക്കാം.

അതുകൊണ്ടു രാഷ്ട്രീയസ്വാതന്ത്ര്യലബ്ധിയിൽ മാത്രം നാം തൃപ്തിപ്പെടുകയൊ, അഹങ്കരിക്കുകയൊ ദുരഭിമാനംകൊള്ളുകയൊ ചെയ്തുകൂടാ. ഇന്നത്തെ സ്വാതന്ത്ര്യം ഒരു സൌകര്യംമാത്രമാണ്—ജീവിതത്തെ കെട്ടിപ്പടുക്കുവാനുള്ള സൌകര്യം., അതൊരു ചുമതലയാണ്—സ്വാതന്ത്ര്യത്തെ ഉപയോഗിച്ച് എല്ലാവക്കും സമാധാനവും സമൃദ്ധിയും, സന്തോഷവും പ്രദാനംചെയ്യുന്ന ഒരു ജീവിത വ്യവസ്ഥ ഏർപ്പെടുത്തുവാനുള്ള ചുമതല. ഈ സൌകര്യത്തെ നാം ഏങ്ങനെ പ്രയോജനപ്പെടുത്തുന്നു, ഈ ചുമതല നാം ഏതുവിധം നിർവ്വഹിക്കുന്നു എന്നുള്ളതിനെ ആശ്രയിച്ചിരിക്കും നമ്മുടെ ഭാവി. സ്വാതന്ത്ര്യത്തെ ഒരു മഹത്തായ അനുഗ്രഹമാക്കിത്തീക്കുവാൻ നമുക്കു സാധിക്കും. അതിനെ ഒരു വലിയ ശാപമാക്കുവാനും സാധിക്കുമെന്ന് നാം

വിസ്മരിക്കരുതു്. സ്വാതന്ത്ര്യത്തെ വളരെ നൂററാണ്ടു കൾക്കു് ശേഷം നാം വീണ്ടും സമ്പാദിച്ചിരിക്കുന്നു. അതിനെ നഷ്ടമാക്കുവാനും സാദ്ധ്യമാണെന്നു് നാം ഓർക്കുന്നതു് നന്നായിരിക്കും. സ്വാതന്ത്ര്യം ഒരു ഗൌരവമായ ചുമതലയാകുന്നു.

സ്വാതന്ത്ര്യം ജീവനാണു്. ഒരു വിത്തു് മുളച്ചു് വരുമ്പോൾ മുള്ളുംകല്ലും വീണു അതിനെ മൂടിയാൽ അതവിടെ കിടന്നു നശിച്ചുപോകും പ്രതിബന്ധമില്ലാതെ വളരുവാൻ അനുവദിച്ചാൽ അതു് വളൎന്നു് ചെടിയായി ഇലകളും പൂക്കളും ഫലങ്ങളും നിറയെ ഉല്പാദിപ്പിക്കും. ഒരു പക്ഷിയെ കൂട്ടിലിട്ടാൽ അതിന്റെ തൂവലുകളുടെ നിറം മങ്ങും, കണ്ണുകളുടെ പ്രകാശം കുറയും പറന്നുനടക്കുവാനുള്ള ശക്തിയും ധൈര്യവും നഷ്ടമാവുകയും, അവസാനം അതു് അകാലമരണം പ്രാപിക്കയുംചെയ്യും. സ്വാതന്ത്ര്യമില്ലാത്ത മനുഷ്യരുടെ അവസ്ഥയും ഇതുതന്നെ. മനുഷ്യർ വളൎന്നു അവരുടെ ശാരീരികവും മാനസികവും, ആത്മികവുമായ ശക്തികൾ വികസിച്ചു്, നല്ല ഫലം ഉൽപാദിപ്പിച്ചു് അവരവൎക്കു സൌഭാഗ്യവും അപരൎക്കു പ്രയോജനവുമുണ്ടാകണമെങ്കിൽ പൂർണ്ണമായ സ്വാതന്ത്ര്യം അത്യാവശ്യമാണു്. മനുഷ്യരുടെ എല്ലാ നല്ല കഴിവുകളും സ്വാതന്ത്ര്യത്തിൽ നിന്നുത്ഭവിക്കുന്നു. സ്വാതന്ത്ര്യത്താൽ വളരുന്നു സ്വാതന്ത്ര്യത്തിൽ ഫലപ്രാപ്തിയണയുകയുംചെയ്യുന്നു. സ്വാതന്ത്ര്യം ജീവൻതന്നെ. സ്വാതന്ത്ര്യമില്ലാത്തവനു് ജീവനില്ല. സ്വാതന്ത്ര്യത്തെ തടയുന്നവൻ ജീവനെ നശിപ്പിക്കുന്നു.

# 2

## സുവർണ്ണകാലം

ഒരു കാലത്തു് ഭാരതം മനുഷ്യരുടെ അഭിമാനകേന്ദ്രമായിരുന്നു. ലൌകികവും ആത്മികവുമായ എല്ലാ നന്മകളുടെയും വിളനിലമായിരുന്നു. അന്നു് അവർ സ്വതന്ത്രരുമായിരുന്നു. ആ കാലം ഉദ്ദേശം ക്രി. മു. 500 മുതൽ ക്രി. ശേ 500 വരെ ആയിരുന്നു എന്നു വിചാരിക്കാം. ആ ഒരായിരം കൊല്ലത്തെ ഇന്ത്യാചരിത്രം ഏതൊരു ഭാരതീയനെയും പുളകം കൊള്ളിക്കുന്ന ഒരു അത്ഭുതകഥയാകുന്നു. ശ്രീ. ബുദ്ധന്റെ അനുഗൃഹീത നേതൃത്വത്തിൽ ആരംഭിച്ച ആ പുണ്യദശ അശോകചക്രവർത്തിയുടെ കാലത്തു് അതിന്റെ പരമകാഷ്ഠയെ പ്രാപിച്ചു. അശോകന്റെ കീഴിൽ ഭാരതം മുഴുവൻ ഒരു ഏകീകൃത രാഷ്ട്രമായിത്തീർന്നു. കലകളും ശാസ്ത്രങ്ങളും വിദ്യയും വ്യാപാരവും രാഷ്ട്രീയ പ്രശസ്തിയും ആത്മീയ പ്രഭാവവും ഭാരതത്തെ ലോകത്തിന്റെ മകുടമാക്കിത്തീർത്തു.

ലോകത്തിലെ ചക്രവർത്തിമാരിൽ അശോകനെക്കാൾ മഹാനായി ആരും ഉണ്ടായിട്ടില്ല. ലോകക്ഷേമത്തിന്നായി അശോകനെക്കാൾ കൂടുതൽ പ്രയത്നിച്ചിട്ടുള്ള ഒരു രാജാവിനെ ലോകം കണ്ടിട്ടില്ല. അദ്ദേഹത്തിന്റെ ഒരു സ്തംഭലിഖിതത്തിൽ പറയുന്നു. (1) ആർക്കും ദോഷംചെയ്യാതിരിക്കുക, (2) നന്മചെയ്യുക, (3) സ്നേഹ

മുള്ളവരായിരിക്ക, (4) ഔദാൎയ്യം കാണിക്കുക, (5) സത്യം പരിപാലിക്കുക, (6) വിശുദ്ധിയുള്ളവരായിരിക്കുക- ഇതാണു് ധൎമ്മം. അശോകന്റെ ഉദ്യോഗസ്ഥന്മാർ രാജ്യത്തിന്റെ എല്ലാഭാഗത്തും ധൎമ്മം പ്രചരിപ്പിച്ചു കൊണ്ടിരുന്നു. സിലോൺ, മലയാ, ഗ്രീസ്, മുതലായ വിദേശങ്ങളിലേക്കും ധൎമ്മദൂതന്മാർ അയക്കപ്പെട്ടു.

അഞ്ചാം ശതകത്തിൽ, ഇന്ത്യയിൽ വന്ന ഒരു ചീനപണ്ഡിതൻ എഴുതിയിട്ടുള്ളതു് ഇപ്രകാരമാണു്. ഈ രാജ്യത്തു് അനേകശതം ബുദ്ധവിഹാരങ്ങൾ ഉണ്ടു്. അനേകായിരം ബുദ്ധഭിക്ഷുക്കൾ സദ്ധർമ്മത്തെ പ്രചരിപ്പിക്കുന്നു. ജനങ്ങൾ സംതൃപ്തിയിലും സമൃദ്ധിയിലും ജീവിക്കുന്നു. എല്ലാവൎക്കും സ്വാതന്ത്ര്യം ഉണ്ടു്. രാജാക്കന്മാർ കുററവാളികളെ ബലാൽകാരം ചെയ്യുന്നില്ല; വെറും പിഴ മാത്രമാണു് ശിക്ഷ കല്പിക്കുന്നതു്. ആരും ജന്തുക്കളെ കൊല്ലുന്നില്ല, മദ്യപാനം ചെയ്യുന്നുമില്ല. അശോകന്റെ തലസ്ഥാനനഗരിയിലെ കൊട്ടാരം മനുഷ്യനിർമ്മിതമാണെന്നു തോന്നുകയില്ല. അത്ര വിശേഷമാണു് അതിലെ കൊത്തുപണികൾ. ധനികന്മാരും പ്രഭുക്കളും പ്രധാനനഗരത്തിൽ ആശുപത്രികൾ സ്ഥാപിച്ചിട്ടുണ്ടു്. രോഗികളെ വൈദ്യന്മാർ പരിശോധിച്ചു് മരുന്നും ഭക്ഷണവും മററു സംരക്ഷണയും സൌജന്യമായി നൽകുന്നു.

അക്കാലത്തു ദൽഹിയിൽ സ്ഥാപിച്ച ഒരു ഇരുമ്പുതൂൺ ഇന്നും ലോകത്തെ വിസ്മയിപ്പിച്ചുകൊണ്ടു നില്ക്കുന്നു. മഗധരാജ്യത്തെ എഞ്ചിനീയർമാൎക്കു വലിയ

കെട്ടിടങ്ങളും, അണക്കെട്ടുകളും, തോട്ടുകളും, പാലങ്ങളും, നിർമ്മിക്കുന്നതിനും, ഭീമാകാരമായ കല്ലുകൾ കേടുകൂടാതെ വളരെ ഉയരത്തിൽ പൊക്കിയെടുത്തു് പണിയുവാനും, കല്ലുകൾ കണ്ണാടിപോലെ മിനുക്കുവാനും സാധിക്കുമായിരുന്നു. മതങ്ങൾ തമ്മിൽ സ്പർദ്ധയുണ്ടായിരുന്നില്ല. രാജാക്കന്മാർ എല്ലാമതത്തെയും സഹായിച്ചുകൊണ്ടിരുന്നു. രാജാക്കന്മാർ അനേകം വിദ്യാലയങ്ങൾ സ്ഥാപിച്ചിരുന്നു. നളന്ദയിലെ ഒരൊററ വിദ്യാകേന്ദ്രത്തിൽ നിന്നുതന്നെ ഒരായിരം പണ്ഡിതന്മാർ ഒരു മഹാസദസ്സിൽ സന്നിഹിതരായിരുന്നു. രാജ്യത്തിൽ നിന്നും വെളിയിൽ നിന്നുമായി പതിനായിരം വിദ്യാൎത്ഥികൾഒരുകാലത്തു് അവിടെ താമസിച്ച് പഠിച്ചിരുന്നു. ഒരു നൂറു പ്രസംഗമണ്ഡപങ്ങളിൽ നിന്നു് പണ്ഡിതന്മാർ ക്ളാസ്സുകൾ നടത്തിയിരുന്നു. മൂന്നു വലിയ കെട്ടിടങ്ങൾ നിറയുന്ന ഒരു പുസ്തകശേഖരം അവിടെ ഉണ്ടായിരുന്നു. ട്യൂട്ടോറിയൽ സമ്പ്രദായവും ഉണ്ടായിരുന്നു. അവിടെനിന്നു പഠിച്ചുപോയ വിദ്യാൎത്ഥികൾ ലോകത്തിലെവിടെയും ബഹുമാനിക്കപ്പെട്ടു. നളന്ദ സർവ്വകലാശാലയുടെ ഒരു മുദ്രാവാക്യം ഇപ്രകാരമായിരുന്നു. "ദ്വേഷ്യത്തെ ക്ഷമയാലും, ദുഷ്ടനെ ശിഷ്ടതയാലും, ലുബ്ധനെ ഔദാൎയ്യത്താലും, അസത്യത്തെ സത്യത്താലും ജയിക്കുക." അക്കാലത്തെ കവികൾ, കലാകാരന്മാർ, ശാസ്ത്രജ്ഞന്മാർ, ശില്പകൾ, വൈദ്യന്മാർ, പണ്ഡിതന്മാർ മുതലായവർ ഇന്നും ഭാരതസംസ്കാരത്തിന്റെ നക്ഷത്രങ്ങളായി പ്രശോഭിക്കുന്നു.

ഇന്നത്തെ ജനകീയ ഭരണസമ്പ്രദായങ്ങളും അക്കാലത്തു് പ്രചരിച്ചിരുന്നവയെന്നു് ഡാക്ടർ അംബദ്കർ നമ്മുടെ ഭരണഘടനാനിർമ്മാണ സഭയിൽ പ്രസംഗിക്കയുണ്ടായി. ബുദ്ധസംഘങ്ങൾ യഥാർത്ഥ പാർലമെണ്ടുകളായിരുന്നുവത്രെ. മെമ്പർമാർ ഇരിക്കുന്നക്രമം, അഭിപ്രായ പ്രകടനം, യോഗംകൂടുന്നതിനുകോറം, രഹസ്യവോട്ട്, വോട്ടെണ്ണൽ, അവിശ്വാസപ്രമേയം, പ്രമേയാവതരണം, നിയമതടസ്സം, മുതലായവയെപ്പററി പല ചട്ടങ്ങൾ ഏർപ്പെടുത്തിയിരുന്നു.

ഹർഷവർദ്ധനൻ എന്ന ബുദ്ധചക്രവർത്തി അഞ്ചഞ്ചു്കൊല്ലം കൂടുമ്പോൾ പ്രയാഗയിൽവെച്ചു് ഒരു ധർമ്മ മഹോത്സവം നടത്തിയിരുന്നു. എഴുപത്തഞ്ചുദിവസം നീണ്ടുനിന്നിരുന്ന ആ ഉത്സവകാലത്തു് അതുവരെ താൻ സമ്പാദിച്ച എല്ലാ ധനവും, വസ്ത്രങ്ങൾ, ആഭരണങ്ങൾ, കിരീടം മുതലായവയും ചക്രവർത്തി പണ്ഡിതന്മാർക്കും പാവങ്ങൾക്കും, സന്ന്യാസിമാർക്കും ഗൃഹസ്ഥന്മാർക്കും, അനാഥർക്കും ദാനമായികൊടുത്തുവന്നു. അവസാനം രാജ്യത്തിലെ പ്രഭുക്കന്മാർ കിരീടം മുതലായവ വിലകൊടുത്തുവാങ്ങി വീണ്ടും ചക്രവർത്തിക്കു് കൊടുക്കുകയായിരുന്നു പതിവു്.

ആ സുവർണ്ണകാലത്തു ഭാരതം സ്വാതന്ത്ര്യയായിരുന്നു. ജാതിവിചാരമൊ മതമത്സരമൊ ജനങ്ങളെ ഛിദ്രിപ്പിച്ചിരുന്നില്ല. മനുഷ്യരുടെ നന്മക്കായി സർവ്വവും

സമർപ്പിച്ച് ത്യാഗികളായി ജീവിച്ചിരുന്ന രാജാക്കന്മാർ ഭാരതത്തിൽ വാണിരുന്നു. പ്രജകൾ ധർമ്മനിരതരായിരുന്നു. ഭാരതം ലോകരുടെ ആത്മീയമാതാവായി പരിലസിച്ചു.

1955 ഒക്ടോബറിൽ ശ്രീജവഹർലാൽ നെഹ്രു മദ്രാസിൽവച്ച് ചെയ്ത ഒരു പ്രസംഗത്തിൽ പറയുന്നു: "കന്യാകുമാരിമുതൽ ഹിമാലയംവരെ നീണ്ടുകിടക്കുന്ന ഒരു വലിയ രാജ്യമാണ് ഭാരതം. അതിൽ അനേകം സംസ്ഥാനങ്ങളും അനേകം ഭാഷകളും, അനേകം മതങ്ങളും, അനേകം ക്ഷേത്രങ്ങളും, അനേകം പള്ളികളും ഉണ്ട്. അവയെല്ലാം നമ്മുടെ പൊതുസ്വത്താണ്. സ്നേഹത്തിലും ഐക്യതയിലും വസിക്കുവാൻ സാധിക്കുമെന്ന് നമ്മുടെ പൂർവ്വികന്മാർ കാണിച്ചുതന്നിട്ടുണ്ട്. സഹിഷ്ണുതയും സമാധാനവുമാണ് നമ്മുടെ ലക്ഷ്യം അഭിപ്രായൈക്യമില്ലാത്തവരോടുകൂടിയും സമാധാനമായിരിക്കാൻ നാം ആഗ്രഹിക്കുന്നു. നമ്മുടെ പൂർവ്വികന്മാരുടെയും മഹാത്മാഗാന്ധിയുടെയും ഉപദേശങ്ങൾ നാം ഒരിക്കലും ഉപേക്ഷിക്കരുത്. അവയാണ് ഐക്യത്തിന്റെയും സമാധാനത്തിന്റെയും മാർഗ്ഗം. അനേകായിരം കൊല്ലങ്ങളിലെ ചരിത്രവും പാരമ്പര്യവും നമ്മുടെ പിമ്പിൽ ഉണ്ട്. മഹത്തായ കാര്യങ്ങൾ സാധിക്കുവാൻ നമ്മുടെ മുമ്പിലുമുണ്ട്. തലയുയർത്തി നേരെ നില്ക്കുക, നക്ഷത്രങ്ങളിലേക്കു കണ്ണുകളെ ഉയർത്തുക, ഭൂമിയിൽ ഉറച്ചു നിന്നുകൊണ്ടു ഭാരതത്തെ ചിന്ത-

യിലും, പ്രവൃത്തിയിലും, സംസ്കാരത്തിലും, ലോകശുശ്രൂ യിലും, ഒരു മഹാശക്തിയാക്കിത്തീർക്കുക.”

സ്വാതന്ത്ര്യമാണ് ഭാരതത്തെ കഴിഞ്ഞകാലങ്ങളിൽ ഒരു പുണ്യഭൂമിയാക്കിയതു്. ഭാരതത്തിന്റെ ഭാവിശോഭനമാക്കുവാൻ ഒരു സ്വതന്ത്രജനതക്ക് മാത്രമെ സാധിക്കയുള്ളു.

See Civilization of the Buddist Age. R. C. Dutt

## 3

## ബന്ധനസ്ഥയായ ഭാരതം

കാലംകുറെ കഴിഞ്ഞപ്പോൾ ബുദ്ധധർമ്മത്തിന്റെ ശക്തിയും പ്രചാരവും കുറഞ്ഞു. ജനങ്ങളുടെ നേതാക്കന്മാർ ദുഷിച്ചാൽ അതിന്റെ ദോഷം എല്ലാവരെയും ബാധിക്കുമല്ലൊ. ഇതു് പഴയകാലത്തു എന്നപോലെ ഇന്നും ഏറക്കുറെ പരമാർത്ഥമാണ്. ഭാരതത്തിലെ രാജാക്കന്മാരും പുരോഹിതന്മാരും, പ്രഭുക്കന്മാരും, സുഖഃഭോഗാസക്തരായ സ്വാർത്ഥതൽപരരായി, ധർമ്മനിഷ്ഠയില്ലാത്തവരായി, അന്യോന്യം മത്സരിക്കുവാനും, ജനങ്ങളെ ചൂഷണം ചെയ്യുവാനും തുടങ്ങിയപ്പോൾ രാജ്യം ഒട്ടാകെ അധഃപതിച്ചു. മതം മനുഷ്യരെ ദൈവ

ത്തൊട്ടു അടുപ്പിക്കുന്നതിന്നു പകരം എല്ലാനന്മകളിൽനിന്നും അവരെ അകററിത്തുടങ്ങി; അവരെ ഒന്നായി യോജിപ്പിക്കുന്നതിന്നുപകരം അനേകായിരം ജാതികളായി പിരിച്ചു്, അവർതമ്മിൽ വിവാഹവും, സഹഭോജനവും സഹോദരസ്നേഹവും അസാദ്ധ്യമാക്കിത്തീർത്തു; രാജ്യത്തിനുവേണ്ടി വേലചെയ്യുന്നവരെ ഉയർത്തുന്നതിന്നു് പകരം തട്ടാൻ, ആശാരി, മൂശാരി, കൊല്ലൻ, നെയ്ത്തുകാരൻ, കർഷകൻ മുതലായവരെ തീണ്ടൽ കല്പിച്ചു് അധഃക്കരിച്ചു; നിസ്സഹായരായ പാവങ്ങളെ രക്ഷിക്കുന്നതിന്നു് പകരം മ്ലേച്ഛന്മാരാക്കിയും ചണ്ഡാളന്മാരാക്കിയും പുറംതള്ളി. വിദ്യാരഹിതരെ വിദ്യയഭ്യസിപ്പിക്കുന്നതിന്നു് പകരം, വിദ്യയും, മതവും, ആരാധനയും, അവർക്കു നിഷേധിച്ചു; വിദ്യയഭ്യസിക്കുവാൻ ശ്രമിച്ചവരെ കഠിനമായി ശിക്ഷിച്ചു; നിയമവും നീതിയും പാലിക്കുന്നതിന്നു് പകരം വലിയവർ വലിയകുററം ചെയ്താലും ചെറിയശിക്ഷയും, ചെറിയവർ ചെറിയ കുററം ചെയ്താലും വലിയശിക്ഷയും ഏർപ്പെടുത്തി. അനീതി അവിടെയും അവസാനിച്ചില്ല. വേലക്കൂലി ഉയർന്നവർക്കു അധികവും താഴ്ന്നവർക്കു കുറച്ചും നല്കപ്പെട്ടുവന്നു; സ്ത്രീകൾക്കു് വിദ്യയും, ധനവും, സ്വാതന്ത്ര്യവും നിഷേധിക്കപ്പെട്ടു; വിധവകൾ ഭർത്താവിന്റെ ചിതയിൽ ചാടിമരിക്കുവാൻ നിർബ്ബന്ധിതരായി. അന്യരാജ്യക്കാരും മതക്കാരും മ്ലേച്ഛന്മാരായി കരുതപ്പെട്ടു. വിദേശസഞ്ചാരം നിരോധിക്കപ്പെട്ടു; അനേകലക്ഷം തൊഴിലാളികൾ അടിമകളായിത്തീർന്നു് കാലി

കളെപ്പോലെ വ്യാപാരം ചെയ്യപ്പെട്ടു; നരബലി മുതലായ ഭയങ്കരപാപകർമ്മങ്ങളും അന്ധവിശ്വാസങ്ങളും പ്രചരിച്ചു. സ്വാതന്ത്ര്യവും, അഭിമാനവും, ബുദ്ധിയും നഷ്ടപ്പെട്ട ഒരു ജനത വിദേശങ്ങളിൽ നിന്നു അക്രമികളെ ആകർഷിച്ചു. ഭാരതം ഒരു അടിമ രാജ്യമായിത്തീന്നു. എണ്ണൂറാം ശതകംമുതൽ 1947ൽ സ്വതന്ത്രയാകുന്നതു്വരെ ഭാരതത്തിന്റെ ലജ്ജാവഹമായ പരാധീനത നിലനിന്നു.

1949 നവമ്പർ 25-ാംനു- സ്വതന്ത്രഇന്ത്യയുടെ ഭരണക്രമം അവസാനമായി പാസ്സാക്കുന്നതിനു ഡാക്ടർ അംബേദ്കർ രാഷ്ട്രനിർമ്മാണസഭയിൽ അവതരിപ്പിച്ചപ്പോൾ ചെയ്ത പ്രസംഗത്തിൽ ശ്രദ്ധേയമായ പല സംഗതികൾ പറയുകയുണ്ടായി. "1950 ജനുവരി 26-ാംനു- ഇന്ത്യ സ്വതന്ത്രയാവും. ഈ സ്വാതന്ത്ര്യം നിലനില്ക്കുമൊ; ഇന്ത്യ അതിനെ സംരക്ഷിക്കുമൊ. ഒരിക്കൽ അവൾ അതിനെ നഷ്ടപ്പെടുത്തി. ഇനിയും നഷ്ടപ്പെടുത്തുമൊ എന്നുള്ള ചിന്തയാണു് എന്നെ ദുഃഖിപ്പിക്കുന്നതു്. അവളുടെ സ്വന്തം മക്കളുടെ അന്തഃഛിദ്രവും അവരിൽ ചിലരുടെ രാജ്യദ്രോഹകരമായ പ്രവൃത്തികളുമാണു ഇന്ത്യയെ അടിമപ്പെടുത്തിയതു്. രാജ്യത്തെ ആക്രമിച്ച വിദേശികളിൽ നിന്നു് കോഴവാങ്ങാനും, അവരെ സഹായിക്കാനും, രാജ്യത്തെ ഒറ്റികൊടുക്കാനും, ശത്രുക്കളോടുചേന്നു രാജ്യത്തിന്നെതിരായി യുദ്ധം ചെയ്യുവാനും, സ്വന്തം മക്കളിൽ ചിലർ മടിച്ചില്ല. ചരിത്രം

വീണ്ടും ആവർത്തിക്കപ്പെടുമൊ? നമ്മുടെ പഴയ ശത്രുക്കളായ ജാതിഭിന്നതകൾ ഇപ്പോഴും ഇവിടെയുണ്ടു്. അവയ്ക്കുപുറമെ പുതിയതായി പല രാഷ്ട്രീയ കക്ഷികളും ലക്ഷ്യങ്ങളും ഉണ്ടായിക്കൊണ്ടിരിക്കും. ഇന്ത്യക്കാർ ജാതിക്കും, മതത്തിനും, കക്ഷിക്കും ഉപരിയായി സ്വരാജ്യത്തെ സ്നേഹിക്കുമോ, എനിക്കറിഞ്ഞുകൂടാ. അങ്ങനെ ചെയ്യാതിരുന്നാൽ നമ്മുടെ സ്വാതന്ത്ര്യം എന്നന്നേക്കുമായി നഷ്ടപ്പെട്ടേക്കും.

"1950 ജനവരി 26-ാംനു- ഇന്ത്യ ഒരു ജനാധിപത്യരാജ്യമായിത്തീരും—അതായത്ു്, ജനങ്ങൾ, ജനങ്ങൾമൂലം, ജനങ്ങൾക്കുവേണ്ടി ഭരിക്കുന്ന ഒരു രാജ്യം. ഈ ജനകീയ ഭരണത്തെ അവർ സംരക്ഷിക്കുമൊ, അതൊ തകിടം മറിക്കുമൊ. ഇന്ത്യയിൽ ജനകീയ ഭരണം ഒരു കാലത്തു് പ്രചരിച്ചിരുന്നു, അതെല്ലാം അവർ നഷ്ടപ്പെടുത്തി. വീണ്ടും നഷ്ടപ്പെടുത്തുമൊ എന്നാണു് എന്റെ ഭയം. ഈ ജനാധിപത്യ വ്യവസ്ഥ നശിക്കാതിരിക്കണമെങ്കിൽ നാം ചില തത്വങ്ങൾ അംഗീകരിക്കേണ്ടിയിരിക്കുന്നു. (i) ഒന്നാമത്തു്—നിയമവിരുദ്ധമായ എല്ലാ പ്രക്ഷോഭണങ്ങളും ഉപേക്ഷിക്കണം. നിയമലംഘനം, നിസ്സഹകരണം, സത്യാഗ്രഹം, മുതലായവ സ്വാതന്ത്ര്യപ്രാപ്തിക്കു് അനുവദനീയമായിരുന്നാലും ഇനിമേൽ ക്ഷന്തവ്യമല്ല. നിയമത്തിനു വിധേയമായി, ജനാധിപത്യ സിദ്ധാന്തങ്ങൾ

ലംഘിക്കാതെ, നമ്മുടെ ലക്ഷ്യത്തെ പ്രാപിക്കുവാൻ നാം നിശ്ചയിക്കണം. വിപ്ളവവും നിയമലംഘനവും ഒരുപോലെ സ്വാതന്ത്ര്യധ്വംസകമാണ്. (2) രണ്ടാമത്—വീരാരാധനക്കു രാഷ്ട്രീയത്തിൽ സ്ഥാനമില്ലെന്ന് നാം ഓക്കണം. നമ്മുടെ സ്വാതന്ത്ര്യം ഒരാളുടെ കാൽക്കലും കാഴ്ചവെക്കാവുന്നതല്ല. ഒരു മഹാൻ പറഞ്ഞിട്ടുള്ളതുപോലെ "ആത്മാഭിമാനത്തെ വിററു ഒരു പുരുഷനൊ, ചാരിത്രത്തെവിററു ഒരു സ്ത്രീക്കൊ, സ്വാതന്ത്ര്യത്തെ ബലികഴിച്ച് ഒരു ജനതക്കൊ ഭക്തിബഹുമാനം കാണിച്ചുകൂടാ". ആത്മീയത്തിൽ ഭക്തിനല്ലതായിരിക്കും. രാഷ്ട്രീയത്തിൽ നേതാക്കന്മാരോടുള്ള ഭക്തിമൂലം നമ്മുടെ സ്വാതന്ത്ര്യബോധം നഷ്ടപ്പെട്ടുത്തിയാൽ അധഃപ്പതനവും സ്വേച്ഛാധികാരികളുടെ വാഴ്ച്യും അനിവാര്യമായിത്തീരും. (3) മൂന്നാമത്-ജനാധിപത്യം വെറും ഒരു രാഷ്ട്രീയ വ്യവസ്ഥ മാത്രമല്ല. അത് ഒരു ജീവിതരീതിയാണ്-സ്വാതന്ത്ര്യത്തെയും, സമത്വത്തെയും, സാഹോദര്യത്തെയും അടിസ്ഥാനമാക്കിയുള്ള ഒരു ജീവിതരീതി. നമ്മുടെ രാജ്യത്തിൽ സമത്വവുമില്ല സാഹോദര്യവുമില്ല. ഉച്ചനീചത്വങ്ങളോടും, "തീണ്ടൽ തൊടീലു"കളോടും കൂടിയ ഒരു അസമത്വ വ്യവസ്ഥയാണ് നമ്മുടെ ജീവിതത്തെ ഭരിക്കുന്നതു്. സാമൂഹ്യവും സാമ്പത്തികവുമായ സമത്വം ശീഘ്രത്തിൽ ഏർപ്പെട്ടുത്തിയില്ലെങ്കിൽ, അസമത്വം അനുഭവിക്കുന്ന ഭൂരിജനം ഈ ജനാധിപത്യത്തെ തല്ലിയുടക്കും. സാഹോദര്യവും നമുക്കറിഞ്ഞുകൂടാത്ത ഒരു

ഗുണമാകുന്നു. ഇന്ത്യക്കരെല്ലാം ഒന്നാകുന്നു, ഒരു ജനതയാകുന്നു എന്നുള്ള ബോധമാണു് സാഹോദര്യം. രാഷ്ട്രത്തിന്റെ ഐക്യവും ബലവും അതിനെ ആശ്രയിച്ചിരിക്കുന്നു. അനേകായിരം ജാതികളായി ഭിന്നിച്ചുകിടക്കുന്ന നാം ഒരു രാഷ്ട്രമാകുന്നതു് എങ്ങനെയാണു്? നാം ഒന്നായിട്ടില്ല, ഒന്നാകണം. ഈ പരമാർത്ഥത്തെ മറച്ചുവെക്കുന്നതു് ആപൽക്കരമാകുന്നു. ജാതിവ്യവസ്ഥയും രാഷ്ട്രത്തിന്റെ ഐക്യവും അന്യോന്യവിരുദ്ധങ്ങളാണു്. രണ്ടുംകൂടി നിലനിൎത്തുവാൻ സാധിക്കയില്ല. നാം ഒരു യഥാർത്ഥരാഷ്ട്രമായിത്തീരുവാൻ സർവ്വശക്തിയും ഉപയോഗിച്ചു് പരിശ്രമിക്കണം.

"വെറും കാലികളെപ്പോലെ ജീവിക്കുന്ന അനേകകോടി പാവപ്പെട്ട ജനങ്ങൾ ഇവിടെയുണ്ടു്. അവരുടെ മദ്ധ്യത്തിൽ വിപ്ളവം പൊട്ടിപ്പുറപ്പെടാതിരിക്കണമെങ്കിൽ അതിശീഘ്രത്തിൽ അവരെ ഉദ്ധരിക്കയും സ്വതന്ത്രരാക്കുകയും ചെയ്യണം. സ്വാതന്ത്ര്യം അതിഗൌരവമായ ഒരു ചുമതലയാകുന്നു. കുററം ചുമക്കുവാൻ ഇനിവേറെ ആരെയും കിട്ടുകയില്ല. എല്ലാനന്മതിന്മകൾക്കും നാം തന്നെ ഉത്തരവാദികളാകുന്നു."

സ്വാതന്ത്ര്യം ഇരുവശം മൂർച്ചയുള്ള ഒരു വാൾപോലെയാകുന്നു; അതുകൊണ്ടു അങ്ങോട്ടും ഇങ്ങോട്ടും വെട്ടാം. അതു് നന്മക്കായും തിന്മക്കായും ഉപയോഗിക്കാം. സ്വാതന്ത്ര്യത്തെ നന്മക്കായി ഉപയോഗിക്കാത്ത ജനം നശിക്കും; നന്മക്കായി ഉപയോഗിക്കുന്നവർ നിരന്തരം പുരോഗമിക്കും.

# 4

## സമത്വം സാഹോദര്യം

സ്വാതന്ത്ര്യം തനിയെ നില്ക്കുന്നതൊ നില്ക്കാവുന്നതൊ ആയ ഒരു തത്വമല്ല. അതു് ജീവൻെറ സ്വഭാവമാണെന്നും ജീവൻെറ വളർച്ചക്കും ലക്ഷ്യപ്രാപ്തിക്കും ആവശ്യമാണെന്നും നാം കണ്ടു. സ്വാതന്ത്ര്യത്തെപോലെ മൌലികമായ രണ്ടു തത്വങ്ങളാണു് സമത്വവും സാഹോദര്യവും. ഇതു മൂന്നും ഒരേ ജീവിതരഹസ്യത്തിൻെറ അന്യോന്യം ആശ്രയിച്ചിരിക്കുന്ന തുല്യപ്രധാനങ്ങളായ സ്വഭാവങ്ങളാണു്. ഏതെങ്കിലും ഒന്നു കൂടാതെ മററു രണ്ടിനും ജീവ ചൈതന്യമില്ല. ശരീരം, മനസ്സ്, ആത്മാവ്, ഇതു് മൂന്നും കൂടിയതാണല്ലൊ മനുഷ്യൻ. ഏതെങ്കിലും ഒന്നില്ലാത്ത ഒരു മനുഷ്യനെ വിചാരിക്കുക സാദ്ധ്യമല്ല. അതുപോലെയാണു് സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവും.

പാശ്ചാത്യരാജ്യങ്ങളിൽ സ്വാതന്ത്ര്യബോധത്തിൻെറ ആരംഭവും അടിസ്ഥാനവും അവരുടെ മതവിശ്വാസത്തിലായിരുന്നു. ദൈവം പിതാവ്, മനുഷ്യരെല്ലാം മക്കൾ എന്ന മതോപദേശമാണു് അമേരിക്കയുടെ സ്വാതന്ത്ര്യസമരത്തിൻെറയും ജീവിതത്തിൻെറയും ഉത്ഭവസ്ഥാനമെന്നു് മിസ്സിസ്സ് ഇ. റൂസ്‌വെൽട്ടു് അവരുടെ Moral Basis of Democracy എന്ന പുസ്തക

ത്തിൽ പറയുന്നു. മനുഷ്യരെല്ലാം സ്വാതന്ത്ര്യരായി ജീവിക്കുവാൻ സൃഷ്ടിക്കപ്പെട്ടവരാണ്; സ്വാതന്ത്ര്യം എല്ലാവരുടെയും ജന്മാവകാശമാണ്.

മനുഷ്യർ ജന്മനാസമന്മാരാണ്. ജനനത്താലൊ, ദൈവവിധിയാലൊ, ഒരു മനുഷ്യൻ നല്ലവനെന്നും മറെറാരാൾ കെട്ടവനെന്നും, അഥവാ ഒരുവൻ ഉൽകൃഷ്ടനെന്നും മറെറാരുവൻ നികൃഷ്ടനെന്നും ആക്കും പറയുവാൻ അവകാശമില്ല. ജാതിയൊ, വർണ്ണമൊ, വർഗ്ഗമൊ, മനുഷ്യസമത്വത്തെ നശിപ്പിക്കുവാൻ അനുവദിച്ചുകൂടാ. പരിതഃസ്ഥിതികളും ഗുണകർമ്മങ്ങളുമാണ് മനുഷ്യനെ മനുഷ്യനിൽനിന്നു വ്യത്യസ്ഥനാക്കുന്നതു്. ഓരോമനുഷ്യനും മറെറല്ലാമനുഷ്യരിൽ നിന്നും ഭിന്നനാണെങ്കിലും, അവൻെറ മനുഷ്യത്വം മറെറല്ലാവരുടെയും മനുഷ്യത്വം പോലെ വിലയുള്ളതാണ്. ഒരു ജീവൻ വിലകൂടിയതെന്നൊ മറെറാന്നുകുറഞ്ഞതെന്നൊ പറയുക സാദ്ധ്യമല്ല. നാം അറിയാത്തതായ അമൂല്യനിധികൾ ഓരോ ജീവനിലും ഒളിഞ്ഞുകിടക്കുന്നുണ്ടു്. ജീവിക്കുന്നതിനും വളരുന്നതിനും എല്ലാ മനുഷ്യർക്കും തുല്യാവകാശമുണ്ടു്; തുല്യമായ സൌകര്യങ്ങൾ ഉണ്ടായിരിക്കയും വേണം. ആരോഗ്യം, അറിവു, സാമ്പത്തിക കഴിവു, പൌരാവകാശം, എന്നിവ എല്ലാവർക്കും ഒരുപോലെ ആവശ്യമാണ്, ഉണ്ടായിരിക്കേണ്ടതുമാണ്. അവനവനെപ്പോലെ മററു പൌരന്മാരെയും വിചാരിക്കേണ്ടതു് സ്വാതന്ത്ര്യത്തിൻെറ ചുമ

തലയാകുന്നു. സ്വാതന്ത്ര്യം അനുഭവിക്കുന്നതിന് നാം കൊടുക്കുവാനുള്ള വിലയാണ് മററുള്ള വക്കും അതുപോലെയുള്ള സ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കുക എന്നത്. ഈ സമത്വബോധം ഇല്ലെങ്കിൽ ഒരാളുടെ സ്വാതന്ത്ര്യം മററുള്ളവക്ക് ആപൽക്കരമായിത്തീരും. സ്വതന്ത്രനും സ്വതന്ത്രനും തമ്മിൽ പൊരുതി നശിക്കും. സമത്വബോധമില്ലാത്ത സ്വാതന്ത്ര്യം പരിപൂർണ്ണമായി പരാജയപ്പെടും.

മനുഷ്യരുടെ പിതാവ് അഥവാ സ്രഷ്ടാവ് ഒരേ ദൈവമാണെന്നുള്ള വിശ്വാസമാണ് ജനാധിപത്യത്തിന്റെ ധാർമ്മികാടിസ്ഥാനം എന്നു നാം കണ്ടുവല്ലോ. മനുഷ്യർ ഒരു ~~പിതാവിൽ~~ [മാതാവിൽ] നിന്നു ജനിച്ച സഹോദരീ സഹോദരന്മാരെപ്പോലെയുള്ളവരാണെന്നുള്ള തത്വമാണ് സാഹോദര്യം. നമ്മുടെ പിതൃഗൃഹത്തിലാണല്ലോ നമുക്ക് ഏററവും സ്വാതന്ത്ര്യവും സമമായ പരിഗണനയും ലഭിക്കുന്നത്. അങ്ങനെയുള്ള ഒരു രക്തബന്ധവും സ്നേഹബന്ധവുമാണ് സ്വാതന്ത്ര്യവും സമത്വവും പ്രായോഗികമാക്കുന്നത്. മനുഷ്യരക്തം ലോകംമുഴുവൻ വ്യാപിച്ചുകിടക്കുന്നു. ഒരേ രക്തപ്രവാഹത്തിലെ കുമിളകളാണ് മനുഷ്യരെന്ന് എച്ച്. ജി. വെൽസ് എന്ന ചിന്തകൻ പറഞ്ഞിരിക്കുന്നു. ഇന്നത്തെ ഒരു മാതാവിൽ നിന്ന് ജനിക്കുന്ന സന്താനപരമ്പരകൾ ഒരു നൂറു തലമുറകൾ കഴിയുമ്പോൾ ലോകം മുഴുവൻ വ്യാപിച്ചിരിക്കുമെന്നും, ഇന്നത്തെ

ർരാളുടെ പൂർവ്വികന്മാരുടെ കണക്ക് ഒരു നൂറുതലമുറകൾ പിന്നൊക്കം കൂട്ടുന്നതായാൽ അന്നുള്ള മനുഷ്യരെല്ലാം ഈ മനുഷ്യനോടു രക്തബന്ധമുള്ളവരായിരുന്നു എന്നും പ്രത്യക്ഷപ്പെട്ടുമെന്നു് അദ്ദേഹം എഴുതിയിട്ടുണ്ടു്. (First & Last Things) ശരീരത്തിൻെറയും മനസ്സിൻെറയും ആകൃതിയിലും പ്രകൃതിയിലും, ജനനത്തിലും മരണത്തിലും മനുഷ്യർ ഒരു കുടുംബത്തിലെ അംഗങ്ങളെപോലെയിരിക്കുന്നു എന്നു് കാലം കഴിയുംതോറും കൂടുതൽ അനുഭവപ്പെട്ടുവരുന്നുണ്ടു്. 'ലോകം ഒന്നു്' എന്നു ചിന്തകന്മാർ പറഞ്ഞുതുടങ്ങിയിരിക്കുന്നു. സ്നേഹത്തോടുകൂടിയ ഐക്യബോധമാണു് സാഹോദര്യം. ഇതു് കുടുംബജീവിതത്തിൽ ആരംഭിക്കുന്നു. ദേശീയ ജീവിതത്തിൽ വികസിക്കുന്നു. ലോകൈക്യത്തിലേക്കു് പുരോഗമിക്കുന്നു. സാഹോദര്യ മനസ്ഥിതി വരുമ്പോൾ മാത്രമെ യഥാർത്ഥ സ്വാതന്ത്ര്യവും സമത്വവും പ്രായോഗികമാകയുള്ളു.

സ്വാതന്ത്ര്യവും സമത്വവും നിയമനിർമ്മാണത്താലൊ സാമ്പത്തിക വ്യവസ്ഥയാലൊ മാത്രം ലഭ്യമാകയില്ല. നിയമവും സാമ്പത്തിക നീതിയും ആവശ്യം തന്നെ. അവയെക്കാൾ ശക്തിയേറിയതാണു് സ്നേഹം. സ്നേഹമില്ലാത്ത മനുഷ്യൻ നിയമവും സമ്പദ്‌വ്യവസ്ഥയും നിഷ്ഫലമാക്കും. പ്രകൃതിദത്തമായ സ്വാതന്ത്ര്യത്തെ നിയന്ത്രിച്ചു് എല്ലാവർക്കും നന്മചെയ്യുന്ന വിധത്തിൽ അതു് പ്രയോജനപ്പെടുന്നതിന്നു് പ്രകൃതി

ത്തന്നെ ഏർപ്പെട്ടത്തിയിട്ടുള്ള ആത്മികശക്തിയാണ് സ്നേഹം.

കാട്ടുമൃഗങ്ങളുടെ ഇടയിലും സ്വാതന്ത്ര്യമുണ്ട്, ഒരു വിധം സമത്വവുമുണ്ട്. പ്രകൃതിമാതാവ് എല്ലാവരേയും ഒരുപോലെ അനുഗ്രഹിക്കുന്നു. കാററും മഴയും ചൂട്ടും മററു പ്രകൃതിവിഭവങ്ങളും എല്ലാവക്കും ആവശ്യം പോലെ ലഭിക്കുന്നു. കുടുംബസ്നേഹവും മൃഗങ്ങളുടെ ഇടയിൽ ധാരാളമായി കാണുന്നുണ്ട്, തള്ളപ്പൂച്ച അതിൻെറ കുട്ടികളെയും തള്ളക്കോഴി അതിൻെറ കുഞ്ഞുങ്ങളെയും വളത്തുന്നതും കാണുമ്പോൾ നമുക്ക അത്ഭുതം തോന്നുന്നില്ലയൊ. കാട്ടുമൃഗങ്ങളിൽപോലും ഈവിധമുള്ള കുടുംബസ്നേഹം കാണാം. മനുഷ്യരുടെ സ്നേഹം കുടുംബത്തിൽ അവസാനിക്കുകയാണെങ്കിൽ അവർ കാട്ടുമൃഗങ്ങളെക്കാൾ മെച്ചപ്പെട്ടവരല്ലെന്ന് പറയേണ്ടിവരും. കുടുംബസ്നേഹം ഗ്രാമത്തിലേക്കും, രാജ്യത്തിലേക്കും, ലോകത്തിൽ ഒട്ടാകെയും വ്യാപിച്ച് മനുഷ്യൻ തൻെറ ആത്മീയ പരിപൂർണ്ണതയെ പ്രാപിക്കേണ്ടവനാകുന്നു. പരിഷ്കൃതമനുഷ്യരുടെ സ്വാതന്ത്ര്യത്തിനും സമത്വബോധത്തിനും, ഏററവും ആവശ്യമായിട്ടുള്ളത് അവർ ഒന്നാണെന്നും അന്യോന്യ സ്നേഹത്തിൽ വത്തിക്കേണ്ടവരാണെന്നുമുള്ള ഉറച്ച വിശ്വാസമാകുന്നു.

സ്വാതന്ത്ര്യം സമത്വം സാഹോദര്യം, ഇവ മൂന്നും ജനാധിപത്യ വ്യവസ്ഥയുടെ ജീവനും, മൌലിക തത്വ

ങ്ങളും, അടിസ്ഥാനവും ആണെന്നു് വ്യക്തമായല്ലോ. അങ്ങനെയാണെങ്കിൽ ജനാധിപത്യം അവസാനമില്ലാത്ത ഒരു പുരോഗമന പന്ഥാവാകുന്നു. അതു് ഒരു പ്രത്യേക വ്യവസ്ഥയൊ ഭരണക്രമമൊ മാത്രമല്ല. അതു് മനുഷ്യജീവന്റെ ലക്ഷ്യ പ്രാപ്തിക്കായി പിൻതുടരുവാനുള്ള ഒരു ധാർമ്മിക പാതം അഥവാ ആ ലക്ഷ്യം തന്നെ ആണല്ലോ. എപ്പൊഴും എവിടെയും നാം ഉയർത്തിപ്പിടിക്കേണ്ടതായ ഒരു പതാക, നമ്മുടെ നിരന്തര പരിശ്രമത്തെ ആവശ്യപ്പെടുന്ന ; ഒരു ഉറച്ച വിശ്വാസം നിത്യതയിലെക്കും പരിപൂർണ്ണതയിലേക്കുമുള്ള ഒരു തീർത്ഥാടനം ആണു് ജനാധിപത്യം.

## 5

## ചില ജനാധിപത്യ പ്രമാണങ്ങൾ

സ്വതന്ത്രരായ മനുഷ്യർ അവരുടെ സ്വാതന്ത്ര്യത്തെ സംരക്ഷിക്കുവാനും വികസിപ്പിക്കുവാനും ഏർപ്പെടുത്തിയിട്ടുള്ള ഒരു സാമൂഹ്യവ്യവസ്ഥയാണു് ജനാധിപത്യം. അതിന്റെ അടിസ്ഥാനം ആത്മികമായ ചില മൂല്യങ്ങളിൽ അഥവാ തത്വങ്ങളിൽ ഉള്ള വിശ്വാസമാണു്. ഒരു സാമൂഹ്യവ്യവസ്ഥ എന്ന നിലയിൽ ജനാധിപത്യത്തിന്റെ പ്രധാന ലക്ഷണങ്ങൾ എന്തെ

ല്ലാമൊണെന്നു് ചുരുക്കമായി ചിന്തിക്കാം. അതൊരു ഭരണസമ്പ്രദായമാണെന്നാണു് സാധാരണമായുള്ള ഒരു ധാരണ. ആ വിചാരം ശരിയല്ല. ജനാധിപത്യ സിദ്ധാന്തങ്ങളെ പാലിക്കാനുള്ള പല ഉപാധികളിൽ ഒന്നു മാത്രമാണു് ഭരണഘടന. വേറെയും ഉപാധികൾ ഉണ്ടു്. ഗൃഹജീവിതം, സാമ്പത്തിക വ്യവസ്ഥ, വിദ്യാഭ്യാസം, എന്നിവയും സ്വാതന്ത്ര്യത്തെയും ജനാധിപത്യത്തെയും പുലത്തുവാനുള്ള ഏർപ്പാടുകളാകുന്നു.

ജനാധിപത്യ ജീവിതത്തിലെ പ്രധാന സിദ്ധാന്തങ്ങൾ:—

1. ജനാധിപത്യം ജീവിതത്തെ മുഴുവൻ ഭരിക്കുന്ന ഒരു വിശ്വാസവും തത്വസംഹിതയും ക്രമീകരണവും ആകുന്നു. രാഷ്ട്രീയത്തിൽ മാത്രം ജനാധിപത്യം പാലിച്ചാൽ പോരാ. ജീവിതത്തിലെ രഹസ്യവും പരസ്യവുമായ എല്ലാവശങ്ങളിലും അതിനെ പ്രമാണമായി സ്വീകരിക്കണം. അപ്പോൾ മാത്രമെ രാഷ്ട്രീയ ജനാധിപത്യം സഫലമാകയുള്ളൂ. ഗൃഹജീവിതത്തിലും സാമ്പത്തിക വ്യവസ്ഥയിലും, മതാചാരങ്ങളിലും മററും നാം ജനാധിപത്യ പ്രമാണങ്ങൾ അംഗീകരിക്കാത്തതു് ജനാധിപത്യ രാഷ്ട്രീയത്തിൻെറ പരാജയത്തിനു് കാരണമാകുന്നു.

2. ജനാധിപത്യം ജാതിയെൊ, വർണ്ണമൊ, വർഗ്ഗമൊ, പരിഗണിക്കാത്തതുപോലെ, സ്ത്രീപുരുഷഭേദവും

ഗണിക്കുന്നില്ല. അതിന്റെ അധികാരാവകാശങ്ങൾ പുരുഷന്മാൎക്കെന്നപോലെ സ്ത്രീകൾക്കും ഉണ്ടായിരിക്കണം; രാഷ്ട്രീയത്തിൽ ജാതിചിന്തയും സ്ത്രീപുരുഷഭേദവും നാം ഉപേക്ഷിച്ചു് വരുന്നുണ്ടെങ്കിലും ജാതി ഇന്നും ഹൈന്ദവജീവിതത്തിലെ ഒരു കളങ്കമാകുന്നു. സ്ത്രീകളുടെ പൌരസ്വാതന്ത്ര്യം വളരെ പരിമിതമായി മാത്രമെ അവൎക്കു ഉപയോഗിക്കുവാൻ സാധിക്കുന്നുള്ളു.

3. സമുദായത്തിലെ ഓരോവ്യക്തിക്കും സമുദായത്തോടു ചില കടമകൾ ഉണ്ടു്. ഒരാളെയും ആശ്രയിക്കാതെയും ആരോടും സഹകരിക്കാതെയും തൻകാൎയ്യം മാത്രം നോക്കി ജീവിക്കുന്ന ഒരു വ്യക്തിക്കു് ജനാധിപത്യത്തിൽ സ്ഥാനമില്ല. സമുദായത്തിന്റെ നന്മയ്ക്കു് വേണ്ടി പ്രയത്നിക്കുവാൻ ഓരോവ്യക്തിക്കും ചുമതലയുണ്ടു്, മററു വ്യക്തികളെയൊ, സമുദായത്തെയൊ ചൂഷണം ചെയ്യുവാനൊ ദ്രോഹിക്കുവാനൊ ഒരു വ്യക്തിക്കും അവകാശമില്ല.

മനുഷ്യരുടെ സ്വാൎത്ഥപരതയാണു് ലോകത്തിലെ അനൎത്ഥങ്ങൾക്കെല്ലാം പ്രധാന കാരണം. തൻകാൎയ്യം ഏതു വിധമെങ്കിലും സാധിക്കണമെന്നുള്ള ഏസ്വമനസ്ഥിതിയും, അതിന്നായി ഏതു അനീതിയും അധൎമ്മവും ദ്രോഹവും ചെയ്യാമെന്നുള്ള നീചബുദ്ധിയും, പൊതുകാൎയ്യങ്ങളിൽ ഉത്തരവാദ ബോധമില്ലായ്മയും മററുള്ളവരുടെ നന്മയെ പ്പററിയുള്ള വിചാരശൂന്യതയും

ഇന്നും നമ്മെ ഭരിക്കുന്ന മൃഗീയ സ്വഭാവങ്ങളാണു്: ഒരു സ്വതന്ത്രപൌരനു് സഹപൌരന്മാരോടു ഉണ്ടായിരിക്കേണ്ട ഉത്തരവാദബോധവും, ബഹുമാനവും, സ്നേഹവും നാം ഇനിയും സമ്പാദിച്ചിട്ടില്ല. ആ കാരണത്താൽ ജനാധിപത്യത്തിന്റെ പേരിൽ നാം ചെയ്യുന്നതു് രാജ്യത്തിനു നന്മയെക്കാൾ കൂടുതൽ തിന്മ ചെയ്യുന്നതായി പലപ്പോഴും അനുഭവപ്പെടുന്നു. പൌരധർമ്മത്തെ മനസ്സിലാക്കി, അതിൽനിന്നു വ്യതിചലിക്കാതെ, ത്യാഗംചെയ്തും കഷ്ടം സഹിച്ചും, പൊതുനന്മയെ ലക്ഷ്യമാക്കി ജീവിക്കുവാൻ മനക്കരുത്തും സ്വഭാവ ശുദ്ധിയും ഉള്ള പൌരന്മാരുടെ എണ്ണം വർദ്ധിക്കുമ്പോൾ മാത്രമെ ജനാധിപത്യം ഒരു അനുഗ്രഹമായി തീരുകയുള്ളു.

72764

4. അന്യോന്യം ആലോചിച്ചും, സംസാരിച്ചും, വാദിച്ചും, കേട്ടും, കേൾപ്പിച്ചും, തീരുമാനങ്ങൾ ചെയ്യുക എന്നുള്ളതാണു് മറെറാരു സിദ്ധാന്തം. പൌരന്മാർ തമ്മിലുള്ള തക്കങ്ങൾ തീക്കുന്നതിന്നു് ബലപ്രയോഗം അനുവദനീയമല്ല. നിയമാനുസൃതവും സമാധാനപരവുമായ മാർഗ്ഗങ്ങൾ മാത്രമാണു് സ്വീകാര്യം. യുദ്ധം തനിമൃഗാളത്തരമാകയാൽ ജനാധിപത്യത്തിനു വിരുദ്ധമാകുന്നു. ബലപ്രയോഗം കാട്ടുസമ്പ്രദായമാണു്, നാട്ടിലേക്കു യോജിച്ചതല്ല.

5. ജീവിതസൌകര്യങ്ങൾ കഴിയുന്നത്ര എല്ലാവക്കും തുല്യമായി ലഭിക്കണമെന്നുള്ളതാണു് മറെറാരു

പ്രമാണം. കുത്തകകളും, പ്രത്യേകാവകാശങ്ങളും, ബഹുമതികളും, ജനാധിപത്യത്തിന് യോജിച്ചതല്ല. എല്ലാ പൊതുനിയമങ്ങളും വ്യവസ്ഥകളും എല്ലാവൎക്കും ഒരുപോലെ ബാധകമായിരിക്കണം. ദാരിദ്ര്യവും മുതലാളിത്തവും ഒരുപോലെ ദോഷകരമാണു്. സാമ്പത്തികനീതി സാമ്പത്തിക സമീകരണമാണു്.

യഥാൎത്ഥമായ സാമ്പത്തിക നീതി നമ്മുടെ സമീപത്തൊന്നും എത്തിയിട്ടില്ല. ഒരുവശത്തു് നാരകീയമായ ദാരിദ്ര്യവും മറുവശത്തു് ഹൃദയശൂന്യമായ സുഖഭോഗങ്ങളും കൂത്താടുന്നതു് ഇന്നും നിലച്ചിട്ടില്ല. പലതരത്തിലുള്ള ഉച്ചനീചത്വങ്ങൾ ഇപ്പോഴും പ്രചാരത്തിലിരിക്കുന്നു. ഏറെക്കുറെയെങ്കിലും സാമ്പത്തിക സമീകരണം വരുത്താതെയുള്ള ജനാധിപത്യം ഒരു കാപട്യം മാത്രമാണെന്നു് ജനങ്ങൾ അറിയുവാൻ തുടങ്ങിയിരിക്കുന്നു.

6. ജനാധിപത്യം. അധികാരവും അവകാശവും മാത്രമല്ല. ചുമതലയില്ലാത്ത അധികാരവുമില്ല അവകാശവുമില്ല. വിദ്യാഭ്യാസം ലഭിക്കുവാൻ അവകാശമുണ്ടെങ്കിൽ സശ്രദ്ധം വിദ്യയഭ്യസിക്കുവാൻ ചുമതലയുമുണ്ടു. സമ്പത്തു് വേണമെങ്കിൽ വേലചെയ്യണം; സ്വാതന്ത്ര്യം വേണമെങ്കിൽ മററുള്ളവരുടെ സ്വാതന്ത്ര്യത്തെ ബഹുമാനിക്കണം; രക്ഷയും നീതിയും വേണമെങ്കിൽ, നീതിയും നിയമവും പരിപാലിക്കണം. വോട്ടവകാശം ഉണ്ടെ

ങ്കിൽ കാര്യങ്ങൾ പഠിച്ചു് മനസ്സിലാക്കി് ബുദ്ധിപൂർവ്വം വോട്ടുചെയ്യുവാനുള്ള കടമയുമുണ്ടു്.

7. ജനാധിപത്യം ബുദ്ധിശൂന്യക്കും, അസ്വാതന്ത്ര്യക്കും യോജിച്ചതല്ല. അതു് വിജയിക്കണമെങ്കിൽ കുറെ മനസ്സംസ്കാരം ആവശ്യമാണു്. ഓരോ പൌരനും സാമാന്യ വിദ്യാഭ്യാസം ലഭിച്ചിരിക്കണം; സ്വതന്ത്രനായിരിക്കണം. പൊതുനന്മയെ ലക്ഷ്യമാക്കി പൌരാവകാശങ്ങളെ വിനിയോഗിക്കുവാൻ തന്റേടമുണ്ടായിരിക്കണം. സാർവ്വത്രികമായ വിദ്യാഭ്യാസം ജനാധിപത്യ വിജയത്തിന് അത്യാവശ്യമാണു്.

വിദ്യാഭ്യാസം നിർബന്ധവും സൌജന്യവുമായിരിക്കണമെന്നു മാത്രമല്ല, പൌരധർമ്മത്തെ പൌരഹൃദയത്തിൽ സ്ഥിരപ്രതിഷ്ഠ ചെയ്യുന്ന വിദ്യാഭ്യാസമായിരിക്കണം. സ്കൂളുകളിലും കോളേജുകളിലും ഏർപ്പെടുത്തുന്നതു്. ഇന്നാകട്ടെ വിദ്യയില്ലാത്തവരാണു് ഭൂരിഭാഗം. വിദ്യയുള്ളവരുടെ വിദ്യ സകല പൌരധർമ്മങ്ങളെയും അലക്ഷ്യമാക്കി ജീവിക്കുവാനുള്ള ഒരു പരിപാടിയും പരിശീലനവുമായിട്ടാണു് അനുഭവപ്പെടുന്നതു്. പൌരധർമ്മബോധം ഇല്ലാത്ത ജനങ്ങളെക്കൊണ്ടു രാജ്യം നിറഞ്ഞിരിക്കുന്നു.

8. അഗാധമായ നീതിബോധവും, സഹിഷ്ണുതയും സത്യനിഷ്ഠയുമാണു് ജനാധിപത്യത്തിന്റെ ജീവൻ.

എന്തെല്ലാം ചെയ്താലും മനുഷ്യൻ നന്നാവാതെ ഒന്നും ശരിപ്പെടുകയില്ല. മനുഷ്യൻ നന്നാവണമെങ്കിൽ അവൻ സത്യം, ധർമ്മം, സമാധാനം, സ്നേഹം, ദയ മുതലായ ആത്മീയമൂല്യങ്ങളിൽ ഉറച്ച വിശ്വാസമുള്ളവനും, അവയ്ക്കു്വേണ്ടി ജീവനെ കൊടുക്കാനും നിരന്തരം അദ്ധ്വാനിക്കാനും ഒരുക്കമുള്ളവനും ആയിരിക്കണം.

9. ജനാധിപത്യം ഒരു സാമൂഹ്യസിദ്ധാന്തമാണു്. സമുദായത്തിലെ വ്യക്തികൾ തമ്മിലുള്ള പരസ്പരബന്ധം എങ്ങനെയിരുന്നാൽ സമാധാനവും സന്തുഷ്ടിയും ഉണ്ടാകുമെന്നാണു് അതു് പ്രധാനമായി ചിന്തിക്കുന്നതു്. ഗൃഹജീവിതം, സാമ്പത്തികവ്യവസ്ഥ, ദേശീയ വിദ്യാഭ്യാസം, ഭരണഘടന, മതം, ഇവയാണു് ജനാധിപത്യസത്യങ്ങളെ പുലർത്തുവാനും പ്രയോഗിക്കുവാനുമുള്ള പ്രധാന രംഗങ്ങൾ. (Ref. Moral Basis of Democracy-Mrs. E. Roosevelt.)

## ൬

## രാഷ്ട്രീയ ജനാധിപത്യരഹസ്യം

ജനാധിപത്യ സിദ്ധാന്തത്തെ ബഹുമാനിക്കുന്ന ഭരണഘടനകൾ സ്വീകരിച്ചിട്ടുള്ള ചില സാമാന്യ

പ്രമാണങ്ങൾ ഉണ്ടു. അവ ഒരാളോ ഒരു രാജ്യമോ ഒരിക്കലായി കണ്ടു പിടിച്ചവയല്ല. അനേക തലമുറകളുടെ അനുഭവത്തെയും ചിന്തയെയും അടിസ്ഥാനമാക്കി രാഷ്ട്രീയ മീമാംസകന്മാർ അംഗീകരിച്ചിട്ടുള്ള ചില പരിപാടികളാകുന്നു.

## 1. ജനങ്ങളുടെ പരമാധികാരം.

രാജ്യത്തിന്മേലുള്ള പരമാധികാരം അതിലെ ജനങ്ങളിലാണ്. ആ അധികാരം വേറെ ആർക്കും പൂർണ്ണമായി കൊടുക്കാവുന്നതും എടുക്കാവുന്നതുമല്ല. ഭാഗികമായി പലർക്കും കൊടുക്കുവാൻ ജനങ്ങൾക്കു് അധികാരമുണ്ടു. എല്ലാകാര്യത്തിലും അവസാന തീരുമാനം ചെയ്യേണ്ടവർ ജനങ്ങളാണ്; ഗവമ്മെണ്ടും ഉദ്യോഗസ്ഥന്മാരും ജനങ്ങളുടെ ദാസന്മാരാണ്. ജനഹിതത്തെ നിർവ്വഹിക്കാനായി അവർ നിയമിക്കപ്പെടുന്നു.

## 2. രാജാവിനും സർവ്വാധികാരിക്കും സ്ഥാനമില്ല.

പഴയ കാലങ്ങളിൽ പരമാധികാരം രാജാവിൽ നിക്ഷിപ്തമായിരുന്നു. രാജാവിനു് അതു് ദൈവദത്തമാണെന്നും, രാജകുടുംബത്തിൽ അതു് പരമ്പരയായി നില്ക്കുമെന്നും വിശ്വസിക്കപ്പെട്ടു. രാജ്യം രാജാവിന്റെ സ്വത്തും ജനങ്ങൾ രാജാവിന്റെ പ്രജകളും ആയിരുന്നു. രാജാവിനെ ചോദ്യംചെയ്യുവാൻ ആർക്കും അധികാരമില്ല. അടുത്തകാലത്തു് ചില നേതാക്കന്മാർ രാജാ

വിനെ ഓടിച്ചു് സർവ്വാധികാരം കൈവശപ്പെടുത്തി വാണിട്ടുണ്ടു്. ഹിററ്ലരും, മുസ്സോളനിയും, റഷ്യയിലെ വിപ്ളവതലവനും അങ്ങനെയുള്ളവരായിരുന്നു. അവരെ ഡിക്റ്റേട്ടർമാർ അഥവാ സർവ്വാധികാരികൾ എന്നു് പറയും. ജനാധിപത്യത്തിൽ രാജാവിനും സർവ്വാധികാരിക്കും സ്ഥാനമില്ല. രാജാവിനെ ഒരു അലങ്കാരമായി വെച്ചുകൊണ്ടു ജനാധിപത്യം വളന്നിട്ടുള്ളതു് ഇംഗ്ലണ്ടിൽ മാത്രമാണു്. അവിടത്തെ രാജാവു് ജനങ്ങളെ ബഹുമാനിക്കാനും അനുസരിക്കാനും സമ്മതിച്ചു; ജനങ്ങൾ രാജാവിനെ സ്നേഹിക്കാനും തീർച്ചയാക്കി. അങ്ങനെയാണു് രാജസ്ഥാനം അവിടെ നിലനില്ക്കുന്നതു്.

3 കുടുംബാവകാശമായ ഉദ്യോഗമില്ല.

എല്ലാ അധികാരങ്ങളും സ്ഥാനമാനങ്ങളും വ്യക്തികൾക്കായി കൊടുക്കപ്പെടുന്നതാണു്. മറെറാരുവ്യക്തിക്കു് അതു് കൈമാററം ചെയ്തുകൂടാ. ഉദ്യോഗത്തിനും ജോലിക്കുമാണു് അധികാരം നല്കപ്പെടുന്നതു്, അല്ലാതെ വ്യക്തികളുടെ സ്വായത്തമായിട്ടല്ല. ഏതു് ഉദ്യോഗസ്ഥനും ഒരു സാധാരണ പൌരൻകൂടിയാണു്.

4. മനുഷ്യബുദ്ധിക്കു് പ്രഥമസ്ഥാനം.

എല്ലാ കാര്യങ്ങളും ബുദ്ധിപൂർവ്വം ചിന്തിച്ചു് നിശ്ചയിക്കണം. പാരമ്പര്യവും, ആചാരവും, വിശ്വാ

സമ്പം മററും രാഷ്ട്രീയത്തിൽ പ്രമാണങ്ങളല്ല; ബുദ്ധിക്കും യുക്തിക്കുമാണു് മുൻഗണന. ജനാധിപത്യം ബുദ്ധിജീവികളുടെ ഭരണമാണു്.

5. നിയമം അലംഘനീയം

ജനഹിതം രേഖപ്പെടുത്തുന്നതു് രാജ്യത്തിൻെറ നിയമങ്ങളിലാണു്. എല്ലാപൌരന്മാരും നിയമത്തിനു വിധേയരാണു്. നിയമം എല്ലാവരെയും ഒരുപോലെ ബാധിക്കുന്നു. അതു് മുഖംനോക്കാതെ പ്രവത്തിക്കുന്നു.

6. മന്ത്രിമാരുടെ കൂട്ടുചുമതല

ഒന്നിലധികം ജനപ്രതിനിധികളുടെ കൂട്ടുചുമതലയിൽ ഭരണം നടത്തപ്പെടണമെന്നാണു് ജനാധിപത്യസിദ്ധാന്തം. ഏകാധിപത്യം ഒരുതരത്തിലും അനുവദിച്ചുകൂടാ. അതുകൊണ്ടു് ജനപ്രതിനിധികൾ തിരഞ്ഞെടുക്കുന്ന ഒരു സംഘം പൌരന്മാരിൽ ഭരണാധികാരം ഏല്പിക്കപ്പെടുന്നു. അവരെയാണു് നാം മന്ത്രിസഭ എന്നു് പറയുന്നതു്. ജനങ്ങളുടെപേരിൽ ജനങ്ങൾക്കു വേണ്ടി ഭരണം നടത്തുന്നതു് മന്ത്രിസഭയാണു്.

7. പരസ്യമായ വിമർശനം ആവശ്യം

ഭരണാധികാരികളുടെ പ്രവത്തികളെ പരസ്യമായി വിമർശിക്കുവാൻ എല്ലാ പൌരന്മാക്കും അധികാരമുണ്ടു്. ഭരണം ദുഷിക്കാതിരിക്കണമെങ്കിൽ അതു്

എപ്പോഴും വിമർശനത്തിനു് വിധേയമായിരിക്കണമെന്നാണു് സിദ്ധാന്തം. പൊതുയോഗങ്ങളിലും പത്രങ്ങൾ മൂലവും പാർളിമെൻറു് വരെയുള്ള പ്രതിനിധി സഭകളിലെ ഇടതുപക്ഷ കക്ഷികളിൽക്കൂടിയും ഗവണ്മെൻറിനെ വിമർശിക്കുവാൻ ജനങ്ങൾക്കു് സൌകര്യമുണ്ടായിരിക്കണം. പൊതുനന്മയെ ലക്ഷ്യമാക്കി വിമർശിക്കുന്നതു് പൌരധർമ്മമാണു്.

## 8 ഗവണ്മെൻറിൻെറ മൂന്നു കൈകൾ

നാലാമത്തെ കൈ. ഇലക്ഷൻ കമ്മീഷൻ.

ജനങ്ങളുടെ പരമാധികാരം മൂന്നു സ്വതന്ത്ര വകുപ്പുകളിൽ അഥവാ ഗവണ്മെൻറിൻെറ മൂന്നു കൈകളിലായി നിക്ഷിപ്തമായിരിക്കും.

(1) നിയമങ്ങൾ, നയങ്ങൾ, പൊതുതത്വങ്ങൾ, ധനത്തിൻെറ വിനിയോഗം, നികുതിപിരിവു് മുതലായവ നിശ്ചയിക്കുന്നതു് നിയമസഭയും, (2) നിയമസഭയുടെ അഭിപ്രായം അനുസരിച്ചു് ഭരണം നടത്തുന്നതു് മന്ത്രിസഭയും, ഉദ്യോഗസ്ഥന്മാരും, (3) പൌരനും പൌരനും തമ്മിലൊ, പൌരനും ഗവണ്മെൻറും തമ്മിലൊ തർക്കമുണ്ടായാൽ നിയമപ്രകാരം വിധി കല്പിക്കുന്നതു് കോടതികളുമാകുന്നു. നിയമം സൃഷ്ടിക്കുന്നതു് നിയമസഭ; നിയമപ്രകാരം കാര്യങ്ങൾ നിർവ്വഹിക്കുന്നതു് മന്ത്രിസഭ; നിയമലംഘനത്തെ തടയുന്നതും ശിക്ഷിക്കുന്നതും കോടതികൾ. ഇവയിൽ മന്ത്രിസഭ നിയമസഭ

യോടു ഉത്തരവാദപ്പെട്ടിരിക്കും, നിയമസഭയുടെ ഇഷ്ടം അറിഞ്ഞു് പ്രവൎത്തിക്കണം. കോടതികൾ താരതമ്യേന സ്വതന്ത്രങ്ങളാണു്. നിയമ പരിപാലനത്തിൽ കോടതികൾ ആരുടേയും ഇഷ്ടം നോക്കേണ്ടതില്ല, നോക്കുവാൻ പാടില്ല എന്നാണു് തത്വം.

9. നാലാമത്തെ കൈ. ഇലക്ഷൻ കമ്മീഷൻ.

പ്രായപൂൎത്തിവന്നിട്ടുള്ള ഓരോ പൌരനും ഭരണത്തിൽ പങ്കുണ്ടു, ചുമതലയുണ്ടു്, ഒരു വോട്ടുണ്ടു. സംഘടിക്കുവാനും, യോഗം കൂട്ടുവാനും, അഭിപ്രായ പ്രകടനത്തിനും പൌരന്മാൎക്കു അവകാശമുണ്ടു. സ്വതന്ത്രമായ അഭിപ്രായ പ്രകടനത്തിന്നായി ഉപയോഗിക്കപ്പെടുന്ന രാഷ്ട്രീയ കക്ഷികളും പത്രങ്ങളും ജനാധിപത്യത്തിന്റെ നാലാമത്തെ കയ്യാണെന്നു പറയാം.

10. പാൎലിമെണ്ടിന്റെ ഉന്നതാധികാരം. സുപ്രീംകോടതി

പൌരന്മാർ തിരഞ്ഞെടുക്കുന്ന പ്രതിനിധികളുടെ സഭയാണു് പാൎലിമെണ്ടു്. ഭരണകൂടത്തിലെ ഏററവും ഉന്നതാധികാരം പാൎലിമെണ്ടിനാണു്. പാൎലിമെണ്ടു് കൂടിയിരിക്കുമ്പോൾ ജനങ്ങളുടെ പരമാധികാരം അതിൽ നിക്ഷിപ്തമായിരിക്കുന്നു എന്നാണു് വയ്പു്. ഒരു പരിധിക്കുള്ളിൽ അങ്ങിനെ തന്നെ.

11. പൌരന്മാരുടെ മൌലികാവകാശങ്ങൾ

പൌരന്മാൎക്കു ചില അലംഘനീയങ്ങളായ അവകാശങ്ങൾ ഉണ്ടു്. അവ ഭരണഘടനയിൽ തന്നെ

വ്യക്തമാക്കിയിരിക്കാം. ആ അവകാശങ്ങളെ എടുത്തു കളയുവാൻ സാധാരണ പാർളിമെണ്ടിനുപോലും അധികാരമില്ല.

## 12. ജനഹിതം അറിയുന്നമാർഗ്ഗം.

ഗ്രാമപ്പഞ്ചായത്തിൽ തുടങ്ങി പാർളിമെണ്ട്‌വരെയുള്ള എല്ലാ ഭരണസഭകളും ജനങ്ങളുടെ പരമാധികാരത്തെ സംരക്ഷിക്കുവാനുള്ള ഏർപ്പാടുകളാണു്. ഗ്രാമപ്പഞ്ചായത്തു്, മുൻസിപ്പാലിട്ടി, താലൂക്ക് കമ്മിററി, ഡിസ്ട്രിക്ട്‌ബോർഡ്, സ്റ്റെററ് അസംബ്ളി, അവസാനം പാർളിമെണ്ട്-ഇവയെല്ലാം ജനപ്രതിനിധികളുടെ.സഭകളാണു്. ഇവയിൽക്കൂടി ജനങ്ങൾ ഗവമ്മെണ്ടിൻെറ പ്രവൃത്തികളെ നിയന്ത്രിക്കുന്നു. ഇവയിൽക്കൂടി ജനങ്ങളുടെ ഹിതം അരിച്ചുകൂറുക്കിഎടുത്തു് പ്രകടമാക്കുകയും രേഖപ്പെടുത്തുകയും ചെയ്യുന്നു.

## 13. വ്യക്തിയുടെ ചിന്താസ്വാതന്ത്ര്യം

വ്യക്തിക്കു ബുദ്ധിയും അഭിപ്രായവുമില്ലെങ്കിൽ സമുദായത്തിന്നും അഭിപ്രായമില്ല; പൌരന്മാർക്കു ശക്തിയില്ല; ജനങ്ങൾക്കു് ജീവനില്ല. വ്യക്തികളുടെ ബുദ്ധിയും അഭിപ്രായങ്ങളും കൂട്ടിച്ചേർത്തു് അരിച്ചുകുറുക്കി എടുക്കുന്നതാണു ജനഹിതം. വ്യക്തികളുടെ ചിന്താസ്വാതന്ത്ര്യമാണു് ജനാധിപത്യത്തെ കെട്ടിപ്പടുക്കുവാനുള്ള കല്ലുകൾ. അതുകൊണ്ടു ഓരോപൌരനും പഠിക്കയും,

ചിന്തിക്കയും, അഭിപ്രായം പ്രകടിപ്പിക്കയും ചെയ്യണം. ഈ വ്യക്തിസ്വാതന്ത്ര്യത്തിന്മേലാണ് ജനാധിപത്യം പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളതു്.

മേൽവിവരിച്ച സംഗതികളെ ഒന്നു തലതിരിച്ചു് പരിശോധിക്കാം. (1) പൌരവ്യക്തികളിലും, അവരുടെ സ്വാതന്ത്ര്യത്തിലും ബുദ്ധിയിലും രാഷ്ട്രജീവിതം ആരംഭിക്കുന്നു. (2) വ്യക്തികളുടെ അഭിപ്രായങ്ങൾ സ്വതന്ത്രമായി പ്രകടമാക്കുന്നതിന്നുള്ളവയാണ് പൊതുയോഗങ്ങൾ, പത്രങ്ങൾ, പാർട്ടികൾ മുതലായവ. (3) വ്യക്തികളുടെ അഭിപ്രായത്തെ ക്രോഡീകരിച്ചു് വാർത്തെടുക്കുന്നതിന്നു് ഗ്രാമപഞ്ചായത്തു്. മുതൽ പല പ്രതിനിധിസഭകൾ ഏർപ്പെടുത്തുന്നു. (4) ജനഹിതപ്രകാരം നിയമങ്ങൾ പാസ്സാക്കുന്നതിന്നു് പ്രാദേശിക നിയമസഭകൾ, (5) പ്രാദേശിക സഭകളെയും ജനങ്ങളുടെ സംഘടനകളേയും മററും പ്രതിനിധീകരിക്കുന്നതും എല്ലാപൌരന്മാരുടെയും പ്രാതിനിധ്യം വഹിക്കുന്നതുമായ പരമാധികാര സഭയായ പാർളിമെണ്ടു്. ഇങ്ങനെ പടിപടിയായി ജനങ്ങളുടെ പരമാധികാരം പാർളിമെണ്ടിൽ കേന്ദ്രീകരിക്കപ്പെടുന്നു. അവിടെനിന്നു ആ അധികാരം വീണ്ടും ജനങ്ങളിലേക്കു പകരുന്നു:—

(1) പാർളിമെണ്ടു് നിയമങ്ങൾ പാസ്സാക്കുകയും പൊതുമുതൽ വിനിയോഗം നിയന്ത്രിക്കയും മററും ചെയ്യുന്നു. (2) പാർളിമെണ്ടിൻെറ ഹിതപ്രകാരം ഭരണം

നടത്തുന്നതിന് പ്രസിഡണ്ടും, മന്ത്രിമാരും, കോടതികളും നിയമിക്കപ്പെടുന്നു. (3) മന്ത്രിമാരുടെ അധികാരം ഗവർണർമാൎക്കും മററു പ്രാദേശിക ഉദ്യോഗസ്ഥന്മാൎക്കും കൊടുക്കപ്പെടുന്നു. (4) ഇവരെ ഉപദേശിക്കുന്നതിന്നും നിയന്ത്രിക്കുന്നതിന്നും പ്രാദേശിക മന്ത്രിസഭകളും നിയമസഭകളും മററും ഉണ്ടാകുന്നു. (5) പ്രദേശിക നിയമസഭകൾ ഡിസ്ട്രിക്ട് ബോർഡുകളും മുൻസിപ്പാലിട്ടികളും, പഞ്ചായത്തുകളും നിയമിച്ച് അവരെ അധികാരപ്പെടുത്തുന്നു. (6) ഈ സഭകളെല്ലാം ജനപ്രതിനിധി സഭകളാകയാൽ പരമാധികാരം വീണ്ടും ജനങ്ങളിൽ തന്നെ വന്നുചേരുന്നു. പാർളിമെണ്ടിൽ കേന്ദ്രീകരിച്ച ജനാധിപത്യ പരമാധികാരം, അവിടെ നിന്ന് രാജ്യമെല്ലാം വ്യാപിച്ച്, അതിന്റെ ചുമതലകൾ നിർവ്വഹിച്ച്, ഗ്രാമങ്ങളിലേക്കു മടങ്ങി, പൌരന്റെ മുമ്പിൽ ഹാജരാകുന്നു. അപ്പോൾ അവസാനവിധി കല്പിക്കുന്നതിന് ജനങ്ങൾക്കു വീണ്ടും അവസരം കിട്ടുന്നു.

ഇങ്ങനെ ഓരൊ പൌരനിൽനിന്ന് പുറപ്പെടുന്ന സ്വാതന്ത്ര്യവും ബുദ്ധിയും രാജ്യമാസകലം സഞ്ചരിച്ച് പ്രവൎത്തിച്ചശേഷം ആപൌരനിലേക്കുതന്നെ മടങ്ങി ഒഴുകുന്നു എന്നാണ് ജനാധിപത്യപ്രമാണം. ഇത്തു് താത്വികമായ ഒരു വിവരണമാണ്; ഒരു ഭരണഘടനയുടെ ശരിപ്പകർപ്പല്ല.

(Ref. Democracy Today and Tomorrow—E. Benes)

# 7

# സ്വയംഭരണം

നമ്മുടെ രാജ്യം സ്വതന്ത്രമായി എന്നു പറയുന്നതിൻെറ അൎത്ഥം നമ്മുടെ രാജ്യം നാംതന്നെ ഭരിക്കുന്നു എന്നാണല്ലൊ. ആരായാലും ഭരണം ആവശ്യമാണു്. വിദേശീയർ ഭരിക്കുന്നതു് അടിമത്തം; ജനങ്ങൾ സ്വയം ഭരിക്കുന്നതു് സ്വാതന്ത്ര്യം. ഒരു വ്യക്തിയുടെ ജീവിതത്തിലും ഇതാണു പരമാൎത്ഥം. ഒരു വ്യക്തി സ്വാതന്ത്ര്യത്തിനൎഹനാകണമെങ്കിൽ അവൻ സ്വയം ഭരിക്കുന്നവനായിരിക്കണം.

ശരിയായി ഭരിക്കപ്പെടാത്ത രാജ്യം അന്യൎക്കു അടിമപ്പെടുന്നു. വിദേശീയർ അതിനെ കീഴടക്കി ഭരിക്കും. അങ്ങനെ ചെയ്യുന്നതു് അവരുടെ രക്ഷക്കു് ആവശ്യമാണെന്നു് അവർ വാദിക്കും. ഒരു മനുഷ്യൻ മദ്യപാനിയൊ, ഭ്രാന്തനൊ, അക്രമിയൊ ആയാൽ അവനെ മററുള്ളവർ പിടികൂടി ബന്ധിക്കുകയോ ശിക്ഷിക്കുകയോ ചെയ്യുന്നു. അങ്ങനെ ചെയ്യാതിരുന്നാൽ എല്ലാവൎക്കും അനൎത്ഥം നേരിടും. അവൻ സ്വയം ഭരിക്കുവാൻ അപ്രാപ്തനാകയാൽ മററാരെങ്കിലും അവനെ ഭരിക്കേണ്ടിയിരിക്കുന്നു. അപ്പോൾ അവൻെറ സ്വാതന്ത്ര്യം നഷ്ടമാകുന്നു. വിദ്യാൎത്ഥികൾ ആരുടെയും ശാസനകൂടാതെതന്നെ അച്ചടക്കവും, മൎയ്യാദയും, സത്യനിഷ്ഠയും, പരിപാലിച്ചാൽ അവൎക്കു അവരുടെ സ്വാതന്ത്

ന്ത്ര്യവും അഭിമാനവും സംരക്ഷിക്കാം. അങ്ങനെ ചെയ്യാതെയാകുമ്പോൾ മാതാപിതാക്കന്മാരൊ മാസ്റ്റർമാരൊ അവരെ ശാസിക്കേണ്ടിവരുന്നു. അതുകൊണ്ടു് സ്വാതന്ത്ര്യത്തിന്റെ അൎത്ഥം സ്വയം ഭരിക്കുക എന്നാണെന്നു് പറയുന്നതു് തെററായിരിക്കയില്ല.

ഒരു സ്വതന്ത്രപൌരൻ സ്വയം ഭരിക്കുന്നവനായിരിക്കണം. എത്രത്തോളം ഭംഗിയായി അവനെത്തന്നെ അവൻ ഭരിക്കുന്നുവൊ അത്രയധികം സ്വാതന്ത്ര്യം അവനുണ്ടാകും. സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും ഉരക്കല്ലു് പൌരനാണു്. പൌരനെപ്പോലെ പുരം, ജനങ്ങളെപ്പോലെ ജനാധിപത്യം. ഞാൻ സ്വതന്ത്രനാണോ, നല്ലവനാണൊ, സ്വയം ഭരിക്കുന്നവനാണൊ, എന്റെ സ്വഭാവവും പ്രവൎത്തികളും വിചാരങ്ങളും നന്മചെയ്യുന്നതൊ തിന്മചെയ്യുന്നതൊ-ഇതെല്ലാമാണു് ഒരു പൌരന്റെ പ്രധാന പ്രശ്നമായിരിക്കേണ്ടതു്.

സ്വയം ഭരിക്കുക എന്നതിന്റെ അൎത്ഥം എന്താണു്. ശരീരം മനസ്സു്, ബുദ്ധി, ആത്മാവു്, ഇവ നാലും ഒന്നിച്ചതാണു മനുഷ്യൻ. ഇവ പരസ്പരം കലഹിക്കാതെ സമാധാനമായി പ്രവൎത്തിക്കുന്നതാണു് സ്വയം ഭരണത്തിന്റെ ഒന്നാമത്തെലക്ഷണം. ശരീരം തിന്നണം കുടിക്കണം ഉറങ്ങണം എന്നു് ആഗ്രഹിക്കും; മനസ്സു പറയും സിനിമകാണാം, ശീട്ടുകളിക്കാം, എന്നും മററും;

അതേസമയം ബുദ്ധിപറയും, ഇതു് തിന്നാനും സിനിമ കാണാനുമുള്ള സമയമല്ല, പരീക്ഷ അടുത്തിരിക്കുന്നു, ഇരുന്നു നല്ലപോലെ പഠിക്കണം, ഊണിനു് മണിയടിക്കട്ടെ, സിനിമക്കു്പോക്കു് പരീക്ഷ കഴിഞ്ഞിട്ടാവാം, എന്നു്. ആത്മാവു് പറയുന്നതു്, നിങ്ങൾ ഇങ്ങനെ തക്കിച്ചിട്ടു് പ്രയോജനമില്ല; അപ്പനമ്മമാരോടു സ്നേഹവും ബഹുമാനവും, ദൈവഭക്തിയും, സ്വരാജ്യസ്നേഹവും ഉള്ളവക്കു ഈവക സംശയങ്ങൾ ഉണ്ടാവില്ല; അവരുടെ ധമ്മം അവർ ശരിയായി അതാതു്സമയം നിർവ്വഹിക്കും; ഇതൊന്നുമില്ലാത്തവരുടെ ഹൃദയത്തിൽ എപ്പോഴും കലഹംതന്നെ; അതുകൊണ്ടു ആത്മീയ മൂല്യങ്ങളെ മുറുകെപ്പിടിച്ചു് ജീവിക്കുക; സൂത്രപ്പണികൾ കൊണ്ടൊന്നും നിനക്കു സ്വാതന്ത്ര്യവും സമാധാനവും ലഭിക്കയില്ല, എന്നായിരിക്കും.

സ്വയം ഭരിക്കുന്നവർ ആദ്യമായി ശരീരത്തെ മര്യാദ പഠിപ്പിക്കണം. ആവശ്യത്തെയും ആരോഗ്യത്തെയും നോക്കാതെ തിന്നുക, കുടിക്കുക, വലിക്കുക, ഉറങ്ങുക, അലങ്കരിക്കുക മുതലായവയിൽ ഭ്രമിച്ചു് ജീവിക്കുന്നവർ മൃഗതുല്യരാണു്. അവർ സ്വാതന്ത്ര്യത്തിനു് അർഹരല്ല. ചിലക്കു സമയത്തു് കാപ്പികിട്ടിയില്ലെങ്കിൽ തലവേദനയായി, ഉറക്കമായി, അവർ ഒന്നിനും കൊള്ളരുതാത്തവരായി. പുകവലിച്ചു് ചുണ്ടും മുഖവും കറുപ്പിച്ചു് കഫം തുപ്പുന്നവരെകാണുമ്പോൾ ആക്കാണു് "കഷ്ടം" എന്നു് പറയുവാൻ തോന്നാത്തതു്. ശരീര

ത്തിൻെറ ദുശ്ശീലങ്ങൾക്ക് അടിമപ്പെട്ട പാവങ്ങൾ! അങ്ങനെയുള്ളവക്ക് സ്വാതന്ത്ര്യമില്ല. ആരോഗ്യത്തിന്ന് ആവശ്യമായ മിതഭോജനം, എളിയജീവിതം, അനാവശ്യമായ സുഖാഡംബരങ്ങളിൽ അഭിരുചിയില്ലായ്മ ലഹരിപദാത്ഥങ്ങളുടെ വർജ്ജനം, പ്രയോജനകരമായ പ്രയത്നം, ന്യായമായ വ്യായാമവും വിശ്രമവും, ശരീരശുദ്ധി, ഇവയുള്ളവൻ ആരോഗ്യവാനും ശരീരത്തെ ഭരിക്കുന്നവനും ആകുന്നു.

മനസ്സ് മക്കടനെപ്പോലെ ഓടിച്ചാടി നടക്കുന്ന സ്വഭാവക്കാരനാണ്. കാണുന്നതിലും കേൾക്കുന്നതിലും മോഹിക്കുന്നതാണ് അതിൻെറ പ്രകൃതി. സിനിമ, നാടകം, ഡാൻസ്, ഫൂട്ട്ബോൾ, വിശേഷവസ്ത്രങ്ങൾ, ആഭരണങ്ങൾ, പലഹാരങ്ങൾ, റിസ്റ്റ്വാച്ച്, ഭംഗിയുള്ള ഫൌണ്ടൻ പെൻ, ഇങ്ങനെ ആയിരത്തൊന്നു കാര്യങ്ങളിൽ അതു് മോഹംവെച്ചുകൊണ്ടിരിക്കും. ആവശ്യവും അനാവശ്യവും, നല്ലതും ചീത്തയും, വേർതിരിക്കാൻ അതിന്ന് പ്രാപ്തിയില്ല. മനോരാജ്യത്തിൽ കോട്ട കെട്ടി എത്രപേർ സമയം നഷ്ടമാക്കുന്നു. ചിലർ അനാവശ്യമായി ദുഃഖിക്കുന്നു, ഭയപ്പെടുന്നു. വേറെ ചിലർ ദുഷിച്ച വിചാരങ്ങളാൽ മനസ്സിനെ മലിനമാക്കുന്നു. ഇനിയൊരുകൂട്ടർ കാമം, ക്രോധം, അഹങ്കാരം, മത്സരം, പക, മുതലായവമൂലം അവരുടെ മനുഷ്യത്വത്തെ നഷ്ടമാക്കി കാട്ടുമൃഗങ്ങളെപ്പോലെയായിത്തീരുന്നു. മനസ്സിൻെറ ദുഷ്ടതകളെ നിയന്ത്രിക്കാത്തവർ

പിശാചുക്കളാണു്; എന്തക്രമവും നീചപ്രവൃത്തിയും ചെയ്യുവാൻ അവർ മടിക്കയില്ല. അങ്ങനെയുള്ളവക്കു സ്വാതന്ത്ര്യമില്ല. ദുർവ്വിചാരങ്ങളെയും ദുർവ്വികാരങ്ങളെയും ജയിക്കുക; ധനമോഹത്തിന്നു് അടിമപ്പെടാതിരിക്കുക; ആവശ്യമായതും നന്മയായതും ചിന്തിക്കുവാൻ മനസ്സിനെ പരിശീലിപ്പിക്കുക. ബുദ്ധിയുടെ ഉപദേശങ്ങൾക്കു് അതു് ചെവികൊടുക്കട്ടെ. ഇങ്ങനെയുള്ളവർ അവരുടെ മനസ്സിനെ ഭരിക്കുന്നവരാകുന്നു.

ബുദ്ധിയാണു് മൂന്നാമത്തെ യജമാനൻ. അതെ, എല്ലാവക്കും യജമാനന്മാരാകണമെന്നാണു് മോഹം ശരീരത്തിനും, മനസ്സിനും, ബുദ്ധിക്കും യജമാനന്മാരാവണം! പിന്നെ മനുഷ്യന്നു് സ്വാതന്ത്ര്യം എങ്ങനെ ഉണ്ടാവും? ഇവരെല്ലാം മനുഷ്യനെ അനുസരിക്കുമ്പോൾ മാത്രമാണു് മനുഷ്യൻ സ്വതന്ത്രനാകുന്നതു്. മനുഷ്യൻ അവയെ ഭരിച്ചു നടത്തണം. നന്മതിന്മകൾ, ആവശ്യം അനാവശ്യം, എന്നെല്ലാം നിശ്ചയിക്കുന്നതു് ബുദ്ധിയാണു്. ബുദ്ധിക്കു് ഈ ശക്തി എവിടെനിന്നു കിട്ടുന്നു. പ്രയാസപ്പെട്ടു, സമാധാനമായി, വിനയത്തോടുകൂടി പഠിക്കണം, അറിവു സമ്പാദിക്കണം. തനിക്കു് എല്ലാം അറിയാമെന്നു് വിചാരിക്കുന്ന ബുദ്ധി കഴുതബുദ്ധിയാണു്. എത്രപഠിച്ചാലും എത്ര ജ്ഞാനം സമ്പാദിച്ചാലും പിന്നെയും നമ്മുടെ അറിവു ബഹ്വല്പമായിരിക്കും. നാം അറിയാത്തകാര്യങ്ങൾ അസംഖ്യമായിരിക്കും. അതുകൊണ്ടു യഥാർത്ഥ ജ്ഞാനികൾ എപ്പോഴും വിനയമുള്ള

വരായിരിക്കും; ഒരിക്കലും അഹങ്കരിക്കയില്ല, എപ്പോഴും ചിന്തിച്ചും പഠിച്ചുംകൊണ്ടിരിക്കും. മററുള്ളവരുടെ ആഗ്രഹം അറിയുവാൻ അവർ ആഗ്രഹിക്കും; അവർ സത്യാന്വേഷികളായിരിക്കും.

ജ്ഞാനസമ്പാദനത്തിൽ സദാ സന്തോഷിക്കുന്നവനും, അഹങ്കരിക്കാതെ വിനയത്തോടുകൂടിയിരിക്കുന്നവനും, നല്ലകാൎയ്യങ്ങൾ ആരുപറഞ്ഞാലും കേൾക്കാൻ ഒരുക്കമുള്ളവനും, മഹാത്മാക്കളുടെ ഉപദേശങ്ങളെ ശ്രദ്ധിക്കുന്നവനും, സത്യം, ധൎമ്മം, ദയ, ശാന്തി, അഹിംസ മുതലായ ധാൎമ്മിക നീതികളെ ബഹുമാനിക്കുന്നവനും തന്റെ ബുദ്ധിയെ ഭരിക്കുന്നവനാകുന്നു.

ദൈവം സ്നേഹസ്വരൂപനാണു്. ദൈവാത്മാവു് മനുഷ്യനിൽ ഉണ്ടെങ്കിൽ അവനിൽ സ്നേഹം ഉണ്ടായിരിക്കും. എല്ലാനന്മകളും സ്നേഹത്തിൽ നിന്നുണ്ടാകുന്നു. സ്നേഹമില്ലെങ്കിൽ മററു നന്മകൾ യഥാൎത്ഥനന്മകളായിരിക്കയില്ല. ശരീരംകൊണ്ടും, മനസ്സുകൊണ്ടും ബുദ്ധികൊണ്ടും പല നല്ലകാൎയ്യങ്ങൾ ചെയ്യുന്നു. ഹൃദയത്തിൽ സ്നേഹമില്ലെങ്കിൽ അവയെല്ലാം വാസനയില്ലാത്ത പൂക്കൾപോലെയിരിക്കും; വെറും പുറം പൂച്ചു് മാത്രമായിരിക്കും. ദൈവത്തേയും മനുഷ്യരെയും സ്നേഹിക്കുന്നതാണു് ഏററവും വലിയ അനുഗ്രഹം. അതുണ്ടാകുമ്പോൾ സത്യം, ധൎമ്മം, ദയ ശാന്തി, ക്ഷമ, ത്യാഗം മുതലായ ഗുണങ്ങൾ മനുഷ്യനിൽ സമൃദ്ധിയായി വിള

യും. അപ്പോൾ ബുദ്ധിയും, മനസ്സും, ശരീരവും, നന്മ പഠിക്കും മര്യാദ ആചരിക്കും. മനുഷ്യൻ സ്വയം ഭരിക്കുന്നവനാകും. അവനിൽ സമാധാനമുണ്ടാകും. അവൻ സ്വതന്ത്രനാകും.

# 8

## ജനാധിപത്യം ഗൃഹജീവിതത്തിൽ

മററെല്ലാ നല്ല സ്വഭാവങ്ങളുമെന്നപോലെ, ജനാധിപത്യ വിശ്വാസവും സ്വഭാവവും പുലത്തേണ്ടതു് ആദ്യമായി ഗൃഹങ്ങളിലാണു്. അവിടെ ജനാധിപത്യം ഇല്ലെങ്കിൽ മററെവിടെയും അതു് ശരിയാകയില്ല. മനുഷ്യൻെറ ശരീരത്തിനു് ആവശ്യമായ ആഹാരം, ഉടുപ്പു്, തോഴിൽ മുതലായവ എവിടെയെങ്കിലും സമ്പാദിക്കാനും ഉണ്ടാക്കുവാനും സാധിക്കും. അവയെല്ലാം ഗൃഹത്തിനു് പുറത്തും കിട്ടുന്നവയാണു്. എന്നാൽ ഗൃഹത്തിൽ മാത്രം സാദ്ധ്യമായ ചില സംഗതികൾ ഉണ്ടു്. അതിൽ ഏററവും പ്രധാനമായതു് യഥാർത്ഥ സ്നേഹമാകുന്നു. മാതാപിതാക്കന്മാരും കുട്ടികളുംകൂടി വസിക്കുന്ന ഒരു ഗൃഹത്തിൽ മാത്രമാണു് സ്നേഹം അതിൻെറ ശ്രേഷ്ഠമായ നിലയിൽ അനുഭവപ്പെടുന്നതു്. അവിടെ നിന്നുവേണം സ്നേഹംജീവിതത്തിലേ മററു രംഗങ്ങളിലേക്കു് പ്രവഹിക്കുവാൻ. മാതൃഭാഷ, മാതൃഭൂമി, സ്വരാ

ജ്യസ്സേഹം, മനുഷ്യസാഹോദര്യം മുതലായ ഭക്തിബ ഹുമാനങ്ങളുടെ ഉൽപത്തിയും മാതൃകയും ഗൃഹത്തിലെ സ്നേഹമാണ്. എല്ലാ ധാർമ്മികവും ആത്മികവുമായ മൂല്യങ്ങളും ആദ്യമായി ഗൃഹത്തിലാണ് പുലർത്തേണ്ടതു്. ഗൃഹത്തിൻെറ പ്രധാന ഉദ്ദേശ്യം അതാകുന്നു. മനുഷ്യൻെറ സ്വഭാവവും വിശ്വാസവും വളരെ ചെറുപ്പത്തിൽതന്നെ രൂപീകരിക്കപ്പെടുന്നു. അതു് ഗൃഹജീവിതത്തിലെ അനുഭവങ്ങളെ ആശ്രയിച്ചിരിക്കയും ചെയ്യും. ജനാധിപത്യം മനുഷ്യരുടെ സ്വാതന്ത്ര്യത്തിലും സമത്വത്തിലും സാഹോദര്യത്തിലുമുള്ള ഒരു വിശ്വാസവും മനുഷ്യർ പരസ്പരം സ്നേഹത്തിൽ ജീവിക്കുന്ന ഒരു സ്വഭാവവും ആകയാൽ അതിൻെറ ശിലാസ്ഥാപനം നടക്കേണ്ടതു് ഗൃഹത്തിലാണ്.

ഒരു ഗൃഹത്തിൽ അമ്മ അപ്പൻ, പുത്രൻ പുത്രി, സഹോദരൻ സഹോദരി, ഭാര്യ ഭർത്താവു വലിയവർ ചെറിയവർ, ബലവാന്മാർ ബലഹീനർ, അറിവുള്ളവർ അറിവില്ലാത്തവർ, പണമുള്ളവർ പണമില്ലാത്തവർ, വേലചെയ്യുന്നവർ വേലചെയ്യുവാൻ സാധിക്കാത്തവർ, ശുശ്രൂഷിക്കുന്നവർ ശുശ്രൂഷിക്കപ്പെടുന്നവർ, യജമാനൻ ദാസൻ, അധികാരമുള്ളവർ അധികാരമില്ലാത്തവർ, നേതാക്കന്മാർ അനുയായികൾ, ഇങ്ങനെ എല്ലാ തരത്തിലുമുള്ള മനുഷ്യരും അന്യോന്യബന്ധങ്ങളും ഉണ്ടായിരിക്കുമല്ലോ. അവിടെ ധനം, ആരോഗ്യം, ഭരണശേഷി, അറിവു, സഹകരണം, സമാധാനം, അച്ചടക്കം,

മര്യാദ, ത്യാഗം, ശുശ്രൂഷ, ക്ഷമ, സ്നേഹം മുതലായ എല്ലാ സ്വഭാവഗുണങ്ങളും ആവശ്യമാണു്. അവിടെ സുഖവും ദുഃഖവും, രോഗവും ആരോഗ്യവും, അദ്ധ്വാനവും വിശ്രമവും, പഠിക്കലും, കളിക്കലും, സമാധാനവും കലഹവും, ജയവും പരാജയവും, ദ്വേഷവും സ്നേഹവും, ഉണ്ടായിരിക്കും. ലോകത്തിൽ നാം കാണുന്നതെല്ലാംതന്നെ ഒരു ചുരുങ്ങിയ രൂപത്തിൽ ഒരു ഗൃഹത്തിൽ കാണാൻ സാധിക്കും. രാഷ്ട്രം ഭരിക്കുന്നതും ഗൃഹം ഭരിക്കുന്നതും തമ്മിൽ വലിയ അന്തരമില്ല. അതുകൊണ്ടു് ജനാധിപത്യ നീതികളും സമ്പ്രദായങ്ങളും അഭ്യസിക്കുവാൻ ഏററവും ഒത്തസ്ഥാനം ഗൃഹമാണു്. അതുപോലെ സൌകര്യം മറെറാരേടത്തും ലഭിക്കയില്ല. ചീത്തസമ്പ്രദായങ്ങൾ പഠിക്കുന്നതും ഗൃഹത്തിൽവെച്ചായിരിക്കും. അവിടെനിന്നാണു സ്ത്രീപുരുഷന്മാർ പുറത്തുപോയി രാഷ്ട്രത്തെ നന്നാക്കുകയോ ചീത്തയാക്കുകയോ ചെയ്യുന്നതു്. ഗൃഹം ലോകത്തിലെ അണിയറയാണു്. അവിടെ വേഷംകെട്ടി ഒരുങ്ങുന്നതുപോലെയായിരിക്കും നാം ലോകരംഗത്തിൽ ആടുന്നതും പാടുന്നതും.

ഗൃഹത്തിൽ അഭ്യസിക്കേണ്ടതായ പ്രധാന ജനാധിപത്യ സമ്പ്രദായങ്ങൾ:—

1. സ്ത്രീപുരുഷന്മാർ വിവാഹിതരായി ഭാര്യാഭർത്താക്കന്മാരെന്നനിലയിൽ ഒരുമിച്ചു് ജീവിതം ആരംഭിക്കുമ്പോൾ അതൊരു ഗൃഹമായി എന്നു വിചാരിക്കാം.

പുരുഷനും സ്ത്രീയും സമന്മാരായി സ്നേഹിച്ചും സഹക രിച്ചും സുഖദുഃഖങ്ങളിലും ജയാപജയങ്ങളിലും തുല്യ പങ്കാളികളായി ജീവിക്കുന്നതാണു് ഗൃഹം. സ്ത്രീപുരു ഷന്മാക്കു തുല്യസ്വാതന്ത്ര്യവും, നിലയും, വിലയും ചുമ തലയും ഉണ്ടായിരിക്കുന്നതു് ഉത്തമ ഗൃഹത്തിന്റെ ലക്ഷണമാണു്. ജനാധിപത്യത്തിനു് ഏററവും ആവ ശ്യമായതും അതുതന്നെ. പുരുഷനെപ്പോലെ സ്ത്രീക്കും രാഷ്ട്രത്തിന്റെ സേവനത്തിന്നു് സ്വാതന്ത്ര്യവും സൌ കര്യവും ഉണ്ടായിരിക്കണം.

2. ഒരു ഗൃഹത്തിൽ വലിയവരും ചെറിയവരും. വേലചെയ്യുവാൻ സാധിക്കുന്നവരും സാധിക്കാത്തവരും ഉണ്ടായിരിക്കുമല്ലൊ. അവരുടെ എല്ലാവരുടെയും ക്ഷേ മത്തെ ഒരുപോലെ അന്വേഷിക്കുന്നതാണു് ഉത്തമ ഗൃഹത്തിന്റെ ലക്ഷണം. സുഖദുഃഖങ്ങൾ എല്ലാവരും ഒരുപോലെ അനുഭവിക്കുന്നു. ഇതാണു ഒരു ജനാധി പത്യ രാഷ്ട്രത്തിലേയും പ്രമാണം. എല്ലാജനങ്ങ ളുടെയും പൊതുവിലുള്ള നന്മയാണു് ജനാധിപത്യ ത്തിന്റെ ലക്ഷ്യം. വ്യക്തികളുടെ സ്വാത്ഥ താൽപര്യ ങ്ങൾക്കും ചൂഷണത്തിനും, മത്സരത്തിനും അതിൽ സ്ഥാനമില്ല.

3. ഒരു ഗൃഹത്തിന്റെ സുഖദുഃഖങ്ങൾ അതിലെ ഓരോവ്യക്തിയെയും ആശ്രയിച്ചിരിക്കുന്നു. ഒരാൾക്കു് ദുഃഖമായാൽ മററുള്ളവക്കും ദുഃഖമുണ്ടാവും. ഒരാൾക്കു് സന്തോഷമായാൽ മററുള്ളവരും അതിൽ സന്തോഷി

ക്കും. ഒരാൾ കുററം ചെയ്താൽ എല്ലാവക്കും അതിൻെറ ദോഷം വന്നുചേരും. ഒരാൾക്കു രോഗംവന്നാൽ അതു എല്ലാവരേയും ബാധിച്ചേക്കും. എല്ലാവക്കും ഓരോ തരത്തിലുള്ള ജോലിയും ചുമതലയുമുണ്ടു. അമ്മ വീട്ടു ജോലികൾ നോക്കുന്നു. അച്ഛൻ ധനം സമ്പാദിക്കുന്നു കുട്ടികൾ പഠിക്കയും അമ്മയച്ഛന്മാരെ സഹായിക്കയും ചെയ്യുന്നു. അമ്മയച്ഛന്മാരില്ലാതെ കുട്ടികൾക്ക് സുഖമില്ല. കുട്ടികളില്ലാതെ അമ്മയച്ഛന്മാക്കു സുഖമില്ല. വലിയവക്കും ചെറിയവക്കും നിലയും വിലയും ചുമതലയുമുണ്ടു. ഒരു ജനാധിപത്യ രാഷ്ട്രത്തിലും അങ്ങനെ തന്നെ. യഥാശക്തി എല്ലാപൌരന്മാക്കും രാഷ്ട്രത്തിൽ നിലയും, വിലയും, വേലയും, ചുമതലയുമുണ്ടു.

4. ഗൃഹത്തിലെ അമ്മ മററെല്ലാവരുടെയും സുഖസൌകര്യങ്ങൾ അന്വേഷിക്കണം. അച്ഛൻ മററെല്ലാവരുടെയും ആവശ്യങ്ങൾ അറിയണം. കുട്ടികൾ സഹോദരി സഹോദരന്മാരുടെയും അമ്മയച്ഛന്മാരുടെയും ഇഷ്ടം നോക്കണം. ഒരാൾക്കും മററുള്ളവരെപ്പററി ചിന്തിക്കാതെ തന്നിഷ്ടംപോലെ ജീവിക്കുവാൻ സാധിക്കയില്ല, പാടുള്ളതുമല്ല. അങ്ങനെയായാൽ കുടുംബം നശിക്കും. ജനാധിപത്യ രാഷ്ട്രത്തിൻെറ നിലയും അതുതന്നെയാകുന്നു. എപ്പോഴും ഏതുകാര്യത്തിലും മററുള്ളവരെപ്പററി ചിന്തിച്ച് പ്രവത്തിക്കുവാൻ പൌരന്മാർ ചുമതലപ്പെട്ടവരാണ്. തന്നിഷ്ടം മാത്രം നോക്കി മററുള്ളവരുടെ നന്മതിന്മയേയും ഇഷ്ടാനിഷ്ടത്തെയും

പരിഗണിക്കാതെ, അവരെ അസഹ്യപ്പെടുത്തിയോ ചൂഷണം ചെയ്തോ ഉപദ്രവിച്ചോ ജീവിക്കുന്ന ഒരാൾ രാഷ്ട്രത്തിന്റെ ശത്രുവാകുന്നു. ഒരു പൌരൻ ചെയ്യുന്നതും പറയുന്നതും വിചാരിക്കുന്നതുമായ എല്ലാകാര്യങ്ങളും മററുള്ളവരെ എങ്ങനെ ബാധിക്കും എന്നു് ആലോചിക്കേണ്ട ചുമതല അയാൾക്കുണ്ടു. തനിക്കു് അല്പം പ്രയാസമുണ്ടായാലും മററുള്ളവർക്കു കഷ്ടനഷ്ടങ്ങൾ സംഭവിക്കരുതു് എന്നായിരിക്കണം അയാളുടെ നോട്ടം.

5. മററുള്ളവർക്കു ഉപദ്രവംകൂടാതെ പരസ്പരം സഹായിച്ചും സ്നേഹിച്ചും ഒരു ഗൃഹത്തിൽ ജീവിക്കണമെങ്കിൽ അവിടെ എല്ലാകാര്യങ്ങൾക്കും ഒരു ഒഴുക്കും അച്ചടക്കവും, മര്യാദയും ക്രമീകരണവും വേണം. ഇരുപ്പുമുറി ഒന്നു, കിടപ്പുമുറിവേറെ, അടുക്കളമററൊന്നു, ഇങ്ങനെ പല ആവശ്യങ്ങൾക്കു് പ്രത്യേകസ്ഥലങ്ങൾ ഉണ്ടായിരിക്കണം. ആഹാരസമയം, പഠിക്കാനുള്ള സമയം, കളിക്കാനും ഉറങ്ങാനുമുള്ള സമയം, സൊള്ളാനുള്ള സമയം, വേലചെയ്യുവാനുള്ള സമയം, പ്രാർത്ഥനാസമയം, ഇങ്ങനെ സമയവ്യവസ്ഥകൾ ഉണ്ടായിരിക്കണം. മേശ, കസേര, പുസ്തകം, വസ്ത്രം, പാത്രങ്ങൾ, ഉപകരണങ്ങൾ, വെള്ളം, വിറകു്, കോടാലി, അഴുക്കുവസ്തുക്കൾ, ഇവയ്ക്കു് അതാതിന്റെ സ്ഥാനമുണ്ടായിരിക്കണം, അവിടവിടെ എറിഞ്ഞുപോവുകയല്ല ചെയ്യേണ്ടതു്. വേലചെയ്യുന്നതിനുള്ള ചുമതലയും അധികാ

SEVANA SANGAM READING ROOM
MANGANAM

രവും ഓരോരുത്തർക്കും പ്രത്യേകമായിരിക്കുമല്ലോ. ഇങ്ങനെ ഏതുകാര്യത്തിലും ക്രമീകരണം കൂടാതെ ഒരു ഗൃഹത്തിൽ സമാധാനമുണ്ടാകയില്ല. ഒരു രാഷ്ട്രത്തിന്റെ സമാധാനപരമായ പ്രവത്തനത്തിനു് ഏററവും ആവശ്യമായിട്ടുള്ളതു് വിപുലമായ ക്രമീകരണമാണു്. എല്ലാകാര്യങ്ങളിലും നിയമം, ചട്ടം, സ്ഥലം, സമയം, നേതൃത്വം, അനുസരണം മുതലായവ പരിപാലിക്കേണ്ടതായിട്ടുണ്ടു. റോട്ടിൽ നടക്കുമ്പോഴും, സ്കൂളിൽ പഠിക്കുമ്പോഴും, മൈതാനത്തിൽ കളിക്കുമ്പോഴും, കുളത്തിൽ കുളിക്കുമ്പോഴും, പരീക്ഷക്കു് എഴുതുമ്പോഴും, തീവണ്ടിയിലും, ബസ്സിലും, ചന്തയിലും, കച്ചേരിയിലും, എവിടെയും എപ്പോഴും ഒരു പൌരൻ നിയമവും അച്ചടക്കവും മര്യാദയും പരിപാലിക്കേണ്ടതാകുന്നു. രാഷ്ട്രം എന്നു് പറയുന്നതുതന്നെ നിയമത്താലും അച്ചടക്കത്താലും മര്യാദയാലും മനുഷ്യരെ ഒന്നാക്കിച്ചേത്തു് എല്ലാവക്കും സുഖവും സമാധാനവും സാദ്ധ്യമാക്കുവാനുള്ള ഒരു ഏർപ്പാടാകുന്നു. അതു് നിയമത്തിന്റെ ഒരു സൃഷ്ടിയാണു്. രാഷ്ട്രത്തിന്റെ നിയമവും മര്യാദയും അനുസരിക്കുന്നവനാണു് പൌരൻ. അവയെ ലംഘിക്കുന്നവൻ രാഷ്ട്രത്തിന്റെ ശത്രുവാകുന്നു, നാട്ടിനുകൊള്ളരുതാത്ത കാട്ടാളനാകുന്നു. ജനാധിപത്യം വിജയിച്ചിട്ടുള്ള രാജ്യങ്ങളിലെല്ലാം ജനങ്ങൾ നിയമത്തെ ബഹുമാനിക്കുന്നവരും മര്യാദ പാലിക്കുന്നവരും ആയിരുന്നിട്ടുണ്ടു.

6 ഗൃഹം ത്യാഗത്തിൻെറയും ശുശ്രൂഷയുടെയും സ്ഥാനമാണു്. അച്ഛൻ അദ്ധ്വാനിച്ചു് പണം സമ്പാദിക്കുന്നു. അമ്മ എല്ലാവക്കുംവേണ്ടി ഗൃഹജോലികൾ ചെയ്യുന്നു. സഹോദരീസഹോദരന്മാർ അന്യോന്യം സഹായിക്കുന്നു. ലാഭംനോക്കാതെ ചിലവിടുന്നു. കഷ്ടം നോക്കാതെ രോഗിയെ ശുശ്രൂഷിക്കുന്നു. വലിയവർ ചെറിയവക്കുവേണ്ടി ത്യാഗം സഹിക്കുന്നു. ഒരു രാജ്യത്തിന്റെ സമാധാനപരമായ പുരോഗതിക്കു് ത്യാഗപൂർവ്വം ശുശ്രൂഷചെയ്യുന്ന പൌരന്മാർ ആവശ്യമാണു്. എല്ലാ തൊഴിലുകളുടെയും ഒന്നാമത്തെ ലക്ഷ്യം മനുഷ്യരുടെ നന്മയായിരിക്കണം. മനുഷ്യരെ ഓരോവിധത്തിൽ സഹായിക്കുവാനാണു് രാഷ്ട്രത്തിലെ എല്ലാ ഏർപ്പാടുകളും. മനുഷ്യസേവനമാണു് ജനാധിപത്യത്തിൻെറ മുദ്രാവാക്യം. ശമ്പളവും ആദായവും സേവനത്തിൻെറ ഫലമായി വന്നുചേരുന്ന നന്മകളാണു്. കച്ചവടമായാലും, വ്യവസായമായാലും, ഉദ്യോഗമായാലും, രാഷ്ട്രീയ പ്രവത്തനമായാലും, വക്കീലായാലും വാദ്ധ്യാരായാലും, ഡൊക്ടരായാലും, തൂപ്പുകാരനായാലും, തോട്ടിയായാലും, ബാർബറായാലും, അലക്കുകാരനായാലും, എല്ലാവരുടെയും ജോലിയുടെ ഉദ്ദേശ്യം മനുഷ്യക്കു ഓരോവിധത്തിൽ ശുശ്രൂഷചെയ്യുകയാകുന്നു. ഒരു ജനാധിപത്യരാഷ്ട്രത്തിലെ പൌരൻ എപ്പോഴും ആഗ്രഹിക്കേണ്ടതു് അവൻെറ ജീവിതം ഒരു നിസ്സ്വാത്ഥസേവനം ആയിരിക്കണം എന്നാകുന്നു. അങ്ങനെ അല്ലാത്ത ഒരു നല്ല തൊഴിലുമില്ല. തൻെറ സർവ്വകഴിവുകളെയും

രാഷ്ട്രത്തിന്റെ ക്ഷേമത്തിന്നായി അവൻ വിനിയോഗിക്കേണ്ടതാകുന്നു. അങ്ങനെ ചെയ്തതിന്ന് ശേഷം മാത്രമാണ് ആദായത്തെപ്പററി ചിന്തിക്കുവാൻ അവന്ന് അവകാശമുള്ളതു്. ആദായത്തെ ഒന്നാമത്തെയും അവസാനത്തെയും ലക്ഷ്യമായി വിചാരിച്ച് വേലചെയ്യുന്നവരുണ്ടു: അവർ സമുദായദ്രോഹികളാകുന്നു. ആദായത്തെ പ്രധാന ലക്ഷ്യമായി കരുതുന്നവരുണ്ടു: അവർ വിശ്വസ്തരല്ല, അവരെ സൂക്ഷിക്കണം. സേവനം, ശുശ്രൂഷ, സമുദായത്തിന്റെ നന്മ, പ്രഥമോദ്ദേശമായും ന്യായമായ പ്രതിഫലം അവസാനമായും വിചാരിക്കുന്നവരുണ്ടു. അവർ നല്ല പൌരന്മാരാണ്. പ്രതിഫലത്തെ ഗണ്യമാക്കാതെ ത്യാഗപൂർവ്വം വേലചെയ്യുന്നവർ മഹാത്മാക്കളാകുന്നു.

7. ഗൃഹജീവിതം ഏററവും ആവശ്യമായിരിക്കുന്നതു് വളരുന്ന തലമുറക്കാണ്; അതായതു് കുട്ടികൾക്ക്. വലിയവൎക്ക് വേണമെങ്കിൽ ഹോട്ടലിലും കഴിച്ചുകൂട്ടാം. കുട്ടികൾ ആരോഗ്യവും സ്വഭാവഗുണവും ഉള്ളവരായി വളരണമെങ്കിൽ നല്ല ഗൃഹജീവിതം കൂടിയെ കഴിയൂ. ദുർബ്ബലരുടെയും ഭാവി തലമുറകളുടെയും നന്മയാണ് ഗൃഹംമൂലം നിർവ്വഹിക്കപ്പെടേണ്ടതു്. ഒരു ജനാധിപത്യ രാഷ്ട്രവും അങ്ങനെയിരിക്കണം. രാഷ്ട്രത്തിന്റെ സഹായവും രക്ഷയും ഏററവും അർഹിക്കുന്നതു് അതിലെ പാവപ്പെട്ടവരും, കഷ്ടപ്പെടുന്നവരും ദുർബ്ബലരും ആകുന്നു. രാഷ്ട്രത്തിന്റെ ഭരണം ഇന്നു

ജീവിക്കുന്നവരെമാത്രം നോക്കി നിർവ്വഹിക്കപ്പെടേണ്ട തല്ല. ഭാവി തലമുറകൾക്ക് നമ്മുടെ പ്രവത്തികൾമൂലം നന്മയൊ തിന്മയൊ സംഭവിക്കുകയെന്നു് നാം ഗൌര വമായി ചിന്തിക്കേണ്ടതാകുന്നു. ഏതു് കാലത്തും എല്ലാ വക്കും അനുഗ്രഹപ്രദങ്ങളായിരിക്കുന്ന നിത്യ സത്യ ങ്ങളും, ധമ്മനീതികളും പ്രമാണങ്ങളായി സ്വീകരിച്ചു് ദീർഘ വീക്ഷണത്തോടുകൂടി ജനാധിപത്യത്തെ പുല ത്തേണ്ടതാകുന്നു.

ഇനിയും പല ഉദാഹരണങ്ങൾ എടുത്തു് കാണി ക്കുവാൻ സാധിക്കും. ഒരു നല്ല ഗൃഹജീവിതത്തിലെ അനുഭവവും പരിശീലനവുമാണു് ഒരു നല്ല പൌരനെ സൃഷ്ടിക്കുന്നതു്.

## ൭

## ചില ജനാധിപത്യമര്യാദകൾ.

ജനാധിപത്യത്തിൽ ഉച്ചനീചത്വവിചാരം ഇല്ല ല്ലൊ. ഒരത്ഥത്തിൽ എല്ലാവരും നിലയും വിലയും ഉള്ള വരാണു്. മറെറാരുവിധത്തിൽ നോക്കിയാൽ എല്ലാ വരും നിസ്സാരന്മാരാണു്. എത്രയൊഗ്യനായാലും ഒരു ത്തൻെറ ശ്രമംകൊണ്ടു മാത്രം ഇന്നത്തെ ലോകത്തിൽ ഒന്നും സാധിക്കയില്ല. വ്യക്തികൾ മഹാസമുദ്രത്തിലെ തുള്ളികൾ പോലെയാണു്. അനേകം നിസ്സാരകാൎയ്യ ങ്ങൾ ചേൎന്നുണ്ടാകുന്നതാണു് വൻ കാൎയ്യങ്ങൾ. പിരിച്ചു നോക്കുമ്പോൾ എല്ലാം ചെറിയ കാൎയ്യങ്ങളായിരിക്കും.

വലിയകാൎയ്യം എന്നൊന്നു് ഇല്ലെന്നുതോന്നും. അതു കൊണ്ടു് ചെറിയകാൎയ്യങ്ങൾ ശരിയായാൽ വലിയതും ശരിയായിക്കൊള്ളും എന്നു് ഓൎക്കുന്നതു് നല്ലതാണു്. ദൈനം ദിനജീവിതത്തിലെ ചെറിയകാൎയ്യങ്ങളിൽ ജനാധിപത്യ തത്വങ്ങൾ ബഹുമാനിക്കുന്നതാണു്. മൎയ്യാദ.

ജനങ്ങൾ വലിയ പട്ടണങ്ങളിൽ തിങ്ങിപ്പാൎക്കുന്ന കാലമാണിതു്. ജനാധിപത്യത്തിൻെറ കേന്ദ്രങ്ങൾ പട്ടണങ്ങളാണു്. അവിടെ അടുത്തടുത്തു് വീടുകൾ ഉണ്ടായിരിക്കും. ഓരോവീട്ടിലും നിറയെ ജനങ്ങൾ വസിക്കുന്നുണ്ടാവും. ആപ്പീസ്സുകളിലും കമ്പനികളിലും ഈച്ചക്കൂട്ടിലെ ഈച്ചകളെപോലെ അനേകശതം വേലക്കാർ ജോലിയെടുക്കുന്നു; ബസ്സുകളിലും തീവണ്ടികളിലും ജനങ്ങൾ തിങ്ങിക്കൂടി യാത്രചെയ്യുന്നു; അവരെല്ലാം ഓരോ സ്ഥലത്തു് എത്തിച്ചേരുവാൻ അക്ഷമരായിരിക്കുന്നവരായിരിക്കും. ആയിരക്കണക്കിനു് വിദ്യാൎത്ഥിനീ വിദ്യാൎത്ഥികൾ കൂട്ടം കൂട്ടമായി സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്നു. റോഡുകൾ എപ്പോഴും യാത്രക്കാരെക്കൊണ്ടും വാഹനങ്ങളെക്കൊണ്ടും നിറഞ്ഞിരിക്കും. ഹോട്ടലുകളിലും ചായക്കടകളിലും തുരുതുരെ ആളുകൾ കയറിയും ഇറങ്ങിയും കൊണ്ടിരിക്കുന്നു. എവിടെയായാലും നമുക്കു് എപ്പോഴും പല ജനങ്ങളുമായി സഹകരിച്ചു് ആരെയും ഉപദ്രവിക്കാതെയും മുഷിപ്പിക്കാതെയും ജീവിക്കേണ്ടതായിട്ടുണ്ടു്. മുഷിപ്പി

ക്കാതിരുന്നാൽപോരാ, സന്തോഷിപ്പിക്കേണ്ടതായുമി രിക്കുന്നു. ഇങ്ങനെയുള്ള ജനാധിപത്യ ജീവിതത്തിൽ മര്യാദക്ക് അതിപ്രധാനമായ ഒരു സ്ഥാനമുണ്ട്, മര്യാദ യില്ലാത്തവനെ സകലരും വെറുക്കും. മര്യാദയില്ലാത്ത വൻ സ്വാതന്ത്ര്യത്തിന്ന് അയോഗ്യനായി ഗണിക്ക പ്പെട്ടും.

ഗ്രാമീണജീവിതത്തിൽ ഇത്രയൊന്നും ബഹള മില്ല. നമുക്ക് അതാണല്ലൊ അധികം പരിചയം. നാം ദീർഘകാലം വിദേശീയരുടെ മേധാവിത്വത്തിൽ ജീവി ച്ചിരുന്നപ്പോൾ സ്വതന്ത്ര മനുഷ്യരുടെ മര്യാദകൾ നാം മറന്നുപോയിരിക്കുന്നു. അതുകൊണ്ട് നമ്മുടെ പാര സ്പര്യം ജനാധിപത്യ ദൃഷ്ടിയിൽ മര്യാദയില്ലാത്തതാ യിട്ടാണ് കാണപ്പെടുന്നത്. നാം ഒരു സ്വതന്ത്ര രാഷ്ട്ര മായെങ്കിലും ഒരു സ്വതന്ത്ര ജനതക്ക് ഉണ്ടായിരിക്കേണ്ട തായ മര്യാദകൾ നാം വേണ്ടിടത്തോളം പഠിച്ചിട്ടില്ല. മററുള്ളവരെപ്പററി ചിന്തയില്ലാത്ത മര്യാദകെട്ട സമ്പ്ര ദായങ്ങൾ അനേകമാണ്. റോട്ടുകളിൽ വശംതെററിയും ബഹളംകൂട്ടിയും നടക്കുക. വണ്ടികളിൽ തിക്കിത്തിരക്കി കയറുക; ടിക്കററുവാങ്ങാനും സ്റ്റാമ്പുവാങ്ങാനും ഉന്തി ത്തള്ളുക. കാണുന്നാദിക്കിലെല്ലാം തുപ്പുക, ആരുടെ മുഖത്തും ചുമക്കുകയും പുകവിടുകയും ചെയ്യുക. പഴ ത്തൊലികളും മററുഅഴുക്കുകളും എവിടെയെങ്കിലും വലിച്ചെറിയുക. പട്ടികളെപ്പോലെ മൂത്രവിസർജ്ജനം ചെയ്യുക. കിണറുകളും കുളങ്ങളും മലിനപ്പെടുത്തുക.

വളരെ പ്രയാസപ്പെട്ടും പണം ചിലവുചെയ്തും വരുത്തുന്ന കുഴൽവെള്ളം തുറന്നുവിട്ടുകളയുക, മററുള്ളവരുടെ ആവശ്യത്തെ ഗണിക്കാതെ കുളിക്കാനും, അലക്കാനും, കഴുകാനും ചിലവാക്കുക; പൊതുയോഗങ്ങളിലും സിനിമഹാളുകളിലും മററും ശബ്ദമുണ്ടാക്കി അടുത്തിരിക്കുന്നവരെ അസഹ്യപ്പെടുത്തുക; സംസാരത്തിലും ഇരിപ്പിലും നടപ്പിലും വിനയമോതൻെറടമൊ ഇല്ലാതെ, ആരെ വകവെക്കണം എന്നമട്ടിൽ പെരുമാറുക; സ്കൂളുകളിൽപോലും അച്ചടക്കവും മര്യാദയും പാലിക്കാതിരിക്കുക, ഇങ്ങനെ എവിടെ നോക്കിയാലും ഒരു തോന്നിവാസ സ്വഭാവം പ്രചരിക്കുന്നതായികാണാം. ചിലപ്പോൾ പഠിപ്പും പരിഷ്കാരവും ഉള്ളവരാണ് അധികം വഷളത്തം കാട്ടുന്നതെന്നുതോന്നിപ്പോകും. പഴമക്കാർക്ക് ഒരു പഴയ മര്യാദയുണ്ടായിരിക്കും. പുതുമക്കാർ പഴയതുവിട്ടു, പുതിയതു പിടിച്ചിട്ടുമില്ല. മുഷിഞ്ഞുനാറുന്ന വസ്ത്രംധരിച്ച് സഞ്ചരിക്കുന്നതുപോലെയാണ് മര്യാദയില്ലാത്ത പെരുമാററം. അത് എല്ലാവരെയും മുഷിപ്പിക്കും.

നന്ദികാണിക്കുക: മററുള്ളവർ ചെയ്യുന്ന സഹായത്തിന്നും ഉപകാരത്തിന്നും, കാണിക്കുന്ന താല്പര്യത്തിന്നും, അവരോടു നന്ദിയും സ്നേഹവും ബഹുമാനവും കാണിക്കുന്നതു് ഒരു മര്യാദയാണ്. ഏററവും ചെറിയ കാര്യത്തിൽപോലും ഏററവും എളിയവരോടും നന്ദി കാണിക്കുവാൻ സാധിക്കും, കാണിക്കേണ്ടതുമാണ്,

മാനം പാലിക്കുക: ശുമ്മാവഴക്കിടുക, കശപിശ കൂട്ടുക, വിലയില്ലാതെ സംസാരിക്കുക, മററുള്ളവരെ നിർത്തി താൻ യോഗ്യനായി ഇരിക്കുക, കാലിന്മേൽ കാൽകേററി കൈകൊണ്ടു കാൽതിരുമ്മി അഹങ്കാരവും വൃത്തികേടും കാണിക്കുക; കച്ച്ളാസ്സിൽ എന്നപോലെ ബെഞ്ചിലും കസേരയിലും ഇരിക്കുക, വസ്ത്രം വലിച്ചു കെട്ടി മുക്കാൽ ഭാഗവും പുറത്താക്കി സഞ്ചരിക്കുക, വഴിയിൽകൂടി പോകുന്നവരെല്ലാം പകെച്ച് നോക്കത്തക്ക വണ്ണം അലങ്കരിച്ചും അണിഞ്ഞും നടക്കുക, ഇങ്ങനെ പലവിധത്തിൽ നമ്മുടെ നിസ്സാരത്വം പ്രകടമാകുന്നു. ഇതൊന്നും മര്യാദക്ക് യോജിച്ചതല്ല.

ദയയുണ്ടായിരിക്കുക:—ദയകാണിക്കേണ്ടതു് എല്ലാവരുടെയും ഒരു പ്രാഥമിക ചുമതലയാണു്. തെററും കുറ്റവും ഇല്ലാത്തവരില്ലല്ലൊ. ആരെയും കുറ്റപ്പെടുത്താനും ആരോടും കോപിക്കാനും ചില കാരണങ്ങൾ കണ്ടേക്കും. അങ്ങനെയുള്ള അവസരങ്ങളിൽ ദയ കാണിക്കുന്നതാണു് മര്യാദ. അതായതു് വാക്കുകൊണ്ടോ പ്രവൃത്തി കൊണ്ടോ അനാവശ്യമായി ദുഃഖിപ്പിക്കാതിരിക്കണം. കാര്യം ശരിപ്പെടുത്തണം എന്നല്ലാതെ അപമാനിക്കണം, ഒന്നു പഠിപ്പിക്കണം എന്നെല്ലാം വിചാരിക്കുന്നതു് ക്രൂരതയാണു്. സൌമ്യത എല്ലാവൎക്കും ഭൂഷണമാകുന്നു, പ്രത്യേകിച്ച് വലിയവർ ചെറിയവരോടു ഇടപെടുമ്പോൾ. വൃദ്ധന്മാരോടും, സ്ത്രീകളോടും, കുട്ടികളോടും, യാചകന്മാരോടും, രോഗികളോടും, പരദേശികളോടും

നഷ്ടമില്ലാത്ത കരുണ കാണിക്കുവാൻ ഉപേക്ഷകാണിക്കരുതു്. ദയയോടെ സംസാരിക്കാം, ആശ്വസിപ്പിക്കാം, വഴികാണിച്ചുകൊടുക്കാം, ഇരിക്കുവാൻ സ്ഥാനം കൊടുക്കാം, സഹതാപം പ്രകടിപ്പിക്കാം, ഇതെല്ലാം മര്യാദയിൽ ഉൾപ്പെടുന്നു.

തന്റേടം വിടാതിരിക്കുക:— സാധാരണമായി മുൻകോപമാണു് തന്റേടം നശിപ്പിക്കുന്നതു. മദ്യപാനം പോലെ അതു് ബുദ്ധികെടുത്തുന്നു. അവനവന്റെ കൊള്ളരുതായ്മയെ പ്രത്യക്ഷപ്പെടുത്താമെന്നല്ലാതെ കോപംകൊണ്ടു ഒരു പ്രയോജനവുമില്ല; എടുത്തുചാട്ടമാണു് തന്റേടമില്ലാത്തതിന്റെ മറെറാരു ലക്ഷണം. ചിന്തിക്കാൻ ക്ഷമയില്ലാത്ത സ്വഭാവം. സഭയിൽ പലരുംകൂടി ഒരേസമയം സംസാരിക്കുക, ഒരാൾ സംസാരിക്കുമ്പോൾ ഇടക്കു് പാടിപ്പറയുക, ഒരാൾതന്നെ അവസാനമില്ലാതെ സംസാരിച്ചു് സമയം അപഹരിക്കുക, അനാവശ്യമായ വാശികാണിക്കുക, കാര്യംവിട്ടു തോന്നിയതെല്ലാം പറയുക, ഇതൊന്നും മര്യാദയല്ല.

ചിട്ടയും ചട്ടവും:—ജീവിതത്തിലെ പ്രയാസങ്ങളും പ്രശ്നങ്ങളും, ബഹളങ്ങളും കുഴപ്പങ്ങളും, ഭാരവും ബഹുലതയും ദിനംപ്രതി വർദ്ധിച്ചുവരികയാണു്. എല്ലാകാര്യത്തിലും ചിട്ടയുണ്ടായിരിക്കേണ്ടതു് അത്യാവശ്യമാകുന്നു. അലക്ഷ്യമായി ജീവിക്കുന്നതു് കീറുക്കിന്റെ ലക്ഷണമായി വിചാരിക്കപ്പെടും. പറഞ്ഞാൽ പറഞ്ഞതു്പോലെയിരിക്കണം, ഏററാൽ ഏററതായിരിക്കണം

നാലുമണി എന്നു നിശ്ചയിച്ചാൽ ഒരു നിമിഷംപോലും തെററരുത്, എന്നും മററും നാം ചിലപ്പോൾ പറയാറുണ്ടല്ലൊ. അതെല്ലാം ചിട്ടയുള്ള ജീവിതത്തിൻെറ ലക്ഷണമാണു്.

ശുചി:—അഴുക്കു എപ്പോഴും അപമര്യാദയാകുന്നു. അകത്തും പുറത്തും ശുചിയുള്ളവരായിരിക്കുന്നതാണു് ആവശ്യം.

അനാവശ്യമായും, കാര്യകാരണസഹിതമല്ലാതെയും വിമർശ്ശിക്കുക, കുററാരോപണം ചെയ്യുക, ദുഷിക്കുക, ഉത്തരംമുട്ടുമ്പോൾ ദുരുദ്ദേശം ആരോപിക്കുക, വ്യക്തിപരമായി ആക്ഷേപിക്കുക, ഒരു പ്രയോജനവും ഉദ്ദേശിക്കാതെ മററുള്ളവരുടെ കാര്യങ്ങളിൽ തലയിടുകയൊ നുഴഞ്ഞുകയറുകയൊ ചെയ്യുക, അവരവരുടെ യോഗ്യതയും, ഗുണവും കൊട്ടിഘോഷിക്കുക, ഇവയെല്ലാം വളരെ സാധാരണമായി കാണുന്ന ചില ദുസ്സ്വഭാവങ്ങളാണു്. എത്ര സംസാരിച്ചാലും തൃപ്തിവരാതെ സൊള്ളിക്കൊണ്ടിരിക്കുന്ന സ്വഭാവക്കാരിലാണു് ഈവക ദോഷങ്ങൾ അധികം കാണുന്നതു്. അവർ പറഞ്ഞുപറഞ്ഞു മൂക്കും; പഴുത്തു ചീയുന്നതു് അറിയുകയുമില്ല.

ഒരു ചട്ടത്തെയൊ നിയമത്തെയൊ മാനിക്കുന്നതു് മാത്രമല്ല മര്യാദയുടെ സാരം. മനുഷ്യനെയും മനുഷ്യത്വത്തെയും ബഹുമാനിക്കുന്നതാണു് മര്യാദ. നിയമങ്ങളും ചിട്ടകളും ആവശ്യവും നല്ലതുംതന്നെ. അവ ഇല്ലാ

ത്ത അവസരത്തിലും മററുള്ളവരുടെ സ്വാതന്ത്ര്യത്തെയൊ സൌകര്യത്തെയൊ അഭിമാനത്തെയൊ അവഗണിക്കാതിരിക്കുന്ന സ്വഭാവമാണ് മര്യാദ. തന്നോടു തന്നെയും മററുള്ളവരോടും ഉള്ള ഒരു ബഹുമാനമാണത്. മാനവും അഭിമാനവും ഉള്ളവൎക്കു മാത്രമെ മററുള്ളവരെ മാനിക്കുവാനും ബഹുമാനിക്കുവാനും തോന്നുകയുള്ളു.

## 10

## ജനാധിപത്യത്തിന്റെ ശത്രുക്കൾ

ജനാധിപത്യാദർശങ്ങൾക്കു വിരുദ്ധമായ ചില സിദ്ധാന്തങ്ങൾ അടുത്തകാലത്ത് പ്രചാരത്തിൽ വന്നിട്ടുണ്ട്. അവയുടെ പ്രധാന പ്രതിനിധികൾ മുസ്സൊലിനിയും, ഹിററ്ലരും, റഷ്യയിലെ വിപ്ലവനേതാക്കന്മാരുമാകുന്നു. പഴയകാലങ്ങളിലെ ജാതിവ്യവസ്ഥയും, ഏകഛത്രാധിപത്യവും, പുരോഹിത മതവും ജനാധിപത്യത്തിനു കടകവിരുദ്ധമായിരുന്നുവല്ലൊ. അവയെ തള്ളിക്കളഞ്ഞിട്ടാണ് ജനാധിപത്യം ലോകത്തിൽ വളൎന്നിട്ടുള്ളത്. ആ പഴയ വ്യവസ്ഥകളിലെ പ്രമാണങ്ങൾ പലതും ഇന്നത്തെ സർവ്വാധികാരികളും വർഗ്ഗീയ വാദികളും, കമ്മൂണിസ്റ്റ്കാരും ഉപയോഗിക്കുന്നുണ്ടു്. ജനാധിപത്യവും ഈ പുതിയ പ്രസ്ഥാനങ്ങളും തമ്മിലുള്ള മൌലികമായ വ്യത്യാസങ്ങൾ മനസ്സിലാക്കുന്നതു് നന്നായിരിക്കും:—

1. ജീവിതം ഒരു പോരാട്ടമാണ്. ബലവാന്മാർ ജയിക്കയും വദ്ധിക്കയും ചെയ്യും. ബലഹീനർ ക്ഷയിക്കും, അവർ ജീവിക്കുവാൻ യോഗ്യരല്ല. ഇതു് കാട്ടുമൃഗങ്ങളുടെ ഇടയിലെന്നപോലെ മനുഷ്യരുടെ ഇടയിലും പരമാൎത്ഥമാകുന്നു. അതുകൊണ്ടു് ലോകത്തിൽ എയ്യു്കാലത്തും മത്സരവും യുദ്ധവും ഉണ്ടായിരിക്കും. അങ്ങനെ മാത്രമെ മനുഷ്യനു് പുരോഗമിക്കുവാൻ സാധിക്കയുള്ളു. ഏററവും ബലവാനായവൻ ബലഹീനരെയെല്ലാം തോല്പിച്ചു് കീഴടക്കി ഭരിക്കുമ്പോൾ സമാധാനം സ്ഥാപിക്കപ്പെടും. ഇതാണു് സർവ്വാധികാരികളുടെ (Dictators) തത്വം.

ജനാധിപത്യം:— മനുഷ്യർ കാട്ടുമൃഗങ്ങളല്ല. കാട്ടിലെ പ്രമാണം നാട്ടിലേക്കു യോജിച്ചതല്ല. മനുഷ്യനു് ബുദ്ധിയുണ്ടു, സ്നേഹമുണ്ടു. ബുദ്ധിയുപയോഗിച്ചു് അന്യോന്യം ന്യായാന്യായങ്ങൾ പറഞ്ഞു് യോജിക്കാനും സഹകരിക്കാനും സമാധാനം പാലിക്കാനും മനുഷ്യർ ശ്രമിക്കണം. സ്നേഹത്താൽ കുററങ്ങളെയും കുറവുകളേയും പരസ്പരം പൊറുത്തും മറന്നും ഒരു കുടുംബമായി ജീവിക്കുവാൻ മനുഷ്യർ അഭ്യസിക്കണം. ബലപ്രയോഗത്തിൽ സത്യമൊ നീതിയൊ ഇല്ല. അതു് വെറും കാട്ടാളത്തമാണു്. അതു് ഒരു നശീകരണശക്തിയാണു്. സൃഷ്ടിപരമായി ഒന്നും ബലം കൊണ്ടു സാധിക്കയില്ല. ബലപ്രയോഗത്തെ കഴിയുന്നത്ര ഇല്ലാതെയാക്കുവാനായിരിക്കണം മനുഷ്യരുടെ പരിശ്രമം.

മത്സരം ആവശ്യമാണു്, പക്ഷെ അതു് വാളും തോക്കും കൊണ്ടുള്ള മത്സരമല്ല. ബുദ്ധിശക്തിയും സ്നേഹവും പ്രയോഗിച്ചു് മനുഷ്യരുടെ ഭിന്നതകളെയും കഷ്ടതകളെയും ജയിക്കാനുള്ള ഒരു പോരാട്ടമായിരിക്കണം. അതാണു് ശരിയായ പുരോഗമനമാർഗ്ഗം.

സർവ്വാധികാരികൾ:—ബലം എന്നു പറഞ്ഞതു് മനുഷ്യരുടെ ധനം, ശാസ്ത്രജ്ഞാനം, സംഘടന, സൈന്യശക്തി, യന്ത്രശക്തി, ധൈര്യം, എന്നിവയെ ആശ്രയിച്ചിരിക്കും. അതിൽ ആത്മികം ഒന്നുമില്ല. ആത്മികം മനുഷ്യരെ ഭീരുക്കളും ദുർബ്ബലരും ആക്കുന്ന ഒരുമയക്കുവിദ്യയാണു്. സത്യം, ധർമ്മം നീതി എന്നെല്ലാം പറയുന്നതു് രാഷ്ട്രത്തിന്റെ ശക്തി വർദ്ധിപ്പിക്കുവാൻ സഹായകമായതെല്ലാം തന്നെ. രാഷ്ട്രത്തിനെ ദുർബ്ബലമാക്കുന്നതെല്ലാം അസത്യവും, അധർമ്മവും, അനീതിയുമാകുന്നു. ആവശ്യവും സമയവുംപോലെ സത്യധർമ്മാദികൾ മാറുന്നതും മാററാവുന്നതുമാകുന്നു. ശാശ്വതമായ ഒരു ധർമ്മവും നീതിയുമില്ല.

ജനാധിപത്യം:— പ്രകൃതിനിയമങ്ങൾ അലംഘനീയങ്ങളായതുപോലെ മനുഷ്യജീവിതത്തിൽ ചില ധാർമ്മിക നീതികളുമുണ്ടു്. അവ സാർവ്വത്രികമാണു്, എല്ലാ മനുഷ്യരെയും ബാധിക്കുന്നു. അവയെ ലംഘിക്കുന്നതു് വിനാശകരമാണു്. അങ്ങനെയുള്ള നിത്യസത്യങ്ങളാണു് സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവ. എല്ലാ മനുഷ്യർക്കും സ്വാതന്ത്ര്യം വേണം.

മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു, സ്വതന്ത്രനായി ജീവിക്കുകയും വേണം. മനുഷ്യരെല്ലാം ജന്മനാ സമന്മാരാണു്. അവർ തമ്മിൽ ഉച്ചനീചത്വം ഇല്ല. എല്ലാ വിധത്തിലും അവർ സമത്വബുദ്ധിയോടുകൂടി ജീവിക്കേണ്ടവരാണു്. സൃഷ്ടിമുഴുവൻ അന്യോന്യം ആശ്രയിച്ചും, സഹകരിച്ചും, സഹായിച്ചും, സ്ഥിതിചെയ്യുന്നു. മനുഷ്യർ മനഃപൂർവ്വം പരസ്പരം സ്നേഹിച്ചു് ഒരു കുടുംബം പോലെയാകുവാൻ ശ്രമിക്കേണ്ടതാണു് അവരുടെ കർത്തവ്യം. ഈ പ്രമാണങ്ങളാണു് ജീവനം വളർച്ചക്കും ആധാരമായിരിക്കുന്നതു്. അതുകൊണ്ടു വ്യക്തികളും രാജ്യങ്ങളും ഈ ധർമ്മങ്ങളെ നിരന്തരം വളർത്തുവാനും ശക്തിപ്പെടുത്തുവാനും ശ്രമിക്കണം. മനുഷ്യൻ വെറും ജഡമയനല്ല. അവനിൽ ജീവനും ബുദ്ധിയും, സ്നേഹവും സത്യബോധവും, സൌന്ദര്യപ്രീതിയും, നന്മതിന്മകളെ വിവേചിക്കാനുള്ള കഴിവും മററു ആത്മിക പ്രചോദനകളും ഉണ്ടു്. അവയാണു് സുഖത്തിനും സമാധാനത്തിനും നിദാനം.

3. <u>സർവ്വാധികാരികൾ:</u>— മത്സരവും യുദ്ധവും നടക്കുമ്പോൾ ഒരുത്തൻ പ്രമാണിയായി പ്രത്യക്ഷപ്പെടും. അവനെ എല്ലാവരും ഭയപ്പെടുകയും അനുസരിക്കയും ചെയ്യും. അവൻ രാഷ്ട്രത്തിന്റെ അനിഷേദ്ധ്യ നേതാവാണു്. രാഷ്ട്രത്തിന്റെ ശക്തിയും. അധികാരവും അവനിൽ കേന്ദ്രീകരിക്കും. അവനാണു് സർ

ൎവ്വാധികാരി. അവൻ കല്പിക്കുന്നതു് സത്യവും ധൎമ്മവു മായിരിക്കും.

ജനാധിപത്യം:— പരമാധികാരം ജനങ്ങളിലാ ണു്. രാഷ്ട്രം എന്നു് പറയുന്നതു് ജനങ്ങളാണു്. ഈ പരമാധികാരത്തെ വെറെ ആൎക്കും കൊടുക്കുവാനൊ എടുക്കുവാനൊ പാടുള്ളതല്ല. ഗവൎമ്മെണ്ടും ഉദ്യോഗസ്ഥ ന്മാരും ജനങ്ങളുടെ വേലക്കാരണു്; ജനങ്ങളെ അനു സരിക്കയും ശുശ്രൂഷിക്കയും ചെയ്യുവാനുള്ളവരാണു്. അതുകൊണ്ടു് ജനഹിതത്തെ കവിഞ്ഞു ഒരാൾക്കും അ ധികാരമില്ല. ജനങ്ങളുടെ അധികാരം അവർ തിരഞ്ഞെ ടുക്കുന്ന പ്രതിനിധികൾ അവർ പാസ്സാക്കുന്ന നിയമ ങ്ങൾ അനുസരിച്ചു് അവരുടെ ക്ഷേമത്തിന്നായി നട ത്തണം.

4. സൎവ്വാധികാരികൾ:—സമത്വം ഒരിടത്തും ഇല്ല. ചിലർ ബുദ്ധിമാന്മാരും, ബലവാന്മാരും പരാ ക്രമികളും ആയിരിക്കും. ചിലൎക്കു ഈ കഴിവുകൾ ഉണ്ടായിരിക്കയില്ല. ചില വൎഗ്ഗങ്ങളും, രാജ്യക്കാരും, ബുദ്ധിയും പരാക്രമവും ഉള്ളവരും ചിലർ ഇല്ലാത്തവരും ആയിരിക്കും. അതു് കുലമാഹാത്മ്യം അഥവാ വൎഗ്ഗവി ശേഷം ആശ്രയിച്ചിരിക്കും. വ്യക്തിയായാലും രാഷ്ട്രമാ യാലും ബലവാൻ ഭരിക്കണം, മററുള്ളവർ അനുസരി ക്കണം. ജൎമ്മനിയിലുള്ള ആൎയ്യവൎഗ്ഗക്കാരുടെ വിഭാഗമാ ണു് ലോകത്തിലെ ഏററവും ശ്രേഷ്ഠന്മാരായ മനുഷ്യർ.

അവർ ലോകം മുഴുവൻ കീഴടക്കി ഭരിക്കണം. അവർ ഒരു രാഷ്ട്രമായി സംഘടിച്ച് അവരുടെ പരമാധികാരം ലോകം മുഴുവൻ സ്ഥാപിക്കണം,

ജനാധിപത്യം:—വ്യക്തികളൊ, വർഗ്ഗങ്ങളൊ, ജാതികളൊ, രാഷ്ട്രങ്ങളൊ ഉച്ചനീചത്വം ഉള്ളവരല്ല. എല്ലാവരും സമന്മാരായി പരസ്പരം ബഹുമാനിക്കണം. ഒരാളും മററൊരാളെ ഭരിക്കുവാൻ യോഗ്യനല്ല. ഒരു രാഷ്ട്രത്തിനും മററു രാഷ്ട്രങ്ങളുടെ മേൽ്യ അധികാരമില്ല. ഒരു വർഗ്ഗത്തിനും ഒരു ജാതിക്കും മററു മനുഷ്യരെക്കാൾ ശ്രേഷ്ഠതയില്ല. മനുഷ്യർ രാഷ്ട്രങ്ങളായി സംഘടിച്ച് സ്വയം ഭരിക്കണം. രാഷ്ട്രങ്ങൾ തമ്മിൽ സഹകരിക്കണം. അങ്ങനെ ലോകം ഒരൊററ രാഷ്ട്രംപോലെയാവണം. അത് ഭരിക്കുന്നത് ലോകത്തിലെ ജനങ്ങളെല്ലാവരും കൂടിയായിരിക്കണം. അക്രമത്തിനും ബലപ്രയോഗത്തിനും യുദ്ധത്തിനും പ്രസക്തിയില്ലാതാകണം.

5. സർവ്വാധികാരികൾ:—രാഷ്ട്രമാണ് സർവ്വ പ്രധാനം. വ്യക്തികൾ രാഷ്ട്രത്തിനുവേണ്ടി ജീവിക്കുന്നു. രാഷ്ട്രത്തിനുവേണ്ടി മരിക്കുവാനും അവർ ഒരുങ്ങിയിരിക്കണം. രാഷ്ട്രത്തിന് ആവശ്യമില്ലെങ്കിൽ വ്യക്തികൾക്ക് ജീവിക്കുവാൻ അവകാശമില്ല. രാഷ്ട്രത്തിൻെറ നന്മക്കായി എന്തും ചെയ്യുവാനും സഹിക്കുവാനും വ്യക്തികൾ തയ്യാറായിരിക്കണം. രാഷ്ട്രത്തിന്നെതിരായി

സ്വന്തം അഭിപ്രായം പരിപാലിക്കുവാൻ വ്യക്തിക്കവകാശമില്ല. രാഷ്ട്രം ആവശ്യപ്പെടുന്നതു് നല്ലതായാലും ചീത്തയായാലും ചോദ്യം ചെയ്യുവാൻ വ്യക്തിക്കു് അധികാരമില്ല. പല രാഷ്ട്രീയ കക്ഷികൾക്കു് പ്രസക്തിയില്ല. ഒരു ജനം, ഒരുകക്ഷി, ഒരു പരിപാടി, ഒരഭിപ്രായം. അതിനു് വണങ്ങാത്തവർ രാഷ്ട്രത്തിൻെറ ശത്രുക്കളാകുന്നു.

ജനാധിപത്യം:—ഓരോ മനുഷ്യനും അമൂല്യമായ ഒരു ജീവിയാണു്. അവൻെറ മഹത്വം എത്രയുണ്ടെന്നു് ആൎക്കും അറിഞ്ഞുകൂടാ. അവനെ നശിപ്പിക്കുവാൻ ആൎക്കും അവകാശമില്ല. അവൻെറ അഭിപ്രായസ്വാതന്ത്ര്യം തടഞ്ഞുകൂടാ. അവൻെറ മനസ്സാക്ഷി അനുസരിച്ചു് ജീവിക്കുവാൻ അവനു് സ്വാതന്ത്ര്യം വേണം. ഇങ്ങനെ ഏററവും അധികം വ്യക്തികൾക്കു ഏററവും അധികം സ്വാതന്ത്ര്യം ഉണ്ടാകുന്നതിനു് വ്യക്തികൾ ഒരുക്കൂട്ടമായി ചേരുന്നതാണു് രാഷ്ട്രം. അല്ലാതെ രാഷ്ട്രം എന്നൊരു സത്വം ഇല്ല. വ്യക്തികളുടെ നന്മക്കായി വ്യക്തികൾ യോജിച്ചു് ഏർപ്പെടുത്തുന്ന ഒരു സങ്കല്പശക്തിയാണു് രാഷ്ട്രം. രാഷ്ട്രം വ്യക്തികളുടെ നന്മക്കാണു്, അല്ലാതെ വ്യക്തികൾ രാഷ്ട്രത്തിനു് വേണ്ടിയുള്ളവരല്ല. മററുവ്യക്തികളെ ഉപദ്രവിക്കാത്ത കാലത്തോളം സ്വതന്ത്രനായി ജീവിക്കുവാൻ ഓരോ വ്യക്തിക്കും അവകാശമുണ്ടു്. ഈ അവകാശത്തെ രാഷ്ട്രം ബഹുമാനിക്കണം. മനുഷ്യരുടെ ശാരീ

രികവും മാനസികവുമായ രക്ഷയും വളർച്ചയുമാണു് എല്ലാ ഏർപ്പാടുകളുടെയും ആന്തരാർത്ഥം.

6. കമ്മ്യൂണിസം:—ജീവിതം ഒരു മത്സരം തന്നെ. പക്ഷെ മത്സരം വ്യക്തിയും രാഷ്ട്രവും തമ്മിലൊ, രാഷ്ട്രവും രാഷ്ട്രവും തമ്മിലൊ അല്ല, മുതലാളിയും തൊഴിലാളിയും, ഉള്ളവനും ഇല്ലാത്തവനും തമ്മിലാണു്. ഈ മത്സരം ഏതു് രാജ്യത്തിലും ഉണ്ടായിരിക്കും. ഈ കക്ഷികളിൽ തൊഴിലാളി പൂർണ്ണമായി ജയിച്ചു് മുതലാളി എന്നൊരു വർഗ്ഗം ഇല്ലാതെയാകണം. തൊഴിലാളിരാഷ്ട്രം സ്ഥാപിക്കുന്നതിന് ഒരു വിപ്ലവം ആവശ്യമാണു്. മുതലാളിമാരെ ബലം പ്രയോഗിച്ചു് നശിപ്പിക്കണം. വിപ്ലവം പൂർണ്ണമാകുന്നതു് വരെ തൊഴിലാളി നേതാവ് സർവ്വാധികാരിയായിരിക്കും. വ്യക്തിക്കൊ വ്യക്തിയുടെ അഭിപ്രായത്തിനൊ പ്രാധാന്യമില്ല. തൊഴിലാളികക്ഷി പറയുന്നതു് എതിരില്ലാതെ എല്ലാവരും അനുസരിക്കണം. ഇങ്ങനെ തൊഴിലാളിയുടെ ആധിപത്യം പൂർണ്ണമാകുന്നതു് വരെ വ്യക്തിസ്വാതന്ത്ര്യം ഇല്ല. സർവ്വാധികാരി ഭരിക്കും. പൂർണ്ണമായാൽ ജനായത്ത തത്വങ്ങൾ അനുസരിച്ചു് ജനങ്ങൾ ഭരിക്കുവാൻ തുടങ്ങും. ഈ തത്വങ്ങൾ ലോകം മുഴുവൻ പ്രചരിപ്പിക്കേണ്ടതു് ആവശ്യമാകുന്നു.

ജനാധിപത്യം:—സാമ്പത്തികനീതി ആവശ്യമെന്നു സമ്മതിക്കുന്നു. മുതലാളി തൊഴിലാളി വ്യവസ്ഥയും മാറണം. എല്ലാവർക്കും അത്യാവശ്യമായ സാമ്പത്തിക

സൌകൎയ്യം ഉണ്ടായിരിക്കണം. പക്ഷെ വിപ്ളവം കൂടാതെ അതു് സാധിക്കാം. ബലം പ്രയോഗിച്ചു് മുതലാളിയെ നശിപ്പിക്കേണ്ടതില്ല. മുതലാളിയും തൊഴിലാളിയും മനുഷ്യർ തന്നെയാണല്ലൊ. സാമ്പത്തിക വ്യവസ്ഥകൾ മാററിയാൽമതി. വിപ്ളവം കൂടാതെ ദാരിദ്ര്യം ഉന്മൂലനം ചെയ്യുവാൻ സാധിക്കും. യുദ്ധം ചെയ്തു് അന്യോന്യം കൊന്നൊടുക്കി കാൎയ്യം നേടണമെന്നു് വിചാരിക്കുന്നതു് ഏതു് വിധവും നീതീകരിക്കാവുന്നതല്ല. അതു് മനുഷ്യരെ ഒട്ടാകെ ദുഷ്ടന്മാരാക്കും. അവരുടെ മനുഷ്യത്വം നഷ്ടമാകും. തൊഴിലാളിയും മുതലാളിയും ഒരുപോലെ കാട്ടാളന്മാരാവും. ചിലപ്പോൾ യുദ്ധം അനിവാൎയ്യമായിത്തീൎന്നേക്കാം. എന്നാലും അതു് ന്യായമാണു്, ശരിയാണു്, നല്ലതാണു് എന്നു് വാദിച്ചുകൂടാ. യുദ്ധവും ബലപ്രയോഗവും അക്രമവും എപ്പോഴും ദോഷമാണെന്നുതന്നെ ഉറപ്പിക്കണം. എന്നിട്ടു് ഹിംസാത്മകമല്ലാത്ത വഴിയിൽകൂടി സാമ്പത്തിക നീതിയും സമാധാനവും കൈവരുത്തണം. എത്രനല്ല വ്യവസ്ഥയായാലും ഒരാൾക്കൊ ഒരു തലമുറക്കൊ അതു് സ്ഥാപിക്കാവുന്നതല്ല. അതു് ക്രമേണ വളൎന്നു പൂൎത്തിയാകേണ്ടതാകുന്നു. മനുഷ്യരുടെ സ്വഭാവം ദുഷിച്ചാൽ തുടൎന്നുകൊണ്ടുള്ള വളൎച്ച അസാദ്ധ്യമായിത്തീരും. സകല വ്യവസ്ഥകളെയും അവർ ദുഷിപ്പിക്കും. മനുഷ്യരെ അധഃപതിപ്പിക്കുന്ന യാതൊന്നും നല്ലതാണെന്നു പറഞ്ഞുകൂടാ. മനുഷ്യസ്വഭാവം കെട്ടുപോയാൽ തൊഴിലാളികൾ തമ്മിൽ തമ്മിൽ കലഹിച്ചു് നശിക്കും.

ധനവും വ്യവസ്ഥയും മനുഷ്യന്റെ സൃഷ്ടിയാണു്. മനുഷ്യർ നന്നായാൽ അവകൾ എല്ലാം നന്നാക്കുവാൻ സാധിക്കും. അതുകൊണ്ടു് മനുഷ്യത്വത്തെ ബഹുമാനിച്ചു് മനുഷ്യനെ ഉയർത്തുവാനും നന്നാക്കുവാനും വേണ്ടതെല്ലാം സമാധാനപരമായി ചെയ്യുന്നതാണു് ഉത്തമമാർഗ്ഗം. അധികം താമസിയാതെ എല്ലാവരുടെയും സമ്മതത്തോടുകൂടി സാമ്പത്തിക സമീകരണം സാദ്ധ്യമായിത്തീരും. ബലപ്രയോഗത്തെ ഉപേക്ഷിക്കുക; മനുഷ്യത്വത്തെ ബഹുമാനിക്കുക; നമുക്കു ഒരുമിച്ചിരുന്നു് ആലോചിച്ചു് കാര്യം ശരിപ്പെടുത്താം. വ്യക്തികൾ ഓരോന്നായി മരിച്ചൊടുങ്ങും. മനുഷ്യസമുദായവും അവരുടെ സമാധാനത്തിനു് ആധാരമായ സത്യം, സ്വാതന്ത്ര്യം, സാഹോദര്യം മുതലായ ധർമ്മനീതികളും ശാശ്വതങ്ങളാണു്. അവയെ ദൂഷിപ്പിക്കരുതു്. വെറും സാമ്പത്തികവും ഭൌതികവുമായ പ്രമാണങ്ങൾ പരമപ്രധാനമായി വിചാരിക്കരുതു്. മനുഷ്യൻ ഒരു മണ്ണാങ്കട്ടയോ ഒരു യന്ത്രമോ അല്ലല്ലോ. അവനിൽ ധർമ്മചിന്തകളും ആത്മിക ശക്തികളും ഉണ്ടു്. അവയാണു് പരമപ്രധാനമായിട്ടുള്ളവ. അവയെ ശക്തിപ്പെടുത്തിയാൽ ലോകത്തിൽ സമാധാനവും സുഖവും സാദ്ധ്യമായിത്തീരും.

## 11

## നാം എവിടെ എത്തിയിരിക്കുന്നു

ഇന്നത്തെ സ്വതന്ത്ര ലോകത്തിനു് അഥവാ ജനാധിപത്യത്തിനു് അഭിമുഖീകരിക്കുവാനുള്ള പ്രശ്നങ്ങളുടെ

സ്വഭാവം ശരിയായി മനസ്സിലാക്കുന്നതിന് ലോകത്തിൻെറ ഇന്നത്തെ പൊതുവിലുള്ള നില എന്താണെന്നും ഇന്ത്യയുടെ പ്രത്യേക പരിതസ്ഥിതി എന്താണെന്നും ഒന്നോടിച്ചു നോക്കുന്നതു് വളരെ ആവശ്യമാണു്. അതാണു് ഈ അദ്ധ്യായത്തിൽ ഉദ്ദേശിച്ചിട്ടുള്ളതു്. ഭാരതത്തിൻെറയും യൂറോപ്പിൻെറയും ആധുനികസംസ്കാരം ഒരേവിധത്തിൽ ആരംഭിച്ചു്, ഏറെക്കുറെ ഒരേ വിധത്തിലുള്ള അനുഭവങ്ങളിൽക്കൂടി രണ്ടു വഴിയായി സഞ്ചരിച്ചു് രണ്ടു ദുർഘടസന്ധികളിൽ എത്തിയിട്ടുള്ളതായി കാണുമാൻ സാധിക്കും. ഈ പ്രയാണത്തെ ചില പ്രധാന ഘട്ടങ്ങളുമായി പരിശോധിക്കുന്നതു സൌകര്യമായിരിക്കും.

I

സംസ്കാരികമായി ചിന്തിക്കുന്നതായാൽ ഭാരതത്തിൻെറ ആധുനികകാലം ബുദ്ധനോടുകൂടിയും യൂറോപ്പിലെ ആധുനികകാലം ക്രിസ്തുവിനോടുകൂടിയും ആരംഭിച്ചു എന്നു വിചാരിക്കാം. ഭാരതസംസ്കാരത്തിൻെറ ഏററവും പ്രഭാവസമൃദ്ധമായ ഘട്ടം ബുദ്ധധർമ്മം പ്രചരിച്ചിരുന്ന ശതാബ്ദങ്ങളിലായിരുന്നു.

ക്രിസ്തുധർമ്മം ശക്തിയായി പുരോഗമിച്ചിരുന്ന നൂററാണ്ടുകളിലായിരുന്നു ക്രൈസ്തവസംസ്കാരത്തിൻെറ ഏററവും ഉജ്ജ്വലമായകാലം.

II

ബുദ്ധധർമ്മം പ്രചാരം കുറഞ്ഞതോടുകൂടി പുരോഹിത ജാതിയുടെ മേധാവിത്വം തുടങ്ങുകയും, ജനങ്ങ

ളുടെ ആത്മീയദർശനവും സ്വാതന്ത്ര്യവും നഷ്ടപ്പെട്ട് അവർ പുരോഹിതനും ജാതിക്കും അടിമപ്പെട്ടുകയും ചെയ്തു.

യൂറോപ്പിൽ ക്രിസ്തുധമ്മം ക്ഷയിച്ചപ്പോൾ ക്രൈസ്തവ പുരോഹിതവർഗ്ഗം ജനങ്ങളുടെ പരമാധികാരികളായിത്തീൻ ജനങ്ങൾ ആത്മികബോധമില്ലാത്തവരായി അന്ധവിശ്വാസങ്ങളിൽ മുഴകി പുരോഹിതന്മാൎക്ക അടിമപ്പെട്ടു.

III

മുസ്ലീങ്ങൾ ഭാരതത്തെ ആക്രമിച്ച് കീഴടക്കി അധഃപ്പതിച്ച ഹിന്ദുജനങ്ങളെ നല്ലൊരുപാഠം പഠിപ്പിച്ചു.

യൂറോപ്യൻ രാജ്യങ്ങളിലും മുസ്ലീങ്ങൾ കയറിച്ചെന്നു് അധഃപതിച്ച കൃസ്ത്യാനികൾക്കു് നല്ല പ്രഹരം കൊടുത്തു.

IV

മുസ്ലീം മേധാവിത്വകാലത്തു് ഭാരതത്തിലെ പുരോഹിതജാതിയും രാജാക്കന്മാരും ഒരു കൂട്ടുകെട്ടായി നിന്നു ജനങ്ങളുടെ മേലുള്ള അവരുടെ അധികാരത്തെ പൂർവ്വാധികം ശക്തിപ്പെടുത്തുകയും ഹൈന്ദവജനത ദിനം തോറും ലൌകികമായും ആത്മികമായും ക്ഷയിച്ചു്, ധമ്മബോധം ഇല്ലാത്തവരായി, രാജ്യത്തിൻെറ എല്ലാ മഹത്വവും നഷ്ടപ്പെടുത്തുകയും ചെയ്തു.

യൂറോപ്പിലെ പുരോഹിതവർഗ്ഗവും രാജാക്കന്മാരും ഒരു കൂട്ടുകെട്ടായി നിന്നു് മുസ്ലീമങ്ങളെ ഓടിച്ചുവെങ്കിലും ജനങ്ങൾ പൂർവ്വാധികം അടിമത്വത്തിൽ താഴ്ത്തപ്പെട്ടു. ഭാരതത്തിലും യൂറോപ്പിലും പുരോഹിതമതം മനുഷ്യത്വത്തെ നശിപ്പിക്കുന്ന ഒരു മയക്കു് വിദ്യയായിത്തീൎന്നു.

## V

യൂറോപ്പിൽ അത്ഭുതാവഹമായ ഒരു ആത്മീക ഉണർവ്വു് ഉണ്ടാകയും (Reformation) ജനങ്ങൾ പുരോഹിതമേധാവിത്വത്തിന്നെതിരായി വ്യക്തികളായും സംഘടിച്ചും പ്രവത്തിക്കയും അനേകായിരംപേർ അവരുടെ ജീവനെ ആത്മീക സ്വാതന്ത്ര്യത്തിനുവേണ്ടി ബലികഴിക്കുകയും അവസാനം പുരോഹിതമതനുകത്തിൽ നിന്നു് സ്വതന്ത്രരാകയും ചെയ്തു.

ഇന്ത്യയിൽ അവിടവിടെ ഒരു പുതിയ ആത്മീകദാഹം പ്രത്യക്ഷപ്പെടുകയും ചില പുതിയ മതപ്രസ്ഥാനങ്ങൾ ആരംഭിക്കപ്പെടുകയു ചെയ്തു. എങ്കിലും ജനങ്ങളുടെ അന്ധവിശ്വാസ പൂർണ്ണമായ ജീവിതത്തിൽ വലിയ മാററമൊന്നും ഉണ്ടായില്ല.

## VI

ആത്മീക വിപ്ളവത്തിനുശേഷം യൂറോപ്പിൽ സാമ്പത്തിക സമൃദ്ധിയും ശാസ്ത്രജ്ഞാനവും വർദ്ധിച്ചു. ഒരു സാമ്പത്തിക വിപ്ളവം ഉണ്ടായി. (Industnal Revolution) മുതലാളിവർഗ്ഗം പ്രബലപ്പെട്ടുതുടങ്ങി.

രാജാക്കന്മാരുടെ സ്വേച്ഛാധികാരവും സൈനികശക്തിയും, അക്രമണാസക്തിയും അധികരിച്ചു. അവർ പുതിയ രാജ്യങ്ങൾ കണ്ടുപിടിക്കുവാനും ആക്രമിച്ച് കീഴടക്കുവാനും തുടങ്ങി. ക്രൈസ്തവധർമ്മം രാഷ്ട്രീയരംഗത്തിൽ നിന്ന് തിരോധാനം ചെയ്തു. ധനത്തിന്നും ഭൂമിക്കും അധികാരത്തിന്നും വേണ്ടി രാജാക്കന്മാരും പ്രഭുക്കന്മാരും എന്ത് അനീതിയും പ്രവർത്തിക്കുവാൻ മടിയില്ലാത്തവരായി. അടിമവ്യാപാരം തകൃതിയായി നടന്നുകൊണ്ടിരുന്നു. മദ്യപാനവും മററു അധാർമ്മികസ്വഭാവങ്ങളും എവിടെയും വ്യാപിച്ചു. രാജ്യങ്ങൾ തമ്മിൽ എപ്പോഴും മത്സരവും യുദ്ധങ്ങളും നടന്നുകൊണ്ടിരുന്നു. പൌരസ്ത്യ രാജ്യങ്ങൾ പാശ്ചാത്യരുടെ ആയുധബലത്തിന്ന് കീഴടങ്ങുവാൻ തുടങ്ങി. യൂറോപ്യന്മാർ ലോകത്തിൽ ഒരു യജമാന വർഗ്ഗമായിത്തീർന്നു.

ഇംഗ്ലീഷുകാരുടെ ഭരണകാലത്ത് ഇന്ത്യയിൽ ശാന്തമായ ഒരു സാംസ്കാരിക വിപ്ളവം സാധിക്കപ്പെട്ടു. പുരോഹിതജാതിയുടെയും രാജാക്കന്മാരുടെയും ശക്തി ക്ഷയിച്ചു. വിദ്യയും ശാസ്ത്രീയജ്ഞാനവും വർദ്ധിച്ചു. സാധാരണ ജനങ്ങൾ അവരുടെ മാനസികമായ ആലസ്യത്തിൽനിന്നു ഉണർന്നു. അടിമവ്യാപാരം മുതലായ ക്രൂരസമ്പ്രദായങ്ങളും നരബലി മുതലായ അന്ധവിശ്വാസങ്ങളും നിർത്തലായി. രാജ്യമൊട്ടാകെ ഒരു രാഷ്ട്രീയ പ്രബുദ്ധതയുണ്ടായി. ജനാധിപത്യ സിദ്ധാന്തങ്ങളെപ്പററി ജനങ്ങൾ ചിന്തിച്ചുതുടങ്ങി. ഒരു പുതിയ ആത്മീയ പ്രചോദനവും പ്രത്യക്ഷപ്പെട്ടു. സ്വാതന്ത്

ന്ത്ര്യദാഹം വർദ്ധിച്ചു. ഭയങ്കരമായ ദാരിദ്ര്യവും, രോഗവും, ക്ഷാമവും, അനേകകോടി ജനങ്ങളുടെ മരണവും വിലയായി കൊടുത്തശേഷം, ഇന്ത്യയിലെ ജനത ഒരു പുതിയ ലക്ഷ്യത്തെ കാണ്മാൻ തുടങ്ങി. പഴയതിനെ ഉപേക്ഷിക്കുവാൻ തന്നെ അവരുടെ നേതാക്കന്മാർ തീർച്ചയാക്കി.

## VII

ഘോരമായ ഒരു രാഷ്ട്രീയ വിപ്ളവം (Revolution) ഫ്രാൻസിൽ പൊട്ടിപ്പുറപ്പെട്ടു. രാജവാഴ്ച നിർദ്ദയം നശിപ്പിക്കപ്പെട്ടു. ജനാധിപത്യയുഗം ആരംഭിക്കയും അതിൻെറ മുദ്രാവാക്യമായ "സ്വാതന്ത്ര്യം സമത്വം സാഹോദര്യം" ജനങ്ങളുടെ ചിന്തയിൽ സ്ഥിരപ്രതിഷ്ഠമാകയും ചെയ്തു. ജനാധിപത്യ പ്രക്ഷോഭണം മററു രാജ്യങ്ങളിലേക്കും പ്രചരിച്ചു. യൂറോപ്പിലെ മിക്ക രാജ്യങ്ങളിലും രാജാക്കന്മാരുടെ സ്വേച്ഛാധികാരം അവസാനിച്ചു. പക്ഷെ ജനങ്ങളെ അടിമപ്പെടുത്തുവാൻ ഒരു മുതലാളിവർഗ്ഗം വളൎന്നുവന്നു. ജീവിതം ഒരു നിരന്തര മത്സരമായിത്തീൎന്നു. യുദ്ധങ്ങൾ ദൈനംദിനസംഭവങ്ങളായി. പുരോഹിതമതവും മുതലാളിമാരും സഹകരിച്ച് ജനങ്ങളുടെമേൽ വഹിക്കുവാനാവാത്ത ഒരു സാമ്പത്തിക മേധാവിത്വം ഉറപ്പിക്കുവാൻ ശ്രമം നടന്നുകൊണ്ടിരുന്നു. ഒരു ലോകമഹായുദ്ധം തുടങ്ങുകയും അതിനെത്തുടൎന്നു മറെറാരു ഭയങ്കര രാഷ്ട്രീയ വിപ്ളവം യൂറോപ്പിൽ പൊട്ടിപ്പുറപ്പെടുകയും ചെയ്തു.

ഈ വിപ്ളവത്തെയാണു് സർവ്വാധികാരിവാഴ്ച എന്നും കമ്മ്യൂണിസം എന്നും പറയുന്നതു്.

ഇന്ത്യയിൽ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ഒരു പുതിയ ജീവൻ പ്രത്യക്ഷപ്പെടുകയും, ഇംഗ്ലീഷുകാരുടെ വാഴ്ച അസാദ്ധ്യമായിത്തീരുകയും, ഇന്ത്യ സ്വാതന്ത്ര്യയാകയും ഒരു ജനാധിപത്യഭരണം ആരംഭിക്കപ്പെടുകയും ചെയ്തു.

ലോകം ഒട്ടാകെ ഒരു പുതിയ ജനാധിപത്യ യുഗത്തിലേക്കു് പ്രവേശിച്ചുകൊണ്ടിരിക്കുന്നു. മുൻകാലങ്ങളിൽ സ്വപ്നത്തിൽപോലും വിചാരിക്കാത്ത അത്ഭുതശക്തികളും ലൌകിക ക്ഷേമത്തിനു് ആവശ്യമായ വലിയ സാദ്ധ്യതകളും മനുഷ്യർ കൈവശപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഒരു ധാർമ്മികമായ പുനരുത്ഥാനം ഉണ്ടാകാത്തപക്ഷം മനുഷ്യവർഗ്ഗത്തിന്റെ സാർവ്വത്രികമായ നാശം അനിവാര്യമാണെന്നു് ലോകം മനസ്സിലാക്കിത്തുടങ്ങിയിട്ടുണ്ടു്.

## VIII

പാശ്ചാത്യ ജനാധിപത്യത്തെ ഭയപ്പെടുത്തുന്ന സംഭവഗതികൾ എന്തെന്നും ഇന്ത്യയിൽ ജനാധിപത്യശിശുവിനെ ശ്വാസംമുട്ടിക്കുന്ന പ്രയാസങ്ങൾ എന്തെന്നും ചുരുക്കിപ്പറയാം.

പാശ്ചാത്യരാജ്യങ്ങളിൽ (1) മുതലാളിത്തം ഭയങ്കരമായിത്തീരുന്നു. (2) പുരോഹിതമതം ഇപ്പോഴും അനേ

MANGANAM

കടകോടി ജനങ്ങളുടെ വിശ്വാസത്തെ ഭരിക്കുന്നു. (3) ആത്മികജീവനും ധാർമ്മിക ബോധവും ദിനംതോറും ക്ഷയിക്കുന്നു. (4) ജഡമോഹങ്ങളും ഭൗതികതൃഷ്ണയും മനുഷ്യരെ അടിമപ്പെടുത്തുന്നു. (5) മത്സരങ്ങളും സംഹാരശക്തിയും മൂർദ്ധന്യത്തിൽ എത്തിയിരിക്കുന്നു.

ഇന്ത്യയിൽ, (1) ജാതിചിന്ത നശിച്ചിട്ടില്ല. (2) പുരോഹിതമതം വീണ്ടും തല പൊക്കുവാൻ ശ്രമിക്കുന്നു. (3) മുതലാളിത്തവും ദാരിദ്ര്യവും വളരുന്നു. (4) മത്സരത്തിൻെറയും യുദ്ധത്തിൻെറയും സന്നാഹങ്ങൾ ഇവിടെയും ആരംഭിച്ചിരിക്കുന്നു. (5) ഭൗതികചിന്തയും അഴിമതികളും പ്രബലപ്പെടുന്നു. (6) കമ്മ്യൂണിസം മുതലായ വിദേശീയ പരിപാടികൾ പ്രചരിക്കുന്നു.

## IX

ഈ പരിതസ്ഥിതിയിൽ ലോകപ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിന് മൂന്നു പ്രധാന പരിപാടികൾ ലോകസമക്ഷം സമർപ്പിക്കപ്പെട്ടിട്ടുണ്ട്. (1) കമ്മ്യൂണിസം. (2) പാശ്ചാത്യ ജനാധിപത്യം. (3) ഗാന്ധിജനാധിപത്യം.

### കമ്മ്യൂണിസപരിപാടി

1. രാഷ്ട്രീയ വിപ്ളവംമൂലം തൊഴിലാളികൾ അധികാരത്തിൽ വരണം.

(2) ഒരു സർവ്വാധികാരി വാഴ്ച ഏർപ്പെടുത്തണം.

(3) മുതലാളിവർഗ്ഗത്തെ ഇല്ലാതെയാക്കി ഒരു സാമ്പത്തിക വിപ്ളവം വരുത്തണം.

(4) മതത്തെ ധ്വംസനം ചെയ്യണം.

(5) യുദ്ധം ചെയ്തു് ലോകംമുഴുവൻ തൊഴിലാളിയുടെ ആധിപത്യം സ്ഥാപിക്കണം.

<u>പാശ്ചാത്യ ജനാധിപത്യപരിപാടി.</u>

(1) വിപ്ലവം വേണ്ടാ. എല്ലാ രാഷ്ട്രങ്ങളും അവരവരുടെ സൈനികശക്തി വർദ്ധിപ്പിച്ചു് ശത്രുഭയം നീക്കണം.

(2) സർവ്വാധികാരികളെ ഒരിക്കലും അംഗീകരിച്ചുകൂടാ. ജനാധിപത്യ രാഷ്ട്രങ്ങൾ സൈനിക സഖ്യങ്ങൾ മൂലം കമ്മൂണിസത്തെ തടയണം.

(3) മുതലാളിത്തത്തെ നശിപ്പിക്കേണ്ട. സാമ്പത്തിക സഹായംമൂലം അവികസിത രാജ്യങ്ങളെ ഉയർത്തിയാൽ മതി.

(4) മതത്തെ നശിപ്പിക്കേണ്ട. മതേതര രാഷ്ട്രങ്ങൾ മനുഷ്യരുടെ ലൌകികാഭിവൃദ്ധിക്കായി പ്രവർത്തിച്ചാൽ മതി.

(5) രാഷ്ട്രങ്ങൾ യോജിച്ചു് ഒരു ലോകസംഘടന ഏർപ്പെടുത്തി ജനാധിപത്യ സ്വാതന്ത്ര്യത്തെയും സമാധാനത്തെയും പരിപാലിക്കണം.

## ഗാന്ധി ജനാധിപത്യപരിപാടി.

1. ഒരു ആത്മീക വിപ്ലവമാണ് ലോകത്തിൽ ആവശ്യമായിരിക്കുന്നതു്. മനുഷ്യർ അത്യധികം അധ:പതിച്ചിരിക്കുന്നു. മനുഷ്യരുടെ ജീവിത മൂല്യങ്ങളിലും ലക്ഷ്യങ്ങളിലും ഒരു സമൂലപരിവർത്തനം കൂടിയെതീരു. മനുഷ്യരുടെ രക്ഷക്ക് ആവശ്യമായിരിക്കുന്നതു് അതാണ്. ഇന്നത്തെ ലോകത്തിൻെറ ചിന്താഗതി വെറും മൃഗീയവും ലൌകികവുമായിരിക്കുന്നതിനാലാണ് എല്ലാ ധാർമ്മിക മൂല്യങ്ങളും നശിച്ചുകൊണ്ടിരിക്കുന്നതു്. മനുഷ്യരുടെ ചിന്തയിൽ ഒരു വിപ്ലവം ഉണ്ടാവണം. ബുദ്ധൻെറയും ക്രിസ്തുവിൻെറയും ധർമ്മോപദേശങ്ങൾ വ്യക്തികളുടെയും രാഷ്ട്രങ്ങളുടെയും ജീവിതത്തിൽ പ്രതിഷ്ഠിക്കപ്പെടണം.

ഉപദേശം കൊണ്ടു കാര്യമില്ല.

2. പൌരസാഹോദര്യമാണ് ഒരു രാഷ്ട്രത്തിൻെറ ജീവൻ. ബലപ്രയോഗത്താലുള്ള ഭരണമല്ല ആവശ്യം. സ്നേഹത്തിൽ എല്ലാവരും സഹകരിക്കണം. ഉച്ചനീചത്വ വിചാരമൊ മററുവിഭാഗീയ ചിന്തകളൊ കൂടാതെ പൌരന്മാർ ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ വർത്തിക്കണം.

3. സാമ്പത്തിക സാഹോദര്യം അഹിംസയിൽ പ്രതിഷ്ഠിതമായ ഒരു ജനാധിപത്യവും കമ്മൂണിസവുമാകുന്നു. ഉള്ളവർ ഇല്ലാത്തവർക്ക്വേണ്ടി ട്രസ്റ്റിമാരായിരിക്കണം. ലോകത്തിൽ ഒന്നുംതന്നെ ആരുടെയും സ്വകാ

യ്യു സ്വത്തല്ല. മനുഷ്യർ അവകാശത്തെപ്പററിയല്ല ചുമതലയെപ്പററിയാണ്. ചിന്തിക്കേണ്ടതു്. ദാരിദ്ര്യവും മുതലാളിത്തവും ഇല്ലാത്തതായ ഒരു സമാധാനപൂർവ്വമായ ജീവിതത്തിൽ സാമ്പത്തിക നീതി പാലിക്കപ്പെട്ടും. അതിന് ഇന്നത്തെ പട്ടണജീവിതവും വ്യവസായീകരണവും ശത്രുക്കളാണ്. ഗ്രാമീണജീവിതവും കുടിൽ വ്യവസായങ്ങളും ശക്തിപ്പെട്ടത്തണം.

4. സർവ്വമതസാഹോദര്യം അനുഭവമാക്കാനാണ് ശ്രമിക്കേണ്ടതു്, അല്ലാതെ മതത്തെ നശിപ്പിക്കാനല്ല. എല്ലാമതങ്ങളിലും നന്മതിന്മകൾ ഉണ്ടു. എല്ലാവക്കും പൂർണ്ണമായ മതസ്വാതന്ത്ര്യം ഉണ്ടായിരിക്കണം. യഥാത്ഥമതം ഉച്ചനീചതത്വവിചാരങ്ങളെയും, സ്വാത്ഥപരതയെയും അനുവദിക്കയില്ല. സത്യം, അഹിംസ, ഈ രണ്ടു തത്വങ്ങളിൽ മതസാരം അടങ്ങിയിരിക്കുന്നു.

5. ലോകസാഹോദര്യം അഥവാ സർവ്വോദയമായിരിക്കണം നമ്മുടെ ലക്ഷ്യം. ആരുടെയും മേധാവിത്വം ആവശ്യമില്ല. ബലപ്രയോഗവും യുദ്ധവും ഒരിക്കലും നന്മ ചെയ്യുകയില്ല. വ്യക്തികളും രാഷ്ട്രങ്ങളും ലോകസമാധാനത്തിനും ലോകക്ഷേമത്തിനാംവേണ്ടി ജീവനെ സമർപ്പിക്കണം. അതാണ് സർവ്വോദയം.

## 12

## ആധുനിക പരിഷ്കാരം ആപൽകരം

മഹാത്മാഗാന്ധിയുടെ സർവ്വോദയാദർശങ്ങൾ ഇന്നത്തെ ലോകത്തിന് അശേഷം യോജിക്കാത്തതും

തികച്ചും അപ്രായോഗികവുമായി തോന്നിയേക്കാം. ലോകത്തിൻെറ ഇന്നത്തെ അവസ്ഥ വളരെ പരിതാപകരമാണെന്നും മനുഷ്യജീവിതത്തിലെ എല്ലാ രംഗങ്ങളിലും ഒരു സമൂലപരിവത്തനംകൂടാതെ അഥവാ മനുഷ്യരുടെ സ്വഭാവം ആദർശം, വിദ്യാഭ്യാസം വിശ്വാസം, കുടുംബജീവിതം, സാമ്പത്തിക വ്യവസ്ഥ, രാഷ്ട്രീയഘടന, എന്നിങ്ങനെയുള്ള എല്ലാ സംഗതികളിലും ഒരു പുതിയ നോട്ടവും ലക്ഷ്യവും ഉണ്ടാകാതെ, ലോകസമാധാനം പ്രാപ്തമാകയില്ലെന്നുമാണ് ഗാന്ധിജിയുടെ അഭിപ്രായം. അതുകൊണ്ടു ഇന്നത്തെ ലോകഗതി അനുസരിച്ച് പോകാതെ നാം അതിൽനിന്ന് മാറി ഒരു പുതിയ ജീവിതരീതി സ്വീകരിക്കണമെന്നാണ് ഗാന്ധിജി വാദിക്കുന്നത്. ഈ ചിന്താഗതി എത്രത്തോളം യുക്തിപൂർവ്വമാണെന്ന്. പരിശോധിക്കേണ്ടിയിരിക്കുന്നു. ലോകവിശ്രുതനായ ഒരു ശാസ്ത്രജ്ഞൻ ആധുനിക പരിഷ്കാരത്തെപ്പററി എഴുതിയിട്ടുള്ളതു് നമുക്ക് പ്രമാണമായി സ്വീകരിക്കാം.

അമേരിക്കയിൽ Rockefeller Institute of Medical Seience എന്ന പേരിൽ ഒരു സുപ്രസിദ്ധ ഗവേഷണകേന്ദ്രമുണ്ടു്. അതിൽ വളരെകാലം പ്രവത്തിച്ചിട്ടുള്ള ഒരു വൈദ്യവിദഗ്ദ്ധനും, ശാസ്ത്രജ്ഞനും, നോബൽ സമ്മാനം നേടിയിട്ടുള്ള ആളും ആണു് പരേതനായ ഡാക്ടർ അലെക്സിസ് കാറെൽ. അദ്ദേഹം Man the Unknown എന്ന പേരിൽ രചിച്ചിട്ടുള്ള ഒരു

പുസ്തകത്തിൽ നിന്നും മററുമാണ് ഈ അദ്ധ്യായത്തിലെ വിവരങ്ങൾ ശേഖരിച്ചിട്ടുള്ളതു്.

1. ഭൌതിക വിജ്ഞാനത്തിൽ മനുഷ്യൻ വളരെ അധികം പുരോഗമിച്ചിട്ടുണ്ടു്. ഭൂമിയിലുള്ള നിർജ്ജീവവസ്തുക്കളുടെ സ്വഭാവം മനസ്സിലാക്കി അവയെ ഉപയോഗിക്കുവാനും, അവയിൽ ഉൾക്കൊള്ളുന്ന അത്ഭുതശക്തികളെ പുറത്തെടുത്തു് പ്രയോഗിക്കുവാനും മനുഷ്യനു് സാധിച്ചിട്ടുണ്ടു്. പക്ഷെ മനുഷ്യനെപ്പററിയുള്ള മനുഷ്യൻെറ അറിവു ഇന്നും തുച്ഛമാണു്. തന്നിൽ നിന്നു ഭിന്നമായ വസ്തുക്കളെപ്പററിയുള്ള ഗവേഷണത്തിൽ നിമഗ്നനായ മനുഷ്യൻ തൻെറ ശരീരം മനസ്സ ആത്മാവു് എന്നിവയെപ്പററി ചിന്തിക്കാൻ ഉപേക്ഷ കാണിച്ചു. ശാസ്ത്രജ്ഞനു മനുഷ്യൻ ഇന്നും ഒരു അജ്ഞാതവസ്തുവാകുന്നു.

2. ശാസ്ത്രജ്ഞാന വദ്ധനയോടുകൂടി മനുഷ്യൻ നിവസിക്കുന്ന ലോകത്തിന്നു് വലിയമാററങ്ങൾ വന്നിരിക്കുന്നു. പഴയകാലത്തെ ലോകവും ഇന്നത്തെ ലോകവും തമ്മിൽ അജഗജാന്തരമുണ്ടു്. മനുഷ്യർ തിങ്ങിപ്പാക്കുന്ന വലിയ നഗരങ്ങൾ, വലിയ പലനിലകെട്ടിടങ്ങൾ, അനേകശതം വിദ്യാത്ഥികൾ പഠിക്കുന്ന വിദ്യാലയങ്ങൾ, ആയിരക്കണക്കിനു് തൊഴിലാളികൾ വേലയെടുക്കുന്ന വ്യവസായശാലകൾ, ഹോട്ടലുകൾ, വ്യാപാരശാലകൾ, തീവണ്ടി, ബസ്സ്, വിമാനം, കപ്പൽ, മുതലായവ, പുതിയ ആഹാരരീതികൾ, വസ്ത്രധാരണ

SEVANA SAMAJAM & RES

സമ്പ്രദായങ്ങൾ, മരുന്നുകൾ, ഭരണസമ്പ്രദായങ്ങൾ, രാഷ്ട്രീയകക്ഷികൾ, വത്തമാനപത്രം, സിനിമ, മുതലായവ, എന്തു പ്രവത്തിയും ചെയ്യുന്ന അത്ഭുതയന്ത്രങ്ങൾ, ലോകത്തിലെ പലതരക്കാരായ ജനങ്ങളുടെ പരസ്പരസംസർഗ്ഗം, ഇങ്ങനെ പറഞ്ഞാൽ അവസാനിക്കാത്ത പരിഷ്കാരങ്ങൾ ലോകത്തെ മാറ്റിമറിച്ചിരിക്കുന്നു. ഇന്നത്തെ ലോകം പണ്ടത്തെലോകമല്ല.

3. ലോകത്തിൻെറ സ്വഭാവം മാറിയതനുസരിച്ചു് അതിൽ ജനിച്ചു് വളരുന്ന മനുഷ്യൻെറ സ്വഭാവവും മാറിയിട്ടുണ്ടു.

4. മനുഷ്യൻെറ സ്വഭാവത്തെ ശരിയായി അറിയാതെയും, മനുഷ്യനു് സുഖസമാധാനങ്ങൾ പ്രദാനം ചെയ്യുന്നതു് എന്തെന്നും, അവനെ ദുഷിപ്പിക്കുന്നതും ക്ഷയിപ്പിക്കുന്നതും എന്തെന്നും ചിന്തിക്കാതെയും, ശാസ്ത്രജ്ഞന്മാർ ലോകത്തെ പരിഷ്കരിച്ചു് കൊണ്ടുവന്നതിനാൽ ഈ പുതിയ ലോകത്തിലെ അന്തരീക്ഷം മനുഷ്യനെ പലവിധത്തിൽ അധഃപതിപ്പിക്കുവാൻ ഇടയായിട്ടുണ്ടു്. ചുററുപാടുകളാണു് മനുഷ്യൻെറ സ്വഭാവത്തെയും വളർച്ചയെയും നിയന്ത്രിക്കുന്നതു്. ആധുനിക പരിഷ്കാരം മനുഷ്യനെ ദുഷിപ്പിക്കുന്നതായ ചുററുപാടുകൾ ലോകത്തിൽ സൃഷ്ടിച്ചിരിക്കുന്നു.

5. ലോകം ഒരു യന്ത്രശാലയും മനുഷ്യജീവിതം യാന്ത്രികവും ആയിത്തീന്നിരിക്കുന്നു. കാര്യലാഭത്തിനായി മനുഷ്യൻ ഒരു യന്ത്രത്തെപ്പോലെ സദാ പ്രവ-

ത്തിക്കുന്നു. അവൻെറ ജീവിതം എപ്പോഴും ഒരു ബഹളമാണു്. സമാധാനം എന്തെന്നു് അവൻ അറിയുന്നില്ല. മുൻകാലത്തെക്കാൾ സാമത്ഥ്യം കുറെ അധികം ഉണ്ടായിരിക്കാം. എങ്കിലും ഓമ്മശക്തി, ഭാവനാശക്തി, ധീരത, ധാമ്മികനിഷ്ഠ, മുതലായ മാനസികശക്തികൾ വളരെ കുറഞ്ഞിരിക്കുന്നു.

6. മനുഷ്യൻെറ സ്വാതന്ത്ര്യം വളരെ വർദ്ധിച്ചിട്ടുണ്ടു്. എവിടെ വേണമെങ്കിലും സഞ്ചരിക്കാം. ജയിലിൽ പോകാൻ ഇടയാക്കാത്തവിധത്തിൽ എന്തു ഉപായം പ്രയോഗിച്ചും ധനം ആർജ്ജിക്കാം. മതപരമായ അന്ധവിശ്വാസങ്ങളിൽനിന്നു് അവൻ ഏറെക്കുറെ വിമുക്തനായിരിക്കുന്നു. ഇന്ദ്രിയതൃഷ്ണകളെ തൃപ്തിപ്പെടുത്തുന്നതിനു് തിന്നുകയും, കുടിക്കുകയും, വലിക്കുകയും, കളിക്കുകയും മററും യഥേഷ്ടം ചെയ്യാം. ആത്മസംയമമൊ അച്ചടക്കമൊ കൂടാതെയുള്ള തോന്നിവാസജീവിതത്തിനു് ധാരാളം സൌകൎയ്യമുണ്ടു്.

7. മനുക്കരുത്തും സ്വഭാവശുദ്ധിയും കുറയുമ്പോൾ ബുദ്ധിശക്തി ക്ഷയിക്കുന്നു. ജനനേതാക്കന്മാർ പ്രായേണ ബുദ്ധികുറഞ്ഞവരായിട്ടാണു് കാണപ്പെടുന്നതു്. അഗാധചിന്തകന്മാരുടെയും ബുദ്ധിശാലികളുടെയും എണ്ണം വളരെ കുറഞ്ഞിരിക്കുന്നു. മനുഷ്യൻെറ സംഘടനകളും സ്ഥാപനങ്ങളും വളരെ വർദ്ധിച്ചിട്ടുണ്ടു്. അതോടൊപ്പം അവരുടെ ബുദ്ധിവികസിപ്പിച്ചിട്ടില്ല.

8. എവിടെക്കാണു് ലോകം നീങ്ങുന്നതെന്നു് ശാസ്ത്രജ്ഞനു് അറിഞ്ഞുകൂടാ. പരിഷ്കാരങ്ങളുടെ ഫലം

എന്തായിരിക്കുമെന്നു് അയാൾ ചിന്തിക്കുന്നില്ല. വലിയ യന്ത്രശാലകളിൽ ജോലിചെയ്യുന്നതു് തൊഴിലാളികളുടെ ജീവിതത്തെ എങ്ങനെ ബാധിക്കുമെന്നു് ആരും പരിശോധിക്കുന്നില്ല. നഗരജീവിതത്തിലെ ഭയങ്കരമായ ദോഷങ്ങളെ ആരും ഗണ്യമാക്കുന്നില്ല. തിന്നുന്നതും കുടിക്കുന്നതും വലിക്കുന്നതും മററും ഏതു് വിധം മനുഷ്യന്റെ സ്വഭാവത്തെ മാററുന്നുവെന്നു് ആരെങ്കിലും അന്വേഷിക്കുന്നതു് അപൂർവ്വമാണു്. കൃഷിപരിഷ്കരണം മൂലം ഗോതമ്പു് പാൽ മുട്ട പഴം, വെണ്ണ, പച്ചക്കറി മുതലായവയുടെ ഗുണത്തിൽ വലിയ വ്യത്യാസം വരുന്നുണ്ടെന്നു് ആരും അത്ര ശ്രദ്ധിക്കുന്നില്ല. വ്യാപാരികളുടെ അഥവാ സ്വാൎത്ഥലാഭത്തിന്നായി പ്രവൎത്തിക്കുന്നവരുടെ പരസ്യങ്ങളാണു് സാധാരണ മനുഷ്യനെ ഭരിക്കുന്നതു്. അമിതവും അഹിതവുമായ ആഹാരം ബുദ്ധിക്ഷയിപ്പിക്കുന്നു. അമിതമായ കളിയും ബുദ്ധിയെ ദുർബ്ബലമാക്കുന്നു. ഇന്നത്തെ ജീവിതരീതി മനുഷ്യന്റെ മൃഗീയത്വത്തെയാണു് ശക്തിപ്പെടുത്തുന്നതു്.

೨. മനുഷ്യരുടെ കലാവാസനയും കലാപരമായ കഴിവുകളും കുറഞ്ഞുവരുകയാണു്. കലാവാസന പോഷിപ്പിക്കുന്നതിന്നു് സൌകൎയ്യവും സമയവും കുറവാണു്. സിനിമ, പത്രങ്ങൾ, ലഘുസാഹിത്യം, എന്നിവയാണു് ഇന്നത്തെ ജനങ്ങൾ ഇഷ്ടപ്പെടുന്നതു്. ജീവിതത്തിൽ സൌന്ദൎയ്യബോധം കുറയുകയും ആഴമുള്ള കലാവാസന വിരളമാകയും ചെയ്തുവരുന്നു.

10. നീതി, സ്നേഹം, സൌന്ദൎയ്യം, എന്നിവയാണു് നന്മയെന്നും, അനീതി സ്വാൎത്ഥപരത, അശുദ്ധി എന്നിവയാണു് തിന്മയെന്നും വിചാരിക്കുന്നതായാൽ, ഈ ധാൎമ്മികബോധം അപൂൎവ്വം ചിലരിൽ മാത്രമെ കാണുന്നുള്ളു. ക്രിസ്തുവിൻെറ ഉപദേശങ്ങളാണു് ധാൎമ്മിക ജീവിതത്തിലെ മൌലിക പ്രമാണങ്ങൾ. അവയെ ആരും ഗൌനിക്കുന്നില്ല. പള്ളികൾ ജീവനില്ലാത്ത മതത്തിൻെറ കാഴ്ചബങ്കളാവുകളായിത്തീൎന്നിരിക്കുന്നു. സമുദായം ധാൎമ്മികജീവിതത്തിന്നു് വലിയ വിലകല്പിക്കുന്നില്ല. ഉത്തരവാദ ബോധമില്ലായ്മയും അഴിമതികളും സൎവ്വസാധാരണമാണു്. ദുൎജ്ജനങ്ങൾ വിജയിക്കുന്നതും സജ്ജനങ്ങൾ കഷ്ടപ്പെടുന്നതും എവിടെയും കാണാം. സിനിമകളിലേയും നോവലുകളിലേയും പോക്കിരികളും കള്ളന്മാരുമാണു് കുട്ടികൾ ആരാധിക്കുന്ന വീരന്മാർ. ധനികന്നു് എന്തും ചെയ്യാം; ഭാൎയ്യയെയും അമ്മയെയും കഷ്ടപ്പെടുത്താം; മററുള്ളവരെ എത്ര വേണമെങ്കിലും ചൂഷണം ചെയ്യാം, വഞ്ചിക്കാം; ആരും ചോദിക്കയില്ല. ദാരിദ്ര്യവും രോഗവും മൂലം അരിഷ്ടിക്കുന്നവരെ കണ്ടാൽ ആൎക്കും മനസ്സലിവു് തോന്നാതെയായിരിക്കുന്നു. മനുഷ്യർ തങ്ങളുടെ ജഡമോഹങ്ങളെയും സുഖഭോഗങ്ങളെയും നിയന്ത്രിക്കുവാൻ ഒരുക്കമില്ല. അതുകൂടാതെ ധൎമ്മബോധവും ഉണ്ടാകുന്നതല്ലല്ലൊ.

11. മനുഷ്യൻെറ ആത്മികശക്തിയും കുറഞ്ഞു വരുകയാണു്. ആത്മിക ചിന്തയൊ ദൎശനമൊ അങ്ങ

ഭവമൊ ഉള്ളവർ വളരെ അപൂർവ്വമാകുന്നു. ചടങ്ങായി മതം പഠിക്കുന്നവരും ആചരിക്കുന്നവരും ധാരാളം ഉണ്ടു്. ആത്മികാനുഭവം ഉള്ളവരാണില്ലാത്തതു്. അഭ്യാസം, ക്ഷമ, അദ്ധ്വാനം, ത്യാഗം, തപസ്സ് ഇവയൊന്നും കൂടാതെ സത്യാന്വേഷണം ആക്കും സാദ്ധ്യമല്ല. ഈ പ്രയാസങ്ങൾ സഹിക്കുവാൻ പ്രായേണ ആരും ഒരുക്കമല്ലാത്തതിനാൽ സത്യാനുഭൂതി അഥവാ ആത്മാനുഭൂതി ഉള്ളവർ അതിദുർല്ലഭമാകുന്നു.

12. മാനസിക രോഗങ്ങൾ ബഹുസാധാരണമായിത്തീർന്നിരിക്കുന്നു; അമേരിക്കയിൽ (U. S. A.) ക്ഷയരോഗികളെക്കാൾ എട്ടിരട്ടി മാനസിക രോഗികൾ ഉണ്ടു്. ഇന്നു ജീവിക്കുന്ന കുട്ടികളിൽ പത്തുലക്ഷം പേർ അധികം താമസിയാതെ ഭ്രാന്താലയങ്ങളിൽ അടക്കപ്പെടുമെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു. ബുദ്ധിഹീനരും പഠിച്ചാൽ പ്രയോജനപ്പെടാത്തവരുമായി വേറെ ഒരു ഒമ്പതുലക്ഷവും ഉണ്ടായിരിക്കുമെന്നു് വിചാരിക്കാം ഇതിനൊന്നിനും ഡാക്ടർമാക്കു് മരുന്നില്ല. കാരണം എന്തെന്നും അവക്കറിഞ്ഞുകൂടാ

ചുരുക്കിപ്പറയുന്നതായാൽ മനുഷ്യനു് ജീവിക്കുന്നതു് ദിനംപ്രതി പ്രയാസമായിത്തീരുന്നു. പരിഷ്ക്കാരം മനുഷ്യനെ കാട്ടാളത്തത്തിലേക്കു് നടത്തുന്നു. ഏററവും പരിഷ്കൃതരായ മനുഷ്യരാണു് ഏററവും വേഗത്തിൽ കാട്ടാളന്മാരാവുന്നതു്. ആധുനിക പരിഷ്ക്കാരം മനുഷ്യൻെറ മനുഷ്യത്വത്തിനു് യോജിച്ചതല്ല. അതു് ഒരു

ഭയങ്കരമായ ആപത്താകുന്നു. മനുഷ്യൻ മനുഷ്യനെത്തന്നെ പുതുക്കി സൃഷ്ടിക്കുന്നതാണു് ഇതിൽ നിന്നുള്ള രക്ഷാമാർഗ്ഗം. ശരീരശുദ്ധിയും, മനക്കരുത്തും, ബുദ്ധിശക്തിയും കലാവാസനയും, ധർമ്മബോധവും, ആത്മികചൈതന്യവുമുള്ള ഒരു മനുഷ്യവർഗ്ഗത്തെ ജനിപ്പിച്ചു് പുലർത്തുവാനുള്ള വിപുലമായ ആലോചനകളും പരിശ്രമങ്ങളുമാണു് ഇന്നത്തെലോകം ആവശ്യപ്പെടുന്നതു്.

# 13

## കാപ്പിററലിസം, സോഷ്യലിസം, കമ്മ്യൂണിസം

ഇന്ത്യയുടെ സാമ്പത്തികലക്ഷ്യം സോഷ്യലിസമാണെന്നു് പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ടു്. ഇപ്പോഴത്തെ നിലവിലിരിക്കുന്ന വ്യവസ്ഥയെ ക്യാപ്പിററലിസം എന്നാണു് സാധാരണ വിളിക്കുന്നതു്. ഇതുരണ്ടും തമ്മിലുള്ള വ്യത്യാസം ശരിയായി മനസ്സിലാക്കേണ്ടതു് ആവശ്യമാകുന്നു. ക്യാപ്പിററലിസത്തെ മുതലാളിത്തം എന്നും സോഷ്യലിസത്തെ സ്ഥിതിസമത്വം അഥവാ സാമ്പത്തിക സമത്വം എന്നും പറയാം.

ജീവിതം ഒരു മത്സരമാണെന്നും, ബലവാൻ ബലഹീനനെ തോല്പിച്ചു് വാഴുന്നതാണു് സമാധാനമെന്നും, അതുകൊണ്ടു് മത്സരിക്കുവാനും ജയിക്കുവാനും പൂർണ്ണസ്വാതന്ത്ര്യം എല്ലാവർക്കും ഉണ്ടെന്നും വിചാരിക്കുന്ന രാഷ്ട്രീയ ചിന്തകന്മാർ ഉണ്ടെന്നു് നാം കണ്ടു;

ഈ അഭിപ്രായമാണ് മുതലാളിത്തത്തിൻെറ മൗലികപ്രമാണം. സാമ്പത്തിക സ്വാതന്ത്ര്യം എല്ലാവക്കും ഉണ്ടായിരിക്കണം. ഇഷ്ടമുള്ള വേലചെയ്യുവാനും, എത്രവേണമെങ്കിലും സമ്പാദിക്കുവാനും, ഇഷ്ടാനുസരണം ചിലവഴിക്കുവാനും, എല്ലാവക്കും അവകാശമുണ്ട്. ഈ പൌരാവകാശത്തെ തടയുവമനൊ നിയന്ത്രിക്കുവാനൊപാടുള്ളതല്ല. മനുഷ്യൻ കിട്ടുന്നതനുസരിച്ച് തിന്നുവാൻ പഠിക്കുന്നു; തിന്നുന്നതിനെ കിട്ടുവാനും ശ്രമിക്കുന്നു. അതുപോലെ, ഉൽപാദനം അനുസരിച്ച് മനുഷ്യരുടെ ആവശ്യവും, ആവശ്യം അനുസരിച്ച് ഉൽപാദനവും പരസ്പരം നിയന്ത്രിച്ചുകൊള്ളുമെന്നും ആരും മനുഷ്യരുടെ സാമ്പത്തിക സ്വാതന്ത്ര്യത്തെ തടയേണ്ടതില്ലെന്നുമാണ് മുതലാളിത്തപ്രമാണം.

അത് ശരിയല്ലാ. ഭൂമിയും അതിലുള്ള വിഭവങ്ങളും മനുഷ്യരുടെ പൊതുനന്മക്കുള്ളതാണ്, ഒരു രാഷ്ട്രത്തിലെ പൌരന്മാക്കെല്ലാം അവകാശപ്പെട്ടതാണ്. വ്യക്തികളുടെ ഇഷ്ടംപോലെ അതിനെ സമ്പാദിക്കുവാനൊ ചിലവിടുവാനൊ അനുവദിച്ചുകൂടാ. രാഷ്ട്രത്തിൻെറ പൊതുനന്മയെ ലക്ഷ്യമാക്കി വ്യക്തിയുടെ സാമ്പത്തിക സ്വാതന്ത്ര്യത്തെ നിയന്ത്രിക്കേണ്ടതാകുന്നു. നിയന്ത്രണം കൂടാതെ സാമൂഹ്യജീവിതം സാദ്ധ്യമല്ല; അനിയന്ത്രിതമായ സ്വാതന്ത്ര്യം അരാജകത്വമായിരിക്കും. മററുള്ളവരുടെ സ്വാതന്ത്ര്യത്തിനും ക്ഷേമത്തി

നം വിരോധമായി പ്രവൎത്തിപ്പാൻ ആൎക്കും അവകാശമില്ലല്ലൊ. ഒരാളുടെ സാമ്പത്തിക സ്വാതന്ത്ര്യം മററുള്ളവൎക്ക് ആപത്തായിത്തീരുവാൻ അനുവദിച്ചുകൂടാ. രാഷ്ട്രത്തിലെ സിവിൽ ക്രിമിനൽ നിയമങ്ങൾ മൂലം വ്യക്തികളുടെ സ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തുന്നതുപോലെ സാമ്പത്തികനീതി പരിപാലിക്കുന്നതിന് സാമ്പത്തിക സ്വാതന്ത്ര്യത്തെയും നിയമംമൂലം പരിമിതമാക്കേണ്ടതാകുന്നു. ഇതാണ് സ്ഥിതിസമത്വവാദം. (Socialism)

മുതലാളിവ്യവസ്ഥ പല വിധത്തിൽ മനുഷ്യൎക്കു ദോഷം ചെയ്യുന്നുണ്ടെന്നാണ് മറെറാരു ആക്ഷേപം:

1. അതു് പൌരന്മാരുടെ സാമ്പത്തിക ജീവിതത്തിൽ ഭയങ്കരമായ അസമത്വങ്ങൾ സൃഷ്ടിക്കുന്നു. ചിലർ മഹാധനികന്മാരായിത്തീരാനും അനേകർ കഠിന ദാരിദ്ര്യദുഃഖം അനുഭവിക്കുവാനും അതു് സൌകൎയ്യം കൊടുക്കുന്നു. മുതലാളിത്തം ഉള്ള രാജ്യത്തിൽ ദാരിദ്ര്യവും ഉണ്ടായിരിക്കും.

2. വ്യാപാരമത്സരംമൂലം വിലക്കയററവും വിലയിടിവും, വ്യാപാരപെരുപ്പവും മാന്ദ്യവും ഒന്നിനെത്തുടൎന്നു മറെറാന്നു് ഒരു ചക്രംപോലെ തിരിഞ്ഞുകൊണ്ടിരിക്കയും അങ്ങനെ ഒരിക്കലും മനുഷ്യൎക്കു സമാധാനവും സുരക്ഷിതത്വവും ഇല്ലാതാകയും ചെയ്യുന്നു.

3. സാധനങ്ങൾ വിററഴിക്കുന്നതിനുള്ള കമ്പോളങ്ങൾ സ്വാധീനിക്കുന്നതിനായി നിരന്തര മത്സരം വ

കതികൾ തമ്മിലും രാഷ്ട്രങ്ങൾതമ്മിലും നടക്കുന്നു. വ്യാജപരസ്യങ്ങൾ മൂലം ജനങ്ങളെ സ്വാധീനിക്കാനും, യുദ്ധം ചെയ്തു രാജ്യം പിടിച്ചടക്കുവാനും മററും മുതലാളിത്തം കാരണമായിത്തീരുന്നു. തുടരെത്തുടരെ ഉണ്ടാകുന്ന യുദ്ധങ്ങളുടെ പ്രധാനകാരണം ഈ സാമ്പത്തിക മത്സരമാകുന്നു.

4. ഒരു രാഷ്ട്രം മുതലാളിയായി മററുരാഷ്ട്രത്തിലെ ജനങ്ങളെ തൊഴിലാളികളാക്കുന്നതത്രെ സാമ്രാജ്യശക്തി. മുതലാളിത്തമാണു് സാമ്രാജ്യമോഹത്തിനു് പ്രേരകമായിത്തീരുന്നതു്.

മുതലാളിത്തം ധാർമ്മികമായും മനുഷ്യരെ അധഃപ്പതിപ്പിക്കുന്നു.

1. ജീവിതത്തിൽ സ്വഭാവഗുണം, ബുദ്ധിശക്തി സത്യനിഷ്ഠ പരോപകാര തൽപരത മുതലായ ഗുണങ്ങൾക്കു് വിലയിടിയുകയും, ഏതു വിധമെങ്കിലും ധാരാളം പണം സമ്പാദിക്കുന്നവൻ യോഗ്യനായിത്തീരുകയും ചെയ്യുന്നു. ശിഷ്ടന്മാർക്കു് സമുദായത്തിൽ സ്ഥാനമില്ലാതാകുന്നു. ധനികരായ ദുഷ്ടന്മാർ ബഹുമാനിക്കപ്പെടുകയും ചെയ്യുന്നു.

2. ധനം സമ്പാദിച്ചു കൂട്ടുന്നതു് പലരുടെയും ജീവിതലക്ഷ്യമായിത്തീരുന്നു. അവർ ധനത്തെ ആരാധിക്കുന്നു. അങ്ങനെ അവരുടെ ധാർമ്മിക വാസനകൾ മുരടിച്ചു് നിഷ്ഫലമായിത്തീരുന്നു.

3. ദാരിദ്ര്യഭീതിമൂലം അനേകരുടെ ജീവിതം രാഷ്ട്രത്തിന് നഷ്ടപ്പെടുന്നു. അവർക്ക് അവരുടെ കഴിവുകളെ വികസിപ്പിക്കുവാൻ സൌകര്യം ലഭിക്കുന്നില്ല. ധനമുള്ളവരുടെ ദുഷ്പ്രേരണകൾക്ക് അവർ അടിമപ്പെടുന്നു. അങ്ങിനെ അനീതിയും അഴിമതികളും വർദ്ധിക്കുന്നു.

4. ധനികത്വവും ദാരിദ്ര്യവും മനുഷ്യനെ അധഃപ്പതിപ്പിക്കുന്ന ശക്തികളാണ്. ധനം മനുഷ്യനിൽ അഹങ്കാരം, സ്വാർത്ഥപരത, സുഖലോലുപത്വം, ക്രൂരത മുതലായവ ജനിപ്പിക്കുന്നു. ദാരിദ്ര്യം മനുഷ്യനെ ഭീരുവും ദുർബ്ബലനും സത്യധർമ്മങ്ങളിൽ വിശ്വാസമില്ലാത്തവനും ആക്കുന്നു.

ആധുനിക പരിഷ്കാരത്തിന്റെ പരാജയം മുതലാളിത്ത വ്യവസ്ഥയുടെ പരാജയമായിട്ടാണ് കണക്കാക്കേണ്ടതെന്ന് വാദിക്കുന്നവരുണ്ട്. മേൽപറഞ്ഞപ്രകാരമുള്ള ദോഷങ്ങൾക്ക് അധികം ഇടംകൊടുക്കാത്ത ഒരു സാമ്പത്തിക വ്യവസ്ഥ ആവശ്യമാണെന്നുള്ള ബോധം ഒരുവിധം സാർവ്വത്രികമായിട്ടുണ്ട്. മുതലാളിത്തത്തിന്റെ ദോഷങ്ങളെ പരിഹരിക്കാൻ സോഷ്യലിസം നൽകുന്ന പരിപാടി ഇപ്രകാരമാകുന്നു:

1. എല്ലാധനവും രാഷ്ട്രത്തിന്റെ മുതലായി ഗണിക്കപ്പെടണം. അത് ജനങ്ങൾ ജനങ്ങൾക്ക്വേണ്ടി ജനപ്രതിനിധികൾമൂലം കൈകാര്യം ചെയ്യുവാനുള്ളതാണ്. സോഷ്യലിസം സാമ്പത്തിക ജനാധിപത്യമാണ്. സാ

മ്പത്തിക ജനാധിപത്യം വരാതെ രാഷ്ട്രീയ ജനാധിപ ത്യത്തിനു ജീവനില്ല.

2. അതുകൊണ്ടു സ്വകാൎയ്യഉടമ ഇല്ലെന്നൎത്ഥമാകു ന്നില്ല. ജീവിതത്തിലെ പ്രാഥമിക ആവശ്യങ്ങൾ നിൎവ്വഹിക്കുന്നതിനു വേണ്ടധനം, അതായതു് ആഹാര ത്തിനും, ഉടുപ്പിനും വീടുണ്ടാക്കുന്നതിനും മററും ആവ ശ്യമായ സാമ്പത്തിക സൌകൎയ്യം, എല്ലാവൎക്കും സ്വന്ത മായി ഉണ്ടായിരിക്കണമെന്നാണു് സോഷ്യലിസലക്ഷ്യം. അതിൽ കവിഞ്ഞുള്ള ധനത്തെ നിയന്ത്രിക്കാനാണു് സോഷ്യലിസം ആവശ്യപ്പെടുന്നതു്. വ്യക്തികൾക്കു ധനം സമ്പാദിക്കയും ചെലവിടുകയും ചെയ്യാം. പക്ഷെ സമ്പാദിച്ച സ്വത്തിനെ ഉപയോഗിച്ചു് പലിശയൊ ആദായമൊ, വാടകയൊ എടുക്കുവാൻ അനുവദിക്കരുതു്. വേലക്കു കൂലി എന്നല്ലാതെ ആ കൂലിയിന്മേൽ പിന്നെയും കൂലി എന്നാവരുതു്. ഉള്ളവൎക്കു് ഉള്ളതിനെ ഉപയോഗിക്കാം, ഇല്ലാത്തവരിൽനിന്നു് കപ്പം വാങ്ങുവാൻ അവകാശമില്ല. പണത്തിനു പലിശയും സ്ഥലത്തിനു് വാടകയും ഇല്ലാതാക്കണം. വ്യക്തികളുടെ ആദായത്തെ ഉദ്ദേശിച്ചു് വ്യവസായം നടത്തുന്നതും ശരിയല്ല. രാജ്യത്തിനു ആവശ്യമായ തൊഴിലും വ്യാപാരവും അനുവദിക്കണം. മുതലാളിയുടെ ആദായം പ്രധാന ലക്ഷ്യമാക്കി നടത്തപ്പെടുന്ന വ്യാപാരവും വ്യവസായവും തടയണം. പലിശയും, വാടകയും, ആദായവുമാണു് മുതലാളിമാരെ സൃഷ്ടിക്കുന്നതു്. മുതലാളിക്കും

ന്യായമായ കൂലി കിട്ടുവാൻ മാത്രമാണ് അവകാശം. ധനം മനുഷ്യനെ ചൂഷണം ചെയ്യുവാനൊ അടിമപ്പെടുത്തുവാനൊ ഉള്ള ഒരുപകരണമായിത്തീരരുത്.

3. എല്ലാവക്കും ഒരുപോലെ ധനമുണ്ടായിരിക്കണമെന്നത്ഥമില്ല. അതു് സാദ്ധ്യമല്ല. മനുഷ്യരുടെ സ്വഭാവവും ബുദ്ധിശക്തിയും അനുസരിച്ചു് സമ്പാദനശക്തിയിലും ഏറ്റക്കുറച്ചിൽ ഉണ്ടായിരിക്കും. പക്ഷെ രാഷ്ട്രത്തിലെ ധനം കുറച്ചുപേരുടെ കയ്യിൽ തടിച്ചുകൂട്ടുകയൊ, അനേകരുടെ ഓഹരി അവക്ക് കിട്ടാതാവുകയൊ ചെയ്യുവാൻ ഇടയാകരുത്. ഉല്പാദനമാഗ്ഗങ്ങൾ രാഷ്ട്രത്തിൻെറ അധീനത്തിൽ വരുമ്പോൾ സ്വകാര്യവ്യക്തികൾക്ക് അമിതമായ ആദായം ഉണ്ടാക്കുവാൻ സാധിക്കയില്ല. എല്ലാവക്കും ന്യായമായ കൂലികിട്ടും സൌജന്യവിദ്യാഭ്യാസം, സൌജന്യ വൈദ്യസഹായം, വയോജനസംരക്ഷണം എന്നിവ രാഷ്ട്രം ഏറെറടുക്കും, അങ്ങനെ എല്ലാവക്കും സാമ്പത്തികമായ സുരക്ഷിതത്വബോധം ഉണ്ടാവും.

4. വ്യവസായങ്ങളും വ്യാപാരങ്ങളും ആരംഭിക്കുന്നതും നടത്തുന്നതും രാഷ്ട്രത്തിൻെറ പൊതുനന്മയെ ലക്ഷ്യമാക്കിയായിരിക്കണം. ധനമോഹികളുടെ ഇഷ്ടാപോലെയാകരുത്. രാജ്യക്ഷേമത്തെ മുൻനിത്തി ഒരു പ്ലാൻ മുൻകൂട്ടി തയ്യാറാക്കുകയും അതനുസരിച്ചു് സാമ്പത്തികപ്രവത്തനങ്ങളെ നിയന്ത്രിക്കയും ചെയ്യണം.

5. തൊഴിലാളികളുടെ അടിമത്തം പോകണം. നമ്മുടെ രാജ്യം, നമ്മുടെ ഗവണ്മെൻറു്, നമ്മുടെ മന്ത്രി

മാർ എന്ന് പൌരന്മാർ അഭിമാനിക്കുന്നതു് പോലെ, നമ്മുടെ വ്യവസായം എന്നഭിമാനിക്കുവാൻ തൊഴിലാളിക്കു് സാധിക്കണം, അവൻ ഒരു പങ്കാളിയാവണം. ഉൽപാദനത്തിലും, വിതരണത്തിലും, അനുഭോഗത്തിലും, തൊഴിലാളി സജീവ ഓഹരിക്കാരനാവണം. രാഷ്ട്രത്തിൻെറയും തൻെറയും ക്ഷേമത്തിനായി വേലചെയ്യുന്നു എന്നുള്ള വിശ്വാസം തൊഴിലാളിക്കു് ഉണ്ടായിരിക്കണം.

സോഷ്യലിസ്റ്റ ലക്ഷ്യം പ്രാപിക്കണമെങ്കിൽ ചെയ്യേണ്ടതായ ചില കാര്യങ്ങൾ:—

1. കൃഷിഭൂമി ദേശവൽക്കരിക്കുകയും ഉൽപാദനം വർദ്ധിപ്പിക്കുകയും ചെയ്യുക.

2. ഗ്രാമപ്പഞ്ചായത്തുകൾ ശക്തിപ്പെടുത്തി യഥാർത്ഥസ്വയം ഭരണ കേന്ദ്രങ്ങളാക്കുക.

3. ഗ്രാമീണ വ്യവസായങ്ങൾ പോഷിപ്പിക്കുക.

4. വൻകിട വ്യവസായങ്ങളും വിദേശവ്യാപാരവും ഗവണ്മെൻറ് ഏറെറടുക്കുക.

5. സ്വദേശവ്യാപാരത്തിന് സഹകരണസംഘങ്ങൾ ഏർപ്പെടുത്തുക.

6. ബാങ്കുകളും ഇൻഷുറൻസ് കമ്പനികളും ദേശവൽകരിക്കുക.

7. എല്ലാവർക്കും താമസസൌകര്യം ഉണ്ടാക്കുക.

8. വിദ്യാഭ്യാസവും വൈദ്യസഹായവും സൌജന്യമാക്കുക.

9. വൃദ്ധന്മാരെയും സ്വയത്രാണനം സാധിക്കാത്തവരെയും സംരക്ഷിക്കുക.

10. തൊഴിലാളിയും മുതലാളിയും ചുമതലയിലും ആദായത്തിലും പങ്കാളിയാകുക.

ഇത്രയും കൂട്ടുതലും ചെയ്താലും അമേരിക്കയെയൊ ഇംഗ്ലണ്ടിനെയൊപോലെ ധനസമൃദ്ധിയുള്ള ഒരു രാജ്യമാവാം ഇന്ത്യക്കെന്നു് വിചാരിക്കുന്നതു് ഭോഷത്തമായിരിക്കും. അവരെപോലെ വെറും ഭൌതിക പരിഷ്കാരത്തിൽ മുഴുകി അധഃപതിക്കുന്നതിന്നു് പ്രകൃതികൂടി നമുക്കു് പ്രതികൂലമാണു്. നമ്മുടെ രാജ്യത്തിൻെറ കഴിവും ജനസംഖ്യയുടെ വർദ്ധനയും പരിഗണിച്ചാൽ ധാർമ്മികമായ ഒരു എളിയ ജീവിതമാണു് നമുക്കു് യോജിച്ചതെന്നു് വ്യക്തമാകുന്നു. അനാവശ്യമായ സുഖഭോഗങ്ങളിലും ആഡംബരങ്ങളിലും രമിക്കാതെ നാടൻമട്ടിലുള്ള ഒരു ജീവിതരീതിയാണു് ഇന്ത്യക്കു്ഒത്തതു്. ജനപ്പെരുപ്പത്തെ നിയന്ത്രിക്കുന്നതും ആവശ്യമാകുന്നു. അങ്ങനെ ഏറക്കുറെ സ്വയം പര്യാപ്തവും, ചൂഷണവും ദാരിദ്ര്യവും ഇല്ലാത്തതും, മററു രാഷ്ട്രങ്ങളോടു മത്സരിക്കേണ്ട ആവശ്യമില്ലാത്തതുമായ ഒരു സർവ്വോദയ വ്യവസ്ഥിതിയാണു് നമ്മുടെ ലക്ഷ്യമായിരിക്കേണ്ടതു്. അതു് സാധിക്കുന്നതു് സമാധാനപരമായ മാർഗ്ഗങ്ങളിൽ കൂടിയുമായിരിക്കണം. ഇന്ത്യയിൽ അധികം വലിയ മുതലാളിമാരില്ല. വലിയ ഭൂവുടമകളും താരതമ്യേന കുറവാണു്.

ഉള്ളവരിൽനിന്നു് ഒരു സാമ്പത്തിക പരിവർത്തനത്തിന് ഗൌരവമായ എതിർപ്പുണ്ടാകയുമില്ല. സാധാരണജനങ്ങളുടെ അറിവില്ലായ്മയും, സത്യനിഷ്ഠയില്ലായ്മയും, ഐകമത്യക്കുറവുമാണു് പ്രയാസമുണ്ടാക്കുന്നതു്. അവർ പ്രബുദ്ധരായി സർവ്വോദയത്തിൽ ഉറച്ച വിശ്വാസമുള്ളവരാവണമെങ്കിൽ നല്ലപോലെ അദ്ധ്വാനിക്കണം. ജനങ്ങൾ ഉത്തരവാദബോധത്തോടും നിസ്സ്വാർത്ഥതയോടുംകൂടി ക്ഷേമരാഷ്ട്രത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കുവാൻ സന്മനസ്സും പ്രാപ്തിയുമുള്ളവരായാൽ ഒരു സർവ്വോദയ വ്യവസ്ഥ വിപ്ലവംകൂടാതെ സാദ്ധ്യമായിത്തീരും.

കമ്മ്യൂണിസത്തിൻെറയും സോഷ്യലിസത്തിന്റെയും സാമ്പത്തിക ലക്ഷ്യം ഒന്നുതന്നെയാണെന്നു് പറയാം. കമ്മ്യൂണിസത്തിൻെറ പ്രവർത്തന പരിപാടിയാണു് സ്വീകാര്യമല്ലാത്തതു്. വിപ്ലവം ഉണ്ടാക്കി തൊഴിലാളികൾ അധികാരം കൈവശമാക്കുക; സർവ്വാധികാരിവാഴ്ച, മുതലാളിമാരെ കൊന്നൊടുക്കുക, ഏകകക്ഷിഭരണം; കമ്മ്യൂണസവിരുദ്ധാഭിപ്രായത്തെ അടിച്ചമർത്തുക, മതത്തെ തടയുക; വ്യക്തിസ്വാതന്ത്ര്യമൊ, നിയമമൊ, നീതിയൊ ഗണ്യമാക്കാതെ ശത്രുക്കളെ നശിപ്പിക്കുക; മററു രാജ്യങ്ങളിൽ വിപ്ലവം സൃഷ്ടിച്ചു് കമ്മ്യൂണിസം പ്രചരിപ്പിക്കുക; ഇങ്ങനെയുള്ള പരിപാടികളൊന്നുംതന്നെ ജനാധിപത്യത്തിനും ഇന്ത്യക്കും യോജിച്ചതല്ല.

# 14

## മുതലാളിത്തത്തിന്റെ പരാജയം

അനിയന്ത്രിതമായ സാമ്പത്തിക സ്വാതന്ത്ര്യം സാധാരണജനങ്ങൾക്ക് ആപൽകരമായിത്തീരുമെന്നും അമേരിക്കൻ ഐക്യരാഷ്ട്രങ്ങളുടെ സ്ഥിതി സ്പഷ്ടമാക്കുന്നുണ്ട്. ലോകത്തിലെ ഏററവും ധനസമൃദ്ധമായ രാജ്യവും ക്യാപ്പിററലിസത്തിന്റെ മകുടോദാഹരണവുമാണ് അമേരിക്ക. ലോകത്തിലുള്ളതിന്റെ ആറരശതമാനം ജനങ്ങളാണ് അവിടെയുള്ളത്. ലോകത്തിൽ ആകെയുള്ള ധനത്തിന്റെ അമ്പതുശതമാനം ഈ ആറരശതമാനത്തിന്റെ കയ്യിലാണ്. ലോകത്തിലുണ്ടാകുന്ന ഭക്ഷ്യധാന്യങ്ങളിൽ മൂന്നിലൊന്നും, പരുത്തിയിൽ പകുതിയും, ഉരുക്കിൽ പകുതിയിലധികവും, എണ്ണയിൽ എഴുപതു ശതമാനവും, റബ്ബർ വ്യവസായത്തിൽ പകുതയും, ഇലക്ട്രിസിറ്റിയിൽ നാൽപത്തഞ്ചു് ശതമാനവു അമേരിക്കയിലാകുന്നു. മനുഷ്യരുടെ എല്ലാംകൂടിയുള്ള വാർഷിക വരുമാനത്തിന്റെ നാല്പത്തഞ്ചുശതമാനം അവരുടെയാണ്. ലോകസമ്പത്ത് ഒരു രാജ്യത്തിൽ ഇത്രയധികം കേന്ദ്രീകരിക്കുക മുമ്പൊരിക്കലും ഉണ്ടായിട്ടില്ല. അങ്ങനെയുള്ള അമേരിക്കയുടെ കഥ സാമ്പത്തിക വിദ്യാർത്ഥികൾക്ക് ഒരു നല്ല പാഠമാണ്.

ഒന്നാമത്തെ ലോകമഹായുദ്ധത്തിനുശേഷം അവിചാരിതമായ ഒരു സാമ്പത്തികാധഃപതനം അവിടെ ഉണ്ടായി. അനേകം വ്യവസായശാലകൾ അടച്ചുപൂട്ടപ്പെട്ടു. സാമാനങ്ങൾക്ക് കമ്പോളമില്ലാതെയായി.

SEVANA SAMAJAM

തൊഴിലാളികളുടെ എണ്ണം കുറക്കുന്നതിനു് പുതിയയന്ത്രങ്ങൾ നിർമ്മിക്കപ്പെട്ടു. അനേകലക്ഷം തൊഴിലാളികൾക്കു് ജോലിയും ശമ്പളവും ഇല്ലാതെയായി. സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചു. ഒരുകോടി ജനങ്ങൾക്കു് നിത്യോപയോഗത്തിനുള്ള ഭക്ഷണം, വസ്ത്രം, മുതലായവ വാങ്ങുവാൻ പ്രയാസമായിത്തീൎന്നു. തൊഴിലില്ലായ്മയും ദാരിദ്ര്യവും കൊടുമ്പിരിക്കൊണ്ടു. വീടില്ലാത്തവരുടെ എണ്ണം വർദ്ധിച്ചു. മുതലാളിമാർ ജപ്പാനും ജർമ്മനിക്കും മററും യുദ്ധസാമഗ്രികൾ വിററു് വലിയ ആദായം ഉണ്ടാക്കിക്കൊണ്ടിരുന്നു. ഒരററത്തു് സ്വല്പം ചില ധനവാന്മാർ മലപോലെ ലാഭംകൂട്ടിക്കൊണ്ടിരുന്നുവെങ്കിലും സാധാരണ ജനങ്ങൾ ദാരിദ്ര്യത്തിൽ നരകിക്കയായിരുന്നു.

അപ്പോഴാണു് രണ്ടാംലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതു്. ആ യുദ്ധം അമേരിക്കയെ രക്ഷിച്ചു. വ്യവസായശാലകൾ മുഴുശക്തിയോടുകൂടി വീണ്ടും പ്രവൎത്തിച്ചുതുടങ്ങി. ഇരുപത്തഞ്ചുശതമാനം പുരുഷന്മാർ പട്ടാളത്തിൽ ചേൎന്നു. തൊഴിലില്ലാത്തവർ ആരും ഇല്ലാതെയായി. ഉൽപാദനത്തോതു് ഒന്നിനു് രണ്ടായി വർദ്ധിച്ചു. മററു രാജ്യങ്ങളിൽ മരണവും ദാരിദ്ര്യവും നൃത്തമാടിക്കൊണ്ടിരുന്നപ്പോൾ അമേരിക്കക്കാർ സമാധാനകാലത്തെക്കാൾ ഇരട്ടി സുഭിക്ഷതയിൽ ജീവിച്ചു. അമേരിക്കയുടെ ക്ഷേമത്തിനു് മററു രാജ്യങ്ങളിൽ ക്ഷാമം ആവശ്യമാണെന്നു പ്രത്യക്ഷമായി.

രണ്ടാം യുദ്ധം അവസാനിച്ചപ്പോൾ അമേരിക്കക്ക് വീണ്ടും ഭയമായി. ഒരു സാമ്പത്തികകുഴപ്പം അഞ്ചുകൊല്ലത്തിന്നുള്ളിൽ ഉണ്ടാകുമെന്ന് വിദഗ്ദ്ധന്മാർ പ്രവചിച്ചു. അപ്പോഴാണ് അമേരിക്കയുടെ സാമ്പത്തികവ്യവസ്ഥക്ക് മൌലികമായ ദോഷങ്ങളുണ്ടെന്ന് ഗവണ്മെൻറ് ചിന്തിക്കുവാൻ തുടങ്ങിയത്. അക്കാലത്തെ പ്രസിഡണ്ട് റൂസ്‌വെൽട്ട് ഒരു പ്രസ്താവനയിൽ ഇപ്രകാരം പറഞ്ഞു:

അമേരിക്കയിലെ ജനങ്ങൾക്ക് ക്ഷേമവും സുരക്ഷിതത്വവും വേണമെങ്കിൽ എല്ലാവർക്കും ജോലിയുണ്ടായിരിക്കണം. ജോലിയിൽനിന്ന് ആഹാരം വസ്ത്രം മുതലായവ വാങ്ങുവാൻ മതിയായ പ്രതിഫലം അവർക്കു കിട്ടണം. കർഷകൻ ഉൽപാദിപ്പിക്കുന്ന സാധനങ്ങൾക്ക് അവന്ന് ന്യായമായ വില കിട്ടണം. അവൻെറ പ്രതിഫലം മദ്ധ്യവർത്തികളും വ്യാപാരികളും അപഹരിക്കരുത്. വൻകിട വ്യാപാരികളും ചെറുവ്യാപാരികളും തമ്മിൽ മൽസരിച്ച് മുടിയരുത്. എല്ലാ കുടുംബങ്ങൾക്കും വീടുണ്ടായിരിക്കണം. വൈദ്യസഹായം ഒരാൾക്കും നിഷേധിക്കപ്പെടരുത്. പ്രായാധിക്യത്തിലും രോഗത്തിലും ആരും ഉപജീവനത്തിന്ന് മാർഗ്ഗമില്ലാതെയാവരുത്. എല്ലാവർക്കും സാമാന്യവിദ്യാഭ്യാസം ലഭിക്കണം. ഇതെല്ലാം ഒരു പൌരൻെറ അവകാശമാണ്.

ഒരു ക്ഷേമരാഷ്ട്രത്തിൻെറ നയമാണ് പ്രസിഡണ്ട് പ്രഖ്യാപിച്ചത്. പക്ഷെ ആ ലക്ഷ്യത്തിലേക്കു

പുരോഗമിക്കുവാൻ മുതലാളിതാല്പര്യങ്ങൾ പ്രതിബന്ധമായിത്തീൻ.

അമേരിക്കയുടെ വ്യവസായ ശക്തിയിൽ മൂന്നിൽ രണ്ടുഭാഗം 250 കൂട്ടുകമ്പനികളുടെ കുത്തകയായിരുന്നു. അവയിൽ 73 കമ്പനികളുടെ മുതൽകൊണ്ടു് രാജ്യത്തിലുള്ള എല്ലാ വ്യവസായ സ്ഥാപനങ്ങളെയും വിലയ്ക്കു വാങ്ങുവാൻ സാധിക്കുമായിരുന്നു. ഏററവും വലിയ 11 കമ്പനികൾക്കുകൂടി അമേരിക്കൻ ഗവണ്മെൻറിനെക്കാൾ കുറയാത്ത സ്വത്തുണ്ടായിരുന്നു. ഇതെല്ലാം യുദ്ധത്തിലെ കൊലപാതകത്തിൽ നിന്നുണ്ടായ മുതലാണു്. ജനറൽമോട്ടോർ കമ്പനി എന്ന ഒരു വ്യവസായ സ്ഥാപനത്തിൻെറ വാർഷികവരുമാനം അമേരിക്കയിലെ 48 രാഷ്ട്രങ്ങളിൽ ഒന്നിനുപോലും ഉണ്ടായിരുന്നില്ല. ഈ മുതലാളിമാർ രാജ്യത്തിലെ ബാങ്കുകൾ മുതലായ അനേകായിരം സ്ഥാപനങ്ങളെ സ്വാധീനത്തിലാക്കിയിരുന്നു. രാഷ്ട്രത്തിൻെറ ക്ഷേമം മുഴുവൻ അവരുടെ പിടിയിലായി. റൂസ്‌വെൽട്ടിൻെറ ക്ഷേമരാഷ്ട്രം നടപ്പിൽ വന്നില്ല.

ജനങ്ങൾ പ്രബുദ്ധരാവുമ്പോൾ ഈ അനീതിയോടു എതിർക്കുമെന്നു് മുതലാളിമാർക്കു് അറിയാം. ജനങ്ങൾ ഒരിക്കലും സ്വതന്ത്രമായി ചിന്തിക്കാതെയിരിക്കുന്നതിനു് പത്രങ്ങൾ, സിനിമ, റേഡിയൊ മുതലായി പൊതുജനാഭിപ്രായം സൃഷ്ടിക്കുന്ന സ്ഥാപനങ്ങളെയെല്ലാം മുതലാളിമാർ അവരുടെ സ്വാധീനത്തിലാക്കി.

അമേരിക്കയുടെ മുതലാളി വ്യവസ്ഥ ഒരു വലിയ അനുഗ്രഹമാണെന്നു് പത്രങ്ങൾവഴിയായും മററും ജനങ്ങളെ വിശ്വസിപ്പിച്ചുകൊണ്ടിരുന്നു. അതോടുകൂടി പുതിയ പരിഷ്കാരഭ്രമങ്ങളും ആഡംബര ജീവിതരീതികളും നിരന്തരമായ പരസ്യ പ്രചരണംമൂലം സൃഷ്ടിച്ചുകൊണ്ടിരുന്നു. സ്ത്രീകൾക്കും യുവാക്കന്മാക്കും ഒരിക്കലും ഒന്നുകൊണ്ടും തൃപ്തിവരാത്തവിധം അവരുടെ ഉന്മേഷങ്ങളെ കുത്തിപ്പൊക്കിക്കൊണ്ടിരുന്നു. കൃത്രിമസൌന്ദര്യസമ്പാദനത്തിനുള്ള മാർഗ്ഗങ്ങൾ അനുസ്വഷിച്ചുകൊണ്ടു സ്ത്രീകൾ പരക്കംപാച്ചൽതുടങ്ങി. സൌന്ദര്യക്കോപ്പുകളുടെ നിർമ്മാണവും വ്യാപാരവും ഏററവും വലിയ ഒരു ആദായമാർഗ്ഗമായിത്തീൻ. സിനിമയിലും, നാടകത്തിലും വ്യാപാരസ്ഥാപനങ്ങളിലും സ്ത്രീകളെ വികൃതവേഷം കെട്ടിപ്പിച്ചു് മനുഷ്യരെ ആകർഷിക്കുന്നതു് ഒരു ഒന്നാംതരം കച്ചവടമുറയായിത്തീൻ. കുടിക്കാനും മദിക്കാനും കുളിക്കാനും കളിക്കാനും യുവതീയുവാക്കന്മാക്കു് ലഭിച്ചിരുന്ന സൌകര്യങ്ങൾ അവരെയും പാട്ടിലാക്കി. മുതലാളിമാക്കു് സ്വച്ഛന്ദം വിഹരിക്കുവാൻ സാധിച്ചു.

മുതലാളിമാരുടെ സമ്മതംകൂടാതെ ഒരു രാഷ്ട്രീയ കക്ഷിക്കും അമേരിക്കയിൽ പ്രവത്തിക്കുവാൻ സാദ്ധ്യമല്ലാതെയായി. കോൺഗ്രസ്സിലെ എല്ലാസീററുകളും രണ്ടു മുതലാളി കക്ഷിക്കാർ കൈവശപ്പെടുത്തി. അങ്ങനെയല്ലാതെ ഒന്നോ രണ്ടോ സീററുകൾ മാത്രമെ ഉണ്ടായിരുന്നുള്ളു. പുതിയൊരുകക്ഷിക്കു് തലപൊക്കു

വാൻ സാധിക്കയില്ലെന്നായി. അങ്ങനെ രാഷ്ട്രീയ ജീവിതത്തെയും മുതലാളിമാർ കടിഞ്ഞാണിട്ടുപിടിച്ചു. രാജ്യഭരണത്തിൽ ശിപാർശ്ശ, കൈക്കൂലി മുതലായ അഴിമതികൾ സാർവ്വത്രികമായിത്തീൎന്നു. ധാർമ്മികബോധം ഒരിടത്തും കാണാതെയായി. അക്രമികളെ ഉപയോഗിച്ച് തൊഴിലാളിസംരംഭങ്ങളെ അമർച്ച ചെയ്യുവാൻ ചില മുതലാളിമാർ മടിച്ചില്ല. അക്രമിസംഘങ്ങളിൽ നിന്ന് ആൎക്കും രക്ഷയില്ലാതെയായി. മദ്യപാനവും മററു ദുസ്സ്വഭാവങ്ങളും ഭയങ്കരമായി വൎദ്ധിച്ചു. സത്യനീതികൾ പൊതു ജീവിതരംഗത്തിൽനിന്ന് തിരോധാനം ചെയ്തു.

മററുരാജ്യങ്ങൾ അഭിവൃദ്ധിപ്പെട്ടപ്പോൾ അമേരിക്കയിലെ ഉൽപാദനങ്ങൾക്ക് കമ്പോളം കുറഞ്ഞു അപ്പോൾ വിദേശങ്ങളിൽ നിന്ന് അമേരിക്കയിലെക്കുള്ള ഇറക്കമതികൾ കുറെക്കുവാൻ ശ്രമം തുടങ്ങി. കടൽ ചുങ്കങ്ങൾ വൎദ്ധിപ്പിക്കപ്പെട്ടു. ഇറക്കമതി ചെയ്തിരുന്ന റബ്ബർ, പട്ട്, ചണ, തോൽ, കൊപ്ര, എണ്ണ മുതലായവക്ക് പകരം കൃത്രിമസാധനങ്ങൾ അമേരിക്കയിൽത്തന്നെ നിർമ്മിച്ചുതുടങ്ങി.

ഗോതമ്പ്, ഉരുളൻകിഴങ്ങ്, പഴങ്ങൾ, പാൽ മുതലായ വിലയേറിയ ഭക്ഷ്യസാധനങ്ങൾ ആവശ്യത്തിൽ കവിഞ്ഞ് വളരെ അധികം ഉൽപാദിപ്പിക്കപ്പെട്ടിരുന്നു. ആദായവിലക്ക് വിററഴിപ്പാൻ സാധിക്കയില്ലെന്ന് കണ്ടിട്ട് കോടിക്കണക്കിന് വിലയുള്ള

ഈ സാധനങ്ങൾ കഴിച്ചുമൂടി നശിപ്പിക്കുന്നതു് ഒരു പതിവായിത്തീൎന്നു. അമേരിക്കയിൽതന്നെ അനേക ലക്ഷങ്ങൾ വേണ്ടിടത്തോളം ആഹാരമില്ലാതെ കഷ്ടപ്പെടുകയും, മററുരാജ്യങ്ങൾ ഭക്ഷ്യക്ഷാമം മൂലം പ്രാണവേദനപ്പെടുകയും ചെയ്തിരുന്നപ്പോൾ ഈ പൈശാചിക കൃത്യം ചെയ്യുന്നതിന്നു് മുതലാളിമാൎക്കു് സങ്കോചമുണ്ടായില്ല.

ഇതെല്ലാം ചെയ്തിട്ടും മുതലാളിത്തക്കോട്ട തകൎന്നുപോകുമെന്നു് ഭയപ്പെട്ടിട്ടു് യുദ്ധസാമഗ്രികളും പടയാളികളുടെ എണ്ണവും വൎദ്ധിപ്പിക്കുവാനും അങ്ങനെ ജനങ്ങൾക്കു കുറെ തൊഴിലും മുതലാളിമാൎക്കു കൂടുതൽ ആദായവും കിട്ടുവാനുമുള്ള മാൎഗ്ഗം തുറക്കുവാനും അമേരിക്ക ആരംഭിച്ചു. അണുബോംബു നിൎമ്മാണം അതിൽ ഉൾപെട്ടതാണു്. തകൎന്നുകൊണ്ടിരുന്ന മുതലാളിത്തത്തെ താങ്ങിനിൎത്തുവാനുള്ള ഒരു പിശാചാണു് അണുബോംബു്. യുദ്ധഭീഷണി ജനങ്ങളുടെ മുമ്പിൽ ഒരു ഇമ്പാച്ചിപോലെ നിൎത്തിയാണു് അവരെ ഈ വിധം ഭരിക്കുന്നതു്. യഥാൎത്ഥമായ ക്ഷേമരാഷ്ട്രം സൃഷ്ടിക്കുന്നതിന്നു് ഗവൎമ്മണ്ടിനു് സമയവും താല്പൎയ്യവുമില്ല. ജനങ്ങൾ നിത്യഭീതിയിൽ ജീവിക്കുന്നതിനാൽ ഒരു പുതിയ സാമ്പത്തിക വ്യവസ്ഥയെപ്പററി ചിന്തിക്കുവാനൊ വാദിക്കുവാനൊ അവൎക്കും ധൈൎയ്യമില്ല.

ഈ പരിതസ്ഥിതിയിൽ സാധാരണക്കാരന്റെ അവസ്ഥയെന്താണു്. 75 ശതമാനം കുട്ടികൾക്കു

വേണ്ടിടത്തോളം പോഷകാംശമുള്ള ആഹാരം കിട്ടുന്നില്ല. വിലക്കയററംമൂലം ന്യൂയോക്കിൽ മാത്രം 25 ലക്ഷം ജനങ്ങൾ ആവശ്യമുള്ളത്ര ഭക്ഷണം കഴിക്കുവാൻ സാധിക്കാത്തവരായിട്ടുണ്ട്. മാസം 180 ഡോളർ (540 ക) ശമ്പളം കിട്ടുന്ന ഒരു ഡ്രൈവർ പ്രസിഡണ്ട് ട്രൂമാന് 1947 ജൂലായി 26-ാംനു അയച്ച ഒരെഴുത്തിൽ പറയുന്നു:—എൻെറ സങ്കടം കേട്ടശേഷം എന്നെപോലെയുള്ള ഈ രാജ്യത്തെ പൌരന്മാർ എന്തു ചെയ്യണമെന്ന് പറയുക. ആവശ്യത്തിനു കൂട്ടാനും കിഴിക്കാനുമല്ലാതെ എനിക്കുവലിയ പഠിപ്പൊന്നുമില്ല. എന്നാൽ ഒരുകാര്യം എനിക്കു നിശ്ചയമുണ്ട്. എന്റെ വരവനുസരിച്ച് ചിലവ് ശരിപ്പെടുത്തുവാൻ ലോകത്തിലെ ഒരു പണ്ഡിതനും സാധിക്കയില്ല. ഞാൻ വിവാഹിതനാണ്. സ്കൂളിൽ പോകുന്ന രണ്ടു കുട്ടികളുണ്ട്. വളരെ അദ്ധ്വാനിച്ച് പണിയെടുത്താൽ മാസം 540ക. കിട്ടും, അതിൽ വീട്ടുവാടക 105 ക യും ആഹാരം, വിദ്യുച്ഛക്തി, വണ്ടിക്കൂലി മുതലായവയ്ക്കുള്ള ചിലവും കൂട്ടിയാൽ മാസം 538 ക ചിലവു വരുന്നുണ്ട്. ദിവസങ്ങൾ എങ്ങനെയെങ്കിലും തള്ളിക്കൊണ്ടുപോകുവാൻ മാത്രമാണിതു്. വസ്ത്രം, സ്കൂൾചിലവ്, മരുന്ന് ഇവയൊന്നും ഇതിൽ ഉൾപ്പെട്ടിട്ടില്ല. ഒരുകൊല്ലം മുമ്പ് എൻെറ ഭാര്യക്ക് ഒരു ശസ്ത്രക്രിയ നടത്തുവാൻ ഡാക്ടർ 900ക വാങ്ങി; ആസ്പത്രിച്ചിലവ് പുറമെയും. ഇതിൻെറയെല്ലാം അവസാനം എവിടെയാണ്. വല്ലകാലത്തും ഈ ദാരിദ്ര്യത്തിൽ നിന്നു രക്ഷകിട്ടുമോ. എന്നെപ്പോലെ

യുള്ള ഈ രാജ്യത്തെ 80ശതമാനം മനുഷ്യർ എന്തിനാ ണു് ജീവിക്കുന്നതു്.

അമേരിക്കയിലെ മൂന്നിലൊരുഭാഗം അതായതു് ഒരുകോടി അറുപതു്ലക്ഷം കുടുംബങ്ങൾ ഈ ഡ്രൈവറെക്കാൾ കുറഞ്ഞ വരുമാനക്കാരാണു്. അവരിൽ 50 ശതമാനത്തിനു് ഈ ഡ്രൈവരുടെ പകുതിമാത്രമെ വരുമാനമുള്ളു. അവരുടെ പ്രയാസങ്ങൾ എത്ര അധികമായിരിക്കണം. ന്യൂയോക്ക് പട്ടണത്തിൽ ആസ്പത്രിയിൽ പ്രവേശനം ലഭിക്കാത്ത രോഗികൾ അനേകായിരമുണ്ടു്. ക്ഷയരോഗികൾ മാത്രം പതിനായിരംപേർ സ്ഥലം ഒഴിയുവാൻ കാത്തിരിക്കുന്നവരാണു്. യുദ്ധാനന്തര വർഷങ്ങളിൽ 25 ശതമാനം മരണങ്ങൾക്കു് കാരണം ആഹാരക്കുറവായിരുന്നു. ആകെയുള്ള 14കോടിയിൽ ഒമ്പതരക്കോടി ജനങ്ങൾ ആവശ്യമുള്ള വൈദ്യസഹായം ലഭിക്കുവാൻ കഴിവില്ലാത്തവരാണു്. പട്ടാളത്തിൽ എടുക്കുവാൻ പരിശോധിക്കപ്പെട്ടവരിൽ 30 ശതമാനം അനാരോഗ്യത്താൽ അയോഗ്യരായി കാണപ്പെട്ടു. അമേരിക്കക്കാർ പന്തയങ്ങൾക്കും ചൂതാട്ടത്തിനും ചിലവാക്കുന്നതിൻെറ പകുതിപോലും വൈദ്യസഹായത്തിനു് കൊടുക്കുന്നില്ല.

അമേരിക്കയിൽ പൊതുവെ എല്ലാവരും ഒരു അരക്ഷിതാവസ്ഥയിൽ ഭയപ്പെട്ടുകൊണ്ടാണു് ജീവിക്കുന്നതു്. അതുകൊണ്ടായിരിക്കണം മാനസികരോഗങ്ങൾ ഭയങ്കരമായി വർദ്ധിക്കുന്നതു്. പത്തിൽ ഒരാൾവീതം ഭ്രാ-

ന്താസ്പത്രിയിൽ പോകേണ്ടിവരുന്നുണ്ട്. സാധാരണ ഡോക്ടർമാർ ചികിത്സിക്കുന്ന രോഗികളിൽ 50ശതമാനം മാനസിക രോഗങ്ങൾകൂടി ഉള്ളവരാണ്. രണ്ടാം യുദ്ധത്തിന് പട്ടാളത്തിൽ ചേൎന്നവരിൽ ആറരലക്ഷം പടയാളികളെ മാനസികരോഗംമൂലം പിരിച്ചുവിടേണ്ടിവന്നു.

എലിമണ്ടറി സ്കൂൾമാസ്റ്റർമാരുടെ ശമ്പളം വളരെ കുറവാകയാൽ വേറെ ജോലികൂടി നോക്കിയിട്ടാണ് അവർ ജീവിക്കുന്നതു്. ഹൈസ്കൂൾ വിദ്യാൎത്ഥികളിൽ 20 ശതമാനം വേലചെയ്തു് എന്തെങ്കിലും സമ്പാദിക്കാതെ പഠിക്കുവാൻ സാധിക്കാത്തവരാണ്. അക്ഷരജ്ഞാനമില്ലാത്തവരായി മുപ്പതുലക്ഷം അമേരിക്കക്കാരുണ്ട്. അതുകൂടാതെ ഒരുകോടി ജനങ്ങൾ സ്കൂളിൽ പഠിച്ചവരാണെങ്കിലും വായിക്കാനും എഴുതുവാനും സാധിക്കാത്തവരാണ്. കൊച്ചുകുട്ടികളുള്ള അമ്മമാരിൽ 25 ശതമാനം പുറത്തുപോയിവേലചെയ്തു് ഉപജീവനമാർഗ്ഗം ഉണ്ടാക്കേണ്ടവരാണ്. 1947ൽ പത്തുലക്ഷം കുട്ടികളുടെ കുടുംബങ്ങൾ ധമ്മസഹായം സ്വീകരിച്ചു വന്നിരുന്നു. ഏഴുമുതൽ പതിനഞ്ചുവരെ വയസ്സുള്ള കുട്ടികളാണ് അമേരിക്കയിലെ 56 ശതമാനം അക്രമപ്രവൎത്തികൾ ചെയ്യുന്നതു്. കൊല്ലംതോറും പത്തുലക്ഷം കുട്ടികളുടെമേൽ പോലീസ്സുകാർ നടപടിയെടുക്കുന്നുണ്ട്.

മുതലാളിത്തം വിജയകരമാക്കുവാൻ അമേരിക്കയെപ്പോലെ സകല സൌകൎയ്യങ്ങളും തികഞ്ഞ ഒരു രാജ്യം

വേറെയില്ല. അവിടെ ഇതൊക്കെയാണ് സംഭവിക്കുന്നതെങ്കിൽ മുതലാളിത്തത്തിൽ നിന്ന് രക്ഷിക്കണമെ എന്ന് ആരാണ് മുറവിളി കൂട്ടാതിരിക്കുക.

# 15

## ഗാന്ധി ജനാധിപത്യം–സർവ്വോദയം

സർവ്വോദയലക്ഷ്യം: ജനാധിപത്യം വിജയിക്കണമെങ്കിൽ യോഗ്യന്മാരായ പൌരന്മാരോടൊപ്പം ഏററവും പാവപ്പെട്ട പൌരനും ഇന്ത്യയുടെ ഭരണത്തിൽ പങ്കാളിയായിരിക്കണം. വിദ്യയും, ആരോഗ്യവും, വിശുദ്ധിയും ദാരിദ്ര്യദുഃഖം കൂടാതെ ജീവിക്കുവാനുള്ള സൌകര്യവും എല്ലാവക്കും ഉണ്ടായിരിക്കണം. ജാതിമത വ്യത്യാസങ്ങളൊന്നും പിന്നെ ആരും ചിന്തിക്കയില്ല. തീണ്ടലും തൊടിലും ഉച്ചനീച വിചാരവും ഉണ്ടാകയില്ല. തൊഴിലാളിയും മുതലാളിയും സമന്മാരായിരിക്കും. എല്ലാവരും വേലചെയ്ത് ജീവിക്കും. കറുപ്പ് കള്ള് മുതലായ ലഹരി സാധനങ്ങൾ ആരും ഉപയോഗിക്കയില്ല. എല്ലാവരും സ്വദേശി വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കും. പുരുഷന്മാർ അന്യസ്ത്രീകളെ അമ്മമാരായും സഹോദരിമാരായും പുത്രിമാരായും വിചാരിക്കും. ഒരിക്കലും മററുള്ളവക്ക് ജീവാപായം വരുത്താതെ വേണ്ടിവന്നാൽ അവക്കുവേണ്ടി തൻെറ ജീവനെ കൊടുക്കുവാൻ ഓരോ പൌരനും തയ്യാറായിരിക്കും.

സർവ്വോദയത്തിൻെറ ആരംഭം: ക്രിസ്തു ഉപദേശിച്ച ദൈവരാജ്യ ധമ്മങ്ങളെപ്പററി പ്രസിദ്ധ ഇംഗ്ലീഷ്

സാഹിത്യകാരനായ റസ്കിൻ എഴുതിയ Unto the Last എന്ന പുസ്തകം ഗാന്ധി വായിക്കുവാൻ ഇടയായി. അതു വായിച്ചു തീൎന്നപ്പോൾ ഗാന്ധിക്കു ഒരു പുതിയ പ്രകാശം സിദ്ധിച്ചതുപോലെയുള്ള അനുഭവം ഉണ്ടാകയും തന്റെ ജീവിതത്തെ മുഴുവൻ ഒരു പുതിയ പന്ഥാവിലേക്കു തിരിക്കുവാൻ അതു് സഹായകമാവുകയും ചെയ്തുവത്രെ. ആ പുസ്തകത്തെ ഗാന്ധി സർവ്വോദയം എന്ന പേരിൽ ഗുജറാത്തിയിലേക്കു് തർജ്ജിമ ചെയ്തു പ്രസിദ്ധപ്പെടുത്തി. അങ്ങനെയാണു് സർവ്വോദയപ്രസ്ഥാനം ആരംഭിച്ചതു്.

റസ്കിന്റെ പുസ്തകം ക്രിസ്തുവിന്റെ ഒരു ഉപമയെ അടിസ്ഥാനമാക്കി രചിച്ചതായിരുന്നു. ആ ഉപമ ഇപ്രകാരമാണു്:

ദൈവരാജ്യം തന്റെ മുന്തിരിത്തോട്ടത്തിൽ വേലക്കാരെ വിളിച്ചാക്കേണ്ടതിനു് പുലർച്ചക്കു് പുറപ്പെട്ട ഒരു വീട്ടുടമസ്ഥനോടു സദൃശമാകുന്നു. വേലക്കാരോടു് അവൻ ഒരു വെള്ളിക്കാശു് ദിവസക്കൂലി പറഞ്ഞൊത്തു അവരെ മുന്തിരിത്തോട്ടത്തിലേക്കയച്ചു. മൂന്നുമണിക്കൂർ കഴിഞ്ഞു് വീട്ടുടമസ്ഥൻ ചന്തയിൽ പോയപ്പോൾ ചിലർ ജോലിയില്ലാതെ നിൽക്കുന്നതു് കണ്ടു. നിങ്ങളും മുന്തിരിത്തോട്ടത്തിൽ പോകുവിൻ, ന്യായമായതു് തരാം എന്നു് അവരോടു് പറഞ്ഞു. അവർ പോയി. പിന്നെയും മൂന്നുമണിക്കൂർ കഴിഞ്ഞപ്പോൾ അവൻ വീണ്ടും ചന്തയിൽ ചെന്നു. വേല കിട്ടാതെ നിന്നവരെ വിളിച്ചു് മുന്തിരിത്തോട്ടത്തിലേക്കയച്ചു. ഒമ്പതു് മണിക്കൂർ കഴി

ഞ്ഞശേഷവും പതിനൊന്നു മണിക്കൂർ കഴിഞ്ഞ ശേഷ വും അവൻ അങ്ങനെ ചെയ്തു. സന്ധ്യയായപ്പോൾ മുന്തിരിത്തോട്ടത്തിൻെറ ഉടമസ്ഥൻ തന്റെ കാര്യസ്ഥനോട്ട് വേലക്കാരെ വിളിച്ചു് അവസാനം വന്ന വേലക്കാർക്കും ആദ്യം വന്നവർക്കും ഒരുപോലെ ഓരോ വെള്ളിക്കാശു് കൊടുക്കുവാൻ പറഞ്ഞു. മുമ്പന്മാർ തങ്ങൾക്കു് അധികം കിട്ടുമെന്നു വിചാരിച്ചു. എല്ലാവർക്കും ഒരുപോലെ കൊടുത്തപ്പോൾ ആദ്യം വന്നവർ പിറുപിറുത്തു. ഈ അവസാനം വന്നവർ ഒരുമണിക്കൂർ നേരം മാത്രം വേല ചെയ്തിട്ടും നീ അവരെ പകൽ മുഴുവൻ വെയിൽകൊണ്ടു വേലചെയ്ത ഞങ്ങളോടു സമമാക്കിയല്ലോ എന്നു പറഞ്ഞു. അവരോടു വീട്ടുടമസ്ഥൻ ഉത്തരം പറഞ്ഞതു് സ്നേഹിതാ ഞാൻ നിന്നോടു അന്യായം ചെയ്യുന്നില്ല; നീ എന്നോടു ഒരു വെള്ളിക്കാശു് ദിവസക്കൂലി പറഞ്ഞൊത്തില്ലയോ. നിൻെറ കൂലിവാങ്ങി പൊയ്ക്കൊൾക. നിനക്കു തന്നതുപോലെ അവസാനം വന്നവർക്കും കൊടുത്തതു് എൻെറ ഇഷ്ടമല്ലേ. (മത്താ. 20:1-14)

1. <u>സർവ്വോദയം ഒരു ആത്മിക പ്രസ്ഥാനമാണു്.</u>

അതിൻെറ ലക്ഷ്യം ധാർമ്മികമായിരിക്കുന്നതുപോലെ ലക്ഷ്യപ്രാപ്തിക്കുപയോഗിക്കുന്ന മാർഗ്ഗങ്ങളും ധാർമ്മികമായിരിക്കണം.

2. <u>സർവ്വോദയ പൌരൻ അനുസരിക്കേണ്ടതായ ധർമ്മനീതികൾ.</u>

(1) എല്ലാ നന്മകളുടേയും ബീജം സത്യനിഷ്ഠയ

SEVANA SAMAJAM & READING

കുന്നു. അതില്ലാതെ ഒരു നന്മയും സാദ്ധ്യമല്ല. ജീവിതോദ്ദേശം സത്യാന്വേഷണമായിരിക്കണം.

(2) സത്യാന്വേഷികളുടെ മാർഗ്ഗം എപ്പോഴും അഹിംസാത്മകമായിരിക്കണം. ചീത്ത വിചാരങ്ങളും, വിദ്വേഷവും, ദോഷബുദ്ധിയും ധനമോഹവും അതുപോലെയുള്ള എല്ലാ ദോഷങ്ങളും ഹിംസയാകുന്നു.

(3) ബ്രഹ്മചര്യം: ദൈവത്തോടുകൂടിയുള്ള ജീവിതം എന്നാണു് ബ്രഹ്മചര്യത്തിന്റെ അർത്ഥം. അതിനു് ഏററവും ആവശ്യമായിട്ടുള്ളതു് ഇന്ദ്രിയ തൃഷ്ണകളെ ജയിക്കുകയാകുന്നു.

(4) നിർഭയത്വം, അസ്തേയം, അപരിഗ്രഹം, യുക്താഹാരം, ത്യാഗശീലം, സേവനബുദ്ധി മുതലായവ ദൈനംദിന ജീവിതത്തിൽ അഭ്യസിക്കേണ്ടതാകുന്നു.

(5) വേലചെയ്യാത്തവനു് ആഹാരം കഴിക്കുവാനം അവകാശമില്ല. എല്ലാവൎക്കും ശരീരാദ്ധ്വാനം ആവശ്യമാണു്. സീസൎക്കുള്ളതു് സീസൎക്കു കൊടുക്കുക എന്നു് പറഞ്ഞതു് പോലെ ശരീരത്തിനു് വേണ്ടതു് ശരീരം തന്നെ സമ്പാദിക്കണം.

(6) സ്വദേശി സാധനങ്ങൾ ഉപയോഗിക്കുകയും സ്വദേശി വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. അതു് ആരെയും ഉപദ്രവിക്കാനായിട്ടല്ല, എല്ലാവരുടേയും നന്മക്കായിട്ടാകുന്നു. പക്ഷേ ദൈവനീതിക്കുവേണ്ടി തന്റെ ജീവനെ നഷ്ടപ്പെടുത്തുന്നവൻ അതിനെ രക്ഷിക്കുകയാണു് ചെയ്യുന്നതെന്നു് മറക്കരുതു്.

(7) എല്ലാ മതങ്ങളെയും ബഹുമാനിക്കുകയും പഠിക്കുകയും സത്യമായിട്ടുള്ളതും നന്മയായിട്ടുള്ളതും ഏതു മതത്തിലുള്ളതായാലും സ്വീകരിക്കുകയും ചെയ്യേണ്ടതാകുന്നു. ദൈവം സത്യമാണ്. സത്യാന്വേഷണമാണ് മതങ്ങളുടെ കത്തവ്യം.

(8) എല്ലാ മനുഷ്യരെയും സ്നേഹിക്കുന്നതും ശുശ്രൂഷിക്കുന്നതും മനുഷ്യർ സമന്മാരായി പരസ്പരം സ്നേഹിക്കുന്നതിന് പ്രതിബന്ധമായിരിക്കുന്ന എല്ലാ ഭിന്നതകളെയും നിരാകരിക്കുന്നതും സർവ്വോദയ ധമ്മമാകുന്നു.

### 3. സർവ്വോദയ സാമ്പത്തിക നീതി.

(1) കിട്ടാവുന്നതെല്ലാം കിട്ടണമെന്നുള്ള വിചാരം അരുതു്. എല്ലാവക്കും ലഭിക്കണം ഇല്ലെങ്കിൽ എനിക്കും വേണ്ട എന്നായിരിക്കണം വിചാരം.

(2) സ്വർണ്ണമോ, പണമോ അല്ല മനുഷ്യനാണ് ധനം. മനുഷ്യനെ സമ്പാദിക്കുന്നവൻ എല്ലാ ധനത്തെയും സമ്പാദിക്കുന്നു. എല്ലാ തൊഴിലും അതിൽ ഏൎപ്പെട്ടിരിക്കുന്ന തൊഴിലാളിയുടെ നന്മക്കാക്കിത്തീൎവാനായിരിക്കണം മുതലാളിയുടെ പരിശ്രമം. പിതാവു് മക്കളെ സംരക്ഷിക്കുന്നതുപോലെ മുതലാളി തൊഴിലാളിയെ സംരക്ഷിക്കണം. സ്വന്തം ജീവനെ രക്ഷിക്കുന്നവൻ അതു് നഷ്ടമാക്കും, മററുള്ളവക്കുവേണ്ടി സ്വന്തം ജീവനെ കൊടുക്കുന്നവൻ അതു് രക്ഷിക്കും എന്നു് പറഞ്ഞിട്ടുള്ളതു് സാമ്പത്തിക ബന്ധത്തിലും പരമാൎത്ഥമാകുന്നു.

(3) ന്യായമായ കൂലി എല്ലാവക്കും ലഭിച്ചാൽ അന്യായമായ ആദായം ആക്കും ഉണ്ടാകയില്ല. ആദായത്തിനുവേണ്ടിയുള്ള മത്സരം വിനാശകരമാണു്. വേലക്കു കൂലി എന്ന തത്വം എല്ലാവരെയും ഒരുപോലെ ബാധിക്കണം. ഒരുകൂട്ടക്കു നഷ്ടവും മറെറാരുകൂട്ടക്കു് ആദായവും, അനേകക്കു് കഷ്ടവും ചിലക്കു സുഖവും എന്നുള്ള ഏർപ്പാട്ടു് അനീതിയാകുന്നു. എല്ലാവക്കും ന്യായമായ സുഖസൌകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാകുന്നു. മനുഷ്യൻെറ പ്രാഥമിക ആവശ്യങ്ങൾ, അതായതു് ആഹാരം ഉടുപ്പു മുതലായവ, എല്ലാവക്കും ലഭിക്കണം.

(4) തോട്ടിയായാലും തുപ്പുകാരനായാലും, വക്കീലായാലും ഡോക്ടരായാലും, ആർ ഏതു് വേലചെയ്താലും ദിവസക്കൂലി എല്ലാവക്കും ഒരുപോലെയിരിക്കുന്നതാണു് യഥാൎത്ഥമായ സാമ്പത്തികനീതി.

(5) അമിതമായ യന്ത്രീകരണവും വൻകിട വ്യവസായങ്ങളും മനുഷ്യക്കു് ഒരു ശാപമാണു്. അതു് രണ്ടും അനേകകോടി ജനങ്ങൾക്കു് തൊഴിലില്ലാതെയാക്കുന്നു. ദാരിദ്ര്യം തീക്കുന്നുമില്ല. മനുഷ്യൻെറ കഴിവുകളെ നശിപ്പിക്കാതെ അവരുടെ പ്രവൎത്തിയിൽ അവക്കു സഹായമായിത്തീരുന്ന വിധത്തിൽ യന്ത്രം ഉപയോഗിക്കുവാൻവിരോധമില്ല. മനുഷ്യൻ അധഃപതിക്കരുതു് എന്നാണു് ഒന്നാമതായി ശ്രദ്ധിക്കേണ്ടതു്. ഗ്രാമീണർ സമൎത്ഥന്മാരുടെ ചൂഷണത്തിന്നു് ഇരയാവാതിരിക്കണം

ണമെങ്കിൽ ഗ്രാമീണവ്യവസായങ്ങളെ പോഷിപ്പിക്കണം. വ്യവസായങ്ങളുടെ കേന്ദ്രീകരണം ഗ്രാമങ്ങളെ നശിപ്പിക്കും. യന്ത്രങ്ങളും വൻകിടവ്യവസായങ്ങളുമാണു് രാഷ്ട്രങ്ങൾ തമ്മിൽ മത്സരത്തിനു് ഇടയാക്കുന്നതു്. വികസിത രാജ്യങ്ങൾ അവികസിത രാജ്യങ്ങളെ ചൂഷണം ചെയ്യുവാൻ തരം നോക്കിക്കൊണ്ടിരിക്കുന്നു. മത്സരവും യുദ്ധവും ഒഴിവാക്കണമെങ്കിൽ ഗ്രാമങ്ങൾ കഴിയുന്നത്ര സ്വയം പര്യാപ്തങ്ങളായിത്തീരണം.

(6) മുതലാളിതൊഴിലാളിബന്ധം.

(എ) മുതലാളിയും തൊഴിലാളിയും സമാവകാശികളാകുന്നു. അവർതമ്മിൽ മത്സരം ആവശ്യമില്ല. എല്ലാ ധനവും എല്ലാവർക്കുമായി ദൈവം നല്കുന്നതാകുന്നു. ആവശ്യത്തിലധികം എടുക്കുവാനൊ കൂട്ടിവെക്കുവാനൊ സമുദായത്തിനു് ദോഷകരമായ വിധത്തിൽ വ്യയം ചെയ്യുവാനൊ ആർക്കും അവകാശമില്ല.

(ബി) ഒരു വ്യക്തിക്കു് ആവശ്യത്തിലധികം ധനം കൈവശം വന്നാൽ അവൻ ആ ധനത്തെ ഒരു ട്രസ്റ്റായു് വിചാരിക്കണം. അതായതു്, സ്വന്തം ആവശ്യം കഴിഞ്ഞു് അധികമുള്ളതു് സമുദായത്തിൻെറയാകുന്നു.

(സി) ജന്മികളും സ്വന്തം ആവശ്യം കഴിഞ്ഞു അധികമുള്ള ഭൂമി സമുദായത്തിൻെറ വകയായി വിചാരിക്കണം. അവരും ട്രസ്റ്റിമാരാണു്.

## 4. സർവ്വോദയസാമൂഹ്യവ്യവസ്ഥിതി

(1) എല്ലാ മനുഷ്യരും ദൈവസൃഷ്ടിയാണ്. ദൈവം എല്ലാവരിലും ഉണ്ടു. തോട്ടിയും, ബ്രാഹ്മണനും, പറയനും, ഈഴവനും, പണ്ഡിതനും പാമരനും, എല്ലാവരും സമസൃഷ്ടികളാകുന്നു. അവർ തമ്മിൽ ഉച്ചനീചത്വം ഇല്ല. പന്തിഭോജനവും പരസ്പര വിവാഹവും ആർക്കും ആവാം. ഭിന്നമതക്കാരായാലും പരസ്പരം സ്നേഹിക്കുന്ന സ്ത്രീപുരുഷന്മാർക്കു വിവാഹം ചെയ്യുവാൻ വിരോധമില്ല.

(2) സ്ത്രീപുരുഷന്മാർ ഒരുപോലെ സ്വതന്ത്രരും സമന്മാരും ആകുന്നു. അവരെ ഭരിക്കുന്ന ധർമ്മനീതികളും ഒന്നുതന്നെ. ഭാര്യാഭർത്താക്കന്മാർ സുഖദുഃഖങ്ങളിൽ തുല്യപങ്കാളികളാകുന്നു.

(3) എല്ലാ പ്രാണികളോടും ദയകാണിക്കണം. ഒന്നിനെയും ഹിംസിക്കുന്നതു് ശരിയല്ല. പക്ഷേ മനുഷ്യർക്കു ദോഷം ചെയ്യുന്നവയെ വേറെ മാർഗ്ഗമില്ലെങ്കിൽ നശിപ്പിക്കേണ്ടതു് തന്നെ.

(4) സാർവ്വത്രികമായ സഹോദരസ്നേഹം ഉണ്ടാകുമ്പോൾ ഭൂമിയിൽ സമാധാനവും മനുഷ്യരുടെ ഇടയിൽ സംപ്രീതിയും ഉണ്ടാകും.

## 5. രാഷ്ട്രീയ വ്യവസ്ഥ.

(1) മനുഷ്യൻ സ്വയം ഭരിക്കുന്നതാണ് സ്വരാജ്യം. ധർമ്മനീതികളെ അനുസരിക്കുന്നവനും, സത്യനി

ഷ്ടയുള്ളവനും, തന്റെ കുടുംബത്തോടും ചുററുമുള്ളവ രോടും തനിക്കുള്ള കടമകളെ ശരിയായി നിവ്വഹിക്കുന്ന വനും എവിടെയിരുന്നാലും സ്വതന്ത്രനാണ്, സ്വയം ഭരിക്കുന്നവനനാണ്. പൌരന്മാരെല്ലാം സ്വയം ഭരിക്കുന്ന വരായാൽ ഗവമ്മെണ്ടിന്റെ ജോലി വളരെ ലഘുവായി രിക്കും. എല്ലാവരും സമാധാനമായി ജീവിക്കും. ഗവ മ്മെണ്ടിന്റെ അധികാരം ബലപ്രയോഗത്തിൽ അധി ഷ്ഠിതമായിരിക്കുന്നതിനാൽ അധികാരശക്തി വർദ്ധി ക്കുന്നതു് എല്ലാവക്കും ആപൽക്കരമാകുന്നു. ഗവമ്മ ണ്ടിന്റെ അധികാരം ഏററവും കുറയുന്നതാണ് നല്ല തു്. അങ്ങനെയാവണമെങ്കിൽ ഓരോ പൌരനും സ്വ യം ഭരിക്കുന്നവനാകണം.

(2) രാഷ്ട്രത്തിന്റെ ജീവബീജങ്ങൾ ഗ്രാമങ്ങളാ കുന്നു. ഗ്രാമീണസ്വരാജ്യമായിരിക്കണം രാഷ്ട്രത്തിന്റെ അടിസ്ഥാനം

(3) വ്യക്തികളെപ്പോലെ രാഷ്ട്രങ്ങളും സത്യ വും അഹിംസയും മൌലിക ധമ്മങ്ങളായി സ്വീകരി ക്കണം.

(4) പ്രായപൂത്തിവന്നവക്കെല്ലാം വോട്ടവകാശമു ണ്ടായിരിക്കണം.

(5) ഇന്ത്യയുടെ സ്വാതന്ത്ര്യം ഒരു രാജ്യത്തിനും ആപൽകരമായിത്തീരരുതു്. സ്വാതന്ത്ര്യം ലോകശ്രു ശ്രൂഷക്കായി ഉപയോഗിക്കപ്പെടേണ്ടതാകുന്നു. സർവ്വോ ദയമാണ് അതിന്റെ ലക്ഷ്യം.

(6) ഒരു ലോക ഗവമ്മെണ്ടിൻെറ നേതൃത്വത്തിൽ മാത്രമെ ലോകസമാധാനം ഉറയ്ക്കുകയുള്ളൂ.

## ൬. അനീതിയോടു സമരം,

(1) സ്നേഹശക്തിയുപയോഗിച്ച് എല്ലാ അനീതികളെയും എതിക്കണം. അഹിംസ ഭീരുത്വമല്ല, ധാമ്മികമായ ധീരതയാകുന്നു. സ്നേഹത്തിൻെറയും ത്യാഗത്തിൻെറയും മുമ്പിൽ ദുഷ്ടൻെറ ദുഷ്ടതക്ക് ശക്തിയില്ലാതാവണം.

(2) എതിരാളികളെ തോല്പിക്കയല്ല. അവരെയും നല്ലവരാക്കിത്തീക്കുന്നതായിരിക്കണം സത്യാഗ്രഹത്തിൻെറ ഉദ്ദേശ്യം.

(3) വേറെ മാർഗ്ഗങ്ങൾ പരീക്ഷിച്ചശേഷമെ സത്യാഗ്രഹസമരം ആരംഭിക്കാവൂ.

(4) മുതലാളി തൊഴിലാളിസമരത്തിൽ മുതലാളിയെപ്പോലെ തൊഴിലാളിയും ആദായം പ്രധാനലക്ഷ്യമാക്കുന്നതിനാലാണ് ഒരിക്കലും സമാധാനം ഉണ്ടാവാത്തതു്. എല്ലാവരുടെയും നന്മയായിരിക്കണം ഇരുകൂട്ടരുടെയും ഉദ്ദേശം.

(5) വർഗ്ഗസമരം, അതായതു് ധനവാനും ദരിദ്രനും തമ്മിലുള്ള മത്സരം അനിവാര്യമല്ല. മനുഷ്യരാരും വെറും മൃഗങ്ങളല്ലല്ലൊ. ഹിംസാത്മകമല്ലാത്ത മാർഗ്ഗങ്ങളിൽ കൂടി മുതലാളിയും തൊഴിലാളിയും തമ്മിൽ സമാധാനം പുലത്തുവാൻ സാധിക്കണം.

(6) തൊഴിലാളികൾക്ക് ശരിയായ പ്രബോധനം നല്കി അവരുടെ ചുമതലയെപ്പററിയും അവരുടെ കഴിവുകളെ പൊതുനന്മക്കായി ഉപയോഗിക്കാനുള്ള സമാധാനപരമായ മാർഗ്ഗത്തെപ്പററിയും അവക്ക് ശരിയായ പരിജ്ഞാനം ഉണ്ടാക്കിയാൽ സാമ്പത്തിക നീതി നിഷ്പ്രയാസം സാദ്ധ്യമാകും. തൊഴിലാളി ശരിക്ക് നിന്നാൽ മുതലാളിക്ക അനീതി ചെയ്യുവാൻ സാധിക്കയില്ല.

# 16

## ഇന്ത്യയുടെ ഐക്യം

സ്വതന്ത്ര ഇന്ത്യയെ അഭിമുഖീകരിക്കുന്ന ഏററവും പ്രധാനമായ ഒരു പ്രശ്നമാണ് രാഷ്ട്രത്തിൻെറ ഐക്യം. ജനങ്ങൾ അവരുടെ ഇടയിലുള്ള ഭിന്നതകൾ മറന്ന് സഹ പൌരന്മാരുടെ ഒരു സഹോദരസംഘമായി ജീവിക്കുവാൻ അഭ്യസിക്കാതെ ഭരണക്രമം ശരിപ്പെടുത്തിയതുകൊണ്ടുമാത്രം ഐക്യം കൈവരുകയില്ല. രാഷ്ട്രൈക്യത്തിന്നു് പ്രതിബന്ധമായി നില്ക്കുന്ന പ്രധാന സംഗതികൾ ഏവ; ഐക്യം ബലപ്പെടുത്തുന്നതിന്നു് നാം എന്തു ചെയ്യണം, എന്നതാണ് ഈ അദ്ധ്യായത്തിലെ ചിന്താവിഷയം.

ഇന്ത്യ ഒരു വലിയ രാജ്യമാണ്; ജനസംഖ്യയിൽ ലോകത്തിലെ രണ്ടാമത്തേതുമാണ്. ചരിത്രാതീതകാലംമുതൽ ഇന്ത്യ പല മതങ്ങളുടെയും, വർഗ്ഗങ്ങളുടെയും

സംസ്കാരങ്ങളുടെയും ഒരു സമ്മേളനസ്ഥലം കൂടിയാകു ന്നു. മററൊരു രാജ്യത്തിലും ഇല്ലാത്തതായ വ്യത്യാസ ങ്ങളും ഭിന്നതകളും ഇന്ത്യയിൽ നിലനിന്നു വന്നിട്ടുണ്ടു. പല വർഗ്ഗങ്ങൾ, പല മതങ്ങൾ, പല ജാതികൾ, പല ഭാഷകൾ, പല സംസ്കാരങ്ങൾ, പല വേഷങ്ങൾ, പല ജീവിതരീതികൾ, ഇങ്ങനെ ഈ രാജ്യനിവാസികളെ ഭിന്നിപ്പിക്കുന്ന അനേകം ശക്തികൾ ഇന്നും ഇവിടെ ഉണ്ടു. ഇവിടെ ഒരു ഐക്യരാഷ്ട്രം കെട്ടിപ്പടുക്കുക എളുപ്പമായ സംഗതിയല്ല. അതു് ഓരോ പൌരൻെറ യും ജീവിതത്തിലെ ശക്തിമത്തായ ആദർശമായിത്തീരു ന്നില്ലെങ്കിൽ ഭരണപരമായ ഐക്യം ക്ഷണഭംഗുരമാ യിരിക്കും.

നമ്മുടെ ഐക്യത്തിനു് ഏററവും വലിയ പ്രതി ബന്ധമായി വർത്തിച്ചിട്ടുള്ളതും ഇന്നും വർത്തിക്കുന്നതും ജാതിവ്യത്യാസമാകുന്നു. ജാതിയുടെ ഉത്ഭവവും ചരി ത്രവും എങ്ങനെയായാലും ഇന്നത്തെ നിലയിൽ അതൊ രു തീരാശാപമാകുന്നു. ശ്രീ. ജവഹർലാൽനെഹ്രു 1956 ഒക്ടോബർ മാസം മദ്രാസിൽ ചെയ്ത ഒരു പ്രസം ഗത്തിൽ പറഞ്ഞതിപ്രകാരമാണു്:—ബുദ്ധിശൂന്യരായ ചില മനുഷ്യർ നമ്മുടെ ഇടയിൽ ഇപ്പോഴും ഛിദ്രവും കുഴപ്പവും ഉണ്ടാക്കുവാൻ ശ്രമിക്കുന്നുണ്ടു. അവർ പല തരത്തിലുള്ള ശിഥിലീകരണവാസനകളെ അഴിച്ചുവി ടുന്നുണ്ടു. കഴിഞ്ഞകാലങ്ങളിൽ ജാതിമതഭിന്നതകൾമൂ ലം ഇന്ത്യയുടെ ശക്തി ക്ഷയിക്കുകയും സ്വാതന്ത്ര്യം നഷ്ട

മാകുകയും ചെയ്യു. ആ പിരിവുകൾ ഇപ്പോഴും നമ്മുടെ മദ്ധ്യത്തിലുണ്ടു. അവ ഇനിയും ഇവിടെ തുടരുകയാണെങ്കിൽ ഇന്ത്യയുടെ ശക്തിയും ഐക്യവും നഷ്ടമാകയും സ്വാതന്ത്ര്യത്തിനു് അർത്ഥമില്ലാതാകയും ചെയ്യും. അതുകൊണ്ടു് ഈ വക നശീകരണ വാസനകളെ ഉപേക്ഷിച്ചു് ഒരു ജനതയും ഒരു രാഷ്ട്രവും ആയിത്തീരേണ്ടതു് ജനങ്ങളുടെ കടമയാകുന്നു.

ജാതിയുടെ ഏററവും നീചമായ ഒരു വ്യവസ്ഥയാണു് തീണ്ടൽ. അതിനെപ്പററിമഹാത്മാഗാന്ധി പറഞ്ഞിട്ടുള്ളതു് ഇപ്രകാരമാകുന്നു:—ഹിന്ദുമതത്തിൻെറ ലജ്ജാവഹമായ ഒരു കളങ്കമാകുന്നു തീണ്ടൽ. നാം ഏററവും അധഃപതിച്ച ഒരു കാലത്തായിരിക്കണം ഈ നീച സമ്പ്രദായം നമ്മുടെ വിശ്വാസത്തിൽ സ്ഥലം പിടിച്ചതു്. ആ ശാപം ഇന്നും നമ്മുടെ മദ്ധ്യത്തിലുണ്ടു ഭാരതത്തിനു് വന്നിട്ടുള്ളതും വന്നുകൊണ്ടിരിക്കുന്നതുമായ എല്ലാ ആപത്തുകളും ഈ മഹാപാപത്തിൻെറ ന്യായമായ ശിക്ഷയാണെന്നു് വിചാരിക്കേണ്ടിയിരിക്കുന്നു അതു് ദൈവത്തോടും മനുഷ്യരോടും ചെയ്യുന്ന ഒരു പാപമാകയാൽ ഹിന്ദുമതത്തിൻെറ ജീവരക്തത്തിൽപോലും അതു് വിഷം കലത്തുന്നു. അതു് എല്ലാവരെയും ഒരുപോലെ അധഃപതിപ്പിച്ചിട്ടുണ്ടു. തീണ്ടൽ വെച്ചുകൊണ്ടു സ്വരാജ്യമെന്നും സ്വാതന്ത്ര്യമെന്നും പറയുന്നതിൽ അർത്ഥമില്ല. (India of My Dreams. M. K Gandhi) ജാതിനിതീകരിക്കാവുന്നതല്ലെന്നുള്ളതിന്നു് ചില ന്യായങ്ങൾ:—

(1) ജനിക്കുന്നതിനെമാത്രം പ്രമാണമാക്കി മനുഷ്യരെ തരം തിരിക്കുന്നതിൽ സത്യവും നീതിയു യുക്തിയുമില്ല. അതു് മനുഷ്യരുടെ സ്വഭാവത്തെയൊ ഗുണകർമ്മങ്ങളെയൊ പരിഗണിക്കാത്ത അർത്ഥശൂന്യമായ ഒരു ഏർപ്പാടാകുന്നു.

(2) മൂവ്വായിരത്തോളം ജാതികളും അതിലധികം ഉപജാതികളും ഇന്ത്യയിൽ പ്രചരിച്ചിട്ടുണ്ടു. ഇവയിലൊന്നും യാതൊരു തത്വവും യുക്തിയും കാണുന്നില്ല. ജാതി പകർച്ചവ്യാധിപോലെ പരക്കുന്നതായിട്ടാണു കാണുന്നതു്.

(3) ജാതി മനുഷ്യരുടെ സ്വാതന്ത്ര്യത്തെയും സമത്വത്തെയും സാഹോദര്യത്തെയും നിഷേധിക്കയും അസാദ്ധ്യമാക്കിത്തീർക്കയും ചെയ്യുന്നു. അങ്ങനെ അതു് ജനാധിപത്യത്തിൻെറ പരമശത്രുവാകുന്നു.

(4) ജാതി രാഷ്ട്രത്തിൻെറ ഐക്യത്തെ നശിപ്പിക്കുന്നു; ജനങ്ങളെ ദരിദ്രിപ്പിക്കുന്നു.

(5) ജാതി ഉച്ചനീചത്വവിചാരം ഉണ്ടാക്കി ചിലരെ മുഠാളന്മാരും ചിലരെ നീചന്മാരും, ചിലരെ നിർദ്ദയരും ചിലരെ മർദ്ദിതരും ആക്കുന്നു. എല്ലാവരുടെയും മനുഷ്യത്വത്തെ അതു് ദൂഷിപ്പിക്കുന്നു.

(6) ജാതിമൂലം ചില തൊഴിലുകൾ നീചമായും ചിലതു് ഉൽകൃഷ്ടമായും വിചാരിക്കപ്പെടുന്നു. അങ്ങനെ മനുഷ്യരുടെ നന്മക്കായുള്ള ഏതു് തൊഴിലും അഭിമാനകരമാണെന്നുള്ള സത്യം വിസ്മരിക്കപ്പെടുന്നു.

(7) മഹാത്മാക്കളാരും തന്നെ ജാതിയെ അനുകൂലിച്ചിട്ടില്ല. അതിനെ നിഷേധിക്കയും ഉപേക്ഷിക്കയുമാണു് അവർ ചെയ്തിട്ടുള്ളതു്.

(8) ഭാരതത്തിനു് നേരിട്ടിട്ടുള്ള ആപത്തുക്കളുടെയും അധഃപതനത്തിൻെറയും പ്രധാനകാരണം ജാതിയാണെന്നു് ചരിത്രം തെളിയിക്കുന്നു.

(9) ജാതിവ്യവസ്ഥകൾ ആരും ശരിയായി ആചരിക്കുന്നില്ല. അതിൻെറ ദോഷകരമായ ചില ഭിന്നതകൾ മാത്രമാണു് അവശേഷിച്ചിട്ടുള്ളതു്. ഇന്നു് അതൊരു ദുഷിച്ച ആചാരം മാത്രമാണു്. ജീവനില്ലാത്ത ഒരു ജഡം മാത്രം.

(10) ജാതികൊണ്ടു ആക്കും ഒരു നന്മയും ഉണ്ടാകുന്നില്ല; പല ദോഷങ്ങൾ ഉണ്ടാകുന്നുമുണ്ടു്.

"നമ്മുടെ സാമൂഹ്യജീവിതത്തിൽ പുരോഹിതവർഗ്ഗത്തിനു് ഇപ്പോഴും വലിയ സ്വാധീനശക്തിയുണ്ടു്. അവരുടെ പഴഞ്ചൻ പ്രമാണങ്ങളെ വിഗണിക്കുവാൻ നമുക്കു് ധൈര്യമില്ലെങ്കിൽ, രാഷ്ട്രത്തെക്കാൾ പ്രാധാന്യം ജാതിക്കാണെന്നു് നാം ഇനിയും ചിന്തിക്കുന്നുവെങ്കിൽ, നാം ജനാധിപത്യത്തിനു് അർഹതയില്ലാത്തവരാകുന്നു. ജാതിചിന്ത നാം ഉപേക്ഷിച്ചില്ലെങ്കിൽ അതു് നമ്മെ കാട്ടാളത്തത്തിലേക്കു നടത്തും" (ഡാ. രാധാകൃഷ്ണൻ, ലക്നൊ സർവ്വകലാശാല 1931)

മനുഷ്യൻ ഒരു സാമൂഹ്യജീവിയാണു്. അവനു് ഏകനായി ജീവിക്കാൻ ഇഷ്ടമില്ലാ സാദ്ധ്യവുമല്ല. കൂട്ട

കാരുമായി സഹകരിച്ച് ജീവിക്കുന്നതിന് ലോകാരംഭം മുതൽ മനുഷ്യൻ പല പരിശ്രമങ്ങൾ നടത്തിയിട്ടുണ്ട്. കുടുംബം, കുലം, ഗ്രാമം, ജാതി, മതം, രാഷ്ട്രം ഇവയെല്ലാം സാമൂഹ്യ സംഘടനകളാണ്. കാലഗതിയനുസരിച്ച് ഇവയുടെ അൎത്ഥവും സ്വഭാവവും മാറിക്കൊണ്ടിരിക്കും. അമ്പതുകൊല്ലം മുമ്പ് മലയാളകുടുംബം അമ്മാവന്മാരുടെയും അനന്തിരവന്മാരുടെയും ഒരു തറവാടായിരുന്നു; ഇന്നത് അമ്മയും അച്ഛനും മക്കളും ചേൎന്ന ഒരു ഗൃഹമാകുന്നു. ഒരു കാലത്ത് ജാതി തൊഴിലിനെ സൂചിപ്പിച്ചിരുന്നു. ഇന്ന് ജാതിനോക്കാതെ എല്ലാവരും ഇഷ്ടമുള്ള തൊഴിൽ ശീലിക്കുന്നു. 1947-ന് മുമ്പ് ഇന്ത്യയിൽ ഹിമാലയം മുതൽ കന്യാകുമാരിവരെയുള്ള പ്രദേശങ്ങളെല്ലാം ഉൾപ്പെട്ടിരുന്നു. ഇന്നത്തെ ഇന്ത്യക്ക് പാക്കിസ്ഥാൻ പ്രദേശങ്ങൾ നഷ്ടമായിരിക്കുയാണ്. പഴയ കാലങ്ങളിൽ ഒരു രാജാവിൻെറ പ്രജകൾ ഒരു രാഷ്ട്രമായിരുന്നു. ഇന്നത്തെ രാഷ്ട്രം സ്വതന്ത്രപൌരന്മാരുടെ ഒരു സംഘടനയാകുന്നു. ഒരു ആധുനിക രാഷ്ട്രത്തിൻെറ ഐക്യത്തിന് നിദാനമായ ചില തത്വങ്ങൾ വിവരിക്കാം:—

1. രാഷ്ട്രം ഒരു പ്രത്യേക മതക്കാരുടെ രാജ്യമൊ സംഘടനയോ ആയിരിക്കരുത്. ഹിന്ദുരാജ്, മുസ്ലീം രാജ്, ക്രിസ്ത്യൻരാജ് എന്നെല്ലാം വിചാരിക്കുന്നത് ഒരു പഴയ സ്വഭാവമാണ്. ഇന്നത്തെ രാഷ്ട്രം മതേതരമാണ്. എല്ലാ പൌരന്മാൎക്കും രാഷ്ട്രത്തിൽ തുല്യനില

യും വിലയുമുണ്ട്. മതം രാഷ്ട്രത്തിൽനിന്നും രാഷ്ട്രം മതത്തിൽനിന്നും സ്വതന്ത്രമായിരിക്കണം.

2. ജാതി, വർണ്ണം, കുലം മുതലായ വിഭാഗീയ ചിന്തകൾ രാഷ്ട്രൈക്യത്തെ നശിപ്പിച്ച് രാഷ്ട്രത്തെ ദുർബ്ബലമാക്കും. അവയ്ക്ക് രാഷ്ട്രജീവിതത്തിൽ സ്ഥാനമില്ല.

3. സ്വതന്ത്രപൌരന്മാർ മാത്രമെ രാഷ്ട്രമുള്ളു. സ്വേച്ഛാധിപത്യം നടക്കുന്ന ഒരു രാജ്യത്തിലെ ജനങ്ങളെ ഒരു രാഷ്ട്രം എന്ന് പറഞ്ഞുകൂടാ. അവർ പ്രജകളായിരിക്കാം, സ്വതന്ത്രപൌരന്മാരല്ല.

4. ജാതിമതവർണ്ണ വ്യത്യാസങ്ങളെ പരിഗണിക്കാത്തതുപോലെ രാഷ്ട്രം സ്ത്രീ പുരുഷഭേദവും ഗൌനിക്കാതെ എല്ലാ പൌരന്മാർക്കും തുല്യാവകാശങ്ങൾ നല്കുന്നു.

5. രാഷ്ട്രത്തിന് ഒരു കേന്ദ്ര ഭരണകൂടം ഉണ്ടായിരിക്കണം. എല്ലാവരും ആ കേന്ദ്രത്തിന്റെ അധികാരത്തെ അംഗീകരിക്കണം. ഭരണകൂടമാണ് രാഷ്ട്രത്തിന്റെ വ്യക്തിത്വത്തെ പ്രതിനിധീകരിക്കുന്നത്.

6. രാഷ്ട്രത്തിലെ പൌരന്മാർക്ക് ഒരു പൊതു സാമൂഹ്യജീവിതം ഉണ്ടായിരിക്കണം. വിവാഹം സ്വത്തവകാശം മുതലായവയെ ക്രമീകരിക്കുന്ന നിയമങ്ങൾ എല്ലാവർക്കും ഒരുപോലെയിരിക്കണം.

7. രാഷ്ട്രത്തിൽ ഒരു പൊതു വിദ്യാഭ്യാസ സമ്പ്രദായം ഉണ്ടായിരിക്കണം. സാമാന്യ വിദ്യാഭ്യാസ

മാണ് പൌരനെ സൃഷ്ടിക്കുന്നതു്. ആ വിദ്യാഭ്യാസം എല്ലാവൎക്കും ഒരുപോലെയുള്ളതായിരിക്കണം.

8. രാഷ്ട്രത്തിന് ഒരു പൊതുഭാഷ ആവശ്യമാണ്. പൌരന്മാരെ ഐക്യപ്പെടുത്തുന്നതിൽ രാഷ്ട്രഭാഷക്ക് ഒരു വലിയ പങ്കുണ്ടു്.

9. രാഷ്ട്രത്തിലെ സാമ്പത്തിക വ്യവസ്ഥ എല്ലാ പൌരന്മാൎക്കും തുല്യമായ നീതി ചെയ്യുന്നതായിരിക്കണം. ധനാഢ്യന്മാരും ദരിദ്രരും ഒരു രാഷ്ട്രത്തിൽ ഉണ്ടായിരിക്കരുതു്. സാമാന്യമായ ഒരു സാമ്പത്തികസമത്വം പാലിക്കപ്പെടണം.

10. രാഷ്ട്രം മനുഷ്യസാഹോദര്യത്തെ വിസ്മരിക്കരുതു്. എല്ലാ രാഷ്ട്രങ്ങളും ചേൎന്ന് ഒരു ഏകലോകരാഷ്ട്രം അടുത്ത ഭാവിയിൽ ഉടലെടുക്കുവാൻ സാദ്ധ്യതയുണ്ടു്. അതിലേക്കുള്ള ഒരു പടിയും പരിശീലനവുമായിരിക്കണം ഇന്നത്തെ ചെറിയ രാഷ്ട്രങ്ങൾ.

ഒരു സ്വതന്ത്രജനതയെ ബാഹ്യമായ നിൎബ്ബന്ധംകൊണ്ടുമാത്രം യോജിപ്പിച്ചു നിൎത്തുവാൻ ആൎക്കും സാധിക്കയില്ല. യഥാൎത്ഥമായ ഐക്യം ധാൎമ്മികമായ ജീവിതത്തിൽ നിന്നു മാത്രമെ ഉത്ഭവിക്കയുള്ളു. കൊള്ളക്കാൎക്കും ഒരു രഹസ്യ കൂട്ടുകെട്ടും ഐകമത്യവുമുണ്ടു്. അതു് നീൎപോളപോലെ ദുൎബ്ബലമാകുന്നു. അനീതിയിൽ കെട്ടിപ്പടുക്കുന്ന ഐക്യമെല്ലാം അങ്ങനെയിരിക്കും. രാഷ്ട്രത്തിന്റെ ഐക്യം യഥാൎത്ഥമാകണ

മെങ്കിൽ പൌരന്മാർ പരസ്പരം ചൂഷണം ചെയ്യുന്ന പകൽകൊള്ളക്കാരല്ലെന്നുള്ള ഉറച്ച വിശ്വാസം എല്ലാവക്കും ഉണ്ടായിരിക്കണം. സത്യനിഷ്ഠ, നിസ്സ്വാത്ഥത, ത്യാഗം, രാഷ്ട്രത്തെ സേവിക്കുവാനുള്ള സന്നദ്ധത, നീതിക്കു വേണ്ടി പോരാട്ടുവാനുള്ള ധീരത മുതലായ ധാർമ്മികശക്തികൾ അവരുടെ ജീവിതത്തെ ഭരിക്കണം. അപ്പോൾ പൌരന്മാർതമ്മിൽ വിശ്വാസവും സ്നേഹവുമുണ്ടാകും. രാഷ്ട്രൈക്യം സുസാദ്ധ്യവും സുദൃഢവുമായിത്തീരും.

# 17

## നമ്മുടെ ധാർമ്മികനില

മനുഷ്യർ കഷ്ടപ്പെട്ട് സ്വാതന്ത്ര്യം സമ്പാദിക്കുന്നു, അറിവ് വദ്ധിപ്പിക്കുന്നു, ധനം ആർജ്ജിക്കുന്നു ഇവയിലാണ് സുഖവും സമാധാനവും സ്ഥിതിചെയ്യുന്നതെന്ന് അവർ വിശ്വസിക്കുന്നു. സാമ്പത്തിക പ്രയാസങ്ങൾ നീങ്ങിയാൽ എല്ലാ കാര്യങ്ങളും ശരിപ്പെടുമെന്ന് വിചാരിക്കുന്നവരാണ് വലിയ ഭൂരിപക്ഷം. എല്ലാവക്കും വിദ്യാഭ്യാസം ലഭിച്ചാൽ ലോക പ്രശ്നങ്ങൾക്കെല്ലാം പരിഹാരമുണ്ടാവുമെന്ന് വിചാരിക്കുന്നവരും ധാരാളമുണ്ടു. ഈ അഭിപ്രായങ്ങളിൽ കുറെ പരമാത്ഥം ഉണ്ടെങ്കിലും "ഞാളുവില കല്ലുവില" എന്ന പഴമൊഴി മറക്കാതിരിക്കുന്നതു് നന്നായിരിക്കും. എല്ലാകാര്യങ്ങളുടെയും ഗുണദോഷങ്ങളെ നിശ്ചയിക്കുന്നതു് മനുഷ്യന്റെ സ്വഭാവമാകുന്നു. മനുഷ്യൻ നന്നായാൽ എല്ലാം

നന്നാകുവാൻ അവനു് സാധിക്കും. മനുഷ്യർ ദുഷിച്ചാൽ അവൻ തൊട്ടതെല്ലാം ദുഷിക്കയും ചെയ്യും.

സ്വാതന്ത്ര്യം സ്വന്തം ജീവിനെപ്പോലെ വിലമതിക്കേണ്ടതാണല്ലോ. അത്ര വിശിഷ്ടമായ സ്വാതന്ത്ര്യം എല്ലാവരുടെയും നന്മക്കായി വിനിയോഗിക്കാത്തവരുടെ കയ്യിൽ ഒരു വലിയ ആപത്തായിത്തീരുന്നു. ബുദ്ധിഭ്രമമുള്ള ഒരാളെ സ്വതന്ത്രനായി വിട്ടാൽ അയാൾ അനേകർക്കു് ദോഷം ചെയ്യും. അറിവില്ലാത്ത ഒരു കൊച്ചുകുട്ടിക്കു് പൂർണ്ണസ്വാതന്ത്ര്യം കൊടുത്താൽ വെള്ളത്തിലൊ തിയ്യിലൊ ചാടി ആ കുട്ടി മരിക്കുവാൻ ഇടയാകും. ദുഷ്ടനും പോക്കിരിയുമായ ഒരാളുടെ സ്വാതന്ത്ര്യം കവർച്ചക്കും കൊലപാതകത്തിനും മററും കാരണമായിത്തീരുന്നു. വിദ്യാർത്ഥികൾക്കു് പൂർണ്ണസ്വാതന്ത്ര്യം കൊടുത്താൽ അവർ എന്തെല്ലാം ചെയ്യുമെന്നു് ആർക്കു പറയാം. ഇതു് എല്ലാവരെ സംബന്ധിച്ചും പരമാർത്ഥമാകുന്നു. മനുഷ്യർ നന്നല്ലെങ്കിൽ സ്വാതന്ത്ര്യവും നല്ലതല്ല.

പണം തിന്നാനൊ ഉടുക്കുവാനൊ കൊള്ളാവുന്ന ഒരു സാധനമല്ല. മനുഷ്യർക്കു ആവശ്യമുള്ള ആഹാരവസ്ത്രാദികൾ പരസ്പരം കൈമാറുന്നതു് സൌകര്യമാക്കുവാൻ വേണ്ടിയാണു് പണം ഏർപ്പെടുത്തപ്പെട്ടതു്. എല്ലാവരുടെയും സൌകര്യമാണു് അതിൻെറ ഉദ്ദേശ്യം. മനുഷ്യർ സ്വാർത്ഥപരരാകുമ്പോൾ ആവശ്യത്തിലധികം പണം അവർ സ്വന്തമാക്കിവെക്കുന്നു. അങ്ങനെ മററു

ള്ളവൎക്ക് പണം ലഭിക്കാതെയാകുന്നു. ധനവാൻ മദ്യപാനം, പുകവലി മുതലായ ചീത്തകാൎയ്യങ്ങൾക്ക് പണം ചിലവു ചെയ്തു് ആരോഗ്യം നശിപ്പിക്കുന്നു; പണത്തിന്റെ ബലംകൊണ്ടു് ശിക്ഷയിൽ നിന്നു് രക്ഷപ്പെടാമെന്നു് വിചാരിച്ചു് അക്രമങ്ങൾ പ്രവൎത്തിക്കുന്നു. അങ്ങനെ പണം മനുഷ്യന്റെ ശത്രുവായിത്തീരുന്നു. മനുഷ്യന്റെ ദുസ്സ്വഭാവമാണു് അതിനെ ഈ വിധം ദുഷിപ്പിക്കുന്നതു്.

വിദ്യാധനം സർവ്വധനാൽ പ്രധാനം എന്നു് നാം കേട്ടിട്ടുണ്ടല്ലോ. ഏററവും വലിയ ധനമാണു് വിദ്യ. വിദ്യയുള്ളവനു് മറെറല്ലാ ധനവും സമ്പാദിക്കുവാൻ സാധിക്കും. ആരെയും ഉപദ്രവിക്കാതെയും വഞ്ചിക്കാതെയും ആൎക്കും നഷ്ടം വരുത്താതെയും വിദ്യസമ്പാദിക്കാം. വിദ്യ കൊടുക്കുന്നവൎക്കും വാങ്ങുന്നവൎക്കും നന്മചെയ്യുന്നു. അതു് ആൎക്കും അപഹരിച്ചെടുക്കുവാൻ സാധിക്കാത്ത സമ്പത്താകുന്നു. ഇത്ര വിശിഷ്ടമായ വിദ്യ ദുഷ്ടന്റെ കയ്യിൽ ലോകത്തിനു് വലിയ ആപത്തായിത്തീരുന്നില്ലയൊ. വിദ്യാസമ്പന്നന്മാരുടെ സ്വാൎത്ഥപരതയാണു് ഇന്നു ലോകത്തിനു് ഏററവും വലിയ ദ്രോഹം ചെയ്യുന്നതു്. അവർ തങ്ങളുടെ കഴിവുകൾ ഉപയോഗിച്ചു് മററുള്ളവരെ ചൂഷണം ചെയ്യുന്നു. അങ്ങനെ സമാധാനത്തിനുപകരം യുദ്ധവും രക്ഷക്കു് പകരം നാശവും പലപ്പോഴും സംപ്രാപ്തമാകുന്നു. മനുഷ്യന്റെ ദുഷ്ടത വിദ്യയേയും ദുഷിപ്പിക്കും.

രാജ്യഭരണം, വ്യവസായം, വ്യാപാരം, വൈദ്യം, നിയമപരിപാലനം മുതലായ തൊഴിലുകളെപ്പററി ചിന്തിക്കുന്നതായാലും ഈ സത്യം പ്രത്യക്ഷപ്പെടുന്നതാകുന്നു. എല്ലാ ഉദ്യോഗസ്ഥന്മാരും തൊഴിലുകാരും രാഷ്ട്രത്തെ ഓരോവിധം ശുശ്രൂഷിക്കേണ്ടവരാണ്, രാജ്യത്തിലുള്ള എല്ലാവരുടെയും ക്ഷേമത്തെ അന്വേഷിക്കേണ്ടവരാണ്. എന്നാൽ അവർ എന്താണ് സാധാരണ ചെയ്യുന്നതു്. ജനങ്ങളുടെ യജമാനന്മാരായി അഹങ്കരിക്കുന്നു; ജനങ്ങളെ നാനാവിധത്തിൽ ചൂഷണം ചെയ്യുന്നു. അനീതി പ്രവർത്തിച്ച് ആദായമുണ്ടാക്കുന്നു. ഉദ്യോഗത്തെയും അധികാരത്തെയും ദുരുപയോഗപ്പെടുത്തി ഭരണക്കൂടത്തെ ദുഷിപ്പിക്കുന്നു. മനുഷ്യരുടെ നന്മയാണ് എല്ലാ തൊഴിലുകളുടെയും ഉദ്ദേശ്യമെന്ന് ആരും ആലോചിക്കാതെയാവുന്നു. വേലിതന്നെ വിള തിന്നുന്നതായ ഒരവസ്ഥയാണ് എവിടെയും കാണുന്നതു്. രാഷ്ട്രത്തിൻെറ നന്മക്കായി ചെയ്യപ്പെടുന്ന അനേകം കാര്യങ്ങൾ ചീത്ത മനുഷ്യരുടെ കയ്യിൽ രാഷ്ട്രത്തിന് ദ്രോഹമായിത്തീരുന്നുണ്ട്.

ശരീരാരോഗ്യം വളരെ നല്ലതും എല്ലാവക്കും ആവശ്യവുംതന്നെ. ആരോഗ്യംകൊണ്ടു എന്തു ചെയ്യണമെന്ന് അറിയാതെയിരുന്നാൽ അതും നമുക്കു ദോഷമായിത്തിരും. മനുഷ്യക്കു ഗുണകരമായ കമ്മങ്ങൾ ചെയ്യുന്നതാണ് ആരോഗ്യത്തിൻെറ ഫലം. പക്ഷേ ബലവാൻ ബലഹീനനെ സഹായിക്കുന്നതിനുപകരം അവ

ന്നെ ഉപദ്രവിക്കുന്നു. ആരോഗ്യവും യൌവനവും ഉള്ളപ്പോൾ സൂക്ഷ്മമില്ലാതെ തിന്നും കുടിച്ചും വലിച്ചും പുളച്ചും നാം രോഗത്തെ ക്ഷണിച്ചുവരുത്തുന്നു. ധർമ്മചിന്തയില്ലാത്തവരുടെ ആരോഗ്യം അവർക്കും മററുള്ളവർക്കും ഒരു രോഗമായിത്തീരും.

മതം അനാദികാലം മുതൽ മനുഷ്യരെ നല്ലവരാക്കുവാനുള്ള ഒരു ഏർപ്പാടായിട്ടാണ് കരുതപ്പെട്ടിട്ടുള്ളതു്. എന്നാൽ മതംമൂലം ലോകത്തിലുണ്ടായിട്ടുള്ള അനൎത്ഥത്തിനു് കയ്യും കണക്കുമില്ല. അതിൻെറ പേരിൽ മനുഷ്യർ ചെയ്തിട്ടില്ലാത്ത പാപമില്ല. അതുമൂലം പലതരത്തിൽ അധഃപതിച്ചിട്ടില്ലാത്ത സമുദായമില്ല. ഇന്നും അതിൻെറ തണലിൽ വളരുന്ന അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ, ചൂഷണങ്ങൾ, മത്സരങ്ങൾ, മുതലായവ അസംഖ്യമാണ്. ദൈവത്തെപ്പോലും മനുഷ്യർ വികൃതരൂപം കെട്ടിച്ചിരിക്കുന്നു. ദുർജ്ജനങ്ങളുടെ കയ്യിൽ മതം ഒരു മയക്കുവിദ്യയായി മാറുന്നു.

ഇതിൽ നിന്നെല്ലാം പ്രത്യക്ഷമാകുന്നതു് മനുഷ്യൻ നന്നാകാതെ ഒന്നും ശരിപ്പെടുകയില്ല എന്നാകുന്നു. പൌരന്മാർ നല്ലവരായാൽ ജനാധിപത്യം ഒരു അനുഗ്രഹമായിരിക്കും. പൌരന്മാർ ദുഷിച്ചാൽ ജനാധിപത്യം ഒരു ഭയങ്കരവ്യാധിയായിത്തീൎന്നു രാഷ്ട്ര ശരീരത്തെ മുഴുവൻ ദുഷിപ്പിച്ചു് നശിപ്പിക്കാം. ജനാധിപത്യത്തിൽ പൌരൻെറ ചുമതല അത്ര വലിയതാകുന്നു. രാഷ്ട്രത്തെ ഭരിക്കുന്നതും നേർവഴിക്കു് നടത്തുന്നതും

ന്താനാണെന്നുള്ള ബോധം ഓരോ പൌരനും ഉണ്ടായിരി ക്കണം. അവൻ ആദ്യമായി അവനെത്തന്നെ നന്നാ ക്കണം. തൻെറ ജീവിതം പരിശുദ്ധമാക്കണം. തന്റെ ധൎമ്മം കൃത്യമായി നിർവ്വഹിക്കണം. താൻ നീതിയും നിയമവും പാലിക്കുന്നവനാകണം. അങ്ങനെ മാത്രമെ അവന്ന് രാഷ്ട്രത്തെ സേവിക്കുവാൻ സാധിക്കയുള്ളൂ.

താൻ നന്നായാൽ മാത്രം പോരാ. അനീതിയോ ട്ടും അക്രമത്തോടും എവിടെ കണ്ടാലും പോരാടേണ്ട തായ ഒരു ചുമതലയും പൌരനുണ്ട്. ഒരുത്തൻ അക്ര മം ചെയ്താൽ അതു് രാഷ്ട്രത്തെ മുഴുവൻ ദൂഷിപ്പിക്കു വാൻ ഇടയായേക്കും. ഒരാളെ പിടിക്കുന്ന വ്യാധി മററുള്ളവരെയും ബാധിക്കുന്നതുപോലെ അനീതിയും വേഗത്തിൽ പരക്കും. രാഷ്ട്രത്തിൻെറ ശരീരം മുഴു വൻ അതു് ദൂഷിപ്പിക്കും. അതുകൊണ്ടു് ഉത്തമപൌ രൻ ഒരു ധീരനായ ഭടനെപ്പോലെയിരിക്കണം. അഴി മതികളോടു പോരാടുവാൻ അവന്ന് ഒരിക്കലും ഉപേ ക്ഷ കാണിക്കരുതു്. ഇന്നത്തെ ലോകം ആവശ്യപ്പെടു ന്നതു് അങ്ങനെയുള്ള ധീരന്മാരെയാണു്. ധനം, സ്വാ തന്ത്ര്യം, വിദ്യ, ബലം, സംഘടന മുതലായവ മുൻകാ ലങ്ങളിലെക്കാൾ പല മടങ്ങു കൂടുതലായി ഇപ്പോൾ മനു ഷ്യൎക്കു കരഗതമായിട്ടുണ്ടു്. ഇനിയും ജീവിതത്തെ വള രെ അധികം ക്ഷേമസമ്പൂർണ്ണമാക്കുവാൻ അവൎക്കു് സാധിക്കും. ഒന്നു മാത്രമാണു് ആവശ്യമായിരിക്കുന്ന തു്. വിശ്വസ്തത, സത്യനിഷ്ഠ, ധൎമ്മനിരതത. മഹ

ത്മജി ഉപയോഗിച്ച "സത്യാഗ്രഹം" എന്ന പദത്തിന്റെ അർത്ഥം അതാണു്. സത്യത്തിനും നീതിക്കും ലോകനന്മക്കും വേണ്ടി ധീരധീരം പോരാടുവാൻ മടിയില്ലാത്ത യഥാർത്ഥ ധർമ്മഭടന്മാർക്കുവേണ്ടി ലോകം ആകാംക്ഷയോടെ കാത്തിരിക്കുന്നു.

മററുരാജ്യങ്ങളെപ്പോലെ ഇന്ത്യയും സ്വാതന്ത്ര്യത്തിന്റെയും, അഴിമതിയുടെയും, മത്സരത്തിന്റെയും മാർഗ്ഗത്തിൽക്കൂടിയാണോ സഞ്ചരിക്കുന്നതെന്നു് നാം നിരന്തരം പരിശോധിച്ചുകൊണ്ടിരിക്കണം. മഹാത്മജി വിശിഷ്ടമായ മറെറാരുവഴി നമുക്കു് കാണിച്ചുതന്നിട്ടുള്ളതു് പരമാർത്ഥം തന്നെ. പക്ഷെ അതിൽക്കൂടി മുന്നോട്ടുപോകുവാൻ ഒരുക്കമുള്ളവരുടെ സംഖ്യ ദിനംപ്രതി കുറഞ്ഞുവരുകയാകുന്നു. അഴിമതിയും അക്രമവും വർദ്ധിച്ചുകൊണ്ടുമിരിക്കുന്നു. യഥാർത്ഥമായ പൌരസ്വാതന്ത്ര്യം ഈ രാജ്യത്തെ അനേകം പഴയ തലമുറകൾ അറിഞ്ഞിട്ടില്ല. അനേക ശതവർഷങ്ങൾ അവർ പലവിധത്തിലുള്ള അടിമത്തത്തിൽ ജീവിക്കയായിരുന്നു. രാജാക്കന്മാരുടെ അടിമത്തം, പുരോഹിതന്മാരുടെ അടിമത്തം, ജാതിയുടെ അടിമത്തം, ജന്മിയുടെ അടിമത്തം, വിദേശഭരണത്തിന്റെ അടിമത്തം, ദാരിദ്ര്യത്തിന്റെയും അജ്ഞതയുടെയും അടിമത്തം, ഇതെല്ലാമായിരുന്നു അവരുടെ അനുഭവം. ഈ പഴയ പാരമ്പര്യത്തിന്റെ ഫലമായി മനുഷ്യസ്വഭാവം വളരെ അധഃപതിച്ചിട്ടുണ്ടു്. സത്യനിഷ്ഠ, ഉത്തരവാദബോധം, സഹകരണബുദ്ധി, ധാർമ്മികമായ പൌരുഷം, സഹോദരസ്നേഹം

ഇവയൊന്നും അസ്വതന്ത്രരുടെ ജീവിതത്തിൽ വളരു കയില്ല. ഈ വക ഗുണങ്ങൾ ഇല്ലാതെ ജനാധിപത്യം വിജയിക്കയുമില്ല. അതുകൊണ്ടു നമ്മുടെ പ്രശ്നങ്ങൾ ലഘുവായവയല്ല. തീഷ്ണതയോടുകൂടി നമ്മുടെ ജീവിതത്തെ വിശുദ്ധീകരിക്കാതെ നമുക്കു ഒരു നന്മയും വരുവാൻപോകുന്നില്ല.

ജനാധിപത്യം ഉത്തമന്മാരായ ജ്ഞാനികളുടെ നേതൃത്വത്തിലുള്ള ഒരു സർവ്വോദയപ്രസ്ഥാനമാണെന്നു മസ്സിനി എന്ന ചിന്തകൻ പറഞ്ഞിരിക്കുന്നു. ശ്രേഷ്ഠന്മാരും ജ്ഞാനസമ്പന്നരുമായ നേതാക്കന്മാരെ സൃഷ്ടിക്കുവാൻ കഴിവുള്ള ഒരു ജനതക്കുമാത്രമേ ജനാധിപത്യത്തെ വിജയിപ്പിക്കുവാൻ സാധിക്കയുള്ളു. അങ്ങനെയുള്ള യോഗ്യന്മാർ സമുദായത്തിൽ ഉണ്ടായാൽ മാത്രം പോരാ അവരെ തിരഞ്ഞെടുത്തു് നേതൃസ്ഥാനത്തു് ഇരുത്താനും അവരെ അനുകരിക്കുവാനുമുള്ള ബുദ്ധിയും ജനങ്ങൾക്കുണ്ടാകണം.

നമ്മുടെ രാജ്യത്തിൽ ഒരു ഹൈക്കോടതി ജഡ്ജിയായ ശ്രീ. ജെ. ഡി. ഖോസ്ലാ 1954 ആഗസ്റ്റിലെ Caravan എന്ന ഡൽഹി മാസികയിൽ അഴിമതികളെപ്പററി ഒരു ലേഖനം എഴുതിയിട്ടുണ്ടു്. സ്വാതന്ത്ര്യത്തിനുശേഷം എല്ലാ ഗവമ്മെൻറുഡിപ്പാർട്ടുമെൻറുകളിലും അഴിമതി വളരെ വർദ്ധിച്ചിട്ടുണ്ടെന്നും, അഴിമതി ജീവിതത്തിലെ ഒരു സർവ്വസാധാരണമായ സംഭവമായി സ്വീകരിക്കുവാനും, അഴിമതിക്കാരെ അനുകൂലിക്കുവാനും ജനങ്ങൾ ഒരുക്കമായിരിക്കുന്നതുപോലെ കാണു

ന്നുവെന്നും, വിശ്വസ്തരായ ഉദ്യോഗസ്ഥന്മാരെ അവർ ആവശ്യപ്പെടുന്നില്ല എന്നു് തോന്നുമാറു് ജനങ്ങൾ അഴിമതിക്കാരോടു സഹകരിക്കുവാൻ തയ്യാറായിരിക്കുന്നുവെന്നും അതിൽ പറഞ്ഞിരിക്കുന്നു.

1934 ൽ അലഹബാദ് സർവ്വകലാശാലയിൽ ചെയ്ത ഒരു പ്രസംഗത്തിൽ ഡാക്ടർ. എസ്. രാധാകൃഷ്ണൻ പറഞ്ഞിരിക്കുന്നതു് ഇപ്രകാരമാണു്: ഇന്നത്തെ ചില നേതാക്കന്മാർക്കു ജ്ഞാനവുമില്ല ബുദ്ധിയുമില്ല. ഒന്നിലും വിശ്വാസമില്ലായ്മയും മുഴുത്ത സ്വാർത്ഥപരതയുമാണു് അവരുടെ യോഗ്യതകൾ. ധനമോഹികളായ വ്യാപാരികളും, ചൈതന്യമില്ലാത്ത ജനങ്ങളും ഭീരുക്കളായ അഭ്യസ്തവിദ്യരും കൂടിയാണു് ഇങ്ങനെയുള്ളവരെ നേതാക്കന്മാരാക്കുന്നതു്. മനുഷ്യജന്മത്തിന്റെ ലക്ഷ്യം എന്താണെന്നു് ബോധമില്ലാത്ത ഈ നേതാക്കന്മാർ തങ്ങളുടെ കാര്യപരിപാടി നിർവ്വഹിക്കാൻവേണ്ടി അനേകലക്ഷത്തെ കൊന്നൊടുക്കുവാൻ മടിയില്ലാത്തവരാകുന്നു. ഏതു് വിധമെങ്കിലും എന്തു് കാട്ടാളത്തരം പ്രവർത്തിച്ചും അവരുടെ ഉദ്ദേശം സാധിക്കണമെന്നാണു് അവർ വിചാരിക്കുന്നതു്. നിയമാനുസൃതമായ ഭരണകൂടത്തെ അവർ മരവിപ്പിക്കുന്നു; മനുഷ്യത്വത്തെ നിഷേധിക്കുന്ന അക്രമങ്ങൾ ചെയ്യുന്നു. മനുഷ്യസ്നേഹവും വിശ്വസ്തതയും അവർ തൃണവൽക്കരിക്കുന്നു.

ബുദ്ധന്റെ ധർമ്മം എവിടെ? ക്രിസ്തുവിന്റെ സ്നേഹം എവിടെ? ഇന്ത്യയുടെ ഗതി എവിടെക്കൂടി എവിടേക്കാകുന്നു?

# ൧൮

## നമ്മുടെ സാമ്പത്തികപ്രശ്നം

ഇന്ത്യയെപ്പോലെ പ്രകൃതിയാൽ അനുഗ്രഹീതയായ ഒരു രാജ്യം അപൂർവ്വമാണു്. മനുഷ്യസമ്പത്തു്, മൃഗസമ്പത്തു്, മത്സ്യസമ്പത്തു്, സസ്യസമ്പത്തു്, ലോഹസമ്പത്തു്, ജലസമ്പത്തു്, സൂര്യപ്രകാശസമ്പത്തു്, സംസ്കാരസമ്പത്തു് ഇവയിലൊന്നിലും ഇന്ത്യക്കു് കുറവില്ല. എങ്കിലും വളരെകാലത്തെ നമ്മുടെ അനുഭവം കഠിനമായ ദാരിദ്ര്യമാകുന്നു. അതിനു് കാരണമെന്തു്, പരിഹാരമെന്തു്; ഇതാണു് സ്വതന്ത്ര ഇന്ത്യയെ പരിഭ്രമിപ്പിക്കുന്ന മഹാ വിഷമംപിടിച്ച ഒരു പ്രശ്നം. സ്വാതന്ത്ര്യപ്രാപ്തിക്കുമുമ്പു് നമ്മുടെ സാമ്പത്തിക നില എന്തായിരുന്നു എന്നു് അറിയുന്നതു് ഈ പ്രശ്നത്തിന്റെ ഗൌരവം മനസ്സിലാക്കുവാൻ സഹായകമായിരിക്കും.

ഡബ്ള്യു. എസ്സ്. ലില്ലി എന്ന ഒരു ഇംഗ്ലീഷുകാരൻ എഴുതിയ India and Its Problem എന്ന പുസ്തകത്തിൽ പത്തൊമ്പതാം നൂററാണ്ടിലെ ഇന്ത്യയുടെ ഹൃദയഭേദകമായ ദാരിദ്ര്യത്തെപ്പററി വിവരിച്ചിട്ടുണ്ടു്. ആ നൂററാണ്ടിലെ ആദ്യത്തെ 25 കൊല്ലത്തിൽ അഞ്ചു ക്ഷാമങ്ങളും, അവമൂലം പത്തുലക്ഷം മരണങ്ങളും, ഉണ്ടായി. രണ്ടാമത്തെ 25 കൊല്ലത്തിൽ രണ്ടു ക്ഷാമങ്ങളും അഞ്ചുലക്ഷം മരണങ്ങളും, മൂന്നാമത്തെ 25 കൊല്ലത്തിൽ ആറു ക്ഷാമങ്ങളും അമ്പതു്ലക്ഷം മരണങ്ങളും,

അവസാനത്തെ 25 കൊല്ലത്തിൽ പതിനെട്ടുക്ഷാമങ്ങളും ഒന്നരക്കോടിയിലധികം മരണങ്ങളും ഉണ്ടായതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഈ പറഞ്ഞതു് കൂടാതെ ദാരിദ്ര്യത്തിൻെറ കാഠിന്യത്താൽ ഒരു കോടിയോളം വേറെയും മരിച്ചിട്ടുണ്ടു്. ഒരു കൊല്ലത്തിൽതന്നെ തെക്കെ ഇന്ത്യയിൽ അമ്പതു്ലക്ഷം ജനങ്ങൾ ക്ഷാമം മൂലം മരിച്ചു. 1876-77-ൽ ബല്ലാറിഡിസ്ത്രിക്റ്റിൽ അദ്ദേഹം കുതിരപ്പുറത്തു് സഞ്ചരിച്ചപ്പോൾ കണ്ടകാഴ്ച ഭയാനകമായിരുന്നു. റോഡരുകിൽ ശവങ്ങൾ കിടന്നു ചീഞ്ഞിരുന്നു. കുഴിച്ചുമൂടുവാൻ ആരും ഉണ്ടായിരുന്നില്ല. പട്ടികളും പക്ഷികളും അവയെ കടിച്ചുകീറുന്നതു് കാണാമായിരുന്നു. ചുററും ദുർഗ്ഗന്ധംവ്യാപിച്ചിരുന്നു. കുട്ടികൾ എല്ലും തൊലിയും മാത്രമുള്ള പ്രേതങ്ങളെപ്പോലെ അലഞ്ഞുനടന്നിരുന്നു. അവരുടെ തലകൾപോലും ചുങ്ങി എല്ലുകൾ തുറിച്ചു നിന്നിരുന്നു. ശരീരത്തിൽ ചൊറിയും വ്രണങ്ങളും ഉണ്ടായിരുന്നു. കയ്യിൽ കിട്ടിയ എന്തും തിന്നുവാൻ അവർ മടിച്ചില്ല.

മേല്പറഞ്ഞതെല്ലാം ഗവൺമെൻറു് കണക്കുകൾപ്രകാരമുള്ള ക്ഷാമങ്ങളാണു്. കണക്കിൽ പെടാത്ത ക്ഷാമം എവിടെയും എപ്പോഴും ഉണ്ടായിരുന്നു. ആരോഗ്യത്തിനു് ആവശ്യമായ ഭക്ഷണം ലഭിച്ചിരുന്നവർ വളരെ ചുരുക്കവും ഭക്ഷണക്കുറവുമൂലം രോഗബാധിതരായവർ അസംഖ്യവും ആയിരുന്നു. ദാരിദ്ര്യംമൂലമുള്ള അകാലമരണങ്ങൾ ബഹുസാധാരണമായിരുന്നു. തുടരെ ഉണ്ടാ

യിക്കൊണ്ടിരുന്ന പകർച്ചവ്യാധികൾ മൂലവും അനേകലക്ഷങ്ങൾ മരിച്ചു. അദ്ധ്വാനിച്ചു വേലചെയ്തു കിട്ടുന്ന ആദായംകൊണ്ടു് മരിക്കാതെ ജീവിതം തള്ളിക്കൊണ്ടുപോകാമായിരുന്നു എന്നല്ലാതെ മിച്ചമുണ്ടാക്കി സൂക്ഷിക്കുവാൻ ജനങ്ങൾക്കു് സാധിച്ചിരുന്നില്ല. അതുകൊണ്ടു് കാലപ്പിഴ സംഭവിക്കുമ്പോൾ ജീവിക്കുവാൻ അവക്കു ഒന്നും ഉണ്ടായിരുന്നില്ല. ഈ നിത്യദാരിദ്ര്യസമുദ്രത്തിൽ ഇടക്കിടക്കു് ഉണ്ടായിക്കൊണ്ടിരുന്ന ഭയങ്കര കോളിളക്കങ്ങളായിരുന്നു ക്ഷാമങ്ങൾ.

പട്ടികളെപ്പോലെ റോട്ടരുകിൽ വീണു മരിച്ചിരുന്നവർ വലിയപങ്കും താഴ്ന്ന ജാതികളായിരുന്നു. പ്രഭുക്കന്മാക്കും ഉയന്ന ജാതികൾക്കും സുഭിക്ഷമായി ജീവിക്കുന്നതിനുവേണ്ടി എല്ലു നുറുങ്ങി വേലചെയ്തിരുന്ന അധഃകൃതരും അസ്പൃശ്യരുമായിരുന്നു ക്ഷാമപീഡിതരിൽ അധികഭാഗവും. ഇന്ത്യയിലെ സാമൂഹ്യവ്യവസ്ഥിതി അനേകകോടി ജനങ്ങളെ നിത്യദാരിദ്ര്യത്തിനും, രോഗത്തിനും, അജ്ഞതക്കും, അടിമത്തത്തിനും തലമുറ തലമുറയായി ഉഴിഞ്ഞിട്ടിരുന്നു. സ്വാതന്ത്ര്യലബ്ധിക്കുമുമ്പു് അങ്ങനെയുള്ളവരുടെ എണ്ണം കുറഞ്ഞതുപക്ഷം ആറുകോടിയായിരുന്നു. അവരിൽ അഞ്ചുകോടിയും ജന്മിമാരുടെ അടിമകളായിരുന്നു. അവർ കാലികളെപോലെ ക്രയവിക്രയം ചെയ്യപ്പെട്ടുവന്നു. വടക്കെ ഇന്ത്യയിൽ ചില സ്ഥലങ്ങളിൽ ഒരു അധഃകൃതനെയും അവന്റെ ഭാര്യയെയും കൂടി അറുപതൊ എൺപതൊ ഉറുപ്പികക്കു് വാങ്ങാമായിരുന്നു. ഈ അധഃകൃതരാണു്

രാജ്യത്തിലുള്ള എല്ലാവരുടെയും സുഖജീവിതത്തിന് ആവശ്യമായ ജോലികൾ ചെയ്തിരുന്നത്. അവരുടെ നാശം രാജ്യത്തിന്നൊട്ടാകെ നാശമാണെന്ന് ഇന്ത്യക്കാർ അറിഞ്ഞില്ല.

അനേകകോടി അധഃകൃതരെ സൃഷ്ടിച്ച ഇന്ത്യാരാജ്യം ഇംഗ്ലീഷുകാരുടെ ഭരണകാലത്ത് ഒരു അധഃകൃത രാജ്യമായിത്തീൎന്നു. വഹിക്കുവാൻ സാധിക്കാത്ത നികുതിഭാരം ഇന്ത്യക്കാരുടെമേൽ ചുമത്തപ്പെട്ടു. ഗ്രാമീണവ്യവസായങ്ങൾ നശിക്കയും അനേകകോടി ജനങ്ങൾക്കു തൊഴിലില്ലാതാകയും ചെയ്തു. ഭാരിച്ച നികുതിയുടെ വലിയ പങ്കും ഭരണയന്ത്രത്തെ ഓടിച്ചിരുന്ന ഉദ്യോഗസ്ഥന്മാൎക്കായി ചിലവാക്കപ്പെട്ടു. ജനക്ഷേമത്തിന്ന് ചിലവാക്കുവാൻ ബാക്കിയുണ്ടായിരുന്നില്ല. ജനങ്ങളെ അടിമപ്പെടുത്തി നിൎത്തിയിരുന്ന സൈന്യത്തിൻെറ ചിലവ് രാജ്യത്തിന് പൊറുക്കുവാൻ സാധിക്കാത്തതായിരുന്നു. സാമ്രാജ്യ താല്പൎയ്യങ്ങൾക്കുവേണ്ടി ബ്രിട്ടീഷുകാർ അന്യരാജ്യങ്ങളിൽ നടത്തിയിരുന്ന യുദ്ധങ്ങളുടെ ഭയങ്കരചിലവും ഇന്ത്യവഹിക്കേണ്ടിവന്നു. ഇംഗ്ലീഷ് ഉദ്യോഗസ്ഥന്മാരുടെ പെൻഷൻവകക്ക് കൊല്ലംതോറും ഒരു വമ്പിച്ച സംഖ്യ ഇംഗ്ലണ്ടിലേക്ക് ഒഴികിക്കൊണ്ടിരുന്നു. ഇന്ത്യയിലെ ഉയൎന്ന ജാതികൾ അധഃകൃതരോടു പ്രവൎത്തിച്ചിരുന്ന അനീതിയും ദ്രോഹവും ഇംഗ്ലീഷുകാർ ഇന്ത്യയിലുള്ള എല്ലാവൎക്കും വീതിച്ചുകൊടുത്തു. ഈ രാജ്യത്തെ ദാരിദ്ര്യം അനേക നൂററാ

ണ്ടുകളിലെ തെററുകളുടെയും കുററങ്ങളുടെയും പാപങ്ങളുടെയും ഫലമായിരുന്നു.

നമ്മുടെ സാമ്പത്തിക പ്രശ്നത്തിന്റെ മററു ചിലവശങ്ങൾകൂടി പരിശോധിക്കാം.

ലോകത്തിലെ ആകെ ജനസംഖ്യയുടെ ആറിലൊരുഭാഗം വരുന്ന ജനങ്ങൾ ഇന്ത്യയിലുണ്ട്. ജനസംഖ്യയിൽ ഇന്ത്യ ലോകത്തിലെ രണ്ടാമത്തെ രാജ്യമാണ്. രാജ്യത്തിന്റെ വലുപ്പത്തിന്നനുസരിച്ചതല്ല നമ്മുടെ ജനസംഖ്യ. മറെറാരു വലിയ രാജ്യത്തിലും ജനങ്ങൾ ഇത്രയധികം തിങ്ങിപ്പാർക്കുന്നില്ല. ഒരാൾക്കു ശരാശരിയുള്ള ഭൂമി നോക്കിയാൽ നാം ലോകത്തിൽ ഏററവും ദരിദ്രർ തന്നെ എന്നാണതിന്റെ അർത്ഥം.

ഈ സ്ഥലക്ഷാമം നിരന്തരം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ജനവർദ്ധനയാണ് അതിനുള്ള കാരണം. ഈ രാജ്യത്തെ ജനന നിരക്ക് വളരെ അധികമാണ്. കൊല്ലംതോറും ജനസംഖ്യ ഗണ്യമായി വർദ്ധിക്കുന്നുണ്ട്. (ഉദ്ദേശം 40 ലക്ഷം). രാജ്യത്തിന്റെ വലിപ്പം കൂടുന്നില്ലെന്നു മാത്രമല്ലാ, കുറയുവാനും ഇടയായിട്ടുണ്ട്. ഒരാളുടെ ന്യായമായ ആവശ്യം മൂന്നു ഏക്കറു ഭൂമിയാണ്. നമുക്ക് ഈ രാജ്യത്തിലുള്ളതു് 86 സെൻറു് മാത്രമാകുന്നു.

കൃഷിചെയ്യുന്ന സ്ഥലത്തെ ഉല്പാദനവും വളരെ മോശമാകുന്നു. മററു രാജ്യങ്ങളിൽ ഒരേക്കർ സ്ഥലത്തു

നിന്നു് 2000-ം 3000-ം റാത്തൽ ധാന്യം ലഭിക്കുമ്പോൾ നമുക്കു് കിട്ടിയിരുന്നതു് 400 റാത്തൽ മാത്രമാണു്.

പത്തൊൻപതു് കോടിയോളം വരുന്ന നമ്മുടെ കാലിസമ്പത്തു് എണ്ണത്തിൽ ലോകത്തിലേയ്ക്കും വലിയതാണു്, പക്ഷെ ഗുണത്തിൽ ഏറ്റവും മോശവുമാണു്. കാലികളിൽ പകുതിയിലധികം കൊള്ളരുതാത്തവയാകുന്നു. യൂറോപ്യൻ രാജ്യങ്ങളിൽ ഒരു പശുവിൽനിന്നു് 15-ം 20-ം റാത്തൽ പാൽ ഒരു ദിവസം കിട്ടുമ്പോൾ നമുക്കു് കിട്ടുന്നതു് രണ്ടുറാത്തൽ മാത്രമാകുന്നു.

ഇന്ത്യയിലെ മനുഷ്യായുസ്സ് വളരെ കുറവാകുന്നു. ജപ്പാനിൽ 50-ം അമേരിക്കയിൽ 60-ം കൊല്ലമാണു് ശരാശരി ആയുസ്സ്. ഇവിടെ അതു് 28 മാത്രമായിരുന്നു.

നമ്മുടെ ജനങ്ങളിൽ 70 ശതമാനം കർഷകരാണെങ്കിലും ഭക്ഷ്യോൽപാദനം നാലുകോടി ജനങ്ങൾക്കു് പോരാതെയാണിരിക്കുന്നതു്. അമേരിക്കയിൽ 15 ശതമാനം മാത്രമാണു് കർഷകർ. എങ്കിലും അവരുടെ ഉൽപാദനമിച്ചം എങ്ങനെ ചിലവാക്കണമെന്നറിയാതെ അവർ പ്രയാസപ്പെടുന്നു. നമ്മുടെ കർഷകരിൽ 50 ശതമാനത്തിനു് കൊല്ലത്തിൽ നാലുമാസം മാത്രമെ ജോലിയുള്ളു. അനേകകോടി ജനങ്ങൾ ന്യായമായ തൊഴിലും ഉപജീവനമാർഗ്ഗവും ഇല്ലാതെ കഷ്ടപ്പെടുന്നു. വലിയ വ്യവസായങ്ങളെല്ലാം നഗരങ്ങളിലാണല്ലോ. നമ്മുടെ നഗരവാസികളുടെ സംഖ്യ 17 ശതമാനം മാത്ര

മാണ്. 83 ശതമാനം ജനങ്ങൾ ഗ്രാമീണരാണ്. ഗ്രാമങ്ങളിൽ തൊഴിലുണ്ടാക്കാതെ തൊഴിൽക്ഷാമം തീരുകയില്ലെന്ന് പ്രത്യക്ഷമാണ്.

ഗ്രാമങ്ങൾതോറും വലിയ വ്യവസായങ്ങൾ ഏർപ്പെടുത്തുക സാദ്ധ്യമല്ല, ആവശ്യവുമില്ല. അത്യാവശ്യത്തിലധികം വലിയ വ്യവസായങ്ങൾ ഏർപ്പെടുത്തിയാൽ ഉൽപാദനങ്ങൾ വിററഴിക്കാൻ കമ്പോളം കാണുകയില്ല. മററു രാജ്യങ്ങൾ വാങ്ങുവാൻ വിസമ്മതിച്ചാൽ ഇവിടെയുള്ള തൊഴിലാളികൾ പട്ടിണിയാവും. മററു രാജ്യങ്ങളെ ചൂഷണം ചെയ്യാതെ ജീവിക്കുവാൻ നമുക്ക് സാധിക്കണം. മുതലാളി രാജ്യങ്ങളെപ്പോലെയുള്ള വ്യവസായീകരണം ഇന്ത്യയിൽ സാദ്ധ്യമല്ല. ഗ്രാമങ്ങളിൽ ഗ്രാമീണർക്ക് തൊഴിലുണ്ടാക്കുന്നതാണ് നമ്മുടെ പ്രശ്നം. അതിനെയാണ് ചക്രം സൂചിപ്പിക്കുന്നതു്.

നമ്മുടെ സാമ്പത്തികനയത്തിൻെറ പ്രധാന നോട്ടം:—

1. ഭക്ഷ്യസാധനങ്ങളിലുള്ള കുറവ് നികത്തണം. ആവശ്യമായ ആഹാരസാധനങ്ങൾ എല്ലാം ഇവിടെ തന്നെ ഉണ്ടാക്കുന്നതുവരെ ഉൽപാദനം വർദ്ധിപ്പിക്കണം. കൂടുതൽ സ്ഥലത്തു് കൃഷിചെയ്യണം. കൃഷിയിൽനിന്നു് കൂടുതൽ വിളവെടുക്കണം.

2. വിളവു് വർദ്ധിപ്പിക്കുന്നതിന്നു് ജലദൗർഭിക്ഷം തീർക്കുകയാണ് ഏററവും ആവശ്യം. ജലസേചനപദ്ധതികളുടെ ലക്ഷ്യം അതാണ്. പുതിയ വളങ്ങൾ,

പുതിയ വിത്തുകൾ, പുതിയ കൃഷിസമ്പ്രദായങ്ങൾ, പുതിയ കൃഷിയായുധങ്ങൾ ഇവയും പ്രചരിപ്പിക്കേണ്ടതായിട്ടുണ്ട്.

3. ധാന്യങ്ങൾ കൂടാതെയുള്ള മററു കൃഷികൾ വർദ്ധിപ്പിക്കണം. കാലി കൃഷി, കോഴി കൃഷി, മത്സ്യ കൃഷി, സസ്യ കൃഷി മുതലായവ അവയിൽ ഉൾപ്പെടും.

4. അനേകകോടി ഗ്രാമീണർക്ക് കൃഷിക്കുപുറമേ വേറെ തൊഴിൽക്രാി ആവശ്യമാണ്. അതിനുള്ള ഏകമാർഗ്ഗം ഗ്രാമീണവ്യവസായങ്ങളാകുന്നു. ഗ്രാമങ്ങൾ ഏറക്കുറെ സ്വയംപര്യാപ്തങ്ങളായിത്തീരണം.

5. ഈ രാജ്യത്ത് ഭിക്ഷക്കാരായി പതിനഞ്ചു ലക്ഷവും, സന്യാസിമാരായി രണ്ടുലക്ഷവും, കുഷ്ഠരോഗികളായി പത്തുലക്ഷവും, ഒരുലക്ഷം ഭ്രാന്തന്മാരും, ആറു ലക്ഷം കുരുടന്മാരും, രണ്ടരലക്ഷം ഊമരും ചെകിടരും ഉണ്ടു. ഇവരെ കൂടാതെ കുട്ടികളും വൃദ്ധന്മാരുമായി സ്വയത്രാണനം സാധിക്കാത്ത അനേകലക്ഷം ഉണ്ടു്. ഇവരുടെ ന്യായമായ സംരക്ഷണം ക്രമേണ രാഷ്ട്രത്തിന്റെ ചുമതലയായിത്തീരും.

6. നാഗരീകം നഗരങ്ങളിലാണല്ലോ. അവിടെയാണ് അനേകം മററു പ്രശ്നങ്ങൾ ഉത്ഭവിക്കുന്നതു്. തീവണ്ടി, ബസ്സ്, വിമാനം, സൈക്കിൾ, യന്ത്രങ്ങൾ മുതലായവ നിർമ്മിക്കുന്നതിന്ന് അനേകം വമ്പിച്ച വ്യവസായസ്ഥാപനങ്ങൾ രാജ്യത്തിന്റെ ഒട്ടാകെയുള്ള

ആവശ്യം പരിഗണിച്ചു് ഈ രാജ്യത്തിൽ തന്നെ സൃഷ്ടി ക്കേണ്ടതുണ്ടു്. അവ മുതലാളിത്തത്തിനു് വഴിതെളി ക്കാതെ സമുദായത്തിന്റെ ആവശ്യം അനുസരിച്ചു് ഏർപ്പെടുത്തുന്ന കാര്യമാണു് പ്രധാനമായി ചിന്തിക്കേ വാനുള്ളതു്. അതാണു് സോഷ്യലിസംകൊണ്ടു് ഉദ്ദേ ശിക്കപ്പെടുന്നതും.

# 19

## യുവജനങ്ങൾ എന്തു പറയുന്നു

ഒരു പുതിയലോകം സൃഷ്ടിക്കുന്നതിനു് യുവജന ങ്ങൾ എന്തു്ചെയ്യണം എന്ന വിഷയത്തെപ്പററി 1950-ൽഒരു പ്രബന്ധമത്സരം അമേരിക്കയിൽ നടത്തു കയുണ്ടായി. മൂവ്വായിരം വിദ്യാർത്ഥികൾ അതിൽ പങ്കെ ടുത്തു. അവരിൽ ചിലരുടെ പ്രബന്ധങ്ങളിൽ കണ്ടന്ന ആശയങ്ങളാണു് താഴെ ചേർക്കുന്നതു്:—

(1)

ലൌകികജ്ഞാനം, ദൈവവിശ്വാസം, ലോകക്ഷേ മതൽപരത, ഇതു മൂന്നുമുള്ള ഒരു യുവാവിനു് വലിയ കാര്യങ്ങൾ സാധിക്കാം.

(2)

അറിവില്ലായ്മയും സ്വാർത്ഥതല്പരതയുമാണു് ലോകത്തിലെ കുഴപ്പങ്ങൾക്കെല്ലാം പ്രധാനകാരണം. ശരിയായ വിദ്യാഭ്യാസത്താൽ ഈ കുറവുകളെ നീക്ക

ണം. വഴക്കുകൂടാതെ പരസ്പരം ബഹുമാനിച്ചും, സഹകരിച്ചും, സ്നേഹിച്ചും ജീവിക്കുവാൻ അഭ്യസിക്കുന്നതിനുള്ള ഏററവും ഒത്തസ്ഥലം കുടുംബമാണ്. കുടുംബജീവിതത്തെ ഉൽകൃഷ്ടദൃഷ്ടാന്തമാക്കിത്തീർക്കുകയാണ് യുവജനങ്ങൾ ആദ്യമായി ചെയ്യേണ്ടതു്. നമ്മുടെ സ്വഭാവഗുണവും വിശ്വസ്തതയും കണ്ടു് മററുള്ളവരും ഈ ഗുണങ്ങളുള്ളവരായിത്തീരണം.

(3)

ലോകത്തിലെ വിദ്യാർത്ഥികൾ പരസ്പരം പരിചയപ്പെടുന്നതു് വളരെ ആവശ്യമാണ്. വർഗ്ഗം, വർണ്ണം, മതം, ദേശം മുതലായ വ്യത്യാസങ്ങൾക്കു് യുവജനങ്ങൾ വലിയ പ്രാധാന്യം കല്പിക്കുന്നില്ല. സമന്മാരെന്നനിലയിൽ സസ്നേഹം സമ്മേളിക്കുന്നതിനു് അവർക്കു് പ്രയാസമില്ല. അങ്ങനെ ലോകത്തിലെ യുവജനങ്ങൾ ഒന്നായിച്ചേരുന്നതു് ഒരു പുതിയലോകം സൃഷ്ടിക്കുന്നതിനു് വളരെ അനുകൂലമായിരിക്കും.

(4)

ജനാധിപത്യ സിദ്ധാന്തങ്ങൾ പരിപാലിക്കുന്നതു് നമ്മുടെ സ്വഭാവമായിത്തീരണം. വിദ്യാർത്ഥി സംഘടനകളിലും അവയുടെ ഭരണത്തിലും ജനാധിപത്യ മര്യാദകളും അച്ചടക്കവും പരിശീലിക്കണം. യഥാർത്ഥയോഗ്യതയും സൽഗുണവുമുള്ളവരെ നേതാക്കന്മാരായും ഉദ്യോഗസ്ഥന്മാരായും തിരഞ്ഞെടുക്കുവാനാണ് ആദ്യമായി പഠിക്കേണ്ടതു്. വോട്ടവകാശം വിശ്വസ്ത-

തയോടും ചുമതലാബോധത്തോടുംകൂടി ഉപയോഗിക്കേണ്ടതാകുന്നു. സ്നേഹം, നിസ്സ്വാർത്ഥത, ആത്മാഭിമാനം, അനുസരണം, സഹിഷ്ണുത, മുതലായ ഗുണങ്ങൾ ഇന്നത്തെ ജീവിതത്തിൽ വളരെ വിരളമായിരിക്കുന്നു. ഈ ഗുണങ്ങളുള്ള ഒരാൾ ഉണ്ടായാൽ അനേകരെ നേർവഴിക്ക് നടത്തുവാൻ അയാൾക്ക് സാധിക്കും. സത്സ്വഭാവമുള്ള മനുഷ്യരെയാണ് ലോകം ആവശ്യപ്പെടുന്നത്.

(5)

ഒരുത്തമകുടുംബം ജനാധിപത്യരാഷ്ട്രത്തിന്റെ ഒരു മാതൃകയാകുന്നു. അനേകകുടുംബങ്ങൾ കൂടിച്ചേർന്ന് ഒരു വിശാലകുടുംബമാണ് രാഷ്ട്രം. നമ്മുടെ കുടുംബങ്ങൾ ശരിയായാൽ രാഷ്ട്രവും ശരിപ്പെടും. ഒരു നല്ല കുടുംബത്തിൽ കുട്ടികൾ മാതാപിതാക്കന്മാരെ അനുസരിക്കുന്നു. ത്യാഗം, നീതി, സ്നേഹം, വിശ്വസ്തത, ജനാധിപത്യമര്യാദകൾ മുതലായവയുടെ പ്രഥമപാഠങ്ങൾ അവർ അവിടെ പഠിക്കുന്നു. കുടുംബത്തിൽ ഈ പരിശീലനം ലഭിച്ചിട്ടുള്ളവർക്ക് രാഷ്ട്രീയത്തിൽ അവരുടെ ചുമതലകൾ ശരിയായി നിർവ്വഹിക്കാൻ പ്രയാസമുണ്ടായിരിക്കയില്ല. ദൈവമക്കളായ യുവജനങ്ങൾ ലോകസാഹോദര്യം സ്ഥാപിച്ച് ഒരു പുതുയുഗം സൃഷ്ടിക്കും.

(6)

ഭൗതികമതമാണ് (materialism) മനുഷ്യരെ ദുഷിപ്പിക്കുന്നത്. സുഖഭോഗങ്ങൾ, ആദായം, സമ്പാദ്യം ഇവയിലാണ് ഇന്നത്തെ മനുഷ്യരുടെ മുഴുവൻ

താല്പര്യവും വിശ്വാസവും സ്ഥിതിചെയ്യുന്നതു്. ധന ത്തിന്നും, ഉദ്യോഗത്തിന്നും, അധികാരത്തിന്നും വേണ്ടി മനുഷ്യർ ജീവിതത്തിലെ സകല ധാർമ്മികമൂല്യങ്ങ ളെയും ബലികഴിക്കുന്നതായി നാം കാണുന്നു. സ്വാർത്ഥ ലാഭത്തിനുവേണ്ടി മതത്തെയും ദൈവത്തെയും നിഷേ ധിക്കുവാൻപോലും അവർക്ക് മടിയില്ല. ലോകത്തിൽ ആകർഷണീയങ്ങളായ പല വസ്തുക്കളുണ്ടു്. അവയിൽ ഭ്രമിച്ചു് മനുഷ്യർ ദൈവവിചാരം ഇല്ലാതെയാകുന്നു. ഇങ്ങനെയുള്ള ഒരു ലോകത്തിലെ യുവജനങ്ങൾ ദുഷിക്കുന്നതിൽ അത്ഭുതപ്പെടുവാനില്ല. ദൈവവിശ്വാ സത്തെ നാം വീണ്ടെടുക്കണം. ഗാന്ധിയും എയിൻസ്റ്റ നും പറയുന്നതു് "സമാധാനം സ്ഥാപിക്കുക അല്ലെ ങ്കിൽ നശിക്കുക" വേറെ വഴിയില്ല എന്നാകുന്നു. ക്രി സ്തീയ വിശ്വാസങ്ങൾ അനുസരിച്ചു് ജീവിക്കുവാൻ ശീലിക്കുകയാണു് യുവാക്കന്മാർ ചെയ്യേണ്ടതു്. പ്രാർത്ഥ നയാലും പരിശ്രമത്താലും ഇന്നത്തെ ഭൗതികഭ്രമത്തി ന്റെ പിടിയിൽനിന്നു സ്വതന്ത്രരായി ആത്മീയമൂല്യ ങ്ങളെ സ്നേഹിക്കുവാൻ നമുക്കു സാധിക്കണം.

(7)

എല്ലാമനുഷ്യരെയും അയൽവാസികളും സ്നേഹി തന്മാരുമായി വിചാരിക്കുക. സ്വന്തകാര്യലാഭത്തി ന്നായുള്ള ചിന്തകളിൽ മുഴുകി മനുഷ്യർ മററുള്ളവരെ പ്പററിയുള്ള യാതൊരു വിചാരവും ഇല്ലാത്തവരായിത്തീ രുന്നു. അടുത്തുള്ളവർക്കു് ചെറിയ സഹായം ചെയ്യുവാൻ പോലും അവർക്കു് മനസ്സില്ല. എല്ലാവരോടും കരുണയോ

ക്കെ സ്നേഹവും സൌഹാർദ്ദവും കാണിക്കുവാൻ ആക്കും സാധിക്കും. അങ്ങനെയുള്ള ഒരു പരിശീലനമാണു് യുവാക്കന്മാക്കു ആവശ്യം. നമ്മുടെ ഫുട്ബോൾ, ക്രിക്കറ്റ്, ടെന്നീസ്, മുതലായ കളികളിൽ പൂർണ്ണമായ സത്യനിഷ്ഠയും മര്യാദയും പാലിക്കണം. ജയിച്ചാൽ വിനയമുള്ളവരായിരിപ്പാനും തോററാൽ മുഷിച്ചിലൊ ദ്വേഷ്യമോക്രൂടാതെ സന്തുഷ്ടരായിരിപ്പാനും അഭ്യസിക്കണം. ഇങ്ങനെ ചെറിയ കാര്യങ്ങളിൽ നാം ഇപ്പോൾതന്നെ വിശ്വസ്തതപരിപാലിച്ചാൽ പ്രായമാകുമ്പോൾ ഉത്തമ പൌരന്മാരായിത്തീരുവാൻ നമുക്കു സാധിക്കും.

(8)

ഈ രാജ്യത്തിലെ മാത്രമല്ല, ലോകത്തിലെതന്നെ ഒരുത്തമ പൌരനായിത്തീരുന്നതിനു് ഒന്നാമത്തെ ആവശ്യം ശരിയായ വിദ്യാഭ്യാസമാണു്. എന്നെത്തന്നെ നന്നാക്കുന്നതു് ഞാൻ ലോകത്തിനു ചെയ്യുന്ന ഒരു ശുശ്രൂഷയായിരിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. ദൈവം അതിന്നായിട്ടാണല്ലൊ എന്നെ സൃഷ്ടിച്ചിട്ടുള്ളതു്. ലൌകികവിദ്യാഭ്യാസത്തോടുകൂടി നമ്മെ സൃഷ്ടിച്ച ദൈവത്തേയും നമ്മെ സംബന്ധിച്ചു് ദൈവത്തിനുള്ള ഉദ്ദേശത്തെയും പററിയുള്ള ജ്ഞാനവും സമ്പാദിക്കേണ്ടതാകുന്നു. ഹൈഡ്രജൻ ബോംബിനാലൊ അണുബോംബിനാലൊ, അവയെക്കാൾ പൈശാചികമായ എന്തെങ്കിലും മാരകശക്തിയാലൊ നശിച്ചുപോകയെയുള്ളു എന്നുള്ള നിത്യഭയത്തിലും, അല്ലെങ്കിൽ ഏതെങ്കിലും സ്വേച്ഛാധിപതിയുടെ ചവിട്ടടിക്കീഴിൽ അടിമകളായി ജീവി

ക്കോങ്ങളിവരുമെന്നുള്ള അതിലും ഭയങ്കരമായ പരിഭ്രമത്തിലും ലോകത്തിലെ ഭൂരിഭാഗം ജനങ്ങൾ കഴിച്ചുകൂട്ടുന്ന ഇക്കാലത്തു്, നന്മതിന്മകളെയും സത്യാസത്യങ്ങളെയും തിരിച്ചറിയുവാനുള്ള ആത്മിക പ്രകാശമാണു് നമുക്കു് ഏററവും ആവശ്യമായിരിക്കുന്നതു്. ചരിത്രം സൃഷ്ടിച്ചിട്ടുള്ള മഹാന്മാരായ വാഷിംഗ്ടൻ, അബ്രഹാം ലിങ്കൺ മുതലായവർ വിഷമം നിറഞ്ഞ ഘട്ടങ്ങളിൽ ദൈവത്തെ ശരണം പ്രാപിച്ചു് വിജയിച്ചിട്ടുള്ളതായി നാം കാണുന്നു. അവരെ നമുക്കു അനുകരിക്കാം.

(9)

ഒരു പുതിയ ലോകം സൃഷ്ടിക്കുന്നതിനു് ഏററവും ആവശ്യമായിരിക്കുന്നതു് മനുഷ്യ സാഹോദര്യബോധമാകുന്നു.

വിശ്വസിക്കുക.

നാം നമുക്കു് വേണമെന്നു് ആഗ്രഹിക്കുന്ന എല്ലാ അവകാശങ്ങളും മഹത്വവും മററുള്ളവർക്കും സമ്മതിച്ചുകൊടുക്കുവാനുള്ള സന്മനസ്സാണു് സാഹോദര്യം. അതുകൂടാതെ ജനാധിപത്യം വിജയിക്കയില്ല. മനുഷ്യസാഹോദര്യം എല്ലാ പൌരന്മാരേയും ഭരിച്ചു നടത്തുന്ന ഒരു വിശ്വാസമായിത്തീരണം.

ജീവിക്കുക

ഈ വിശ്വാസമനുസരിച്ചു് നാം ജീവിക്കണം. നമ്മുടെ ഗൃഹത്തിലും, സ്കൂളിലും, പള്ളിയിലും സമുദായത്തിലും ഈ സാഹോദര്യം പരിപാലിക്കണം.

ലോകത്തിലെ രാഷ്ട്രങ്ങളെല്ലാം ഈ പ്രമാണം സ്വീകരിച്ചാലല്ലാതെ സ്ഥിരമായ ലോകസമാധാനം സാദ്ധ്യമാകയില്ല. നാം ചെയ്യുന്നതിനെയാണു് ലോകം നോക്കുന്നതു്. നാം ശുമ്മാ പറയുന്നതിനെയല്ല.

പ്രചരിപ്പിക്കുക

നമ്മുടെ രാജ്യത്തിൽ മാത്രംപോരാ, ലോകത്തിന്റെ അററത്തോളം സാഹോദര്യസന്ദേശം പ്രചരിപ്പിക്കണം. ഇതു എളുപ്പമായ ഒരു കാൎയ്യമല്ല. സ്വാൎത്ഥതാല്പൎയ്യങ്ങൾ, തെററിദ്ധാരണകൾ, അറിവില്ലായ്മ ഇവയെല്ലാം മനുഷ്യകുലത്തെ ഛിദ്രിപ്പിക്കുന്ന ശത്രുക്കളാണു്. പഠിച്ചും പഠിപ്പിച്ചും നാം ലോകൈക്യത്തെ പുലൎത്തണം. ഏതെങ്കിലും പ്രത്യേക വിധത്തിൽ എന്നില്ല. ഇതു് അവസാനമില്ലാത്ത ഒരു ധൎമ്മസമരമാണു്. പരിതസ്ഥിതികൾ അനുവദിക്കുന്നതു്പോലെ ഏതവസരത്തിലും ലോകസാഹോദര്യത്തിനുവേണ്ടി വാദിക്കുവാൻ നമുക്കു സാധിക്കണം. കുറച്ചുപേർ അങ്ങനെ ചെയ്താൽ പോരാ, എല്ലാവരും ചെയ്യണം, പ്രത്യേകിച്ചു് യുവജനങ്ങൾ. ലോക സാഹോദര്യം, ഒരു പുതിയലോകം, ഇതായിരിക്കണം നമ്മുടെ മുദ്രാവാക്യങ്ങൾ.

(10)

രാജ്യഭരണം എങ്ങനെ നടത്തപ്പെട്ടണം എന്നു് യുവാക്കന്മാർ നല്ലപോലെ മനസ്സിലാക്കണം. ലോകത്തിലെ പല കുഴപ്പങ്ങൾക്കും കാരണം ഭരണാധികാരി

കളാകുന്നു. ഭരണാധികാരികൾ തെററുന്നതു് ജനങ്ങൾ ഭരണകാര്യത്തിൽ വേണ്ടത്ര ശ്രദ്ധവെക്കാത്തതുകൊണ്ടാകുന്നു. ലോകത്തിലെ നാനാമതക്കാരും വർഗ്ഗക്കാരും പരസ്പരം അറിയുന്നതായാൽ തന്നെ പല കുഴപ്പങ്ങളും തീരും. തെററിദ്ധാരണകൾ നീങ്ങും. വർദ്ധിച്ചുവരുന്ന മദ്യപാനാസക്തി ഒരു വലിയ ആപത്താകുന്നു. അതു് നമ്മുടെ ശരീരത്തെയും ബുദ്ധിയെയും കെടുത്തുന്ന ഒരു മഹാദോഷമായിട്ടാണു് ഞാൻ കാണുന്നതു്. ലഹരിസാധനങ്ങൾ അകത്തു് കടത്തി ബുദ്ധി ദുഷിപ്പിക്കുന്നവർ ലോകത്തെ നന്നാക്കുവാൻ സാധിക്കുയില്ല.

(11)

ലോകത്തെ അഭിമുഖീകരിക്കുന്ന വിഷമപ്രശ്നങ്ങളെപ്പററി പഠിക്കയും ചിന്തിക്കയും ചെയ്യണം. പഠിപ്പ് കഴിഞ്ഞു് ജീവിതത്തിലേക്കു പ്രവേശിക്കുമ്പോൾ രാജ്യത്തിൽ നമുക്കുള്ള ചുമതല ശരിയായി നിർവ്വഹിക്കുവാൻ സാധിക്കണമെങ്കിൽ ബുദ്ധിപൂർവ്വം വോട്ടു ചെയ്യുവാൻ അറിയണം. ആർക്കു് എന്തിനായി നമ്മുടെ വോട്ടുകൊടുക്കുന്നു എന്ന ചിന്തയില്ലാതെ പ്രവർത്തിക്കുന്നതു് വലിയ ആപത്താണു്. നമ്മുടെ സമയവും അദ്ധ്വാനവും, പണവും സാമൂഹ്യ വികസന പദ്ധതികൾക്കായി കൊടുക്കുന്നതു് പാവപ്പെട്ടവരെയും അവികസിത രാജ്യങ്ങളെയും സഹായിക്കുവാനുള്ള ഒരു നല്ല മാർഗ്ഗമായിരിക്കും.

(12)

ഒരു പുതിയ ലോകം കെട്ടിപ്പടുക്കുന്നതിന് യുവജനങ്ങൾ എട്ടു സംഗതികളിൽ ശ്രദ്ധവെയ്ക്കുന്നതു് നന്നായിരിക്കും:—

(1) ധാർമ്മികനീതികളെ ബഹുമാനിക്കുക. അന്യായത്തു് കൊല്ലായ്ക, കക്കായ്ക, പൊളിചൊല്ലായ്ക, അസൂയപ്പെടായ്ക. മററുള്ളവരുടെ അവകാശങ്ങളെ ബഹുമാനിക്കുക.

(2) സ്വയംഭരിക്കുക. സത്യമാണെന്നും നന്മയാണെന്നും നാം വിശ്വസിക്കുന്നതനെ ധൈര്യമായി പ്രവർത്തിക്കുക. സ്വന്തം മനസ്സാക്ഷിയെ അവഗണിക്കുന്നവൻ ഭീരുവാകുന്നു.

(3) വർഗ്ഗങ്ങൾ, മതങ്ങൾ, രാഷ്ട്രങ്ങൾ, എന്നിങ്ങനെയുള്ള വ്യത്യാസങ്ങൾ ഉണ്ടായിരുന്നാലും, മനുഷ്യരെല്ലാം ഒന്നാണെന്നുള്ള ബോധത്തെ ഉപേക്ഷിക്കാതിരിക്കുക. ലോകത്തിൽ ഉറച്ചു് നില്ക്കുക.

(4) ആത്മീകമൂല്യങ്ങളും വിശ്വാസവും കൂടാതെ ലോകത്തിനു ഭാവിയില്ല. പർവ്വതപ്രസംഗത്തിൽ ക്രിസ്തു ഉപദേശിച്ചിട്ടുള്ള സത്യങ്ങളെ അനുസരിക്കുന്നതാണു് ലോകക്ഷേമത്തിനുള്ള ഏകമാർഗ്ഗം.

(5) മനുഷ്യർ എവിടെ ആരംഭിച്ചു് എങ്ങോട്ടു പോയിക്കൊണ്ടിരിക്കുന്നു എന്നറിയുന്നതിനു് എല്ലാ മനുഷ്യരുടെയും ചരിത്രം പഠിക്കണം. അപ്പോൾ എല്ലാ

വരും ഒരു ലക്ഷ്യത്തിലേക്ക പുരോഗമിക്കുന്നു എന്നു് മനസ്സിലാക്കുവാൻ സാധിക്കും

(6) ജനാധിപത്യ വിശ്വാസത്തെ ഉപേക്ഷി ക്കാതെ മുറുകെപ്പിടിക്കുക. അതിൻെറ പ്രമാണങ്ങളെ എപ്പോഴും ബഹുമാനിക്കുക. രാഷ്ട്രത്തിൻെറ അധി കാരത്തിനും നിയമങ്ങൾക്കും കീഴടങ്ങുകയും അവയെ സംരക്ഷിക്കുകയും ചെയ്യുക. അപ്പഴപ്പോൾ കാണുന്ന കററങ്ങളെയും കുറവുകളെയും ഓർത്തു് ജനാധിപത്യ ത്തെ വെറുക്കരുതു്.

(7) വിഭവസമൃദ്ധമായ രാജ്യങ്ങൾ ഭൂമിയുടെ വിഭവങ്ങളെ ഹൃദയശൂന്യമായി നശിപ്പിക്കയും നഷ്ട പ്പെടുത്തുകയുംചെയ്യുന്നുണ്ടു്. ഭാവിയെപ്പററിയും കഷ്ട പ്പെടുന്നവരെപ്പററിയും ചിന്തയില്ലാതെ ധൂർത്തടിക്ക യാണു് പലരും ചെയ്യുന്നതു്. ഇതു്. അവസാനിപ്പി ക്കണം.

(8) മനുഷ്യരുടെ ശാസ്ത്രീയവിജ്ഞാനം ദിനം പ്രതി വർദ്ധിക്കുന്നു. അതനുസരിച്ചു് അവരുടെ ധാർമ്മി കബോധമൊ ആത്മികജീവിതമോ ശക്തിപ്പെടുന്നില്ല. ലൌകികവും, ആത്മികവും. ധാർമ്മികവുമായ മൂന്നു രംഗ ങ്ങളിലും ഒരു പോലെ പുരോഗമിക്കുവാൻ യുവജന ങ്ങൾ ശ്രമിക്കേണ്ടതാകുന്നു.

(13)

യൌവനത്തിലെ വിദ്യാഭ്യാസമാണു് മനുഷ്യൻെറ ഭാവി നിർണ്ണയിക്കുന്നതു്. വിദ്യാഭ്യാസകാലത്തു് കഴി

യുന്നത്ര ജ്ഞാനം സമ്പാദിക്കുവാൻ ഉററുശ്രമിക്കണം. ഈ കാര്യത്തിൽ ഉപേക്ഷകാണിച്ചാൽ ജീവിതം മുഴുവൻ പരാജയപ്പെടുമെന്നു് മറക്കരുതു്. പഠിക്കുന്നതിനു് യഥാർത്ഥത്തിൽ അവസാനമില്ല. ജീവകാലം മുഴുവൻ അറിവു സമ്പാദിച്ചുകൊണ്ടിരിക്കണം. ഈ ഗൌരവബോധം ഇല്ലാതെ യൌവനത്തെ നഷ്ടപ്പെടുത്തുന്ന ഒരാൾക്കു് ലോകത്തിനു് നന്മചെയ്യുവാൻ ഒരിക്കലും സാധിക്കയില്ല. ജനാധിപത്യത്തിൽ നേതൃത്വത്തിനു് ഒരു വലിയ പങ്കുണ്ടു്. വിശ്വസ്തതയും ധീരതയും ജ്ഞാനസമ്പത്തുമുള്ള നേതാക്കന്മാരാണു് ജനാധിപത്യത്തിന്റെ ജീവൻ. നേതൃത്വം വഹിക്കുവാൻ നാം ഓരോരുത്തരും യൌവനത്തിൽതന്നെ അഭ്യസിക്കണം. എവിടെയെങ്കിലും ഓരോ നിലകളിൽ മററുള്ളവരെ നയിക്കുവാനുള്ള ചുമതല നമുക്കെല്ലാവർക്കും ഉണ്ടാവും. അപ്പോൾ നാം പരാജയപ്പെടാതിരിക്കണമെങ്കിൽ വിദ്യാർത്ഥിജീവിതത്തിൽ തന്നെ സ്വഭാവശുദ്ധിയുടെയും സ്വഭാവസ്ഥൈര്യത്തിൻെറയും അടിത്തറ കെട്ടണം. വിദ്യാർത്ഥിസമാജങ്ങൾ, സാഹിത്യസഭകൾ, ക്ലബ്ബുകൾ, യുവജനസംഘടനകൾ, മുതലായവ നേതൃത്വപരിശീലനത്തിനു് സൌകര്യം നല്കുന്നു. പ്രധാനപ്പെട്ട ലോകപ്രശ്നങ്ങൾ എല്ലാ രാഷ്ട്രങ്ങളുംകൂടി ആലോചിച്ചു് എല്ലാവരുടെയും ഗുണത്തെ അടിസ്ഥാനമാക്കി സമാധാനപരമായ രീതിയിൽ പഠിക്കയും ചിന്തിക്കയും തീരുമാനിക്കയും ചെയ്യുന്നതിനു് ഒരു സർവ്വലോകവ്യവസ്ഥ ആവശ്യമാണു്. അതു് സാധിക്കണമെങ്കിൽ എല്ലാ മനുഷ്യ

രെയും സഹോദരബുദ്ധിയോടുകൂടി വീക്ഷിക്കുന്ന സ്വഭാവം നാം യൌവനത്തിൽ തന്നെ സമ്പാദിക്കണം. ലോകം നന്നാവണം, ഇന്നത്തെ മത്സരങ്ങളും, ദുഃഖങ്ങളും, യുദ്ധങ്ങളും, ഇല്ലാത്ത ഒരു സമാധാനസുന്ദരമായ ലോകം സൃഷ്ടിക്കണം, എന്നുള്ള തീവ്രമായ അഭിലാഷം ഉണ്ടായാൽ അതു് പ്രായോഗികമാക്കിത്തീക്കുന്നതിനുള്ളമാർഗ്ഗം തുറക്കപ്പെടാതിരിക്കയില്ല.

(14)

നമ്മുടെ എല്ലാ പരിശ്രമങ്ങളുടെയും ലക്ഷ്യം ലോകക്ഷേമമാണു്. മതവർഗ്ഗാദേശവ്യത്യാസങ്ങൾ നോക്കാതെ എല്ലാവരോടും നീതിപ്രവർത്തിക്കുവാൻ പഠിക്കണം് വിട്ടുവീഴ്ചകൾ ചെയ്തും, സ്വാർത്ഥതാല്പര്യങ്ങൾക്കു് പൊതുഗുണത്തെ ബലികഴിക്കാതെയും, എല്ലാവരോടും നീതിയും സ്നേഹവും കാണിക്കുന്നതാണു് സംസ്കാരമുള്ള മനുഷ്യന്റെ കർത്തവ്യം.

<u>രാഷ്ട്രീയം:</u> എല്ലാ വഞ്ചനയും സൂത്രവും ഉപേക്ഷിച്ചു് ഒരു കാര്യവും മറച്ചുവെക്കാതെ സകലവും തുറന്നു പറഞ്ഞും കേട്ടും, പക്ഷഭേദം കൂടാതെയും, സത്യനിഷ്ഠയോടുകൂടി തീരുമാനങ്ങൾ ചെയ്യുന്നതിന്നു് പരിശീലിക്കുക.

<u>സാമ്പത്തികം:</u> വഞ്ചനയും ചൂഷണവും അത്യാഗ്രഹവും ഉപേക്ഷിക്കുക. നമ്മുടെ തൊഴിലുകൾ ലോകശുശ്രൂഷയാക്കിത്തീക്കണം. സ്വന്തം താല്പര്യംമാത്രം

നോക്കി ഒന്നും ചെയ്യരുത്. പൊതുനന്മയായിരിക്കണം നമ്മുടെ ജീവിതലക്ഷ്യം.

ആരോഗ്യം: ധർമ്മനിർവ്വഹണത്തിനുള്ളതാണ് നമ്മുടെ ശരീരം. അതിനെ വിശുദ്ധിയും ആരോഗ്യവുമുള്ളതായി സൂക്ഷിക്കണം. പണത്തിനും പെരുമക്കും സൌന്ദര്യത്തിനുംവേണ്ടി ആരോഗ്യത്തെ നഷ്ടമാക്കരുത്. ശരീരം ദുഷിച്ചാൽ മനുഷ്യൻ ദുഷിച്ചു എന്നാണർത്ഥം.

വിശ്വാസം: ലോകധനം സമ്പാദിക്കുന്നതിലല്ല സേവനത്തിലാണ് ജീവിതവിജയം എന്നുള്ള വിശ്വാസം പുലർത്തണം. മനുഷ്യർക്ക് നാം എന്തു നന്മചെയ്തു എന്നാണ് തൂക്കിനോക്കേണ്ടത്. ഇന്നത്തെ വ്യാപാരങ്ങളും വ്യവസായങ്ങളും പരസ്പരം മത്സരിച്ച് ലാഭം ഉണ്ടാക്കുവാനുള്ള ഏർപ്പാടുകളാണ്. മുതലാളിയും തൊഴിലാളിയും തൻകാര്യം നേടുവാനാണ് നോക്കുന്നത്. പൊതുനന്മയെപ്പററി ആരും ചിന്തിക്കുന്നില്ല. നമ്മുടെ യൗവനത്തിൽ ഈ സ്വഭാവത്തിന് ഒരു വലിയ മാററം വരുത്തേണ്ടതായിട്ടുണ്ട്. പൊതുനന്മ ജീവിതോദ്ദേശമായി യൌവനത്തിൽതന്നെ നാം സ്വീകരിക്കണം. ഉയർന്ന സ്ഥാനത്തുള്ളവർ കീഴെയുള്ളവരുടെ ഗുണത്തെ അന്വേഷിക്കണം. താഴ്ന്നനിലയിൽ വേല ചെയ്യുന്നവർ വെറും ശമ്പളത്തിനുവേണ്ടിയല്ല സമുദായത്തിനുവേണ്ടി വേലചെയ്യുന്നു എന്നുള്ള വിചാരത്തോടെ വിശ്വസ്തസേവനം നിർവ്വഹിക്കണം. മനുഷ്യജീവിതത്തിലെ അടിസ്ഥാനമൂല്യങ്ങളും മൌലികവിശ്വാസ-

ങ്ങളും, സത്യം സ്നേഹം ശുശ്രൂഷ മുതലായ നിത്യസത്യങ്ങളെ പ്രമാണമാക്കി പുതുക്കിപ്രതിഷ്ഠിക്കേണ്ടിയിരിക്കുന്നു.

# 20

## സ്ത്രീകളുടെ പങ്കു്

സ്ത്രീപുരുഷന്മാർ പരസ്പരം സ്നേഹിച്ചും സഹകരിച്ചും പങ്കാളികളായി ജീവിക്കുവാനാണു് സൃഷ്ടിക്കപ്പെട്ടിട്ടുള്ളതു്. ജനാധിപത്യത്തിലെ ഒരു പ്രധാന പ്രമാണം സ്ത്രീപുരുഷസമത്വമാണല്ലോ. ചില കാര്യങ്ങളിൽ പുരുഷനു് സ്ത്രീയെക്കാൾ കഴിവുണ്ടെങ്കിലും മററു ചില കാര്യങ്ങളിൽ സ്ത്രീക്കു് പുരുഷനെക്കാൾ കഴിവുണ്ടായിരിക്കും.

പ്രാചീനമനുഷ്യരുടെ ഇടയിൽ സ്ത്രീക്കു് പുരുഷനെപ്പോലെ സ്വാതന്ത്ര്യവും ചുമതലയും പ്രാധാന്യവും ഉണ്ടായിരുന്നു. ഇന്നു അപരിഷ്കൃതരെന്നു നാം കരുതുന്ന മലയരുടെയും കാടരുടെയും സ്ത്രീകൾ പുരുഷന്മാരെപ്പോലെ സ്വതന്ത്രരായി ജീവിക്കുന്നതായിട്ടാണു് കാണുന്നതു്. മററുള്ളവരെ കീഴടക്കി ഭരിക്കണം എന്ന ആക്രമാസക്തി അവരുടെ ഇടയിൽ കുറവാണു്. സമത്വത്തിൻെറ രഹസ്യം അതാകുന്നു.

പഴയ കാലങ്ങളിൽ സ്ത്രീയും പുരുഷനും ഒരുപോലെ വേലചെയ്തു് ജീവിച്ചിരുന്നു, എല്ലാ വേലയും വീട്ടുജോലിയായിരുന്നു എന്നു പറയാം. കുട്ടികളെ വളു

ത്തുക, കന്നുകാലികളെ സംരക്ഷിക്കുക, ഭക്ഷണം പാകം ചെയ്യുക, നൂല്ക്കുക, നെയ്യുക, മൺപാത്രങ്ങളും മരപ്പാത്രങ്ങളും ഉണ്ടാക്കുക, കൃഷിചെയ്യുക, ഇവയെല്ലാം വീട്ടിലും പരിസരത്തിലും നടത്തിയിരുന്ന ജോലികളായിരുന്നു. എല്ലാ വേലയിലും പുരുഷനോടൊപ്പം സ്ത്രീയും പങ്കെടുക്കുന്നതായിരുന്നു പതിവു. ഗ്രാമീണരുടെ ജീവിതത്തിൽ ഇന്നും അങ്ങനെയാണല്ലോ. വേലയിലും ചുമതലയിലുമുള്ള പങ്കാളിത്വമാണു് അവരുടെ സമത്വത്തിന്റെ മറെറാരു രഹസ്യം.

ബലപ്രയോഗവും അക്രമവും വർദ്ധിക്കുമ്പോൾ അതിന്റെ ഫലമായി അസ്വാതന്ത്ര്യവും അസമത്വവും വന്നുചേരുന്നു. നായാട്ടുന്നതും യുദ്ധം ചെയ്യുന്നതും പുരുഷന്റെ പ്രധാന തൊഴിലായിത്തീർന്നപ്പോൾ വീട്ടുജോലി സ്ത്രീയുടെ ചുമതലയുമായി. യുദ്ധം പരിശീലിക്കുന്ന പുരുഷൻ തന്റെ വീട്ടിലും ബലം പ്രയോഗിക്കുന്നതു് സ്വാഭാവികമായിത്തീർന്നു. പുരുഷൻ മററുള്ളവരോടു മത്സരിച്ചും അവരെ ചൂഷണംചെയ്തും ജീവിക്കുന്നതു് സ്ത്രീയുടെ ദുർബ്ബലതക്കും കാരണമായിത്തീരുന്നു.

ഉപജീവനത്തിനു് വീട്ടിൽനിന്നു വെളിയിൽ പോയി ജോലിചെയ്യുന്ന സമ്പ്രദായം വർദ്ധിക്കുന്നതോടു കൂടി സ്ത്രീയുടെ സാമ്പത്തികസ്വാതന്ത്ര്യം നഷ്ടമാകുന്നു. കുട്ടികളെ നോക്കാനും മററു വീട്ടുജോലികൾക്കും സ്ത്രീ വീട്ടിലിരിക്കാതെ നിവൃത്തിയില്ലല്ലോ. അപ്പോൾ പുറത്തു് പോയി വേലചെയ്തു സമ്പാദിക്കുന്നതു് പുരുഷന്റെ

പ്രത്യേക തൊഴിലായിത്തീരുന്നു. ഉപജീവനമാൎഗ്ഗം തേടുന്നവനും ധനം സമ്പാദിക്കുന്നവനും എന്ന നിലയിൽ പുരുഷൻ ഒന്നുകൂടി ഉയരുകയും സ്ത്രീ താഴുകയും ചെയ്യുന്നു. മുതലാളിത്തവ്യവസ്ഥയിൽ സ്ത്രീ പുരുഷനു് അടിമപ്പെട്ടിരിക്കുന്നതിന്റെ കാരണം അതാണു്. കുടുംബജീവിതത്തിലും പുരുഷൻ മുതലാളിയും സ്ത്രീ തൊഴിലാളിയും, പുരുഷൻ യജമാനനും, സ്ത്രീ വേലക്കാരിയും ആയിത്തീരുന്നു.

മേൽപ്രകാരം സ്ത്രീക്കു് സംഭവിക്കുന്ന പരാജയത്തെ എതിൎക്കുവാനും പുരുഷനെ അടിമപ്പെടുത്തുവാനും സ്ത്രീ പുതിയ വിദ്യകൾ കണ്ടുപിടിക്കുന്നു. സ്വാതന്ത്ര്യാകാംക്ഷ സ്ത്രീയിലും പുരുഷനിലും ഉള്ള ഒരു സ്വഭാവമാണല്ലൊ. ബലപ്രയോഗത്താലും ധനസമ്പാദനത്താലും പുരുഷൻ സ്ത്രീയെ തോല്പിച്ചപ്പോൾ മററുവിധത്തിൽ പുരുഷനെ ജയിക്കുവാൻ സ്ത്രീ ശ്രമിക്കുന്നതു് സ്വാഭാവികം മാത്രമാണു്. നല്ല ആഹാരപാനീയങ്ങൾ കൊടുത്തും വസ്ത്രാലങ്കാരങ്ങൾ മൂലം ആകർഷിച്ചും പുരുഷനെ പാട്ടിലാക്കുവാൻ സ്ത്രീ യത്നിക്കുന്നു. അങ്ങനെ കുടുംബജീവിതം സ്ത്രീപുരുഷന്മാർ തമ്മിലുള്ള ഒരു മത്സരവും ജഡമോഹങ്ങളെ തൃപ്തിപ്പെടുത്തുവാനുള്ള ഒരു ഏർപ്പാടുമായി ദുഷിക്കുന്നു. ധാൎമ്മികചിന്തകൾക്കു് അതിൽ സ്ഥാനമില്ലാതെയാകുന്നു. അങ്ങനെ സ്ത്രീയുടെ അടിമത്തം സമുദായത്തെ ഒട്ടാകെ ആത്മികമായി അധഃപതിപ്പിക്കുവാൻ ഇടയാകുന്നു.

അമേരിക്ക മുതലായ മുതലാളിത്തരാജ്യങ്ങളിൽ സ്ത്രീകൾക്ക് സർവ്വസ്വാതന്ത്ര്യവുമുണ്ടെന്ന് പറയപ്പെടുന്നു. പക്ഷേ സൂക്ഷ്മമായി പരിശോധിച്ചാൽ അതു് മുഴുവൻ പരമാർത്ഥമല്ലെന്നു കാണാം. പുരുഷനെ ആകർഷിക്കുവാനും തൃപ്തിപ്പെടുത്തുവാനും ഏതെല്ലാംവിധം തങ്ങളെത്തന്നെ അലങ്കരിക്കയും മോടിപിടിപ്പിക്കയുംചെയ്യാമെന്നുള്ള വിചാരത്തിലാണ് അവിടെയുള്ള സ്ത്രീകൾ വ്യാപൃതരായിരിക്കുന്നതെന്ന് പ്രത്യക്ഷമാണ്. പുരുഷൻ സ്ത്രീയുടെ ഈ ദുർബ്ബലതയെ ചൂഷണംചെയ്തു് അവളെ ഒരു പാവയാക്കി അണിയിക്കയും, കളിപ്പിക്കയും, പ്രദർശിപ്പിക്കയും ചെയ്യുന്നതായും നാം കാണുന്നു. ഒരു യഥാർത്ഥ ജനാധിപത്യത്തിൽ ഈ മാതിരിയുള്ള വശീകരണവിദ്യകൾക്കൊ സ്ത്രീപുരുഷന്മാർ പരസ്പരം ചൂഷണംചെയ്യുന്നതിനോ സ്ഥാനമില്ല.

വളരെ അടുത്തകാലംവരെ ഇന്ത്യയിലെ സ്ത്രീകൾ പരമാർത്ഥത്തിൽ ഒരു അധഃകൃതവർഗ്ഗമായിരുന്നു. കുടുംബത്തിൽ പെൺകുട്ടി ജനിക്കുന്നത് ഒരു അമംഗളസംഭവമായിട്ടാണ് ജനങ്ങൾ വിചാരിച്ചിരുന്നതു്. പെൺകുട്ടികളോടു നിർദ്ദയമായി പെരുമാറുന്നതു് മറെറല്ലാവരുടെയും അവകാശവും ചുമതലയുമായിരുന്നു. കൊച്ചനുജൻപോലും ജ്യേഷ്ടത്തിയെ ശാസിക്കുന്നതു് പതിവായിരുന്നു. പെൺകുട്ടികൾക്ക് വിദ്യാഭ്യാസത്തിന്നു് അവകാശമുണ്ടായിരുന്നില്ല. അവക്ക് അക്ഷരജ്ഞാനംപോലും ആവശ്യമില്ലെന്നായിരുന്നു വയ്പ്. വളരെ ചെറുപ്പത്തിൽത്തന്നെ അവരെ മാതാപിതാക്ക

ന്മാർ കല്ല്യാണം കഴിച്ചു്കൊടുക്കുന്നതായിരുന്നു് വഴക്കം. ഭർത്താവിൻെറ ഗൃഹത്തിൽ സ്ത്രീ എല്ലാവരുടെയും അടിമയെപ്പോലെ ജീവിക്കേണ്ടിവന്നു. അവർക്കു സ്വത്തിന്നു അവകാശമുണ്ടായിരുന്നില്ല. ഘോഷാ സമ്പ്രദായം ആചരിച്ചിരുന്ന പ്രദേശങ്ങളിൽ അവർ കൂട്ടിലിട്ട ഒരു പക്ഷിയെപ്പോലെയായിരുന്നു. വീട്ടിന്നപ്പുറത്തുള്ള കാററും പ്രകാശവും അനുഭവിപ്പാൻപോലും അവർക്കു് സാധിച്ചിരുന്നില്ല. ആരോഗ്യമുള്ള സ്ത്രീ അപൂർവ്വമായിരുന്നു. തുടരെത്തുടരെ സന്താനങ്ങളെ പ്രസവിച്ചുകൂട്ടുന്നതായിരുന്നു അവരുടെവിധി. പുരുഷന്നു് ഒന്നിലധികം ഭാര്യമാർ ഉണ്ടാകുന്നതിന്നു് വിരോധമില്ലാതിരുന്നതുകൊണ്ടു് സ്ത്രീക്കു് ഭർത്താവിൻെറ സ്നേഹത്തിന്നുപോലും അവകാശമുണ്ടായിരുന്നില്ല. ഭർത്താവു് മരിച്ചാൽ വിധവയെന്ന നിലയിൽ അവരുടെ ജീവിതം ഒരു നരകമായിരുന്നു. വിധവ എവിടെയും ഒരു ദുശ്ശകുനമായി വിചാരിക്കപ്പെട്ടു. സ്ത്രീ അധഃപതിക്കുമ്പോൾ കുടുംബവും അതിലുള്ള എല്ലാവരും അധഃപതിക്കുന്നു. അങ്ങനെയുള്ള ഒരു രാജ്യത്തിലെ ജനങ്ങൾ ജനിക്കുന്നതു്തന്നെ ഒരു അധഃകൃത വർഗ്ഗമായിട്ടാണു്. ഇന്ത്യയുടെ കഴിഞ്ഞ കാലങ്ങളിലെ അധഃപതനവും അടിമത്തവും ആരംഭിച്ചതു് സ്ത്രീകളുടെ അടിമത്തത്തിലാണെന്നു് വിചാരിക്കുന്നതിൽ തെററില്ല.

രണ്ടു തലമുറകൾക്കു മുമ്പു്വരെ നമ്മുടെ സ്ത്രീകളുടെ നില എന്തായിരുന്നുവെന്നു് ശ്രീമതി ഉമാനെഹ്രു

Our Cause എന്ന പുസ്തകത്തിൽ ഇപ്രകാരം പറഞ്ഞി രിക്കുന്നു:—സ്ത്രീയുടെ ഇന്നത്തെനില വളരെ പുരാതന കാലം മുതല്ക്കുള്ളതാണു്. അതിൽ വലിയ മാററമൊന്നും വന്നിട്ടില്ല. അവൾ പുരുഷനെക്കാൾ ശരീരബലം കുറഞ്ഞവളാണു്; അവൾ പുരുഷനെ തന്നെക്കാൾ ബലവാനും ഉൽകൃഷ്ടനുമായി ബഹുമാനിക്കുന്നു; അവളുടെ മതം പുരുഷാരാധനയാണു്. പുരുഷഭയത്തിൽ നിന്നുണ്ടാകുന്നതല്ലാതെ അവൾക്കു സ്വന്തമായി ധർമ്മബോധമില്ല; സമുദായത്തിൽ അവൾക്കു നിലയും വിലയുമില്ല; സന്താനോല്പാദനമാണു്. അവളുടെ പ്രധാനജോലി; പക്ഷേ ആ കാര്യത്തിലും അവൾക്കു് ആവശ്യമായ ജ്ഞാനമൊ വിവേകമൊ ഇല്ല; അലങ്കാരഭ്രമമാണു് അവളുടെ ജീവൻ; ഒരു അന്നദാതാവിനെ സമ്പാദിക്കുന്നതിനു് അവൾക്കുള്ള ഏകസമ്പത്തു് അവളുടെ ശരീരസൌന്ദര്യമാണു്. അവൾ ഗൃഹരാജ്ഞിയാണെന്നാണു് വയ്പു്. അതിന്റെ അർത്ഥം, അവൾ അടുക്കളക്കാരിയും, പാത്രം തേപ്പുകാരിയും, തൂപ്പുകാരിയും, അലക്കുകാരിയും, കൂട്ടുകാരിയും എല്ലാം ആണെന്നു മാത്രമാകുന്നു. ഈ പാരമ്പര്യത്തിൽ വലിയ മാററം വന്നുതുടങ്ങിയിട്ടുണ്ടു്. ആരോഗ്യവും ബലവും ധീരതയുമുള്ളവരും, സ്വന്തമായ ധാർമ്മിക ചിന്തയും വിവേകവുമുള്ളവരും, വിദ്യയിലും ബുദ്ധിയിലും പുരുഷനോട്ട കിടപിടിക്കുവാൻ പ്രാപ്തിയുള്ളവരും, പരാധീനതകൂടാതെ കാര്യങ്ങൾ നടത്തുവാൻ സാമ്പത്തിക സ്വാതന്ത്ര്യമുള്ളവരും ആയ ഒരു പുതിയ സ്ത്രീവർഗ്ഗം ഉയൎന്നുവരുന്നുണ്ടു്. മാന-

വസമുദായത്തിന്റെ ഭാവി സ്ത്രീകളുടെ ഉൽകർഷത്തെ ആശ്രയിച്ചിരിക്കുന്നു.

മഹാത്മാഗാന്ധി ചെയ്തിട്ടുള്ള ഏററവും അത്ഭുതവത്തായ ഒരു കാര്യം സ്ത്രീകളെ സ്വതന്ത്രരാക്കിയതാകുന്നു. അടുക്കളയിൽ കഴിഞ്ഞുകൂടിയിരുന്ന അനേകം സ്ത്രീകളെ പുറത്തു് വരുത്തി ജീവിതത്തിലെ എല്ലാ രംഗങ്ങളിലും പുരുഷന്മാരോടൊപ്പം പ്രവത്തിക്കുവാൻ അവരെ ധൈര്യപ്പെടുത്തിയതു് ഒരു ചെറിയ കാര്യമൊന്നുമല്ല. ഇന്നു നമ്മുടെ രാജ്യത്തെപ്പോലെ താത്വികമായി സ്ത്രീസ്വാതന്ത്ര്യം അനുവദിച്ചിട്ടുള്ള രാജ്യങ്ങൾ വളരെ കുറവാണു്. പക്ഷേ അതു് ഇനിയും പ്രായോഗികമായിത്തീൻ എന്നു പറഞ്ഞുകൂടാ. മററു പല രാജ്യങ്ങളിലെന്നപോലെ ഇവിടെയും സ്ത്രീകൾ വീണ്ടും പുരുഷന്മാരുടെ അടിമത്തം സ്വയം സ്വീകരിക്കുവാനുള്ള സന്നദ്ധതയാണു് കാണിക്കുന്നതു്. അതായതു് അവർ വിശേഷവസ്ത്രം, ആഭരണം മുതലായവമൂലം തങ്ങളെത്തന്നെ അലങ്കരിച്ചു് പുരുഷന്മാരെ ആകർഷിക്കുവാനും തൃപ്തിപ്പെടുത്തുവാനും ദിനംപ്രതി വളന്നുവരുന്ന താല്പര്യം കാണിക്കുന്നുണ്ടു്. ഗാന്ധിയുടെ ഉപദേശമനുസരിച്ചു് ഇന്ത്യയിലെ പുരുഷന്മാർ അവരുടെ വസ്ത്രധാരണത്തിനു് വലിയ മാററം വരുത്തിയിട്ടുണ്ടു്. എന്നാൽ സ്ത്രീകൾ ഈ കാര്യത്തിൽ ഗാന്ധിയുടെ ഉപദേശത്തെ അശേഷം ഗണ്യമാക്കാത്ത വിധത്തിലാണു് ഇപ്പോൾ ഗമിച്ചുകൊണ്ടിരിക്കുന്നതു്. അതു് അവരുടെ സ്വാതന്ത്ര്യ

നഷ്ടത്തിനും രാജ്യത്തിന്റെ ധാർമ്മികമായ അധഃപതനത്തിനും കാരണമായേക്കും എന്നു് ഭയപ്പെടേണ്ടിയിരിക്കുന്നു.

സ്ത്രീപുരുഷസമത്വം എന്നു് പറയുമ്പോൾ സ്വാതന്ത്ര്യം, അധികാരം, വിദ്യാഭ്യാസം, ധനം, ഉദ്യോഗം മുതലായവയിൽ പുരുഷനെപ്പോലെ സ്ത്രീക്കും അവകാശമുണ്ടായിരിക്കണം എന്നുമാത്രമാണു് നാം സാധാരണ വിചാരിക്കുന്നതു്. ചുമതലയില്ലാത്ത അവകാശവും അധികാരവുമില്ലെന്നു് നാം വിസ്മരിക്കുന്നു. സ്ത്രീകൾക്കു് എല്ലാ അവകാശങ്ങളും ലഭിച്ചാലും അവർ പുരുഷനെപ്പോലെ ചുമതല വഹിക്കാൻ ഒരുക്കമില്ലെങ്കിൽ യഥാർത്ഥമായ സ്വാതന്ത്ര്യവും സമത്വവും അവർക്കു ഒരിക്കലും അനുഭവമായിത്തീരുകയില്ല. ജനാധിപത്യവ്യവസ്ഥയിൽ സ്ത്രീകളുടെ ചുമതല എങ്ങനെയുള്ളതായിരിക്കുമെന്നു് പരിശോധിക്കാം.

(1) എല്ലാവരും സമുദായത്തിനു് ഉപയോഗമുള്ള ജോലിചെയ്യണം. ജോലി എന്തായാലും ഉൽകൃഷ്ടമെന്നോ നികൃഷ്ടമെന്നോ വിചാരം ആർക്കും പാടില്ല. പ്രയോജനകരമായ ജോലിയെല്ലാം ഒരുപോലെ വിലയുള്ളതും അഭിമാനകരവുമാകുന്നു.

(2) എല്ലാവർക്കും എല്ലാജോലിയും ചെയ്യുക സാദ്ധ്യമല്ലല്ലൊ. ഗൃഹജോലി സ്ത്രീക്കെന്നും പുറമെയുള്ള തൊഴിൽ പുരുഷനെന്നും ഒരു വിഭജനം ചെയ്താൽ പോലും അവരണ്ടും തുല്യപ്രാധാന്യമുള്ളവയാണെന്നുള്ള ബോധം എല്ലാവർക്കും ഉണ്ടായിരിക്കണം.

(3) സമുദായക്ഷേമത്തെ പരിഗണിച്ചാൽ കുട്ടികളെ വളർത്തുന്നതിനെക്കാൾ ഗൌരവമായ ഒരു ജോലിയില്ല. അതു് അത്യധികം പ്രാധാന്യവും പ്രയാസവുമുള്ള ഒരു ചുമതലയാകുന്നു. അതിൽ പ്രധാന പങ്കു വഹിക്കുവാൻ സ്ത്രീ ആവശ്യവുമാകുന്നു. അതോടുകൂടി സ്ത്രീ ഗൃഹത്തെ ഭരിക്കയും വേണം. രാഷ്ട്രത്തിൻെ ജീവിതത്തിൽ ഗൃഹത്തിന്നുള്ള സ്ഥാനം എത്ര ഉൽകൃഷ്ടമായതാണെന്നു് നാം കണ്ടു. കുടുംബം ദുഷിച്ചാൽ എല്ലാം ദുഷിക്കുമെന്നു് തീർച്ചയാണു് അതുകൊണ്ടു കുട്ടികളെ വളർത്തലും ഗൃഹഭരണവും കൂടിയാൽ മനുഷ്യജീവിതത്തിലെ ഏററവും പ്രധാനവും പ്രയാസവും ഉൽകൃഷ്ടവുമായ കാൎയ്യങ്ങൾ പലതും അതിൽ ഉൾപ്പെട്ടിട്ടുണ്ടെന്നു് വിചാരിക്കണം. ഈ പരമാൎത്ഥം ഇനിയും നാം വേണ്ടത്ര മനസ്സിലാക്കിയിട്ടില്ല.

(4) കുടുംബജീവിതത്തിലെ ചുമതലകൾ ശരിയായി നിൎവ്വഹിക്കണമെങ്കിൽ സ്ത്രീ എത്ര വിദ്യയഭ്യസിച്ചാലും അതു് അധികമാകയില്ല. മനുഷ്യൻെറ ശരീരം, മനസ്സ്, ബുദ്ധി, ആഹാരം, ഉടുപ്പ്, ആരോഗ്യം, രോഗം, വിശ്രമം, പരസ്പരബന്ധം, സ്നേഹം, ദ്വേഷം, സഹകരണം, ഭിന്നത, ഭരണം അനുസരണം, ശുശ്രൂഷ, ഇങ്ങനെയുള്ള ജീവൽപ്രശ്നങ്ങൾ എല്ലാംതന്നെ ഒരു കുടുംബത്തിന്നു് അഭിമുഖീകരിക്കേണ്ടതായിട്ടുണ്ടു. എല്ലാ ശാസ്ത്രങ്ങളും കലകളും അവിടെ ഉപയോഗപ്രദമായിരിക്കും. ഈ സത്യം ഗ്രഹിച്ചിട്ടുള്ളവർ ചുരുക്കമാണു്. ഗൃഹഭരണം ആക്കും എങ്ങനെയും

നടത്താമെന്നുള്ള പാരമ്പര്യമാണ് അതിനെ ഇത്രത്തോളം തരം താഴ്ത്തുവാൻ ഇടയാക്കിയിട്ടുള്ളത്.

(5) നൈപുണ്യവും, പ്രാപ്തിയും, ആവശ്യവും വാസനയും, അനുസരിച്ച് മററു ജോലികൾ ഏതും സ്വീകരിക്കുന്നതിന് സ്ത്രീക്ക് പൂർണ്ണസ്വാതന്ത്ര്യമുണ്ടെന്ന് സമ്മതിക്കേണ്ടതാകുന്നു. സ്ത്രീ അങ്ങനെയുള്ള തൊഴിലിൽ പ്രവേശിക്കുന്നത് കുടുംബത്തിൻെറയും രാഷ്ട്രത്തിന്റേയും ഉത്തമതാല്പര്യങ്ങൾ പരിഗണിച്ച് ഭാര്യാഭർത്താക്കന്മാർ തീർച്ചയാക്കേണ്ടതാകുന്നു.

(6) രാഷ്ട്രത്തിൻെറ പല രംഗങ്ങളിൽ സ്ത്രീയുടെ സേവനം ആവശ്യമാണെന്നും പലതിലും പുരുഷനെക്കാൾകൂടുതൽ യോഗ്യത സ്ത്രീക്കാണെന്നും, അതുകൊണ്ട് അനേകം സ്ത്രീകൾ ഗൃഹത്തിൽനിന്നു പുറത്തുപോയി ജോലിചെയ്യുവാൻ ഒരുക്കമുള്ളവരായിരിക്കണമെന്നും നിസ്തർക്കമാണ്. എല്ലാ സ്ത്രീകളും ഗൃഹജീവിതത്തിൽ മുഴുകി കാലംകഴിക്കുന്നത് ആശാസ്യമല്ല. രാഷ്ട്രത്തിൻെറ സേവനത്തിന് അനേകരെ ആവശ്യമുണ്ട്.

(7) ഗൃഹകാര്യമായാലും രാജ്യകാര്യമായാലും പുരുഷനോടൊപ്പം സ്ത്രീയും പഠിക്കയും, ചിന്തിക്കയും തീരുമാനങ്ങൾ ചെയ്യുന്നതിൽ പങ്കെടുക്കയും ചെയ്യേണ്ടതാകുന്നു. അതായത്, കാര്യനിർവ്വഹണത്തിൽ പുരുഷൻ അധികം ഭാരംവഹിക്കേണ്ടിവന്നാലും, ആലോചനയിൽ ചുമതല സ്ത്രീക്കും പുരുഷനും തുല്യമാണ്.

(8) ഗൃഹഭരണത്തിൽ സ്ത്രീക്കു സഹായകമായി പലതും പുരുഷന്നു് ചെയ്യുവാൻ സാധിക്കും. അങ്ങനെ ചെയ്യാതെ എല്ലാം അവൾ നടത്തട്ടെ എന്നു വിചാരിച്ചു്, കൈവിടുന്ന സമ്പ്രദായം ഒരിക്കലും അനുകരണീയമല്ല. സ്ത്രീയെ സഹായിക്കുവാനായി ആവശ്യംപോലെ ഏതു ഗൃഹജോലിയും ചെയ്യുവാൻ പുരുഷൻ വൈമനസ്യം കാണിച്ചുകൂടാത്തതാകുന്നു. എന്നു മാത്രമല്ല അങ്ങനെയുള്ള അവസരങ്ങളിൽ സ്ത്രീയാണു് ഭരണാധികാരിയെന്നു് വകവെച്ചുകൊടുക്കേണ്ടതുമാകുന്നു.

(9) ഗൃഹജീവിതത്തെയും ഭരണത്തെയും ഏററവും സുഖപ്രദവും ഫലപ്രദവുമാക്കിത്തീർക്കുന്നതിന്നു് ശാസ്ത്രജ്ഞാനവും, കലകളും, മനുഷ്യന്റെ മററു കഴിവുകളും വേണ്ടിടത്തോളം ഉപയോഗപ്പെടുത്തിവരുന്നില്ല. പുറമെയുള്ള കാര്യങ്ങൾ—രാജ്യഭരണം, വ്യാപാരം, വ്യവസായം മുതലായവ ഏററവും പ്രശസ്ഥമായ നിലയിൽ നടത്തുന്നതിന്നു് നാം നിരന്തരം പരിശ്രമിക്കുന്നുണ്ടു്. അതുപോലെയുള്ള താല്പര്യം ഗൃഹഭരണത്തിൽ കാണിക്കാത്തതു്മൂലം സ്ത്രീയുടെ ജോലി വളരെ ദുർഘടം പിടിച്ചതായിത്തീരുന്നുണ്ടു്.

(10) ജനാധിപത്യം ഒരു വിശ്വാസവും സംസ്കാരവുമാണല്ലൊ. അതിന്റെ സ്വഭാവവും പ്രമതലയും സ്ത്രീകൾ മനസ്സിലാക്കിയാലല്ലാതെ അതു് ജീവിതത്തിൽ വേരുറയ്ക്കുകയില്ല. അമ്മയുടെ മുലപ്പാലിൽക്കൂടിയാണു് മനുഷ്യരുടെ വിശ്വാസവും സംസ്കാരവും പ്രചരി

TYAGA SEVANA SAMAJAM & REA... MANGANAM.

ക്കുന്നതെന്നു പറയുന്നതു് അതിശയോക്തിയല്ല. കുട്ടികളുടെ സ്വഭാവരൂപീകരണത്തിനു് പ്രധാന ഉത്തരവാദികൾ അമ്മമാരാണു്. ഭത്താവിന്റെ ജീവിതത്തെ നേർവഴിക്കു നടത്തുന്ന കാര്യത്തിലും സ്ത്രീക്കു ഒരു വലിയ പങ്കുണ്ടു്. സമാധാനം, സ്നേഹം, ത്യാഗം, ശുശ്രൂഷ മുതലായ ആത്മീയമൂല്യങ്ങൾ പുലത്തുവാൻ സ്ത്രീക്കു് ഒരു പ്രത്യേക കഴിവുണ്ടു്. ഈ വക ഗുണങ്ങൾ രാഷ്ട്രീയജീവിതത്തിൽ ഇല്ലാത്തതാണു് ഇന്നത്തെ കുഴപ്പങ്ങൾക്കെല്ലാം പ്രധാന കാരണം. ഉത്തമസ്ത്രീകൾ രാഷ്ട്രീയജീവിതത്തിൽ പ്രവേശിക്കുന്നതു് തീർച്ചയായും വലിയ അനുഗ്രഹമായിരിക്കും. ജനാധിപത്യത്തിന്റെ ഫലം സ്ത്രീകളാണു് ഉടൻതന്നെ അനുഭവിക്കുന്നതു്. അവർ സ്വതന്ത്രരായിരിക്കുന്നു. അവരുടെ സ്വാതന്ത്ര്യത്തിൽനിന്നും സ്നേഹത്തിൽനിന്നും വേണം മററു നന്മകൾ ഉണ്ടാകുവാൻ.

സർവ്വോദയം അക്രമത്തിലും ബലപ്രയോഗത്തിലും വിശ്വസിക്കുന്നില്ല. അതിന്റെ ലക്ഷ്യം സമാധാനമാകുന്നു. അതിന്റെ മാഗ്ഗം അഹിംസയും സത്യവും ത്യാഗവുമാണു്. പുരുഷന്റെ പരാക്രമത്തിനൊ സ്ത്രീയുടെ ദുർബ്ബലതക്കൊ അതിൽ പ്രസക്തിയില്ല. സർവ്വോദയം ഗ്രാമീണവ്യവസായങ്ങളെ പുനരുദ്ധരിക്കും. പുരുഷനെപ്പോലെ വേലചെയ്യുവാൻ സ്ത്രീക്കും സൌകര്യം ലഭിക്കും. അപ്പോൾ സ്ത്രീക്കു് സാമ്പത്തികമായ പരാധീനത

ആവശ്യമില്ലാതാവും. കുടുംബം ഒരു സഹകരണസ്ഥാപനമായിത്തീരും. അങ്ങനെ സ്ത്രീപുരുഷന്മാർ സ്വതന്ത്രരും സമന്മാരും ആയിത്തീരണം. ഈ ലക്ഷ്യത്തിലെത്തണമെങ്കിൽ സ്ത്രീയുടെ സ്വഭാവത്തിൽ സാരമായ മാററങ്ങൾ വരേണ്ടതുണ്ട്. പുരുഷനെപ്പോലെ വിദ്യയഭ്യസിക്കാനും, വേലചെയ്യുവാനും, ചുമതല വഹിക്കാനും, അവൾ തയ്യാറാവണം. അവളുടെ ശരീരവും മനസ്സും ശക്തിപ്പെട്ടുത്തേണ്ടതായിട്ടുണ്ട്. അവളുടെ ശാരീരികവും മാനസികവുമായ ദുർബലതക്കും ഭീരുത്വത്തിനും കാരണമായ സൌന്ദര്യഭ്രമം, ആഭരണഭ്രമം മുതലായവ അവൾ ത്യജിക്കണം. സ്ത്രീസഹജമായ സമാധാനം, കരുണ, ത്യാഗം, ശുശ്രൂഷ മുതലായ ഗുണങ്ങൾ കുടുംബങ്ങളിൽ പുലർത്തുകയും അവിടെനിന്ന് രാഷ്ട്രീയജീവിതത്തിലേക്കു പകർത്തുകയും ചെയ്യേണ്ടതു് അവളുടെ കർത്തവ്യമാകുന്നു. അപ്പോൾ ജനാധിപത്യം യഥാർത്ഥത്തിൽ ജനങ്ങൾക്കു് ആയത്തമായിത്തീരും.

## 21

## ലോകസാഹോദര്യം

ലോകം ഒന്നാണെന്നുള്ള ബോധവും അനുഭവവും ദിനംപ്രതി വർദ്ധിച്ചുവരുന്നുണ്ട്. അതിൻെറ ഫലമായിട്ടാണു് ഒരു ഐക്യരാഷ്ട്രസംഘടനയും അതിൻെറ കീഴിൽ ലോകവ്യാപകമായ പ്രവർത്തനം നടത്തുന്ന ലോകബാങ്കു് മുതലായ സാമ്പത്തിക സ്ഥാപനങ്ങളും,

സാംസ്കാരിക സംഘങ്ങളും, ശാസ്ത്രീയസമിതികളും സ്ഥാപിക്കപ്പെട്ടിട്ടുള്ളതു്. ഈ അന്താരാഷ്ട്രീയ സ്ഥാപനങ്ങൾമൂലം സ്വല്പകാലത്തിനുള്ളിൽ ലോകക്കെല്ലാം വളരെഗുണം ഉണ്ടായിട്ടുണ്ടെന്നുള്ളതു് നിൎവ്വിവാദമാണു്. അതു് കുറെക്കൂടി വിപുലമായ ലോകൈക്യത്തിനുവേണ്ടി പരിശ്രമിക്കുവാൻ പ്രേരകവുമായിത്തീൎന്നിട്ടുണ്ടു്.

ഭൂമിയെപ്പററിയും അതിലുള്ള ജനങ്ങളെപ്പററിയുമുള്ള അറിവു് മുൻകാലങ്ങളിൽ വളരെ സങ്കുചിതമായിരുന്നു. ഇന്നത്തെ അവസ്ഥ അതല്ല. ഭൂമിശാസ്ത്രവും ലോകചരിത്രവും സ്കൂൾകുട്ടികൾപോലും പഠിക്കുന്നുണ്ടു്. യുവാക്കന്മാർ കാൽനടയായും സൈക്കിളിന്മേലും ലോകം ചുററിസഞ്ചരിക്കുന്നു. കളികളിൽ മത്സരിക്കുന്നതിനും, വിദ്യാൎത്ഥിയോഗങ്ങളിൽ സംബന്ധിക്കുന്നതിനും വിദ്യാൎത്ഥികളും വിദ്യാൎത്ഥിനികളും ലോകത്തിൻെറ ഒരററത്തുനിന്നു് മറെറഅററംവരെ പോകുവാൻ മടിക്കുന്നില്ല. പഴയകാലങ്ങളിൽ അനേകമാസങ്ങൾ യാത്രചെയ്തു് എത്തിച്ചേരേണ്ടിയിരുന്ന ദൂരസ്ഥലങ്ങൾ ഇന്നു സ്വല്പം മണിക്കൂറുകളിലൊ അഥവാ ദിവസങ്ങളിലൊ സന്ദൎശിക്കുവാൻ സാധിക്കുന്നു. തീവണ്ടിയും, ബസ്സും, കപ്പലും, വിമാനവും രാജ്യങ്ങൾ തമ്മിലുള്ള ദൂരം വളരെ കുറച്ചിരിക്കുന്നു. കമ്പി, തപാൽ, റേഡിയോ, വൎത്തമാനപത്രങ്ങൾ മുതലായവവഴി ലോകവൎത്തമാനങ്ങൾ എല്ലാവൎക്കും അപ്പഴപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്നു. അനേകായിരം നാഴികദൂരെ നടക്കുന്ന സംഗതികൾ അതേ

പടി ഇവിടെ ഇരുന്നു കാണുന്നതു്പോലും ടെലിവിഷ്യൻ സാദ്ധ്യമാക്കിത്തീർത്തിട്ടുണ്ടു്. ജനങ്ങൾ വിദൂര പ്രദേശങ്ങളിൽ ധാരാളമായി സഞ്ചരിച്ചു് പരസ്പരം അറിയുകയും പരിചയപ്പെടുകയും സ്നേഹിക്കുകയും ചെയ്യുന്നതു് ഒരു സാധാരണ സംഭവമായിത്തീർന്നിട്ടുണ്ടു്. ഒരു ഗ്രാമത്തിലുള്ളവർ അവരുടെ അന്തിച്ചന്തക്കു് പോയിവരുന്നതുപോലെ നിഷ്പ്രയാസമായിട്ടാണു് രാഷ്ട്ര പ്രതിനിധികളും വ്യാപാരികളും ലോകത്തിന്റെ അററം വരെ പറന്നുപോകയും മടങ്ങിവരുകയും ചെയ്യുന്നതു്. ഭൂമി എത്തും പിടിയുമില്ലാത്ത ഒരു മഹാപ്രപഞ്ചമല്ല; ഒരു വലിയ അയൽപക്കം മാത്രമാണെന്നു് മനുഷ്യർക്കു വിചാരിക്കുവാൻ പ്രയാസമില്ലാതായിട്ടുണ്ടു്.

ഈ പുതിയ വീക്ഷണത്തിൽ മനുഷ്യരുടെ ജീവിതരീതിയും വളരെ വ്യത്യസ്തപ്പെട്ടിട്ടുണ്ടു. മുൻ കാലങ്ങളിൽ ഒരു കുഗ്രാമത്തിലുള്ളവർക്കു അടുത്തുള്ള ഗ്രാമത്തെപ്പോലും ആശ്രയിക്കാതെ ഉള്ളതുകൊണ്ടു തൃപ്തിപ്പെട്ടു ജീവിക്കുവാൻ സാധിക്കുമായിരുന്നു. ഇന്നത്തെ നില അതല്ല. ലോകത്തിൻെറ നാനാഭാഗത്തുനിന്നു് ലഭിക്കുന്ന സാധനങ്ങൾ കൂടാതെ ആർക്കും സുഖമായി ജീവിക്കുവാൻ സാദ്ധ്യമല്ലെന്നായിരിക്കുന്നു. ഇന്ത്യയിലെ ഏതു് ഗ്രാമത്തിൽ ചെന്നാലും അവിടെ അമേരിക്കൻ റാന്തലും, മണ്ണെണ്ണയും, പെൻസിലും, പാൽപൊടിയും മററനേകം സാധാരണ ഉപയോഗത്തിലുള്ള വസ്തുക്കളും കാണാം. അമേരിക്കക്കാർക്കാണെങ്കിൽ ഇന്ത്യയിലെ കുരുമുളകു്,

ചുക്ക്, ചായ, കാപ്പി, കയററ്പായ കട്ടുവണ്ടി മുതലായവ ഒഴിച്ചുകൂടാത്ത ആവശ്യങ്ങളായിത്തീൎന്നിട്ടുണ്ട്. അവരുടെ ശാസ്ത്രജ്ഞന്മാൎക്ക് ഇന്ത്യയിലെ ചില പച്ചമരുന്നുകളും, കരങ്ങന്മാരെയും, ലോഹമണലും എത്ര കിട്ടിയാലും മതിയാകുന്നില്ല. ഇതുപോലെ ഇംഗ്ലണ്ട്, ജപ്പാൻ, ജൎമ്മനി മുതലായ അനേക രാജ്യങ്ങളുമായി നമുക്ക് പരസ്പരബന്ധമുണ്ട്. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം നാം ഈ രാജ്യങ്ങളിൽനിന്നെല്ലാം ധനമായും സാധനമായും വിദഗ്ദ്ധപ്രവൎത്തകന്മാരായും പല സഹായങ്ങൾ സ്വീകരിക്കുകയും നമ്മുടെ സഹായം അവൎക്ക കൊടുക്കുകയും ചെയ്യുന്നു. ഒരു ഗ്രാമത്തിലെ അയൽവാസികൾ വാങ്ങുകയും കൊടുക്കുകയും ചെയ്യുന്നതുപോലെയാണ് ലോകത്തിലെ രാഷ്ട്രങ്ങൾ സഹകരിക്കുന്നതു്. ഈ സഹകരണം. ഇല്ലാതെ കഴിഞ്ഞുകൂടുവാൻ ആൎക്കും സാധിക്കയില്ലെന്നായിരിക്കുന്നു. നാം കഴിക്കുന്ന ഭക്ഷണത്തിന്നും, ഉടുക്കുന്ന വസ്ത്രത്തിന്നും, സഞ്ചരിക്കുന്ന തീവണ്ടി ബസ്സ് മുതലായവൎക്കും, എഴുതുന്ന കടലാസ്സിന്നും, ചെറിയ തീപ്പെട്ടിക്കും മററനേകം കാൎയ്യങ്ങൾക്കും നാം ലോകത്തിൻെറ നാനാഭാഗങ്ങളിലുള്ള അനേക കോടി സ്ത്രീപുരുഷന്മാരോടു് കടപ്പെട്ടിരിക്കുന്നുവെന്ന് ചിന്തിച്ചാൽ അറിയുവാൻ പ്രയാസമില്ല. . അങ്ങനെ മനുഷ്യരെല്ലാം ഒരു വലിയ കുടുംബത്തിലെ അംഗങ്ങളെപ്പോലെയും ഒരു ശരീരത്തിലെ അവയവങ്ങളെപ്പോലെയും പരസ്പരം സഹായിച്ചും, ശുശ്രൂഷിച്ചും ആശ്രയിച്ചും സുഖദുഃഖങ്ങളിൽ പങ്കാളികളായും വൎത്തിക്കുക

യാണു്. അവർ അതു് വേണ്ടിടത്തോളം മനസ്സിലാക്കി യിട്ടില്ലെന്നുള്ളതാണു് ദോഷം. ഒരു രാജ്യത്തിൽ ക്ഷാമ മുണ്ടായാൽ അതു് മററു രാജ്യങ്ങളിൽ വിലക്കയററത്തി നു് കാരണമായിത്തീരുന്നു. ഒരു രാജ്യത്തിലെ പകർച്ച വ്യാധി മററു രാജ്യങ്ങളിലേക്കു ശീഘ്രം വ്യാപിക്കുന്നു. ഒരു രാജ്യത്തിൽ യുദ്ധം ആരംഭിച്ചാൽ ലോകം മുഴുവൻ അതു് കാട്ടുതീപോലെ പടർന്നുപിടിക്കുന്നു. നന്മ യിലും തിന്മയിലും മനുഷ്യരെല്ലാം പങ്കാളികളായിത്തീ ൎന്നിട്ടുണ്ടു്. ഇതു് നമ്മുടെ ദൈനംദിന അനുഭവമാകു ന്നു. ഇങ്ങനെ അറിവും അനുഭവവും ഒരുപോലെ ലോ കൈക്യത്തെ പ്രസ്പഷ്ടമാക്കിക്കഴിഞ്ഞിരിക്കുന്നു. അ തിനെ മനുഷ്യരുടെ സംഘടിതജീവിതത്തിൽ അംഗീക രിച്ചു് ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുകയാണു ഇനിയത്തെ കൎത്തവ്യം.

ലോകം ഒന്നു് മനുഷ്യർ ഒന്നു് എന്നെല്ലാം പറയു മ്പോൾ എല്ലാവരും എല്ലാ കാൎയ്യത്തിലും ഒരുപോലെ എന്നൎത്ഥമില്ല. ബാഹ്യദൃഷ്ടിയിൽ എല്ലാം വിഭിന്നങ്ങ ളാണു്. ഒരുപോലെയുള്ള രണ്ടു വസ്തുക്കൾ ലോകത്തി ലില്ലതന്നെ. കടൽക്കരയിലെ മണൽത്തരികൾ പോ ലും ഓരോന്നും വ്യത്യസ്തങ്ങളാണു്. ലോകത്തിലെ ഓ രോ മനുഷ്യനും അവന്റെ പ്രത്യേകമായ വ്യക്തിത്വം ഉണ്ടു്. അനേകായിരം ഇലകളുള്ള ഒരു വൃക്ഷത്തെ നാം ഒന്നായി വിചാരിക്കുന്നുണ്ടല്ലോ. അനേകം ഭാഷ കളും, മതങ്ങളും, സംസ്കാരങ്ങളും, വേഷങ്ങളുമുള്ള

ഇന്ത്യയിലെ കോടിക്കണക്കിനുള്ള ജനങ്ങൾ. ഒരു ജനതയാണെന്നു് നാം വിശ്വസിക്കുന്നു. ഇതുപോലെ ലോകവും അതിലെ മനുഷ്യരും ഒന്നാണെന്നുള്ള ബോധവും വിശ്വാസവുമാണു് അതിനെ ഒന്നാക്കുന്നതു്. ആ സത്യത്തെ അംഗീകരിച്ചു് പ്രവർത്തിക്കുമ്പോൾ അതു് നമ്മുടെ ജീവിതത്തിൽ പരമാർത്ഥമായിത്തീരുകയും ചെയ്യുന്നു. ലോകൈക്യത്തിനു് പ്രതിബന്ധമായി നില്ക്കുന്ന മുഖ്യ സംഗതികളിൽ ചിലതിനെപ്പററി ചിന്തിക്കാം.

(1) <u>വർഗ്ഗം</u> (Race) പ്രകൃതിതന്നെ മനുഷ്യരെ പല വർഗ്ഗങ്ങളായി വേർതിരിച്ചിരിക്കുന്നു എന്നും അവർ തമ്മിൽ സമ്മേളിക്കുന്നതു് ദോഷകരമാണെന്നുമായിരുന്നു അടുത്തകാലംവരെ ശാസ്ത്രജ്ഞന്മാർ വിചാരിച്ചിരുന്നതു്. ആര്യന്മാർ, ദ്രാവിഡർ, മംഗോളിയർ, നീഗ്രോക്കാർ, ട്യൂട്ടൺ, സാൽവ്, കൊാക്കേഷ്യ മുതലായ വർഗ്ഗങ്ങളും ഉപവർഗ്ഗങ്ങളും പ്രകൃതിയിലുള്ള വ്യത്യാസങ്ങളാണെന്നും, അവരിൽ ചിലർ ബുദ്ധിശാലികളും ബലവാന്മാരും, ചിലർ ബുദ്ധിശൂന്യരും ദുർബ്ബലരും ആയി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നും മററും അവർ വാദിച്ചു. ഈ ചിന്താഗതി ലോകത്തിലെ മനുഷ്യരെ പല വർഗ്ഗങ്ങളായി പിരിക്കുന്നതിനും ശത്രുക്കളാക്കിത്തീർക്കുന്നതിനും പലപ്പോഴും കാരണമായിത്തീർന്നിട്ടുണ്ടു്. ഇന്ത്യയിലെ വിനാശകരമായ ജാതിവ്യത്യാസം, അമേരിക്കയിലെ വെള്ളക്കാരും നീഗ്രോകളും തമ്മിലുള്ള

ശത്രുത, ഹിററ്ലർ ദിഗ്‌വിജയത്തിന്നായി ആരംഭിച്ച മഹായുദ്ധം, മുതലായവയുടെ ഉത്ഭവം വർഗ്ഗീയവിചാരങ്ങളിലായിരുന്നു. ഈ വർഗ്ഗവ്യവസ്ഥിതി തീരെ അവാസ്തവമാണെന്നും, ലോകത്തിൽ മിശ്രമല്ലാത്ത ഒരു ശുദ്ധവർഗ്ഗം ഇല്ലെന്നും, വർഗ്ഗങ്ങൾ സമ്മേളിക്കുന്നതു് ഗുണകരമാണെന്നും, ലോകത്തിലെവിടെയും മനുഷ്യന്റെ മനുഷ്യത്വം ഒന്നുതന്നെയാണെന്നും, ദേശകാലാവസ്ഥകൾ അനുസരിച്ചു് അതു് വികസിക്കുകയാണെന്നും, ഒരുവർഗ്ഗവും മററുവർഗ്ഗങ്ങളെക്കാൾ വിശിഷ്ടരാണെന്നു് പറയാവുന്നതല്ലെന്നുമാണു് ഇന്നത്തെ ശാസ്ത്രജ്ഞന്മാർ എത്തിച്ചേർന്നിട്ടുള്ള നിഗമനം. അതുകൊണ്ടു് ജാതിയും വർഗ്ഗവും മനുഷ്യരെ ഭിന്നിപ്പിക്കുവാൻ ഒരിക്കലും അനുവദിക്കാവുന്നതല്ലെന്നു് സർവ്വസമ്മതമായിത്തീർന്നിട്ടുണ്ടെങ്കിലും, ഇന്നും അവ മനുഷ്യരുടെ വിശ്വാസാചാരങ്ങളിൽ നിന്നു് മാറിപ്പോയിട്ടില്ല.

(2) <u>സംസ്കാരം അഥവാ നാഗരികം:</u> ആധുനികപരിഷ്കാരം വെള്ളക്കാരുടെ സൃഷ്ടിയാണെന്നും, വെള്ളക്കാരല്ലാത്തവരെല്ലാം അപരിഷ്കൃതരാണെന്നും ഒരു ദുരഭിമാനം അടുത്തകാലംവരെ പാശ്ചാത്യർക്കുണ്ടായിരുന്നു. അതുകൊണ്ടു് വെള്ളക്കാരനു് ലോകത്തെ കീഴടക്കി ഭരിക്കുവാൻ അർഹതയുണ്ടെന്നായിരുന്നു അവരുടെ ധാരണയും വാദവും. ഇന്നു് അതെല്ലാം അപ്രസക്തമായിട്ടുണ്ടു. പാശ്ചാത്യരെപ്പോലെ പൌരസ്ത്യരും, വെള്ളക്കാരെപ്പോലെ ഇന്ത്യാക്കാരും, ജപ്പാൻകാരും ചീനാ

ക്കാരും മററും ബുദ്ധിശാലികളും, സമത്ഥന്മാരും, ധമ്മിഷ്ഠരും ആണെന്നു് തെളിഞ്ഞു കഴിഞ്ഞിരിക്കുന്നു. എന്നുമാത്രമല്ല ആധുനിക പരിഷ്കാരത്തിൻെറ അടിസ്ഥാനമായ ശാസ്ത്രീയ നേട്ടങ്ങളും, ഭൌതികവിജയങ്ങളും സംഘടനാബലവും, പ്രധാനമായി പാശ്ചാത്യരാണു് സമ്പാദിക്കയും പുലർത്തുകയും ചെയ്തിട്ടുള്ളതെന്നതു് വാസ്തവമായിരുന്നാലും, അവരുടെയും ലോകത്തിലുള്ള മററു മനുഷ്യരുടെയും ധാമ്മികവും ആത്മികവുമായ ജീവിതത്തിലെ മൌലിക പ്രമാണങ്ങൾ ഉപദേശിച്ചിട്ടുള്ളവർ എല്ലാംതന്നെ, കൺഫ്യൂഷ്യസ്, ബുദ്ധൻ, സൌരാഷ്ട്രൻ, മോശാ, ക്രിസ്തു, മുഹമ്മദ് എന്നിങ്ങനെയുള്ള പൌരസ്ത്യഗുരുക്കന്മാരാണെന്നും നിസ്തക്കമാണു്. പൌരസ്ത്യ രാജ്യങ്ങളിൽ ആത്മീയ ജീവിതം ക്ഷയിച്ചതു് പോലെ പാശ്ചാത്യ രാജ്യങ്ങളിൽ ആധുനിക നാഗരികം ദൂഷിച്ചിരിക്കുന്നു. അന്യോന്യം വിനയത്തോടുകൂടി പഠിക്കാനും പഠിപ്പിക്കാനുമല്ലാതെ ഒരാൾക്കും അഹങ്കരിക്കാനൊ മത്സരിക്കാനൊ അവകാശമില്ലെന്നു് വ്യക്തമായിട്ടുണ്ടു. എല്ലാവരും എല്ലാവരുടെയും നന്മക്കായി ചിന്തിക്കയും പ്രവത്തിക്കയും ചെയ്യേണ്ടകാലം വന്നിരിക്കുന്നു.

(3) <u>പരമാധികാര രാഷ്ട്രങ്ങൾ</u>: ലോകത്തിലെ ജനങ്ങൾ അനേകം പരമാധികാര രാഷ്ട്രങ്ങളായി വേർപിരിഞ്ഞു ഭൂമിയെ പങ്കിട്ടു് കൈവശംവെച്ചു് അനുഭവിക്കയാണു് ഇന്നു ചെയ്യുന്നതു്. ഒരു രാജ്യ

ത്തിലെ പൌരന് മററു രാജ്യങ്ങളിൽ അവകാശം മില്ല. ഒരു രാജ്യത്തിന് മററു രാജ്യങ്ങളിന്മേൽ യാതൊരു അധികാരവുമില്ല. അതിരു് തിരിച്ചും നിയമം പാസ്സാക്കിയും, പട്ടാളങ്ങളെക്കൊണ്ടു് കാവൽ ഏർപ്പെടുത്തിയും ഈ പരമാധികാരത്തെ സർവ്വശക്തികളുമുപയോഗിച്ചു സംരക്ഷിച്ചു് ആരാധിക്കുന്നതു മനുഷ്യരുടെ ഒരു വിഭ്രാന്തിയായിത്തീൎന്നിട്ടുണ്ടു്. രാഷ്ട്രത്തിൻെറ പേരിൽ എന്തക്രമവും അധൎമ്മവും പ്രവൎത്തിക്കുന്നതു് ഒരു പുണ്യകാൎയ്യമാണെന്നു വിചാരിക്കുന്ന കാലം മാറിപ്പോയെങ്കിലും, ഇന്നും രാഷ്ട്രങ്ങൾ പരസ്പരം മത്സരിക്കുന്ന മല്ലന്മാരെപ്പോലെയാണു് വൎത്തിക്കുന്നതു്. മനുഷ്യരുടെ പ്രയത്നവും, ധനവും, ബുദ്ധിയും, ജീവനും, ഏററവും അധികം വ്യയം ചെയ്യുന്നതു് ഈ രാഷ്ട്രീയ ഭിന്നതകളെയും ശത്രുത്വത്തെയും പുലൎത്തുവാനാണെന്നുള്ളതു് ഏററവും ലജ്ജാകരമായ ഒരു പരമാൎത്ഥമാകുന്നു. ലോകൈക്യത്തിൻെറ ഏററവും ഭയങ്കരനായ ശത്രു ഈ രാഷ്ട്രീയ വ്യവസ്ഥയാകുന്നു. ഇന്നത്തെ രാഷ്ട്രങ്ങൾ ഏതെങ്കിലും തത്വത്തെയൊ, നീതിയെയൊ പ്രമാണമാക്കി ഉണ്ടായവയല്ല. മനുഷ്യർ പരസ്പരം കുത്തിക്കൊന്നും തട്ടിപ്പറിച്ചും കൈവശപ്പെടുത്തിയിട്ടുള്ള രാജ്യങ്ങളാണവ. ചരിത്രസംഭവങ്ങളുടെ ഫലമായി ഉണ്ടായിട്ടുള്ള ഈ ഭിന്നതകൾ അനിവാൎയ്യങ്ങളല്ലെന്നു് ജനങ്ങൾ മനസ്സിലാക്കിത്തുടങ്ങിയിട്ടുണ്ടു്. രാഷ്ട്രങ്ങളും അവയിലെ ജനങ്ങളും അവരുടെ ജീവിതവും സാമ്പത്തികമായും സാംസ്കാരികമായും പരസ്പരം ബന്ധിക്കപ്പെടുന്നതോടു

കൂടി രാഷ്ട്രീയഭിന്നതകൾ അത്ഥരഹിതങ്ങളായിത്തീരുന്നുണ്ടു്. മനുഷ്യരെ സംഘടിപ്പിച്ചു് സ്വയം ഭരിക്കുന്നതിനുള്ള ഒരു സൌകയ്യം എന്നല്ലാതെ രാഷ്ട്രങ്ങൾ കൊണ്ടു് വേറെ പ്രയോജനമില്ല. അവകൊണ്ടുള്ള അനത്ഥങ്ങൾ അസംഖ്യവുമാകുന്നു. അന്യോന്യം ശത്രുതയിൽ ജീവിക്കുന്ന രാഷ്ട്രങ്ങളായി പിരിഞ്ഞു് ഇനിമേൽ ഈ ഭൂവാസികൾക്കു കഴിഞ്ഞുകൂട്ടുവാൻ അസാദ്ധ്യമാണെന്നു് വ്യക്തമായിരിക്കുന്നു. ഒന്നുകിൽ അവർ സഹകരിച്ചും സ്നേഹിച്ചും വത്തിക്കുന്ന ഒരു ഏകലോകമായി പരിവത്തനം ചെയ്യണം, അല്ലെങ്കിൽ അണുബോംബിനൊ അതിലും ഭയങ്കരമായ എന്തെങ്കിലും മാരകശക്തിക്കൊ വിധേയരായി എല്ലാവരും നശിക്കും എന്നുള്ള ഒരു ഘട്ടത്തിൽ നാം എത്തിയിരിക്കയാണു്. അതുകൊണ്ടു് രാഷ്ട്രീയ ലഹരിപിടിച്ചു് ബുദ്ധിശൂന്യരായി തീന്നിട്ടുള്ള ലോകം ആരാധിക്കുന്ന ഈ പരമാധികാരരാഷ്ട്രങ്ങൾ ഈ വ്യാജഭിത്തികൾ സ്വയം തട്ടിത്തകക്കുവാൻ അവർ നിർബ്ബന്ധിതരായിക്കൊണ്ടിരിക്കയാണു്.

(4) <u>സാമ്പത്തികാസമത്വം.</u> ലോകത്തിലെവിടെയും മനുഷ്യജീവിതത്തെ ഭരിക്കുന്ന ഏററവും പ്രധാനമായ ഒരു ശക്തി അവരുടെ സാമ്പത്തിക താല്പയ്യങ്ങളാണല്ലൊ. സാമ്പത്തിക സൌകയ്യങ്ങൾ എല്ലാവക്കും ന്യായമായി ലഭിക്കയും, സാമ്പത്തിക നീതി അഥവാ സമത്വം സ്ഥാപിക്കപ്പെടുകയും ചെയ്യുന്നതു്വരെ വ്യ

ക്തികൾ തമ്മിലും രാഷ്ട്രങ്ങൾ തമ്മിലും വിശ്വാസവും സ്നേഹവും സാദ്ധ്യമല്ല. ഒരു ചെറിയ കുടുംബംമുതൽ ലോകത്തിൻെറ അററംവരെയുള്ള എല്ലാമത്സരങ്ങൾക്കും യുദ്ധങ്ങൾക്കും പ്രധാനകാരണം സാമ്പത്തികമാണു്. എല്ലാവക്കും ഒരുപോലെ നന്മചെയ്യുന്ന ഒരു സാമ്പത്തിക മീമാംസയും വ്യവസ്ഥയും ലോകൈക്യത്തിന്നു് അത്യാവശ്യമാകുന്നു.

ഡാക്ടർ രാധാകൃഷ്ണൻ അടുത്തകാലത്തു് അമേരിക്കയിൽ ചെയ്ത ഒരു പ്രസംഗത്തിൽ ഇപ്രകാര പറഞ്ഞിരിക്കുന്നു: മനുഷ്യർ ഇപ്പോഴും ശൈശവാവസ്ഥയിലാണു്. അതിനാൽ ലോകവും സാവധാനത്തിൽ കരുപ്പിടിച്ചുവരുന്നതെയുള്ളു. ലോകൈക്യമാണു് നാഗരികതയിലേക്കുള്ള മാർഗ്ഗം. ഇനിയത്തെ പുരോഗമനം ആ വഴിക്കുമാത്രമെ സാധിക്കയുള്ളു. മനുഷ്യക്ക് പരസ്പരം സംഹരിക്കുവാനുള്ള ഒരു യുദ്ധക്കളത്തിൽ അധികകാലം കഴിഞ്ഞുകൂടുക സാദ്ധ്യമല്ല. ഒന്നിച്ചു ജീവിക്കുവാനാഗ്രഹിക്കുന്ന മനുഷ്യരുടെ ഒരു ലോകമെ നിലനില്ക്കുകയുള്ളു. സ്വാതന്ത്ര്യവും സുഖജീവിതവും മനുഷ്യസമുദായത്തിനു മുഴുവൻ ലഭ്യമാകണം. നമ്മുടെ ദേശീയ പാരമ്പര്യവും ലോകൈക്യവും തമ്മിൽ പൊരുത്തമില്ല. ലോകൈക്യത്തിനു് അടിസ്ഥാനമായ തത്വങ്ങൾ നമ്മുടെ പലരുടെയും ഭരണ വ്യവസ്ഥയിൽ ഉണ്ടു്. അവ ഐക്യരാഷ്ട്ര ചാർട്ടറിലുമുണ്ടു്. നമ്മുടെ മതവിശ്വാസങ്ങളിലും ആധമ്മങ്ങൾ ഉൾക്കൊള്ളുന്നു.

നമ്മുടെ ദേശീയ വ്യത്യാസങ്ങളെ പരിപാലിക്കുവാൻ വേണ്ടി ഭരണവ്യവസ്ഥയിലെ ധാർമ്മിക പ്രമാണങ്ങളും, നമ്മുടെ ആത്മിക ജീവിതത്തിലെ മൌലിക ധർമ്മങ്ങളും, നാം എല്ലാവരും ഒപ്പുവെച്ചിട്ടുള്ള ഐക്യരാഷ്ട്രചാർട്ടറിലെ തത്വങ്ങളും നാം പരിത്യജിക്കുകയാണെങ്കിൽ സമാധാനം ഒരിക്കലും കൈവരുകയില്ല. നമ്മുടെ ഏററവും ഉൽകൃഷ്ടമായ ആദർശത്തിനുവേണ്ടി, മാനവവംശത്തിൻെറ രക്ഷക്കുവേണ്ടി, ഒരു ത്യാഗം അനുഷ്ഠിക്കുവാൻ നാം ഒരുങ്ങണം. മനുഷ്യൻെറ മനോഭാവത്തെ സങ്കുചിതമായ പരമാധികാരദേശീയതത്വത്തിൽനിന്നു് ഏകലോകചിന്തയിലേക്കു ഉയർത്തണം. 1953 ഏപ്രിൽ മാസം 17-ാംതീയതി പ്രസിഡണ്ടു് ഐസനോവർ രണ്ടു ഗംഭീരകാര്യങ്ങൾ പറയുകയുണ്ടായി. "(1) ലോകത്തിലെ ഒരു ജനതയെയും ശത്രുവായി ഗണിച്ചുകൂടാ, എന്തുകൊണ്ടെന്നാൽ മനുഷ്യവർഗ്ഗമെല്ലാം നീതിക്കും, സമാധാനത്തിനും, സാഹോദര്യത്തിനുംവേണ്ടി അഭിലഷിക്കുന്നു. (2) ഒരു രാഷ്ട്രത്തിന്റെയും സുരക്ഷിതത്വവും ക്ഷേമവും മറെറല്ലാ രാഷ്ട്രങ്ങളുടെയും സുരക്ഷിതത്വവും ക്ഷേമവുംകൂടാതെ പൂർത്തിയാകയില്ല." ഇന്നത്തെ അവസ്ഥ എന്താണു്. 120 കോടി ജനങ്ങൾ വിദ്യാവിഹീനരായും, നഗ്നരായും, ക്ഷുത്പീഡിതരായും, പരിത്യക്തരായും, രോഗികളായും അലഞ്ഞുതിരിയുന്നു. അങ്ങനെയല്ലാത്ത ജനങ്ങളും രാഷ്ട്രങ്ങളും നിത്യഭയത്തിൽ ജീവിക്കയും ചെയ്യുന്നു. ഈ ഭയം അവസാനിക്കണമെങ്കിൽ മുൻപറഞ്ഞ 120 കോടി ജന

ങ്ങളെയും സ്വാതന്ത്ര്യത്തിലേക്കും ക്ഷേമത്തിലേക്കും നയിക്കേണ്ട ചുമതല നമുക്കുണ്ട്.

ഒരു പുതിയ ലോകത്തെ ഉൽഘാടനം ചെയ്യണമെന്നുദ്ദേശിച്ച് ആരംഭിച്ചതാണ് ഐക്യരാഷ്ട്രസംഘടന. ആ സംഘടന യഥാർത്ഥത്തിൽ ലോകാധികാരമുള്ള ഒരു സ്ഥാപനമാക്കാമെങ്കിൽ, അതിൻെറ കീഴിൽ ഭരണനിർവ്വഹണത്തിനും, നിയമ നിർമ്മാണത്തിനും, നീതിന്യായ പരിപാലനത്തിനും, ക്രമസമാധാന സംരക്ഷണത്തിനും വേണ്ട അധികാരകേന്ദ്രങ്ങൾ ഏർപ്പെടുത്താമെങ്കിൽ ഏകലോക ലക്ഷ്യപ്രാപ്തിക്ക് അതൊരു മഹത്തായ സംഭാവനയായിരിക്കും." (The Federalist, U. S. A)

ലോകസാഹോദര്യം പ്രായോഗികമായിത്തീരുന്നതിനുള്ള കർമ്മപരിപാടി എന്താണെന്ന് ചിന്തിച്ചുനോക്കാം. പലഭാഷ, വേഷം, മതം, സംസ്കാരം മുതലായവയുള്ള ഇന്ത്യയിലെ ജനങ്ങൾ ഒരു രാഷ്ട്രമാകുന്നതു് എങ്ങനെയാകുന്നു. ലോകത്തിൽ കാണാവുന്ന വ്യത്യാസങ്ങൾ എല്ലാം നമ്മുടെ ഈ വലിയ രാജ്യത്തിൽ കാണ്മാൻ സാധിക്കും. എങ്കിലും നാം ഒരു രാജ്യവും ഒരു ജനതയുമായിട്ടുണ്ട്. ഒന്നാമതായി, ഈ രാജ്യത്തെ ജനങ്ങളെല്ലാം സ്വതന്ത്രരും, സമന്മാരും, തുല്യ അവകാശാധികാരങ്ങൾ ഉള്ളവരും ആയ പൌരന്മാരാകുന്നുവെന്നും, ഈ രാജ്യത്തിൻെറ പരമാധികാരം എല്ലാ ജനങ്ങളിലുംകൂടി സ്ഥിതിചെയ്യുന്നുവെന്നും, നാം സമ്മതിക്കുന്നു. രണ്ടാമതു്, നമ്മുടെ പരമാധികാരത്തെ പ്രതിനിധീകരിക്കുവാനും എല്ലാവരുടെയും അധികാരാ-

വകാശങ്ങളെ സംരക്ഷിക്കുവാനും, എല്ലാവരുടെയും ക്ഷേമത്തിനായി ഭരണം നടത്തുവാനും ഒരു ഭരണക്രമം നാം ഏർപ്പെടുത്തുന്നു. മൂന്നാമത്തു് നമ്മുടെ ഇടയിൽ ഇനിമേൽ ഒരു വ്യക്തിക്കും ബലം പ്രയോഗിക്കുവാൻ അവകാശമില്ലെന്നും, ആ അധികാരം നാം നിശ്ചയിച്ചിട്ടുള്ള ഗവൺമെണ്ടിന്നു് മാത്രമാണെന്നും, പൌരന്മാരെല്ലാം നിയമത്തിന്നു വിധേയരായി എല്ലാ തക്കങ്ങളും സമാധാനപരമായ മാർഗ്ഗത്തിൽക്കൂടി തീർക്കണമെന്നും നാം സമ്മതിക്കയും നിശ്ചയിക്കയും ചെയ്യുന്നു. ഇതു മൂന്നുമായാൽ നാം ഒരു രാഷ്ട്രമായി.

അതുപോലെ ഈ ലോകത്തിലുള്ള രാഷ്ട്രങ്ങളിലെ ജനപ്രതിനിധികൾ ഒരുമിച്ചുകൂടി മൂന്നു നിശ്ചയങ്ങൾ ചെയ്യണം: (1) ലോകത്തിലെ എല്ലാ മനുഷ്യരും സ്വതന്ത്രരും സമന്മാരും തുല്യമായ അവകാശാധികാരങ്ങളുള്ള ലോകപൌരന്മാരും ആകുന്നു. (2) മനുഷ്യരുടെ പരമാധികാരം ലോകക്ഷേമത്തെ പരിഗണിച്ചു് നാം ഒരു ലോകഗവൺമെൻറിൽ നിക്ഷേപിക്കുന്നു. ഇനിമേൽ ബലം പ്രയോഗിക്കാനുള്ള അധികാരം ഈ ലോകഗവൺമെൻറിനുമാത്രം ഉണ്ടായിരിക്കുന്നതാണു്. (3) ലോകരായ നാമും നമ്മുടെ പ്രത്യേക രാഷ്ട്രങ്ങളും ഇനിമേൽ ലോകഗവൺമെണ്ടിൻെറ നിയമത്തിന്നു് വിധേയരായി സമാധാനപരമായ മാർഗ്ഗത്തിൽ എല്ലാ തക്കങ്ങളും തീർക്കേണ്ടതാകുന്നു

ഒരു ലോകഗവൺമെണ്ടു് സ്ഥാപിക്കുന്നതിനു് ലോകത്തിൻെറ പല ഭാഗത്തും, സമാധാനപ്രേമികളായ

നേതാക്കന്മാർ പരിശ്രമങ്ങൾ തുടങ്ങിയിട്ടുണ്ട്. ചിലർ ലോകപൌരന്മാരായി തങ്ങളെത്തന്നെ പ്രഖ്യാപനം ചെയ്തിട്ടുണ്ട്. ലോകസാഹോദര്യം പ്രയോഗത്തിൽ വരുത്താതിരുന്നാൽ എല്ലാം നശിക്കുമെന്നുള്ള ബോധവും ഭീതിയും ഈ പ്രസ്ഥാനത്തിന്ന് ശക്തികൂട്ടിയിട്ടുണ്ട്. അതു് ഏററവും ഉൽകൃഷ്ടമായ ഒരാദർശമാണെന്ന് അംഗീകരിക്കാത്തവർ ആരുമില്ല. നമ്മുടെ ജീവിതകാലത്തു് അതു് വാസ്തവമായി പരിണമിക്കുന്നതിന്ന് നമുക്കു ഓരോരുത്തർക്കും പ്രാൎത്ഥിക്കാം പരിശ്രമിക്കാം.

## 22

## കേരളവും സർവ്വോദയവും

കേരളത്തിന്ന് പല പ്രത്യേകതകൾ ഉണ്ടു. അതു് ലോകത്തിലെ ഏററവും ജനനിബിഡമായ ഒരു പ്രദേശമാണ്. കേരളത്തെക്കാൾ ജനങ്ങൾ തിങ്ങിപ്പാൎക്കുന്ന ഭൂവിഭാഗം, വലിയ നഗരങ്ങളല്ലാതെ, ഇല്ലെന്നാണ് അതിൻെറ അൎത്ഥം. അനേകവൎഗ്ഗങ്ങളും, മതങ്ങളും, സംസ്കാരങ്ങളും പല സഹസ്രാബ്ദങ്ങളായി സമ്മേളിക്കുന്ന ഒരു പ്രദേശമാണ് കേരളം. മലയോരങ്ങളിൽ വസിക്കുന്ന നായാടികൾ ചെറുമക്കൾ മുതലായ ആദിവാസികൾ ചരിത്രാതീതകാലത്തുണ്ടായിരുന്ന ഒരു വൎഗ്ഗത്തിൻെറ അവശിഷ്ടമാണെന്നു വിചാരിക്കപ്പെടുന്നു. ആദ്യകാലങ്ങളിൽ ഇന്ത്യയിലേക്കു പ്രവേശിച്ച ആൎയ്യ ന്മാരും അവൎക്കുമുമ്പ് ഇവിടെ ഉണ്ടായിരുന്ന ദ്രാവിഡ

രും തമ്മിൽ കലൎന്നുണ്ടായിട്ടുള്ള ഒരു ജനതയാണ് മലയാളികളിൽ ഭൂരിഭാഗവും. വിദേശത്തു് നിന്നു് പലവൎഗ്ഗക്കാർ ഇവിടെ വന്നു താമസിക്കാനും അവരുടെ സംസ്കാരം നമ്മുടേതിനോടു ചേൎക്കുവാനും ഇടയായിട്ടുണ്ടു. ക്രി. മു. 1000 കൊല്ലങ്ങൾക്കു് മുമ്പ്തന്നെ ഫിനീഷ്യരും, ഈജിപ്റ്റ്കാരും, ഇസ്രെയൽജനങ്ങളും കേരളത്തിൽവന്നു് വ്യാപാരം നടത്തിയിരുന്നതായി തെളിവുകളുണ്ടു. അറബികളും മലയാളവും തമ്മിലുള്ള ബന്ധം എത്ര പഴക്കംചെന്നതാണെന്നു് പറയുക സാദ്ധ്യമല്ല. റോമാക്കാരും കേരളക്കരയുമായി വ്യാപാര ബന്ധം ഉണ്ടായിരുന്നു. പോൎത്തുഗീസ്ക്കാരും, ഡച്ചുകാരും ഓരോകാലത്ത് അവരുടെ മേധാവിത്വം കേരളത്തിൽ സ്ഥാപിക്കുവാൻ ശ്രമിച്ചിട്ടുണ്ടു. അവൎക്കു ശേഷമാണു് ഇംഗ്ലീഷുകാരുടെ വരവുണ്ടായതു്.

ഒരു കാലത്തു് ബുദ്ധമതം കേരളത്തിലെ പ്രധാനമതമായിരുന്നു. യഹൂദമതത്തിന്റേയും ക്രിസ്തുമതത്തിന്റേയും ഇന്ത്യയിലെ ഏററവും പ്രാചീനവും ഏറ്റവും പ്രധാനവുമായ കേന്ദ്രങ്ങൾ കേരളത്തിലാണു്. ഇസ്ലാംമതത്തിനും ഇവിടെ ധാരാളം പ്രചാരം സിദ്ധിച്ചിട്ടുണ്ടു്, ഇവയെല്ലാം ഓരോ തരത്തിൽ ഹൈന്ദവരുടെ വിശ്വാസാചാരങ്ങളിൽ സ്വാധീനം ചെലുത്തിയിട്ടുണ്ടു്. വിശാലമായ സഹിഷ്ണുത കേരളത്തിന്റെ സ്വഭാവമായിരുന്നു എന്നാണു് ഇതെല്ലാം കാണിക്കുന്നതു്.

സർവ്വോദയാദർശ്ശങ്ങൾ കേരളത്തിന്റെ പഴയ പാരമ്പൎയ്യമാണെന്നു് അധികം ആരും മനസ്സിലാക്കി

യിട്ടില്ല. നമ്മുടെ ഓണാഘോഷവും മഹാബലി ചക്രവത്തിയെപ്പററിയുള്ള ഐതിഹ്യവും ഒരു കാലത്തു് ഇവിടെ രാജാവും പ്രജകളും സവ്വോദയപ്രമാണങ്ങ ൾ അനുസരിച്ചിരുന്നു എന്നു വിശ്വസിക്കുവാൻ ധാരാളം വക തരുന്നുണ്ടു്. മഹാഭാരതത്തിലെ ധമ്മപുത്രരെപ്പോലെയുള്ള ഒരു മഹാധമ്മിഷ്ഠനായിരുന്നു മഹാബലി. അദ്ദേഹത്തിൻെറകാലത്തു് മാലോകരെല്ലാം ഒന്നുപോലെ സത്യധമ്മാദികൾ അനുസരിച്ചു് സസന്തോഷം ജീവിച്ചിരുന്നു എന്നാണു് ഐതിഹ്യം. "ആരുടെ ഭരണകാലത്താണൊ മാനുഷരെല്ലാവരും നിഃസ്വസമ്പന്നഭേദമോ ഉച്ചനീച വ്യത്യാസമൊ കൂടാതെ ഒന്നുപോലായിരുന്നതു്, ആരുടെ വിശുദ്ധമായ ഭരണരീതിയാണൊ കള്ളത്തരങ്ങളും കള്ളയളവുകളുമില്ല്യാതെ സത്യസന്ധമായ നിലയിൽ കച്ചവടം ചെയ്യുവാൻ വണിക്കുകളെ പ്രേരിപ്പിച്ചിരുന്നതു്, ആ മഹാനായ ധാമ്മികചക്രവത്തിയുടെ—മഹാബലിയുടെ—സ്മരണയെ മുൻനിത്തിയാകണം ഓണം ആഘോഷിക്കപ്പെട്ടു തുടങ്ങിയതു്." (മാതൃഭൂമി) "നേരിനു കാവലായി, മാലോരിൽ ഏലാനായി, എല്ലാരെയും തന്നെപ്പോലെ കരുതി, തൻെറസുഖം എല്ലാവരുടെയും സുഖമാണെന്നു കരുതി, തൻെറ ധമ്മം നടത്താൻ വിലങ്ങടിച്ചു നിന്നാൽ ഗുരുവിനെപ്പോലും കൂട്ടാക്കാത്തവനായി, തലവരിൽ തലവനായി, സുഭരണംകൊണ്ടു സുരന്മാരെപ്പോലും ലജ്ജിപ്പിച്ചവനായി, മുടിചൂടിവാണകാലത്തു മുടിയുംകൂട്ടി മൂവടിദാനം ചെയ്തു് ശരിക്കൊപ്പിച്ചു് ത്രിവിക്രമനെപ്പോലും ലജ്ജി

ഷ്ഠിച്ചു് വാമനനാക്കിയ കാലത്തും, ആ കേരളപ്പെരുമാറ്റം ഉലകരുടെ പെരുമാളായിത്തന്നെ ജീവിച്ചു." (മാതൃഭൂമി)

ബുദ്ധനു് മുമ്പു് മതങ്ങൾ ഓരോ രാജ്യക്കാരുടെയൊ, വർഗ്ഗക്കാരുടെയൊ, ജാതിയുടെയൊ, പ്രത്യേക വിശ്വാസാചാരങ്ങളായിരുന്നു. എല്ലാം മനുഷ്യരുടെയും നന്മയെ ലക്ഷ്യമാക്കി ആരംഭിക്കപ്പെട്ട ഒന്നാമത്തെ മതം ബുദ്ധമതമാണു്. ബുദ്ധൻ സർവ്വോദയ ആദർശ്ശങ്ങൾ ഇന്ത്യൻ ജനതയുടെ മതമാക്കിത്തീർത്തു. സർവ്വോദയ വിശ്വാസത്തിൻെറ ആത്മികാടിസ്ഥാനതത്വങ്ങളെ അദ്വൈത വേദാന്ത രൂപത്തിൽ ഇന്ത്യയുടെ പൊതുസ്വത്താക്കിയതു് 'കേരളപുത്രനായ ആദിശങ്കരാചാര്യരാണെന്നു് നമുക്കു് അഭിമാനിക്കാം.

നമ്മുടെ കാലത്തെ സംഭവങ്ങൾ, പരിശോധിച്ചാലും സർവ്വോദയ പ്രസ്ഥാനത്തിനു് കേരളം മഹത്തായ ഒരു സംഭാവന നല്കിയിട്ടുണ്ടെന്നു കാണാം. മഹാത്മാഗാന്ധി സർവ്വോദയത്തെ ഒരു ദേശീയാദർശ്ശമാക്കിത്തീർത്തു. അതേകാലത്തു അഥവാ അതിന്നും അല്പം മുമ്പു്, സർവ്വോദയത്തിൻെറ ഒരു ആത്മിക കേന്ദ്രം ശ്രീനാരായണഗുരു കേരളത്തിൽ സ്ഥാപിച്ചു. നാരായണൻെറ ഉപദേശങ്ങൾ സർവ്വോദയത്തെ അനേകലക്ഷം കേരളീയരുടെ വിശ്വാസത്തിലും മതത്തിലും ഇണക്കിച്ചേർത്തിട്ടുണ്ടു്. ശ്രീനാരായണനും ഗാന്ധിയും നമ്മുടെ കാലത്തെ ഏററവും വലിയ രണ്ടു പതിതോദ്ധാരകന്മാരായിരുന്നു. അവരുടെ രണ്ടു പേരുടെയും പരമോദ്ദേശം ലോകൈക്യവും ലോകക്ഷേമവുമായി

ുന്നു. ഗാന്ധിജി ഒരു സമുന്നതനായ രാഷ്ട്രീയനേതാ വും ശ്രീനാരായണൻ ഒരു ആദ്ധ്യാത്മികഗുരുവും ആയി ട്ടാണു് ജനങ്ങൾക്കു് പ്രത്യക്ഷപ്പെട്ടതു്. ഗാന്ധിജി ജനാ ധിപത്യത്തെ ഒരു ആത്മികലക്ഷ്യത്തിലേക്കു് ഉദ്ധരി ച്ചു; ശ്രീനാരായണൻ ആത്മീയതത്തെ ഒരു ജനകീയ പ്രസ്ഥാനമായി അവതരിപ്പിച്ചു. അങ്ങനെ അവർ രണ്ടുപേരുടെയും പ്രസ്ഥാനങ്ങൾ ഒന്നുതന്നെയാണെന്നു് കാണ്മാൻ സാധിക്കും. രണ്ടുപേരും സർവ്വോദയ പ്രവാ ചകന്മാരും സമാധന പ്രവാചകന്മാരുമാണു്.

"സമാധാനപ്രവാചകൻ" എന്ന പേരിൽ ശ്രീ നാരായണനെപററി എഴുതിയിട്ടുള്ള ഒരു പുസ്തകത്തിൽ നിന്നു ചില ആശയങ്ങൾ ഇവിടെ ഉദ്ധരിക്കാം:

സർവ്വസാഹോദര്യം: മനുഷ്യരുടെ മതം, ഭാഷ, വേഷം മുതലായവ എങ്ങനെയിരുന്നാലും അവരെല്ലാം ഒരേ ജാതിയിൽപെട്ടവരാകയാൽ അവർ തമ്മിൽ പന്തിഭോജനവും വിവാഹവും ചെയ്യുന്നതിൽ ദോഷ മില്ലെന്നു് ശ്രീനാരായണൻ പറഞ്ഞു. മനുഷ്യർ തമ്മിൽ സഹകരിക്കുന്നതിന്നും യോജിക്കുന്നതിനും മതവ്യത്യാസം തടസ്സമാകരുതെന്നു് അദ്ദേഹം നിഷ്കൎഷിച്ചു. സമന്മാ രുടെ നിലയിൽ ലോകത്തിലെ ജനങ്ങൾക്കു് പരസ്പരം സാമൂഹ്യബന്ധം പുലർത്തുവാനുള്ള സ്വാതന്ത്ര്യത്തിന്നു് അദ്ദേഹം പരിധിയൊന്നും കല്പിച്ചില്ല.

ജാതിഭേദം മതദ്വേഷം
ഏതുമില്ലാതെ സർവ്വരും
സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാമിതു്.

ശ്രീനാരായണ പ്രസ്ഥാനത്തിന്റെ ലക്ഷ്യം എന്താണെന്ന് ആ ഗുരുതന്നെ ഈ പദ്യത്തിൽ വ്യക്തമാക്കിയിരിക്കുന്നു.

ഒരുജാതി: "ഒരുജാതി, ഒരുമതം, ഒരുദൈവം മനുഷ്യന്" എന്ന ഗുരുദേവന്റെ ഉപദേശം "സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം" എന്ന സുപ്രസിദ്ധമായ വിപ്ലവാദർശംപോലെയുള്ള ഒരു മുദ്രാവാക്യമായിത്തീർന്നിട്ടുണ്ടു്. മനുഷ്യരുടെയും ലോകത്തിന്റെയും ഐക്യത്തിനാണു് ഗുരുദേവൻ പ്രഥമസ്ഥാനം കൊടുക്കുന്നതു്. ലോകം പരമാർത്ഥത്തിൽ ഇപ്പോഴും തന്നെ ഒന്നാകുന്നു. ആ സത്യം മനുഷ്യർ അംഗീകരിക്കാത്തതാണു് ദോഷം. ജാതി, വർഗ്ഗം, വർണ്ണം, ഭാഷാ, വേഷം, മുതലായ വ്യത്യാസങ്ങൾക്കതീതമായ് ഒരു ഐക്യബന്ധം പുലർത്തുന്നതാണു് ഇന്നത്തെ ആവശ്യം. ഈ വക ഭിന്നതകളെല്ലാം മനുഷ്യരുടെ വികാരത്തിലും വിചാരത്തിലും മാത്രമാണു്. മാനസികമായ ഒരു പരിവർത്തനംമൂലം അവയെ ജയിക്കുവാൻ സാധിക്കും; ആരോടും മത്സരിക്കേണ്ടതില്ല. "ജാതി ചോദിക്കരുതു്, പറയരുതു്, വിചാരിക്കരുതു്" എന്നു് ഓരോരുത്തരും ദൃഢനിശ്ചയം ചെയ്യണം. മനുഷ്യർ അവരവരെ നന്നാക്കിയാൽ ലോകം നന്നാവും.

ഒരുമതം. മനുഷ്യരുടെ ജീവിതത്തെ ഭരിക്കുന്ന ധർമ്മം അഥവാ മതം അല്ലെങ്കിൽ നിയമം ഒന്നാണെന്നും ഗുരുദേവൻ സ്ഥാപിക്കുന്നു. എല്ലാ മതങ്ങളുടെയും മൌലികസത്യങ്ങൾ ഒന്നാണ്. യഥാർത്ഥമതം മനുഷ്യർക്കെല്ലാം പൊതുവായ ഒരു ധർമ്മവും നീതിയും വ്യവസ്ഥയുമാണ്. ലോകക്ഷേമത്തിനായുള്ള എല്ലാ വ്യവസ്ഥകളിലും ഈ ഐക്യം കാണണം. ആരോഗ്യനിയമങ്ങളെപ്പോലെ സാമ്പത്തിക നീതിയും എല്ലാവർക്കും ഒന്നുതന്നെയാണ്. എല്ലാ രാജ്യങ്ങളും അംഗീകരിച്ചിട്ടുള്ള പൊതുധാർമ്മിക നീതികൾ, നിയമങ്ങൾ, മര്യാദകൾ, സ്ഥാപനങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ലോകത്തെ ഏക രാഷ്ട്രമായി സംഘടിപ്പിക്കുന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. ഇതിൻെറയെല്ലാം ഉദ്ദേശ്യം മനുഷ്യർ നന്നാവണം എന്നായിരിക്കണം. "മതം ഏതായാലും മനുഷ്യർ നന്നായാൽ മതി." മനുഷ്യർ നന്നാകാതെ, അവർ സത്യം, സ്നേഹം, ധർമ്മം, ദയാ, ശാന്തി എന്നിങ്ങനെയുള്ള ഗുണങ്ങളുള്ളവരാകാതെ, ഒന്നുകൊണ്ടും പ്രയോജനമില്ല. മതത്തിൻെറയും രാഷ്ട്രത്തിൻെറയും പരമോദ്ദേശ്യം മനുഷ്യർ നന്നാവണം എന്നായിരിക്കണം.

ഒരു ദൈവം. എല്ലാ അഭിലാഷങ്ങളുടെയും മഹത്വത്തിൻെറയും സമ്പൂർണ്ണമായ സാക്ഷാൽക്കാരം, മനുഷ്യത്വത്തിൻെറ പരിപൂർണ്ണത, സാർവ്വത്രികമായ ലോകക്ഷേമം, ഇവയാണ് മനുഷ്യജന്മത്തിൻെറ പരമോദ്ദേശ്യം. ദൈവം ആ സാർവ്വത്രികമായ മനുഷ്യഹൃദയത്തിലെ അഭിലാഷത്തെ സൂചിപ്പിക്കുന്നു. എല്ലാ മനു

ഷ്യരുടെയും ലക്ഷ്യം അതാണ്—ദൈവരാജ്യം, ധമ്മ രാജ്യം, രാമരാജ്യം, സ്വർഗ്ഗരാജ്യം, എന്നെല്ലാം പല വിധത്തിൽ വിവരിക്കപ്പെടുന്ന നിത്യസമാധാനം തന്നെ.

ശാരീരികമായും ആത്മീകമായും മനുഷ്യർ പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന ഒരു ജാതിയാണെന്നും; അവരെ ഭരിക്കുന്ന എല്ലാ ധമ്മങ്ങളും നിയമങ്ങളും ഒന്നായിരിക്കണമെന്നും, എല്ലാവരും പ്രാപിക്കുവാനാഗ്രഹിക്കുന്ന ലക്ഷ്യം ഒരേദൈവരാജ്യമാണെന്നും അംഗീകരിച്ചുകൊണ്ടു ഭാവിലോകത്തെ കെട്ടിപ്പടുക്കേണ്ടതാകുന്നു. മനുഷ്യവ്യക്തികൾക്കു് നല്ലതാണെന്നു് സമ്മതിക്കുന്ന ധമ്മനീതികൾ രാഷ്ട്രങ്ങൾക്കും ബാധകമായിത്തീരണം. അങ്ങനെ രാഷ്ട്രങ്ങളെ ധമ്മ പരിപാലനത്തിന്നുള്ള സംഘടനകളാക്കി ഉദ്ധരിക്കണം.

ത്യാഗികളുടെ ഭരണം: ഗുരുദേവന്റെ പരിപാടി പ്രകാരമുള്ള ഒരു വ്യവസ്ഥയിൽ ഏറ്റവും ഉയന്ന അധികാരസ്ഥാനം അഥവാ സ്വത്തുടമ സക്കാർ അല്ലെങ്കിൽ ഒരാദർശകേന്ദ്രം ആയിരിക്കണം. ഈ കേന്ദ്രത്തിലെ അധികാരികൾ (1) ഈശ്വരേച്ഛക്കു് പൂർണ്ണമായി ആത്മാർപ്പണം ചെയ്തിട്ടുള്ളവരും (2) ക്ലേശങ്ങളും ത്യാഗവും നിറഞ്ഞ സേവനത്തിന്നു് തങ്ങളെത്തന്നെ പ്രതിഷ്ഠിച്ചിട്ടുള്ളവരും ആയിരിക്കണം. അങ്ങനെയുള്ളവർ ജാതി, മതം, വർണ്ണം, സ്ത്രീപുരുഷൻ, രാഷ്ട്രം എന്നിങ്ങനെയുള്ള ഭിന്നബുദ്ധിക്കു് അതീതന്മാരായിരിക്കും. അവർ മാത്രമാണു് യഥാത്ഥത്തിൽ സ്വതന്ത്രർ. (1) എല്ലാവക്കും ഒരു പോലെ ജീവിത സൌകര്യങ്ങൾ

ഉണ്ടാക്കുക. (2) ഓരോരുത്തരുടെയും പ്രകൃതിയനുസരിച്ച് പൂർണ്ണതയിലേക്കു വളരുവാനുള്ള സ്വാതന്ത്ര്യം അനുവദിക്കുക. (3) രാജ്യത്തിന്നകത്തും പുറത്തും എല്ലാവരുമായി സമാധാനം പാലിക്കുക—ഇതായിരിക്കണം രാഷ്ട്രങ്ങളുടെ ആദർശം.

അവരവരാത്മസുഖത്തിനാചരിക്കുന്നവ
യപരക്കു സുഖത്തിനായ് വരേണം

മററുള്ളവരെ ദ്രോഹിക്കുന്നതോ ചൂഷണം ചെയ്യുന്നതോ ഒരിക്കലും ആക്കും നല്ലതല്ല. അവരവരുടെ സുഖത്തിനായി ചെയ്യുന്നതുപോലും മററുള്ളവക്കും നന്മയായിത്തീരണം. നല്ലതെല്ലാം എല്ലാവക്കും നന്നായിരിക്കും. ആക്കും ദോഷം വരുത്തുകയുമില്ല.

ശ്രീനാരായണൻെറ ജീവിതം ധർമ്മത്തിൻെറയും സമാധാനത്തിൻെറയും സർവ്വോദയത്തിൻെറയും ഒരു ഉത്തമ മാതൃകയായിരുന്നു. ആക്കും വിരോധം ജനിപ്പിക്കാതെയും, യാതൊരു നിർബ്ബന്ധവും ബലപ്രയോഗവും കൂടാതെയും, ലൌകികമായ ഒരു ശക്തിയെയും ആശ്രയിക്കാതെയും, നിശ്ശബ്ദമായി, ശാന്തമായി, എല്ലാവക്കും അനുഗ്രഹപ്രദമായ ഒരു ധാർമ്മിക വിപ്ലവം വരുത്തുവാൻ ഗുരുദേവന് സാധിച്ചു. ശ്രീ നാരായണനാണ് ഇക്കാലത്തെ കേരളം സർവ്വോദയത്തിന് നല്കിയിട്ടുള്ള നിസ്തുല്യ സംഭാവന. ഭാരതത്തിൽ ധർമ്മപുത്രർ, ബുദ്ധൻ, ഗാന്ധി—കേരളത്തിൽ മഹാബലി, ശങ്കരാചാര്യർ, നാരായണഗുരു.

---

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. 954.04  Acc. No. 72764

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 50 Ps. per day will be charged

954.04
JOH-S

727664

ജോൺ ധർമ്മതീർത്ഥൻ (സ്വാമി)

സ്വതന്ത്ര ഇന്ത്യ എങ്ങോട്ട് ?

KOTTAYAM PUBLIC LIBRARY

Call No 954.04 Acc. No 72764

Author ജോൺ ധർമ്മതീർത്ഥൻ (സ്വാമി)

Title സ്വതന്ത്ര ഇന്ത്യ എങ്ങോട്ട്?